Financial Business

ധനകാര്യം

2026-2027, സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളേയും 2016-2017, 2017-2018, 2018-2019, 2020-2021, 2021-2022 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർഥനകളേയും സംബന്ധിച്ച വോട്ടെടുപ്പും ചർച്ചയും

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ഉപധനാഭ്യർഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

3,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,00,00,02,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, വിദ്യാഭ്യാസം, കായികവിനോദം കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 62,50,01,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 10,00,03,000 രൂപയുടെ ഉപധനാഭ്യർഥന

അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,000 രൂപയുടേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപങ്ങൾ ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമവകുപ്പുമന്ത്രി (ശ്രീമതി കെ. എ. രാജി): സർ, പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 6,80,20,00,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയുടെ

പേരിൽ 50,00,01,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രിയ്ക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം

ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 13,00,03,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഞാൻ ഈ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ക്രമ നം.	വകുപ്പുമന്ത്രി	ധനാഭ്യർഥനയുടെ നമ്പരും പേരും		തുക (രൂപയിൽ)
(1)	(2)	(3)		(4)
1	മുഖ്യമന്ത്രി	II	സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥന്മാർ	1,000/-
2	റവന്യൂ വകുപ്പുമന്ത്രി	XI	ജില്ലാഭരണവും പലവകയും	2,000/-
3	ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി	XII	പൊലീസ്	3,000/-

4	പൊതുമരാമത്ത് വകുപ്പുമന്ത്രി	XV	പൊതുമരാമത്ത്	1,00,00,02,000/-
5	പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി	XVII	വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം	62,50,01,000/-
6	ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി	XVIII	വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	10,00,03,000/-
7	തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി	XXIV	തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും	2,000/-
		XXXI	മൃഗസംരക്ഷണം	1,000/-
8	പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി	XXV	പട്ടികജാതി /പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം	6,80,20,00,000
9	മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി	XXXIII	മത്സ്യബന്ധനം	50,00,01,00
10	തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി	XXXV	പഞ്ചായത്ത്	1,000
11	വ്യവസായ-വിവരസാങ്കേതിക വിദ്യ	XXXVII	വ്യവസായങ്ങൾ	2,000

	വകുപ്പുമന്ത്രി			
12	ഗതാഗത വകുപ്പുമന്ത്രി	XLI	ഗതാഗതം	1,000
13	വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി	XLII	വിനോദസഞ്ചാരം	13,00,03,000

മി. സ്പീക്കർ: ഇന്ന് ചർച്ചയ്ക്ക് കുറച്ച് അധികം അംഗങ്ങളുണ്ട്. അതുകൊണ്ട് അംഗങ്ങൾ സമയക്ലിപ്തത പാലിക്കേണ്ടതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ഉപധനാഭ്യർഥനകളെ പിന്തുണക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ധനാഭ്യർഥനകളുമായി ബന്ധപ്പെട്ട ഉപക്ഷേപമാണ് വന്നതെങ്കിലും, നിലവിലെ സർക്കാരിന്റെ പൊതുവായ സാമ്പത്തിക സ്ഥിതിയുടെ പ്രതിഫലനംകൂടി ഈ ചർച്ചകളിൽ വരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഞാൻ നേരിട്ട് ആ വിഷയത്തിലേക്ക് കടക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സവിശേഷമായ ഒരു കാര്യം ചെയ്തു. ഈ സർക്കാർ അധികാരത്തിൽ

വരുന്നതിനുമുമ്പ് പ്രതിപക്ഷത്തായിരുന്നപ്പോൾ ജനങ്ങളോട് പറഞ്ഞ നിരവധി കാര്യങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു കിഫ്ബിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ അഡോപ്റ്റ് ചെയ്ത ഒരു ഫിനാൻഷ്യൽ അപ്രോച്ച് അല്ലെങ്കിൽ ഒരു എക്കണോമിക് അപ്രോച്ച്. അതിന്റെ പ്രശ്നങ്ങൾ വളരെ ഗൗരവത്തോടെ ഞങ്ങൾ ജനങ്ങളോട് പറഞ്ഞിരുന്നു. പിന്നീട് അധികാരത്തിൽ വന്നതിനുശേഷം, ഇതുസംബന്ധിച്ച് ആധികാരികമായി ഒരു സമിതി പഠനം നടത്തുകയും അതിന്റെ റിപ്പോർട്ട് നിയമസഭയിൽ മേശപ്പുറത്തുവയ്ക്കുകയും ജനങ്ങളോട് വിശദീകരിക്കുകയും ചെയ്തു. യഥാർഥത്തിൽ കിഫ്ബിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽനിന്നും പറഞ്ഞതിൽനിന്നും ബഹുദൂരം നിങ്ങൾ മാറി സഞ്ചരിക്കുകയും കിഫ്ബിയെ ഒരു കേവല മാധ്യമമോ അവസരമോ മാത്രമാക്കി മാറ്റി നിങ്ങളുടെ സ്വന്തം താൽപര്യങ്ങൾക്കനുസൃതമായി ഉപയോഗപ്പെടുത്തി അത് സംസ്ഥാനത്തിന് ഒരു ബാധ്യതയാക്കി മാറ്റുകയും ചെയ്തു. 'കിഫ്ബി കേരളത്തിന്റെ സാമ്പത്തിക ആത്മഹത്യയ്ക്ക് കാരണമാകും എന്ന് ഞാൻ ഭയപ്പെടുന്നു' എന്ന് അന്ന് ഞാൻ പറഞ്ഞത് ഒടുവിൽ

സത്യമായി മാറുന്ന സാഹചര്യമാണ് ഇവിടെയുള്ളത്. കിഫ്ബി വഴി എടുക്കുന്ന കടം സംസ്ഥാനത്തിന്റെ ബാധ്യതയായി മാറില്ലെന്നും, അത് വികസന ആവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്നും മുൻ ധനകാര്യ വകുപ്പുമന്ത്രിമാർ ഇവിടെ പലതവണ ആവർത്തിച്ചു പറഞ്ഞിരുന്നു. എന്നാൽ ഒടുവിൽ ഇതെല്ലാം സംസ്ഥാന സർക്കാരിന്റെ സ്വന്തം ബാധ്യതയായി, നമ്മുടെ വായ്പാ പരിധി പെട്ടെന്നൊരു സുപ്രഭാതത്തിൽ ചുരുങ്ങി സർക്കാരിന് മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥ സംജാതമാകുകയുമാണ് ചെയ്തത്. ഇങ്ങനെയാണോ യഥാർഥത്തിൽ കിഫ്ബി വിജയിക്കേണ്ടിയിരുന്നത്; എന്താണ് ഇതിന്റെ യഥാർഥ ഉദ്ദേശ്യലക്ഷ്യം; വെറുതെ വായ്പ എടുക്കാൻ മാത്രമായി പ്രത്യേകിച്ചൊരു ഏജൻസിയുടെ ആവശ്യമില്ലല്ലോ? സർക്കാരിന്റെ ഗ്യാരണ്ടി മറ്റ് ഏത് വകുപ്പുകൾക്കോ വായ്പ എടുക്കാവുന്നതേയുള്ളൂ. ,എന്നിരിക്കെ, വായ്പ എടുക്കാൻ വേണ്ടി മാത്രം എന്തിനാണ് പ്രത്യേകിച്ചൊരു ഏജൻസി? കിഫ്ബി വളരെ കാര്യക്ഷമതയുള്ള ഒരു ഏജൻസിയാണെന്നും, കിഫ്ബി വഴിയുള്ള പണികൾ വളരെ വേഗത്തിൽ പൂർത്തിയാകുമെന്നുമുള്ള പ്രചാരണമാണ് കുറെക്കാലമായി

നമ്മൾ കേട്ടുകൊണ്ടിരിക്കുന്നത്. എന്നാൽ കിഫ്ബി ഏറ്റെടുത്ത പദ്ധതികളുടെ ഇന്നത്തെ അവസ്ഥ നിങ്ങൾ പരിശോധിക്കണം. എത്രയോ പദ്ധതികളാണ് പാതിവഴിയിൽ മുടങ്ങിപ്പോയത്. കോടാനുകോടി രൂപ മുടക്കിയിട്ടും പൂർത്തിയാക്കാൻ സാധിക്കാതെ പോയ എത്രയോ പ്രവൃത്തികളുണ്ട്. നമ്മുടെ സർക്കാർ സംവിധാനങ്ങളിൽ നിലനിൽക്കുന്ന എല്ലാവിധ അകാര്യക്ഷമതകളും കിഫ്ബിയിലും അതുപോലെതന്നെ നിഴലിക്കുന്നുണ്ടെന്നതിൽ യാതൊരു സംശയവുമില്ല. കഴിവുള്ള ഒരു കൂട്ടം ആളുകളെ ഉൾപ്പെടുത്തി കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽപോലും സർക്കാർ സംവിധാനങ്ങളിലുള്ള മുഴുവൻ പോരായ്മകളും കിഫ്ബിയിലും അതേപടി കാണാം. അവസാന ഘട്ടത്തിലേയ്ക്ക് എത്തിയപ്പോൾ കിഫ്ബിയിൽ പ്രൊഫഷനലിസം എന്നത് പൂർണ്ണമായും സീറോ പ്രൊഫഷനലിസം ആയി മാറി. സർക്കാരിന്റെയോ ഭരണകക്ഷിയുടെയോ താൽപര്യങ്ങൾക്കും രാഷ്ട്രീയ പ്രചാരണങ്ങൾക്കുംവേണ്ടി, സംസ്ഥാന വികസനത്തിനെന്ന പേരിൽ സൃഷ്ടിച്ച നൂറുകണക്കിന് കോടി രൂപയാണ് നിങ്ങൾ ചെലവഴിച്ചത്. അത് വെറുമൊരു അകാര്യക്ഷമതയോ

പ്രൊഫഷണമില്ലായ്മയോ മാത്രമല്ല, വ്യക്തമായ അഴിമതിയാണ്. ആ രീതിയിൽ ഈ സ്ഥാപനത്തെ എല്ലാ അർഥത്തിലും നശിപ്പിക്കുകയും, അതിന്റെ പ്രവർത്തനശേഷി പൂർണ്ണമായി ഇല്ലാതാക്കുകയുമാണ് നിങ്ങൾ ചെയ്തത്. ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്കൊരു നിർദ്ദേശമുണ്ട്. സംസ്ഥാനത്തിന്റെ ഖജനാവിനെ ബാധിക്കാതെ പണം കണ്ടെത്താൻ കഴിയുമോ എന്നതാണ് കിഫ്ബി എന്ന മോഡലിന്റെ ആ ആശയം ഇന്നും സാധ്യമാണെന്നാണ് എന്റെ അഭിപ്രായം. അതിന് നമ്മൾ വേണ്ടത്, there are lot of international institutions. ഒരുപാട് അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളുണ്ട്. അവരുടെ കൈയിൽ മില്യൻസ് ഓഫ് ഡോളേഴ്സുണ്ട്. അത് എവിടെ ഇൻവെസ്റ്റ് ചെയ്യണമെന്ന് അറിയാതെ നിൽക്കുകയാണ് അവർ. കിഫ്ബി പോലുള്ള ഒരു സംവിധാനത്തെ മാറ്റി അതൊരു ഐഡിയൽ പ്ലാറ്റ് ഫോം ആക്കി നൽകിയാൽ അവർ മുന്നോട്ട് വരും. ഉദാഹരണത്തിന്, നമ്മൾ 100 ഏക്കർ സ്ഥലം ഏറ്റെടുത്ത് ഒരു കാൻസർ സെന്റർ പണിയാൻ ഉദ്ദേശിക്കുന്നുവെന്ന് കരുതുക. The Government will handover the Land. അവിടെനിന്ന് ജനറേറ്റ് ചെയ്യുന്ന വരുമാനത്തിൽ നിന്ന് ആരാണോ

ഇൻവെസ്റ്റ് ചെയ്തത് ആ ഏജൻസിക്ക് പണം തിരിച്ചുകൊടുക്കാൻ തക്കവണ്ണം ഒരു നല്ല DPR തയ്യാറാക്കണം. അത്തരം ഒരു മികച്ച മോഡൽ തയ്യാറാക്കി ആ പ്രൊജക്ടിൽ നിന്നതന്നെ പണം കണ്ടെത്താൻ കഴിയുന്ന ഒരു സിസ്റ്റം കൊണ്ടുവന്നാൽ money will flow in and that won' t touch the economy of the State. സംസ്ഥാനം പ്രത്യേകം കടം വാങ്ങേണ്ട സാഹചര്യവും വരുന്നില്ല. They come as investors - അവർ നിക്ഷേപകരായി ഇവിടെ വരികയും സംസ്ഥാനത്ത് വികസനം നടക്കുകയും ചെയ്യും. ഇനി ഒരു റോഡിന്റെ കാര്യമെടുത്താലും ഇതുതന്നെയാണ് അവസ്ഥ; ഒരുപക്ഷെ ലാൻഡ് അക്വിസിഷൻ മാത്രമായിരിക്കും സർക്കാരിന് ചെയ്തുകൊടുക്കേണ്ടി വരുന്നത്. ആ ലാൻഡ് അക്വിസിഷനിൽ നമ്മൾ പറയുകയാണ്, ഞാൻ കഴിഞ്ഞ ദിവസം ദുബായിൽ ഉണ്ടായിരുന്നു, എപ്പോഴും ദുബായിൽ പോകുമ്പോൾ മനസ്സിൽ കൊതിയാകും എന്നെങ്കിലും കേരളത്തിൽ ഇതുപോലെ റോഡ് പണിയാൻ കഴിയുമോ; ആ റോഡ് generating huge money. ദുബായിൽ കാണുന്ന റോഡ് ചുമ്മാ പോകുകയല്ല ആ റോഡിലൂടെ നൂറ് കണക്കിന് വാഹനങ്ങൾ ഓടി പോകുമ്പോൾ in every

second ടോൾ പിരിക്കുകയാണ്. പാർക്കിങിന് വേണ്ടി പ്രോപ്പർ ആയി, വണ്ടി പാർക്ക് ചെയ്താൽ നമ്മുടെ കൂട്ടുകാർ വരുമെന്ന് നമുക്ക് അറിയാം. അപ്പോൾ തന്നെ അവർ പാർക്കിങ് ഫീസ് അടിക്കും. പാർക്കിങ് ഫീസ് അടച്ചില്ലെങ്കിൽ ഹൃജ് ഫൈൻ ആണ്, so that road is generating money for Government. അങ്ങനെ ആ റോഡ് പണിയുന്നവർക്ക് ഇതിന്റെ നടത്തിപ്പ് പത്ത് വർഷത്തേയ്ക്ക് കൊടുത്തോളൂ. അല്ലെങ്കിൽ അതിൽ നിന്നും ആ പൈസ അവർ ഉണ്ടാക്കിക്കോട്ടെ. So we need not have to invest. അങ്ങനെ ഗവൺമെന്റ് ഇൻവെസ്റ്റ് ചെയ്യാതെ തന്നെ ഇൻവെസ്റ്റേഴ്സിനെ കൊണ്ടുവന്ന് കിഫ്ബിയെ അങ്ങനൊരു ഇൻസ്റ്റിറ്റ്യൂഷനാക്കി മാറ്റി കിഫ്ബിയുടെ ഒറിജിനൽ ആശയം എന്തായിരുന്നു. ഒറിജിനലി നമ്മൾ വിഭാവനം ചെയ്യുന്നതെന്താണെന്നും, അത് അങ്ങ് നടപ്പാക്കിയാൽ നമ്മുടെ സംസ്ഥാനത്തിന് വലിയൊരു നേട്ടമായിരിക്കുമെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. കിഫ്ബി സംബന്ധിച്ച് നിങ്ങൾക്ക് ലഭിച്ച എല്ലാ അവസരങ്ങളും നിങ്ങൾ നഷ്ടപ്പെടുത്തിയെന്ന് മാത്രമല്ല. ആ ഒരു മോഡൽ തന്നെ ആളുകളെല്ലാവരും റിജക്ട് ചെയ്യുന്ന അവസ്ഥയിലേയ്ക്ക്

കൊണ്ടുവന്നെത്തിച്ചു. പുതിയ ഗവൺമെന്റ് വന്ന് വളരെ ട്രാൻസ്പരന്റായി ജനങ്ങളോട് പറഞ്ഞിട്ടുണ്ട്. മന്ത്രി പുതിയ ആശയങ്ങൾ കൊണ്ടുവന്നു. കേരളത്തെ മികച്ച രീതിയിൽ ഡെവലപ് ചെയ്യാൻ ആഗ്രഹിക്കുമ്പോൾ, കിഫ്ബി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതെന്താണ്; കടം വാങ്ങി, കടം വാങ്ങിയ പണത്തിന് ഗവൺമെന്റ് ഗാരന്റി കൊടുക്കുന്നു. ആ കടത്തിന് പലിശ കൊടുക്കുന്നു. What difference it makes? അത് കിഫ്ബി ചെയ്യുന്നതെന്തിനാണ്. വായ്പയെടുക്കാൻ വേണ്ടി പ്രത്യേകമൊരു ഏജൻസിയെ ക്രീയേറ്റ് ചെയ്തെടുക്കേണ്ട കാര്യമുണ്ടോ; അതുകൊണ്ടാണ് ഞങ്ങൾ കിഫ്ബിയെ എതിർത്തത്. അതല്ലാതെ കിഫ്ബിയുടെ യഥാർഥ ആശയത്തെയല്ല ഐക്യജനാധിപത്യമുന്നണി എതിർത്തത്. ഐക്യജനാധിപത്യമുന്നണി എതിർത്തത് നിങ്ങൾ കിഫ്ബിയെ ഡൈവേർട്ട് ചെയ്തു കൊണ്ടുപോയി നിങ്ങളുടേതായ കാര്യങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ കാര്യങ്ങൾ അതിന്റെ ഒബ്ജക്ടീവിൽ നിന്നും അതിന്റെ ഒറിജിനൽ പർപ്പസിൽ നിന്നും ബഹുദൂരം മാറി പോയതുകൊണ്ടാണ്. മറ്റൊരു കാര്യം, പുതിയ സർക്കാർ വന്നതിനുശേഷം ഏറെ അഭിമാനത്തോടെ

കൊണ്ടുവന്ന നിയമമാണ് വയോജനക്ഷേമ നിയമം. ഒരു പക്ഷെ മനസ്സിന് സംതൃപ്തി തരുന്ന നിയമമാണ് ഗവൺമെന്റ് പാസാക്കിയത്. പ്രായമുള്ളവരെ ടേക്ക് കെയർ ചെയ്യുന്നതിന്...അതൊരു attittude-ന്റെയും, approach-ന്റെയും പ്രശ്നമാണ്. ഏതൊരു സിവിലൈസേഷന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാനപരമായി മാർക്ക് ചെയ്യാൻ കഴിയുന്ന പാരാമീറ്ററാണ് അല്ലെങ്കിൽ ഒരു മാനദണ്ഡമാണ് സമൂഹത്തിലെ മുതിർന്ന ആളുകളെ, നമ്മുടെ മാതാപിതാക്കളെ എങ്ങനെ ടേക്ക് കെയർ ചെയ്യുന്നു എന്നുള്ളത്. എനിക്കിതിൽ ആഡ് ഓൺ ചെയ്യാനുള്ള കാര്യം നിയമങ്ങൾ നിർമ്മിച്ച് അവർക്കുള്ള ക്ഷേമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉറപ്പാക്കുന്നതിനോടൊപ്പം തന്നെ ഒരു cultural change വളരെ ആവശ്യമാണ്. എല്ലാ കാര്യവും ബലമായി ഒരു സർക്കാരിന് ഒരു സമൂഹത്തെകൊണ്ട് ചെയ്യിക്കാൻ സാധിക്കില്ല. സമൂഹം നാച്ചുറലി ഇവോൾവ് ചെയ്യുന്ന രീതിയുണ്ട്. ഇതിൽ വലിയൊരു ഉദാഹരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഇന്നലെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു. ഏറ്റവും നല്ല ആശയവുമായി വരുന്നവർക്ക്

സർക്കാരിന്റെ എല്ലാ പിന്തുണയും ഉണ്ടാകുമെന്ന്. ഞാൻ പ്രതിപക്ഷത്തിരുന്ന കഴിഞ്ഞ അഞ്ച് വർഷക്കാലം എന്റെ എം.എൽ.എ. ഫണ്ടിൽ നിന്നും ഏറ്റവും അമ്പീഷ്യസായി ചെയ്ത പ്രൊജക്ടെന്ന് പറയുന്നത്, ഒറ്റ പ്രൊജക്ടിന് വേണ്ടി ഒരു കോടി രൂപ അനുവദിച്ചു. അത് ഞങ്ങളുടെ മൂവാറ്റുപുഴ ലതാപാലത്തിനോട് ചേർന്ന പാർക്കിനോട് ചേർന്ന ബ്യൂട്ടിഫുൾ സൈറ്റാണ്. അവിടെ വയോജന വിജ്ഞാന സൗഹൃദ കേന്ദ്രം തുടങ്ങി. ഒരിക്കലും പകൽ വീട് എന്ന കോൺസെപ്റ്റില്ല. പാലീയേറ്റീവെന്ന് പറയുന്നത് totally different ആണ്. അത് വയോജനങ്ങളെ അല്ലെങ്കിൽ പ്രായമായവരെ ടേക്ക് കെയർ ചെയ്യുന്ന കോൺസെപ്റ്റിൽ നിന്നും ഡിറ്റാച്ച് ചെയ്ത് മാറ്റി നിർത്തുന്നു. Palliative is something different. 60-ഉം 65-ഉം 70-ഉം 75-ഉം 80-ഉം വരെ വയസായി നല്ല ആരോഗ്യത്തിൽ ഇരിക്കുന്നവർ. അവരെ സമൂഹത്തിൽ നമ്മൾ ഇൻവോൾവ് ചെയ്യിക്കുന്നതിലാണ് കാര്യം. എനിക്ക് എന്റെ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇപ്പോഴും പൂർത്തിയാകാതെ കിടക്കുകയാണ്. അതിന്റെ പണി പൂർത്തിയാക്കാൻ ഇനിയും പണം ആവശ്യമാണെന്ന് പറഞ്ഞു. ഇനിയും പണം ആവശ്യമായി

വരും. വയോജന വിജ്ഞാന സൗഹൃദ കേന്ദ്രത്തിൽ ഞാൻ ആഗ്രഹിക്കുന്നത് ഒരു വാഹനം കൂടി വാങ്ങികൊടുത്താൽ ഒരു വാർഡിൽ നിന്നും ഒരു സമയത്ത് വാർഡിലെ പ്രധാനപ്പെട്ട ആളുകൾ വന്ന് അന്നത്തൊരു ദിവസം ചെലവഴിക്കാൻ പറ്റും. അവിടെ വലിയ സ്ക്രീൻ ഉണ്ട് ടി.വി. കാണാം, കുക്കിങ്ങിനുള്ള സൗകര്യമുണ്ട്, ഭക്ഷണം കഴിക്കാം. വെയിൽ ആറി കഴിയുമ്പോൾ തൊട്ടടുത്ത് പാർക്കുണ്ട് ആ പാർക്കിൽ നടക്കാൻ പോകാം. നടക്കാൻ പോയി കഴിയുമ്പോൾ ആ വാഹനത്തിൽ തിരികെ പോകും. One day outing for.... ഒരു വാഹനത്തിൽ ഉള്ള ആൾക്ക് ഒരു ദിവസം വരാൻ സാധിക്കു. അങ്ങനെ റൊട്ടേറ്റ് ചെയ്ത് വരുക എന്നുള്ളതാണ് ഒറിജിനൽ കോൺസെപ്റ്റ്. ഞാൻ ഇതിലേയ്ക്ക് പോകാൻ കാരണം, ഒരു പ്രൊജക്ട് ഞാൻ നടത്തിയിരുന്നു. കൾച്ചറൽ ചേഞ്ചിന്റെ കാര്യം പറയാനുള്ള സാഹചര്യം...ഞാൻ കുട്ടികൾക്കായി 'എയ്ഞ്ചൽസ് എന്നൊരു പദ്ധതി നടപ്പിലാക്കി. പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലും ഡിഗ്രിക്കും പഠിക്കുന്ന വിദ്യാർഥികളാണ് ഈ പദ്ധതിയിൽ എൻറോൾ ചെയ്തിരുന്നത്. രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും അടങ്ങുന്ന സംഘത്തിന് ഒരുമിച്ച്

ഇതിൽ എൻറോൾ ചെയ്യാവുന്നതാണ്. പ്രായമായവർ മാത്രമുള്ള വീടുകളുടെ ഒരു ലിസ്റ്റ് ഇവർക്ക് നൽകിയിരുന്നു. എന്റെ സ്വന്തം വാഹനത്തിലായിരുന്നു ഇവരുടെ യാത്ര. അവിടെയെത്തുമ്പോൾ മുതിർന്നവർ കുട്ടികൾക്ക് റോസാപ്പൂവ് നൽകി സ്വീകരിക്കുകയും തുടർന്ന് അവർ ഒരുമിച്ച് വിശേഷങ്ങൾ പങ്കുവെച്ച് സൗഹൃദപരമായി സംസാരിക്കുകയും ചെയ്യും. ഏകദേശം 20 മുതൽ 30 മിനിറ്റ് വരെ വിശേഷങ്ങൾ അന്വേഷിച്ചും സംസാരിച്ചും ചെലവഴിച്ച ശേഷമായിരിക്കും കുട്ടികൾ മടങ്ങുക. ഇതിനിടയിൽ മൂന്നോനാലോ തവണ ഇവരെ ഫോണിലൂടെയും ബന്ധപ്പെടേണ്ടതുണ്ട്. മൂന്ന് മാസക്കാലം കൊണ്ട് 25-30 വീടുകൾ സന്ദർശിച്ച് ഈ രീതിയിൽ വിവരങ്ങൾ ശേഖരിക്കുന്നതോടെ ഇവരുടെ പ്രോജക്ട് വിജയകരമായി പൂർത്തിയാകും. അതിനിടയിൽ കുട്ടികളും പ്രായമായവരും തമ്മിൽ ഇന്റിമസിയുണ്ടായി. ഈ പ്രോജക്ട് കൺക്ലൂഡ് ചെയ്ത സമയത്ത് കുട്ടികൾ എന്നോട് ചോദിച്ചു: ഞങ്ങൾക്ക് അവരെയും കൊണ്ട് ടൂറു പോകാൻ സാധിക്കുമോ, എം.എൽ.എ. സഹായിക്കുമോ? ഞാൻ സഹായിച്ചു. ഇതിൽ സർപ്രൈസിങ്ങായി തോന്നിയത് ജെൻസിയെക്കുറിച്ചുള്ള നമ്മുടെ കാഴ്ച്ച പ്പാടെല്ലാം

തെറ്റായിരുന്നുവെന്നതാണ്. നൂറ് അമ്മമാരെ ഒരു വണ്ടിയിൽ കയറ്റി എറണാകുളത്തേക്ക് അയച്ചു. ആ കുട്ടികൾ സ്വന്തം അച്ഛനെയും അമ്മയെയും ടേക്ക് കെയർ ചെയ്യുന്നതുപോലെ അവരെയും പരിചരിച്ചു. ആദ്യമായി എസ്കലേറ്ററിൽ കയറുന്നവരുടെ കൈപിടിച്ച് കയറ്റിയപ്പോൾ അവരുടെ മുഖത്തുണ്ടായ ആകാംക്ഷയും സന്തോഷവുമൊക്കെ കാണേണ്ടതായിരുന്നു. ഒരു കൾച്ചറൽ ചെയിഞ്ചാണ് നമുക്ക് ആവശ്യം. കൾച്ചറൽ ചെയിഞ്ചുകൂടി വന്നാൽ മാത്രമേ വയോജന നിയമത്തിന്റെ യഥാർഥ പ്രതിഫലനം സമൂഹത്തിനുണ്ടാകുകയുള്ളൂ. അതുകൂടി ഇതിന്റെ ഭാഗമായി കൊണ്ടുവരണം. ചെറുപ്പക്കാർക്ക് മുതിർന്ന ആളുകളെ ടേക്ക് കെയർ ചെയ്യാനുള്ള അന്തരീക്ഷം കേരളത്തിലുണ്ടാകും. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഞാൻ കിഫ്ബിയെകുറിച്ചു പറഞ്ഞതുപോലെ ഒരുപക്ഷേ കേരളത്തിൽ വ്യത്യസ്തമായ മോഡൽ ടൈ ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ മേഖലയാണ് നമ്മുടെ സഹകരണ മേഖല. ഈ മേഖലയിലുള്ള കോടാനുകോടി രൂപയുടെ നിക്ഷേപം ചിലർ ബാധ്യതയായി തലയിൽ ചുമക്കുന്നു; ചിലർ അഴിമതി നടത്തി വീട്ടിൽ കൊണ്ടുപോകുന്നു; മറ്റുള്ളവർ

എന്തുചെയ്യണമെന്നറിയാതെ നിൽക്കുന്നു. വയബിൾ മോഡൽ കൊണ്ടുവന്നതാണ്. ഇതിനിടയിൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റികളുടെ പ്രവർത്തനം കേരളത്തിലേക്ക് വന്നത് വലിയ ആശങ്കകൾ ഉണ്ടാക്കുന്ന വാർത്തകൾ പലപ്പോഴും പുറത്തുവരുന്നുണ്ട്. സ്വാഭാവികമായും സർക്കാർ ഇത് ഗൗരവത്തോടെ കാണുമെന്നാണ് കരുതുന്നത്.

മാഡം ഡെപ്യൂട്ടി സപീക്കർ: മിനിസ്റ്റർ

സഹകരണ-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ലിജു): സർ, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ്സിനെക്കുറിച്ച് ഉന്നയിച്ച ആശങ്ക വളരെയധികം പ്രസക്തമായാണ് വകുപ്പ് വിലയിരുത്തുന്നത്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ്സ് നമ്മുടെ രാജ്യത്ത് സ്ഥാപിക്കപ്പെട്ടത് 2002-ലെ നിയമപ്രകാരവും 2016-ലെ ഭേദഗതി പ്രകാരവുമാണ്. അതിലെ നിയമത്തിലെയും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ്സിന്റെ ഉത്തരവാദിത്തം അതിലെ അംഗങ്ങളോട് മാത്രമാണെന്നും സെൻട്രൽ രജിസ്ട്രാർക്കും കേന്ദ്ര വകുപ്പിനും ഉൾപ്പെടെ അതിൽ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഇല്ലെന്നുള്ള

ചില ക്ലോസുകൾ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ വളരെയധികം ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. അതുസംബന്ധിച്ച ആശങ്കകൾ വളരെ ഗൗരവതരമായി സർക്കാർ പരിശോധിച്ചുവരികയാണ്. കേരളത്തിൽ നിരവധി മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ്സ് വലിയതോതിൽ പണം സമാഹരിക്കുന്നുണ്ട്. അതിന്മേൽ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഇല്ലെന്നുള്ള സാഹചര്യം വളരെ ഗൗരവതരമായി സർക്കാർ പരിശോധിക്കുന്നുണ്ട്.

മാഡം ഡെപ്യൂട്ടി സപീക്കർ: സമയം കഴിഞ്ഞു. കൺക്ലൂഡ് ചെയ്യൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ അവസാനിപ്പിക്കാം. കിഫ്ബി പോലെതന്നെ കേരളത്തിന്റെ വികസനത്തിനുവേണ്ടി വികസന എഞ്ചിനായി സഹകരണ മേഖലയെ റി-ഡിഫൈൻ ചെയ്യാൻ, റീ-ലുക്ക് ചെയ്യാൻ സർക്കാരിനു കഴിഞ്ഞാൽ അതും വലിയൊരു അവസരമായിരിക്കുമെന്ന് കൂട്ടിച്ചേർത്തുകൊണ്ട് പുതിയ സാമ്പത്തിക വീക്ഷണത്തിൽ മുന്നോട്ടുനടക്കാൻ ഈ ചർച്ചയിലൂടെ കേരളത്തിന് കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മാഡം ഡെപ്യൂട്ടി സപീക്കർ: മന്ത്രിമാർക്ക് ഈ ചർച്ച കഴിഞ്ഞശേഷം

മറുപടി പറയാവുന്നതാണ്. അങ്ങ് എഴുന്നേറ്റുകൊണ്ട് അവസരം നൽകിയെന്നേയുള്ളൂ (സഹകരണ-എക്സൈസ് വകുപ്പുമന്ത്രിയെ നോക്കിപ്പറഞ്ഞു).

ശ്രീ. എം. വിജിൻ: സർ, ഞാൻ ഈ ഉപധനാഭ്യർഥനയെ എതിർക്കുകയാണ്. യു.ഡി.എഫ്. സർക്കാർ ഇവിടെ അവതരിപ്പിച്ചത് ജനങ്ങളുടെ ബജറ്റല്ല. നാടിന്റെ വികസനത്തിനായുള്ള ബജറ്റുമല്ല. മറിച്ച്, സ്വകാര്യവൽക്കരണത്തിനും കോർപ്പറേറ്റ് പ്രീണനത്തിനും വഴിയൊരുക്കുന്ന ഒരു തട്ടിക്കൂട്ട് ബജറ്റാണ് അവതരിപ്പിച്ചത്. സർക്കാരിന്റെ സമീപനത്തെക്കുറിച്ച് ഈ നാട്ടിലെ ജനങ്ങൾ, യു.ഡി.എഫ്.-ന് വോട്ട് ചെയ്തവർപോലും ഇന്ന് പറയുന്നത് നമ്മുടെ നാടൻ ചൊല്ലാണ്. "പാലം കടക്കുവോളം നാരായണ പാലം കടന്നാൽ കൂരായണ". ജനങ്ങളോട് പറഞ്ഞതല്ല, ബജറ്റിൽ പറഞ്ഞതല്ല, യു.ഡി.എഫ്. വാഗ്ദാനങ്ങളിൽ പറഞ്ഞതല്ല ഇന്ന് കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ പത്തുവർഷക്കാലം എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവച്ച വികസനപദ്ധതികളെയും ക്ഷേമപദ്ധതികളെയും അട്ടിമറിച്ചുകൊണ്ട് ഈ

നാടിന്റെ പൊതുസമ്പത്ത് സ്വകാര്യമേഖലയ്ക്ക് തീറെഴുതുന്ന പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. അതിൽ ഏറ്റവും ഗൗരവതരമായ ഒന്നാണ് ബജറ്റ്. നമ്മുടെ കരയും കടലും തീറെഴുതുകയാണ്. മിഷൻ സമുദ്ര എന്ന പദ്ധതിയിൽ വികസനമാണോ ലക്ഷ്യം വയ്ക്കുന്നത്? മിഷൻ സമുദ്രയെക്കുറിച്ച് കൃത്യമായി പഠിച്ചാൽ വികസനമല്ല ലക്ഷ്യമെന്ന് മനസ്സിലാകും. ഇതുമായി ബന്ധപ്പെട്ട് ജനങ്ങളിൽ നിന്ന് പല ചോദ്യങ്ങളും ഉയർന്നുവരുന്നുണ്ട്. "ആരുടെ കടൽ, ആരുടെ ലാഭം" എന്ന ചോദ്യം ജനങ്ങളിൽനിന്ന് മിഷൻ സമുദ്രയുമായി ബന്ധപ്പെട്ട് ഉയർന്നുവരികയാണ്. വെറും 400 കോടിരൂപ മുടക്കി അഞ്ച് വർഷം കൊണ്ട് ആഗോള സമുദ്ര ശക്തി എന്ന ലക്ഷ്യം മുന്നോട്ടുവയ്ക്കുകയാണ്. ഈ പദ്ധതി ആരെയാണ് പ്രയാസത്തിലാക്കുന്നത്. സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത ഉപജീവനമാർഗത്തെക്കൂടി വെല്ലുവിളിക്കുന്ന പദ്ധതിയാണിത്. നമ്മുടെ ഭൂമിയും കടലും വിൽപനയ്ക്ക് വയ്ക്കുകയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കേരളത്തിന്റെ ഭരണഘടനാചരിത്രത്തിലെ ഇരുണ്ട അധ്യായത്തിന് നാം ഇന്ന് സാക്ഷ്യം വഹിക്കുകയാണ്. എത്ര ഗൗരവമുള്ള

ഒരു ഭാഗമാണ് നാം കണ്ടത്. തന്റെ കാലാവധി പൂർത്തിയാക്കി പോകുന്ന ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെനിന്ന് മടങ്ങുന്നതിനുമുമ്പ്, ഈ നാടിന്റെ ഭരണഘടനയെ ലംഘിച്ചുകൊണ്ടും അധികാരദുർവിനിയോഗം ചെയ്തുകൊണ്ടും പി.എസ്.സി. ചെയർമാനെയും അംഗങ്ങളെയും പിരിച്ചുവിടാൻ രാഷ്ട്രപതിക്ക് ശിപാർശ ചെയ്യുന്നത് നാം കാണുകയാണ്. ഈ സർക്കാർ എന്താണ് ചെയ്തത്? സർക്കാർ ഗവർണ്ണർക്ക് കൂട പിടിക്കുകയാണ്. സർക്കാർ ഗവർണ്ണർക്ക് ഒരുക്കിയ യാത്രയയപ്പുണ്ടല്ലോ, കഴിഞ്ഞ പത്തുവർഷക്കാലം ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഔദ്യോഗികമായി കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി കേന്ദ്രമന്ത്രിമാരെ സമീപിച്ചപ്പോഴും, സ്വാഭാവികമായി പ്രോട്ടോക്കോളിന്റെ ഭാഗമായി പ്രധാനമന്ത്രി ഉൾപ്പെടെ കേരളത്തിലേക്ക് വരുമ്പോൾ മുഖ്യമന്ത്രിക്ക് ഹസ്തദാനം നൽകേണ്ടിവരും. അതിനെപ്പോലും അപമാനിച്ച പ്രതിപക്ഷമായിരുന്നില്ലേ കേരളത്തിന്റെ പ്രതിപക്ഷം; എന്താണ് കേരളത്തിന്റെ പ്രതിപക്ഷം അന്ന് പറഞ്ഞത്? ഡീലെന്നാണ്. കേരളത്തിന്റെ അന്നത്തെ പ്രതിപക്ഷ നേതാവും ഇന്നത്തെ മുഖ്യമന്ത്രിയുമായ

അദ്ദേഹം ഇതുമായി ബന്ധപ്പെട്ട് പത്ര സമ്മേളനത്തിൽ വിശദീകരണം നടത്തുകയുണ്ടായി. കൈ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഡീലാണെന്നാണ് പറഞ്ഞത്. നോക്കൂ, ശരീരഭാഷ നോക്കൂ, കൈകൊടുക്കുന്നത് നോക്കൂ. പ്രോട്ടോകോളിന്റെ ഭാഗമായി പ്രധാനമന്ത്രിയെ സ്വീകരിച്ചതുപോലും ബി.ജെ.പി.-യുമായുള്ള ഡീലാണെന്ന് പറഞ്ഞ പ്രതിപക്ഷമായിരുന്നില്ലേ ഇന്ന് ഭരണപക്ഷത്തിരിക്കുന്നത്? എന്താണ് ഇന്ത്യയുടെ ഭരണഘടനയെപ്പോലും, കേരളത്തിന്റെ ഭരണഘടനാചരിത്രത്തിൽ ഇല്ലാത്തവിധത്തിൽ, ആർ.എസ്.എസ്-നു വേണ്ടി വിടുപണി ചെയ്ത ഗവർണ്ണർക്ക് യാത്രയയപ്പ് നൽകുമ്പോൾ എന്തായിരുന്നു കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ശരീരഭാഷ? അലിംഗനം ചെയ്യുന്നു, ചേർത്തുപിടിക്കുന്നു. എന്താണ് നാം അതിൽ നിന്നു വായിച്ചെടുക്കേണ്ടത്? അന്ന് പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ, കേരള മുഖ്യമന്ത്രിയായിരുന്ന പിണറായി വിജയൻ പ്രോട്ടോക്കോളിന്റെ ഭാഗമായി പ്രധാനമന്ത്രിയെ സ്വീകരിച്ചതിനെ ധാർഷ്ട്യത്തോടെ വിമർശിച്ച ആളാണ് അദ്ദേഹം. ആലിംഗനം ചെയ്യുന്നു. അതിനെ ഏത് ഡീലായാണ് കാണേണ്ടത്? നമുക്കറിയാം, ഈ നാലുമാസം

കൊണ്ട് ഗവർണ്ണറുമായും ആർ.എസ്.എസു-മായും ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ഡീൽ ഏതാണ് എന്നത്. ഒരു സിനിമയിലെ സംഭാഷണമാണ് ജനങ്ങൾ ഇതിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നത്. "ഒന്ന് ഉറക്കെ കരഞ്ഞിരുന്നെങ്കിൽ" എന്ന സിനിമ സംഭാഷണം. ആ വിധത്തിലുള്ള ആലിംഗനവും ഡീലും കേരളത്തിൽ നടക്കുകയാണ്. ആർ.എസ്.എസ്-ന്റെ ഗവർണർമാരെ ചേർത്തുപിടിക്കുകയാണ്. ആർ.എസ്.എസ്. മൂന്ന് സീറ്റുകളിൽ കേരളം ഭരിക്കുന്ന സ്ഥിതിയും നമുക്ക് കാണാൻ സാധിക്കുന്നു. നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ T1, T2 സെക്ഷനുകളെ വിവരാവകാശ പരിധിയിൽനിന്ന് ഒഴിവാക്കുകയാണ്. അതിനുമുമ്പിലുള്ള അജണ്ടയും ലക്ഷ്യവും എന്താണ്? അതിലൂടെ മന്ത്രിമാരെയും ജനപ്രതിനിധികളെയും ഉന്നത ഉദ്യോഗസ്ഥന്മാരെയും വിവരാവകാശ പരിധിയിൽനിന്ന് ഒഴിവാക്കുകയാണ്. ഇവരുമായി ബന്ധപ്പെട്ട വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാകാത്തവിധത്തിൽ എന്തിനാണ് മാറ്റങ്ങൾ വരുത്തുന്നത്? സ്പോൺസറുമാരെക്കുറിച്ച് അറിയാനുള്ള ജനങ്ങളുടെ അവകാശം നിഷേധിക്കുകയാണ്. മന്ത്രിമാരുടെ

ദുരുഹമായ യാത്രകൾ മറച്ചുവയ്ക്കാനാണ് ഇത് നടപ്പാക്കുന്നത്. ചാർട്ടേഡ് ഫ്ലൈറ്റിന്റെ സ്പോൺസറുമാർ ആരാണെന്ന് ചോദിക്കുമ്പോൾ ജനങ്ങൾക്ക് ഉത്തരം ലഭിക്കാതിരിക്കാനാണോ; പ്രാഗിലേക്കുള്ള യാത്രകൾ ജനങ്ങൾ അറിയാതിരിക്കാനാണോ? എന്തിനാണ് നിങ്ങൾ ഈ വിധത്തിൽ വിജിലൻസുമായി ബന്ധപ്പെട്ട T1, T2 സെക്ഷനുകളെ വിവരാവകാശ പരിധിയിൽനിന്ന് മാറ്റിയത്?

മാഡം ഡെപ്യൂട്ടി സപീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. വിജിൻ: സർ, ഇതെല്ലാം ജനങ്ങൾ കൃത്യമായി മനസ്സിലാക്കുന്നുണ്ട്. ഇതാണ് സർക്കാർ നിലപാട്. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച അംഗം കിഫ്ബിയെക്കുറിച്ച് പറഞ്ഞു. അദ്ദേഹത്തിന് നെഞ്ചിൽ കൈവച്ച് പറയാൻ സാധിക്കുമോ, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലും കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും കിഫ്ബിയിലൂടെ ഉണ്ടായ മാറ്റങ്ങളെക്കുറിച്ച്. കിഫ്ബിയെകൊണ്ട് എന്ത് പുരോഗതിയുണ്ടായി എന്നാണ് ചോദിക്കുന്നത്. കിഫ്ബിയെ ഡെവേർട്ട് ചെയ്യുവെന്നാണ് അദ്ദേഹം പറയുന്നത്. ഏതിന്റെ അടിസ്ഥാനത്തിലാണ്

കിഫ്ബിയെ ഡൈവേർട്ട് ചെയ്തുവെന്ന് പറയുന്നത്? കഴിഞ്ഞ പത്തുവർഷക്കാലം നടത്തിയ 1.10 ലക്ഷം കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഓർമ്മയില്ലേ?

മാഡം ഡെപ്യൂട്ടി സപീക്കർ: പ്ലീസ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എം. വിജിൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഇവിടെ കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലത്ത് സ്കൂളുകൾ തകർന്നു വീഴുകയായിരുന്നില്ലേ? അവ അടച്ചുപൂട്ടാൻ തീരുമാനമായില്ലേ? ആ സ്കൂളുകൾ ഇന്ന് ഇന്റർനാഷണൽ നിലവാരത്തിലേക്ക് മാറ്റിയത് കിഫ്ബിയല്ലേ? സർക്കാർ ആശുപത്രികളിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനായി മനോഹരമായ കെട്ടിടങ്ങളും സൗകര്യങ്ങളും അടിസ്ഥാനസൗകര്യ വിപുലീകരണവും ഒരുക്കിയത് കിഫ്ബിയിലൂടെയല്ലേ? മികച്ച റോഡുകളും പാലങ്ങളും ഉണ്ടായില്ലേ? 25 വർഷം മുമ്പുള്ള കേരളം കേവലം ബജറ്റിനെ മാത്രം ആശ്രയിച്ചുപോയിരുന്നെങ്കിൽ പുരോഗതി കൈവരിക്കുമായിരുന്നോ? ലോകോത്തര രാജ്യങ്ങളോട് കിടപിടിക്കുന്ന നാടായി കേരളത്തെ മാറ്റിയത് കിഫ്ബിയല്ലേ?

മാഡം ഡെപ്യൂട്ടി സപീക്കർ: പ്ലീസ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എം. വിജിൻ: സർ, സ്മാർട്ട് സിറ്റികളുണ്ടാകുമായിരുന്നോ? അതുയും വികസനപ്രവർത്തനങ്ങൾ നടത്തി, കഴിഞ്ഞ പത്തുവർഷക്കാലം പിണറായി സർക്കാർ നടത്തിയ വികസനപ്രവർത്തനങ്ങൾക്കുമേൽ രാഷ്ട്രീയ ലാക്കോടുകൂടി കരിനിഴൽ വീഴ്ത്തണമെന്ന ലക്ഷ്യം മാത്രം വച്ചുകൊണ്ട് കേരളത്തിന്റെ വികസനത്തിന് തടയിടാനാണ് നിങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. അതാണ് കിഫ്ബിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ എല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. എല്ലാം കാവിവൽകരിക്കുകയാണ്. ഇരുട്ടിലായി. പവർകട്ട് വരുന്നു. ആരോഗ്യരംഗം രക്ഷപെടുമോ? ഇല്ല. പൂർണ്ണമായും വെന്റിലേറ്ററിലാണ്. വിദ്യാഭ്യാസമോ? അത് ആർ.എസ്.എസ്-ന്റെ കൈയിലാണ്. ഉന്നത വിദ്യാഭ്യാസരംഗത്തെ കാര്യങ്ങൾ ഗവർണർമാർ തീരുമാനിക്കുന്നു. കേരളത്തിന്റെ എല്ലാ മേഖലയെയും തകർത്തുകൊണ്ട് മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ നയത്തെ ജനങ്ങൾ തിരിച്ചറിയും. ഞാൻ ഈ ഉപധനാഭ്യർഥനകളെ എതിർത്തുകൊണ്ട് നിർത്തുകയാണ്.

Financial Business

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2026-2027 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടിയല്ല പ്രവർത്തിച്ചത്, അവരുടെ സ്വന്തം താൽപര്യങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിച്ചതെന്നും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചില്ലെന്നുമാണ് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എം. വിജിൻ ഇവിടെ സൂചിപ്പിച്ചത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഇന്ദിരാ ഗാരന്റി എന്നപേരിൽ പ്രഖ്യാപിച്ച ധാരാളം പദ്ധതികളുണ്ട്. ആ പദ്ധതികളിൽ ഏറ്റവും സുപ്രധാനമായ ഒരു കാര്യം, ഇന്ത്യയ്ക്കുതന്നെ മാതൃകയായി ലോകത്തിന് വലിയൊരു സന്ദേശം നൽകുന്ന ചരിത്രപ്രസിദ്ധമായ വയോജനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ബിൽ ഇന്നലെ ഈ സഭ പാസാക്കിയിരുന്നു. ഞാൻ അതിന്റെ വിശദീകരണങ്ങളിലേക്ക് പോകുന്നില്ല, എല്ലാവരും അതിന്റെ ചർച്ചയിൽ പങ്കെടുത്തു. അതുമായി ബന്ധപ്പെട്ട് ശ്ലാഘനീയമായ നിലപാടുകളാണ് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ ബഹുമാന്യനായ

മുഖ്യമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് സംസാരിച്ചത്. അതൊരു ഗാരന്റിയാണ്, ഈ രാജ്യത്തെ പിന്നോക്ക, പ്രയാസമനുഭവിക്കുന്ന വയോജനങ്ങളെ സഹായിക്കാനുള്ള ഒരു ഗവൺമെന്റിന്റെ നിലപാടാണത്. കഴിഞ്ഞവർഷങ്ങളിൽ, ഇടതുപക്ഷം ഭരിച്ചുകൊണ്ടിരുന്ന സന്ദർഭങ്ങളിലാണ് ആശാ വർക്കർമാർ കേരളത്തിന്റെ തെരുവോരങ്ങളിൽ, സെക്രട്ടേറിയറ്റിനുമുമ്പിൽ ദിവസങ്ങളോളം, മാസങ്ങളോളം സമരം നടത്തിയതായി കണ്ടത്. അന്നത്തെ സർക്കാർ ആ ആശാ വർക്കർമാർക്ക് ചുരുങ്ങിയ തുകപോലും വർധിപ്പിച്ചുനൽകാൻ കഴിയാതെ, അത് കൊടുക്കില്ലായെന്ന ധിക്കാരപരമായ, ദാർഷ്ട്യമായ നിലപാട് സ്വീകരിച്ചപ്പോൾ ബഹുമാന്യനായ അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ ആ ആശാ വർക്കർമാരെ പോയികാണുകയും യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നാൽ അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുമെന്നും പറഞ്ഞ് തുടങ്ങിവച്ച ആ പ്രവർത്തനം, ആശാ വർക്കർമാരുടെ സങ്കടമകറ്റിയ ഒരു ഗവൺമെന്റാണ് ഇന്നിവിടെ ഭരിച്ചുകൊണ്ടിരിക്കുന്നത്. നൂറ് ദിവസത്തെ കർമ്മ പരിപാടികളുമായി

മുന്നോട്ടുപോയ ഈ സർക്കാർ, ഒക്ടോബർ മാസം ഒൻപതാം തീയതിലെ കണക്കുപ്രകാരം നൂറ് ദിന പരിപാടിയുടെ ഭാഗമായി ലക്ഷ്യമാക്കിയ അഞ്ഞൂറ്റി എൺപത്തിയെട്ട് പദ്ധതികളിൽ അഞ്ഞൂറ്റി എഴുപതെണ്ണവും പൂർത്തീകരിച്ചുകൊണ്ടാണ് ഈ ദിവസം ഈ സർക്കാർ ഇവിടെ ഭരിക്കുന്നതെന്ന് എന്റെ പ്രിയപ്പെട്ട സുഹൃത്തിനോട് പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. കേരള സംസ്ഥാനത്ത് നൂറ്റിപതിനഞ്ച് ദിവസത്തിനുള്ളിൽ പതിനഞ്ച് കോടിയോളം വനിതകളാണ് പ്രിയദർശിനി സ്ത്രീ സൗജന്യയാത്രാ പദ്ധതി ഉപയോഗപ്പെടുത്തിയത്. ഓണത്തിന് മുൻവർഷങ്ങളിൽനിന്ന് വ്യത്യസ്തമായി സപ്ലൈകോ ഔട്ട്ലെറ്റുകളിൽ പതിമൂന്ന് സബ്സിഡി സാധനങ്ങളും ലഭ്യതയുറപ്പാക്കിക്കൊണ്ട് മുന്നോട്ടുപോയി. പട്ടിക വിഭാഗം വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് കുടിശ്ശിക തീർക്കാൻ മുന്നൂറ് കോടിരൂപ ഈ ഗവൺമെന്റ് നൽകിയിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കുടിശ്ശിക തീർക്കാൻ ഇരുന്നൂറ് കോടിരൂപ, എൽ.ഡി.എഫ്. സർക്കാർ വരുത്തിയ കുടിശ്ശികയാണ്, അന്നത്തെ സർക്കാർ ഒന്നും നൽകാത്തതുകൊണ്ട്, ഒന്നും ചെയ്യാത്തതുകൊണ്ട് ആ കുടിശ്ശിക

തീർക്കാൻ യു.ഡി.എഫ്. സർക്കാർ നൽകിയതാണ് ഇരുന്നൂറ് കോടിരൂപ. നെല്ല് സംഭരിച്ചതിന്റെ കുടിശ്ശിക തീർക്കാൻ നൂറ്റമ്പത് കോടിരൂപയാണ് നൽകിയത്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആയിരത്തി ഇരുന്നൂറ് രൂപവീതം നൽകി. ഹരിത കർമ്മ സേനാംഗങ്ങളുടെ ഉത്സവബത്ത വർധിപ്പിച്ചു. ചരിത്രത്തിലാദ്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ജനപ്രതിനിധികൾക്കും സഹകാരികൾക്കും ഉത്സവബത്ത നൽകിയ ഗവൺമെന്റാണിത്. പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ പന്ത്രണ്ട് കോടിരൂപ നൽകുകയും ചെയ്തു. സ്കൂൾ പാചകത്തൊഴിലാളികളുടെ പ്രതിമാസ വേതനം വർധിപ്പിച്ചു. ലോട്ടറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ബോണസിൽ വർധനവ് വരുത്തി. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രയാസങ്ങൾ പരിഗണിച്ചുകൊണ്ട് മുന്നോട്ടുപോയി. ആശ്വാസകിരണം പദ്ധതിയുടെ പ്രതിമാസ ധനസഹായം ആയിരം രൂപയായി ഉയർത്തി. സംസ്ഥാനത്ത് പ്രത്യേകിച്ച്, മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതിന് പ്ലസ് വൺ സീറ്റുകൾ വർധിപ്പിച്ച് വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ

സൃഷ്ടിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അങ്ങനെ ജനങ്ങൾക്ക് നൽകിയ ഓരോ വാഗ്ദാനങ്ങളും പാലിച്ചുകൊണ്ടാണ് ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇത് വെറുതെ നടക്കുന്നതല്ല. ഇതിന് ചില കണക്കുകളും കാര്യങ്ങളുമുണ്ട്. ഒന്ന് പരിശോധിച്ചാൽ, കഴിഞ്ഞ 2025 ഏപ്രിൽ-സെപ്റ്റംബർ മാസങ്ങളിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന കാലഘട്ടങ്ങളിൽ 51367 കോടിരൂപയാണ് സംസ്ഥാനത്തിന് നികുതി വരുമാനം ലഭിച്ചിരുന്നത്. അതേസമയം യു.ഡി.എഫ്.-ന് ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയ്ക്ക് 2026 ഏപ്രിൽ-സെപ്റ്റംബർ മാസങ്ങളിൽ 62506 കോടിരൂപയുടെ സംസ്ഥാന നികുതിവരുമാനം വർധിച്ചിട്ടുണ്ട്. 11139 കോടിരൂപ, അതായത് 21.69 ശതമാനം വർധനവ്. ജി.എസ്.ടി. വരുമാനത്തിലെ മാറ്റം, 2025-ൽ 16482 കോടിരൂപയാണ് നിങ്ങളുടെ കാലഘട്ടങ്ങളിൽ ലഭിച്ചിരുന്നതെങ്കിൽ 2026 ഏപ്രിൽ-സെപ്റ്റംബർ മാസങ്ങളിൽ 19583 കോടിരൂപയാണ് ലഭിച്ചത്. മാറ്റം 18.8 ശതമാനമായിരുന്നു. കേരളത്തിന്റെ സ്വന്തം ജി.എസ്.ടി.-യുടെ കണക്കെടുത്താൽ 2025-ൽ 7883

കോടിരൂപയായിരുന്നെങ്കിൽ 2026-ൽ 8970 കോടിരൂപയുടെ മാറ്റമാണുണ്ടായത്. ഇത്തരത്തിൽ കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത് എങ്ങനെയാണെന്ന് ചോദിച്ചാൽ, കേരളത്തിലെ നികുതി പിരിച്ചെടുക്കാനുള്ള ശക്തമായ നിലപാടുകൾ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമായ ശ്രീ. വി. ഡി. സതീശൻ, യു.ഡി.എഫ്. സർക്കാരെടുത്ത നിലപാടിന്റെ ഭാഗമായാണ് ഈ വർധനവ് നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ നികുതിവരുമാനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 11139 കോടിരൂപ നമുക്ക് അധികം ലഭിച്ചിട്ടുണ്ട്. അത് പിരിച്ചെടുക്കാനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിച്ചതുകൊണ്ടാണ്. ജി.എസ്.ടി. വരുമാനം, ഐ.ജി.എസ്.ടി.-യ്ക്കുശേഷമുള്ള വരുമാനം 3101 കോടി രൂപ വർധിപ്പിച്ചു. കേരളത്തിന്റെ സ്വന്തം ജി.എസ്.ടി. 13.8 ശതമാനം വർധിക്കുകയാണുണ്ടായത്. കഴിഞ്ഞ കാലങ്ങളിൽ ഈ വർധനവ് നടപ്പാക്കാതെയും കൃത്യമായി നികുതി പിരിക്കാതെയും മുന്നോട്ടുപോയ ഒരു ഗവൺമെന്റിന്റെ തെറ്റായ നിലപാടുകളാണ് കേരളത്തിലെ വികസനപ്രവർത്തനങ്ങൾ

നടക്കാതെപോയതും അതുമായി ബന്ധപ്പെട്ട പ്രയാസങ്ങളുണ്ടായതുമെന്ന് നമുക്ക് കൃത്യമായി പറയാൻ കഴിയും. അതോടൊപ്പം ഒരു കണക്കുകൂടി ഞാൻ പറയുകയാണ്. 2026-2027 വർഷത്തേക്കുള്ള ബജറ്റിൽ വകയിരുത്തിയ 11932 കോടിരൂപ, കേന്ദ്ര ഗ്രാന്റുകളിൽ ആദ്യ ആറുമാസത്തിൽ നമുക്ക് ലഭിച്ചത് 505 കോടിരൂപ മാത്രമാണ്. കേന്ദ്ര ഗവൺമെന്റിൽനിന്ന് ഇത്ര കുറഞ്ഞ നിരക്കിൽ ഫണ്ട് ലഭിച്ചിട്ടും ആ സമയത്തുതന്നെ കേരളസർക്കാർ ഇത്തരം വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുവന്നത് ജനങ്ങൾക്ക് നൽകിയ ഏറ്റവും വലിയ വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്ന ഒരു നിലവാരത്തിലേക്ക് പോകാൻ സാധിച്ചതുകൊണ്ടാണ്. വികസന പദ്ധതികൾ വരട്ടെ, അതിന്റെ വെളിച്ചം അവസാനത്തെ വീടുവരെയും എത്തട്ടെ, ബജനാവിന്റെ കണക്കുകൾ മെച്ചപ്പെടട്ടെ, സാധാരണക്കാരന്റെ ജീവിതകണക്കും മെച്ചപ്പെടട്ടെ എന്നുള്ളൊരു നിലപാടാണ് ഗവൺമെന്റ് ഇവിടെ സ്വീകരിക്കുന്നത്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും ഈ സർക്കാർ കാര്യക്ഷമമായി പ്രവർത്തിക്കുമെന്ന ജനങ്ങളുടെ വിശ്വാസത്തെ പൂർണ്ണമായി

അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടത്തിൽനടന്ന ധാരാളം പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ട്. 2005-ൽ കേരള യൂണിവേഴ്സിറ്റിയിൽനടന്ന അസിസ്റ്റന്റ് നിയമനങ്ങളുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർക്കും പ്രോ-വൈസ് ചാൻസലർക്കും സിൻഡിക്കേറ്റ് അംഗങ്ങൾക്കുമെതിരെ വിജിലൻസ് കേസെടുത്ത് മുന്നോട്ടുപോകുന്ന ഒരു കാലഘട്ടമാണ്. എന്താ കാര്യം, മുപ്പത്തിമൂവായിരത്തോളം ആളുകൾ അപേക്ഷിച്ചതിൽ, ഏറ്റവും കൂടുതൽ ആളുകൾക്ക് ജോലി കിട്ടിയതിൽ മുഴുവൻ സി.പി.എം.-ന്റെ ആളുകളായിരുന്നു. ഒരു പരീക്ഷാ ബോർഡുപോലും രൂപീകരിക്കാതെയാണ് ആ ഇന്റർവ്യൂ നടത്തിയതും പരീക്ഷ നടത്തിയതും. അങ്ങനെയാണ് പി.എസ്.സി.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾ. കേരളത്തിലെ ഏതെല്ലാം മേഖലകളിൽ അത്തരം നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടോ, അവിടെയെല്ലാം വലിയ അഴിമതികളാണ് നടന്നിട്ടുള്ളതെന്ന് നമുക്കറിയാം. കിഫ്ബിയെക്കുറിച്ച് പ്രിയപ്പെട്ട ഡോ. മാത്യു കുഴൽനാടൻ ഇവിടെ സൂചിപ്പിച്ചു. കിഫ്ബിയുടെ ഭാഗമായി കണ്ണൂരിൽ ആയിരത്തോളം ഏക്കർ സ്ഥലം ഏറ്റെടുത്തതിൽ ഒരു നയാപൈസപോലും

ബാങ്കിൽനിന്ന് ലോണായി ആ സ്ഥലത്തിന് നൽകാൻ കഴിയില്ലെന്ന് ഉത്തരവാദപ്പെട്ട നാഷണൽ ബാങ്ക് ഉദ്യോഗസ്ഥർ പറയുമ്പോൾ, അത്രയും മോശമായ പാഴ്‌വിലയ്ക്ക് കൊടുക്കാൻ കഴിയാവുന്നൊരു സ്ഥലം വാങ്ങി കേരളത്തിന്റെ സാമ്പത്തികഭദ്രതയെ തകർത്തെറിഞ്ഞ ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇവിടെയുണ്ടായിരുന്നത് എന്നതുകൊണ്ടാണ് ആ ഗവൺമെന്റിനെ തള്ളത്തെറിഞ്ഞുകൊണ്ട് ജനാധിപത്യ മുന്നണിയ്ക്ക് നൂറ്റിരണ്ട് സീറ്റ് നൽകി ജനങ്ങൾ അധികാരത്തിലെത്തിച്ചത്. അങ്ങനെ അധികാരത്തിലെത്തിച്ച ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ മറക്കാതെതന്നെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് ഈ അവസരത്തിൽ പറയുകയാണ്. ഞാൻ ഒറ്റ കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇപ്പോൾ മാവോ സെ തുങ്-ന്റെ വാക്കുകളാണ് ഓർമ്മ വരുന്നത്, " The masses are the real heroes, while we ourselves are often childish and ignorant, and without this understanding, it is impossible to acquire even the most rudimentary knowledge." ജനങ്ങളെ മറന്നുകൊണ്ട് ഒരു ഗവൺമെന്റ് മുന്നോട്ടുപോയാൽ അവരെ ജനങ്ങൾതന്നെ

ളത്തെറിയുമെന്നതിന്റെ വ്യക്തമായ തെളിവും, ആ ജനങ്ങൾ സ്വീകരിക്കുമെന്നതിന്റെ തെളിവുമാണ് യു.ഡി.എഫ്. ഭരണപക്ഷത്തും ഇടതുപക്ഷം പ്രതിപക്ഷത്തും ഇരിക്കുന്നത്. അതിനാൽ ജനങ്ങളെ മറന്നുകൊണ്ട് ജനാധിപത്യ മുന്നണി മുന്നോട്ടുപോകില്ലെന്ന ഉറപ്പിന്മേലാണ് ഈ ഐക്യ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് അവതരിപ്പിച്ച 2026-2027-ലേയ്ക്കുള്ള ഉപധനാഭ്യർഥനയെ പൂർണ്ണമായി ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ ഈ ഉപധനാഭ്യർഥനയെ ശക്തമായി എതിർക്കുകയാണ്. ഈ ഗവൺമെന്റ് കുടിശ്ശികയെല്ലാം കൊടുത്തുതീർത്തതിന്റെ കണക്ക് എന്റെ പ്രിയസുഹൃത്ത് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ വിശദീകരിക്കുകയുണ്ടായി. സാധാരണ ഏത് ഗവൺമെന്റും മാറിമാറി വരുമ്പോൾ അപ്പോഴുണ്ടാകുന്ന കുടിശ്ശിക കൊടുത്തുതീർക്കുന്ന രീതി ആദ്യത്തെ അനുഭവമല്ല. 2016-ലെ ഒന്നാം പിണറായി സർക്കാർ, പെൻഷൻ കുടിശ്ശിക എത്രയാണുണ്ടായിരുന്നത്? 20-24 മാസക്കാലത്തെ കുടിശ്ശികയാണ്. അതെല്ലാം സ്വാഭാവികമായിട്ടുള്ള

ഭരണത്തിന്റെ ഒരു ഭാഗമാണ്. എന്നാൽ ഇവിടെ കാണേണ്ടത്, മതനിരപേക്ഷ ജീവിതവും ജനകീയ ബദൽ നയങ്ങളുമാണ് കേരളത്തെ ലോകം ശ്രദ്ധിക്കുന്ന സംസ്ഥാനമാക്കി മാറ്റിയത്. ഈ രാഷ്ട്രീയത്തെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള നടപടികളാണ് യു.ഡി.എഫ്. സർക്കാർ നടപ്പാക്കുന്നത്. നേരത്തെ എന്റെ പ്രിയസുഹൃത്ത് ശ്രീ. എം. വിജിൻ സൂചിപ്പിക്കുകയുണ്ടായി, നമ്മുടെ സംസ്ഥാനത്തിന്റെ ഭരണരംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ ഏജന്റായി പ്രവർത്തിച്ച ഗവർണ്ണറുടെ നിലപാടുകളെ സംബന്ധിച്ച് വളരെയധികം ചർച്ചയായ ഒരു കാലഘട്ടമാണ് കഴിഞ്ഞ നാളുകൾ. അത്തരം സമീപനങ്ങളെ ശക്തമായി എതിർക്കാനും അത് പരസ്യമായി പറയാനും ഒരു വിമുഖതയും എൽ.ഡി.എഫ്. കാണിച്ചിരുന്നില്ല. എന്നാൽ, കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്ന ജനവിരുദ്ധ സാമ്പത്തിക നയങ്ങളും വർഗീയ രാഷ്ട്രീയ സമീപനങ്ങളും അതുപോലെ നടപ്പാക്കാനാണ് നിർഭാഗ്യവശാൽ യു.ഡി.എഫ്. ശ്രമിക്കുന്നത്. നയപ്രഖ്യാപന പ്രസംഗം മുതൽ ശ്രദ്ധിച്ചാൽ അത് കാണാൻ കഴിയും. ഇക്കാര്യം വ്യക്തമാക്കുന്ന സമീപനമാണ് ബജറ്റിലാണെങ്കിലും കേന്ദ്രത്തെ

ഒരു വാക്കുകൊണ്ടുപോലും വിമർശിക്കാത്ത നിലപാട് സ്വീകരിക്കുന്നതാണ് നമ്മൾ കണ്ടത്. ബജറ്റ് പ്രസംഗത്തിലും നമ്മളത് കണ്ടു.

ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, നാടിന്റെ എല്ലാ മേഖലയെയും സ്വകാര്യവൽക്കരിക്കുക എന്ന നയമാണ് അവരുടെ കാഴ്ചപ്പാടായി കാണുന്നത്. ഇവിടത്തെ പൊതുസംരംഭങ്ങളെയും പൊതുമേഖലയെയും സംരക്ഷിച്ചുകൊണ്ടും അതിനാവശ്യമായ സപ്പോർട്ട് നൽകിക്കൊണ്ടുമാണ് കേരളത്തിന്റെ വികസനരംഗത്ത് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുള്ളത്. വിദ്യാഭ്യാസ രംഗത്തെ പൂർണ്ണമായി സംരക്ഷിക്കാൻ കേരളം സ്വീകരിച്ച നടപടികൾ നമുക്കെല്ലാം അറിയാം. എന്നാൽ ആ വിദ്യാഭ്യാസ മേഖലയിൽ കാവിവൽക്കരണം, പിഎംശ്രീ പദ്ധതി നടപ്പാക്കുമെന്നുള്ള നിലപാടിൽ ഇപ്പോഴും യു.ഡി.എഫ്. ഉറച്ചുനിൽക്കുന്നുണ്ടോയെന്നുള്ള കാര്യം വ്യക്തമാക്കേണ്ടതാണ്. മതനിരപേക്ഷ ചിന്തകളെ ഇല്ലാതാക്കുകയാണ് ഇവരുടെ ലക്ഷ്യമെന്നുള്ള കാര്യം ഞാൻ പ്രത്യേകം പറയേണ്ടതില്ല.

ഗവർണ്ണറുടെ നിലപാടുകൾ സംബന്ധിച്ച് നേരത്തെ ഇവിടെ

സൂചിപ്പിച്ചു. ഗവർണ്ണറുടെ യാത്രയയപ്പ് സമ്മേളനത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ സംഭാവനകളെ എടുത്തുപറയുന്ന ഒരു രീതി നമുക്ക് കാണാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ സംഭാവന എന്താണ്? കേരളത്തിൽ മതനിരപേക്ഷ ചിന്തകളെ തകർക്കുന്നതരത്തിലേക്കുള്ള സമീപനമാണ് അദ്ദേഹം സ്വീകരിച്ചത്. കേരളത്തിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നതിലും സെനറ്റ് സിൻഡിക്കേറ്റ് അംഗങ്ങളെ നാമനിർദേശം ചെയ്യുന്നതിലുമെല്ലാം സംഘികളെ കൊണ്ടുവരികയെന്ന ഗൂഢലക്ഷ്യത്തോടുകൂടിയ നടപടികളാണ് സ്വീകരിച്ചത്. അത്തരം ഘട്ടങ്ങളിൽ ഒരു വാക്കുകൊണ്ടുപോലും എതിർക്കാൻ യു.ഡി.എഫ്. തയ്യാറായിട്ടില്ല. അദ്ദേഹം കേരളത്തിന് നൽകിയ സംഭാവനയെന്നുപറഞ്ഞാൽ, വന്ദേമാതരത്തിലെ കോൺഗ്രസ് ഒഴിവാക്കിയ വരികളുൾപ്പെടെ ചേർത്തുകൊണ്ട്, കോൺഗ്രസ് നേതൃത്വത്തെ മുന്നിൽനിർത്തി കസേരയിൽ ഇരുത്തിക്കൊണ്ടാണ് അദ്ദേഹം വന്ദേമാതരത്തിലെ എല്ലാ വരികളും ചൊല്ലുന്ന അവസ്ഥയുണ്ടാക്കിയത്. അതിനാൽ ഇത്തരം വിഷയങ്ങളെ ഒരു വിമർശന രൂപത്തിൽപോലും

പറയാത്ത സമീപനത്തിലൂടെ നിങ്ങൾ രണ്ടുപേരും ഒരേ വഴികളിലൂടെ സഞ്ചരിക്കുന്നു എന്നതിന്റെ സൂചനയായാണ് കാണാൻ കഴിയുന്നത്.

ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരുപാട് കുടിശ്ശിക പിരിച്ചെടുത്ത് ഇവിടെ എല്ലാ ക്ഷേമപ്രവർത്തനങ്ങളും നടപ്പാക്കുന്നുവെന്ന് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കടുത്ത എതിർസമീപനം സ്വീകരിച്ചപ്പോഴും കേരളത്തിന്റെ നികുതി കുടിശ്ശിക പരമാവധി പിരിച്ചെടുക്കാൻ അന്നത്തെ ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങൾ ഈ സഭയിൽ എത്രയോ തവണ ചർച്ചയായതല്ലേ.

ശ്രീ. എം. വിൻസെന്റ്: സർ, ...(മൈക്ക് ഓഫ്).....

ശ്രീ. ജി. ആർ. അനിൽ: ഞാൻ വഴങ്ങുന്നില്ല. ഞാൻ ഇപ്പോൾ ആ കണക്കുകൾ ഉദ്ധരിക്കുന്നില്ല, എന്നാൽ അതെല്ലാം രേഖയിലുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ റെക്കോർഡാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. എന്നാൽ അതെല്ലാംതന്നെ കേരളത്തിലെ സാമാന്യ ജനങ്ങൾക്ക്, സാധാരണക്കാർക്ക് അവരുടെ ക്ഷേമ പ്രവർത്തനങ്ങളിലൂടെ

എത്തിക്കാനുള്ള പരിശ്രമമാണ് എൽ.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. ക്ഷേമ പെൻഷന്റെ കാര്യത്തിൽ, 60 ലക്ഷത്തിൽപരം ആളുകൾക്ക് നൽകുന്ന സാമൂഹ്യക്ഷേമ പെൻഷൻ കൃത്യമായി കൊടുക്കാൻ കഴിഞ്ഞിരുന്നു. നിങ്ങൾ അധികാരത്തിൽവന്നിട്ട് അഞ്ച് മാസം കഴിഞ്ഞിട്ടും ഒരു പൈസയും വർധിപ്പിച്ചിട്ടില്ല. വീടുകളിൽ കൊണ്ടുകൊടുത്തിരുന്ന ക്ഷേമ പെൻഷൻ രോഗികളായ ആളുകൾക്ക് ഇനി കിട്ടില്ല. വീടുകളിൽ എത്തിക്കില്ലെന്ന് നിങ്ങൾ പ്രഖ്യാപിച്ചല്ലോ. അവർ പോയിവാങ്ങേണ്ട അവസ്ഥയല്ലേ. എങ്ങനെ വാങ്ങണമെന്ന് ആളുകൾക്കറിയാം. ആ പണം ഇടതുപക്ഷത്തിന്റെ പണമാണോ സർക്കാരിന്റെ പണമാണോയെന്നൊക്കെ ജനങ്ങൾക്കറിയാം. അതുപോലെ സ്ത്രീകൾക്കായി സ്ത്രീ സുരക്ഷാപദ്ധതി, യുവജനങ്ങൾക്കായി കണക്ട് ടു വർക്ക് പദ്ധതി, ലക്ഷക്കണക്കിനുള്ള വലിയ വിഭാഗം ആളുകൾക്ക് വളരെ സഹായകരമായ ഇത്തരം പദ്ധതികൾക്ക് തുടക്കംകുറിച്ചത് നിർത്തലാക്കുന്ന നിലപാടല്ലേ നിങ്ങൾ സ്വീകരിച്ചത്. അതുപോലെ ലൈഫ് പദ്ധതിയിലൂടെ എല്ലാവർക്കും വീട് നൽകുക എന്ന കാഴ്ചപ്പാടാണ് കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ചത്. അത് ഒരുപരിധിവരെ വിജയിപ്പിക്കാനും കഴിഞ്ഞു.

ഇപ്പോൾ ലൈഫിനെക്കുറിച്ചോ ഭവന പദ്ധതിയെക്കുറിച്ചോ എല്ലാവർക്കും വീട് ഉറപ്പാക്കുമെന്നുള്ള കാര്യങ്ങളെക്കുറിച്ചോ വ്യക്തമല്ല. അതുപോലെ കുടുംബശ്രീ പ്രസ്ഥാനം കേരളത്തിന്റെ സാമൂഹിക രംഗത്തുണ്ടാക്കിയ മാറ്റം വളരെ വലുതാണ്. കുടുംബശ്രീയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ദുർബലമായിക്കൊണ്ടിരിക്കുകയാണ്. കുടുംബശ്രീ സഹോദരിമാർ നടത്തിയിരുന്ന ജനകീയ ഹോട്ടലുകളിൽ ഏകദേശം പകുതിയോളം പൂട്ടിക്കഴിഞ്ഞു. ആ ഹോട്ടലുകൾക്ക് പ്രതിമാസം സപ്ലൈകോവഴി 10.90 രൂപയ്ക്ക് നൽകിയിരുന്ന 600 കിലോഗ്രാം സബ്സിഡി അരി നിർത്തലാക്കി. അങ്ങനെ ആ സംവിധാനത്തെതന്നെ തകർക്കുന്ന നിലപാടാണ് സ്വീകരിച്ചത്. അതിന്റെ ദീർഘമായ കാര്യങ്ങളിലേയ്ക്കൊന്നും കടന്നുപോകുന്നില്ല. ക്ഷേമ പ്രവർത്തനങ്ങളിൽനിന്ന് കേരളം പിറകോട്ട് പോകുന്ന ചിത്രമാണ് കഴിഞ്ഞ അഞ്ച് മാസംകൊണ്ട് കാണാൻ കഴിയുന്നത്. പുതിയ ക്ഷേമ പദ്ധതികളെ സംബന്ധിച്ച് പറയുമ്പോൾ, ഉണ്ടായിരുന്ന പദ്ധതികൾ ദുർബലമാകുന്നു, പുതിയ പദ്ധതികളിലേക്ക് കടക്കുന്നില്ല, വർധനവ് ജനങ്ങൾക്ക് ലഭിക്കുന്ന സാഹചര്യമുണ്ടാകുന്നില്ല, ഇത്തരം

വിഷയങ്ങൾ ഗൗരവമായി കാണേണ്ടതാണ്.

മറ്റൊന്ന്, ഇവിടെ കിഫ്ബിയെക്കുറിച്ചാണ് ഏറ്റവും വലിയ ചർച്ച വന്നത്. കിഫ്ബി എന്ന പദ്ധതി കേരളത്തിന് ഒരു ശാപമായിരുന്നെന്ന് വരുത്താനാണ് ഡോ. മാത്യു കുഴൽനാടൻ ചർച്ചയുടെ തുടക്കത്തിൽ ശ്രമിച്ചത്. കിഫ്ബി പദ്ധതിയിലൂടെ കേരളത്തിന്റെ വികസന രംഗത്തുണ്ടായ മാറ്റം ചെറുതാണോ? അതിന് പോരായ്മകളുണ്ടെങ്കിൽ പരിശോധിക്കണം, പോരായ്മകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പക്ഷേ, ബജറ്റിനപ്പുറത്ത് കേരളത്തിലെ എത്രയോ വർഷങ്ങൾ പഴക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കിഫ്ബിയുടെ ധനസ്രോതസ്സിലൂടെ കഴിഞ്ഞു എന്നുള്ളത് വസ്തുതയല്ലേ? അതുമാത്രമാണോ, ഇന്നും എത്രയോ സബ്മിഷനുകൾ ഇവിടെവന്നു, അതിലെല്ലാം റോഡുകളും പാലങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങളാണ്. വികസന പ്രവർത്തനങ്ങളിൽ, നിർമ്മാണ പ്രവർത്തന രംഗത്ത് ഒരു സ്തംഭനാവസ്ഥ ആയിരിക്കുകയാണെന്നുള്ള വസ്തുത ഈ ഗവൺമെന്റ് തിരിച്ചറിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നിർമ്മാണ മേഖലകളിൽ ടാറിന്റെ വില വർധനവ് വന്നപ്പോൾ ഗ്രാമീണ

മേഖലയിലെ എല്ലാ വർക്കുകളും നിശ്ചലമായി. അതുമാത്രമല്ല, പി.ഡബ്ല്യു.ഡി. വർക്കുകളുടെ വേഗത പോരാ. പലതും മുന്നോട്ടുപോകാത്ത അവസ്ഥയിലായിരിക്കുകയാണ്. അതിനാൽ നിർമ്മാണ മേഖലയിൽ, യു.ഡി.എഫ്. എന്നോ എൽ.ഡി.എഫ്. എന്നോ ഉള്ള വിഷയം വേർതിരിച്ചുകാണേണ്ട കാര്യമില്ല. എല്ലാ നിയോജക മണ്ഡലങ്ങളിലെയും എല്ലാ പ്രദേശങ്ങളെയും ബാധിച്ച ഒരു വിഷയമാണ്. പ്രഖ്യാപനങ്ങൾ ഉണ്ടാകുന്നുണ്ടെന്നല്ലാതെ യാഥാർഥ്യബോധത്തോടുകൂടി അത് പ്രഖ്യാപിച്ച് നടപ്പാക്കാൻ കഴിയുന്നില്ല. പഞ്ചായത്തുകളിൽ ടാറിന്റെ വിലമാറ്റത്തിനനുസൃതമായ മാറ്റമുണ്ടാകുമെന്ന് പറഞ്ഞെങ്കിലും ഇന്നും അത് യാഥാർഥ്യമാകാത്തതിന്റെ ഫലമായി വർക്കേറ്റെടുത്ത കോൺട്രാക്ടർമാർ വർക്ക് ചെയ്യാത്ത അവസ്ഥയാണുള്ളത്.

അതുപോലെ ആരോഗ്യമേഖലയെ സംബന്ധിച്ച് കഴിഞ്ഞ രണ്ടുദിവസം ഇവിടെ ചർച്ച വന്നതാണ്. വസ്തുത പരിശോധിച്ചാൽ ആരോഗ്യമേഖലയിൽ, ജില്ലാ-താലൂക്കുതല ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾപോലുമില്ലാത്ത അവസ്ഥയാണ്. അവിടെ ജനങ്ങൾ വളരെ

വിഷമത്തിലാണ്. ചില ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവ് സംബന്ധിച്ചുള്ള ചർച്ച, സമയക്രമത്തിന്റെ തർക്കങ്ങൾ, ഇതെല്ലാം കാരണം ഗവൺമെന്റ് ആശുപത്രികളിൽ ജനങ്ങൾക്ക് പ്രതീക്ഷയില്ലാത്ത സാഹചര്യം സൃഷ്ടിക്കുകയാണ്. സ്വകാര്യവൽക്കരണത്തിന്റെ ഒരുപടി തുറക്കാനുള്ള നടപടിയായാണ് ഞാനിതിനെ കാണുന്നത്. സ്വകാര്യ മേഖലയിലേക്ക് ആരോഗ്യരംഗത്തെ വലിച്ചെറിഞ്ഞ് കൊടുക്കുക..... കടന്നുവന്ന കഴിഞ്ഞ നാളുകളിൽ നമ്മുടെ ആരോഗ്യമേഖലയെ ശക്തിപ്പെടുത്താനെടുത്ത ഗവൺമെന്റുകളുടെ നിലപാടുകളെല്ലാം ദുർബലമാകുന്ന തരത്തിലേക്ക് നീങ്ങുന്ന ഒരു സാഹചര്യമാണുള്ളതെന്നകാര്യം സൂചിപ്പിക്കുകയാണ്.

അതുപോലെതന്നെയാണ് പൊലീസിന്റെകാര്യം. ഇവിടെ ഇന്ന് രാവിലെയും ചർച്ച നടന്നതാണ്. പൊലീസിന്റെ നിലപാടുകളെ സംബന്ധിച്ച് നിഷ്പക്ഷമായി നോക്കുന്ന ഒരാളിന് പൊലീസിൽ ഒരു വലിയ മാറ്റം കാണാൻ കഴിയും. അഞ്ച് മാസംകൊണ്ട് യു.ഡി.എഫ്.-ന്റെ പൊലീസാണെന്ന് തെളിയിക്കുന്നതരത്തിൽ പക്ഷപാതപരമായുള്ള സമീപനങ്ങൾ, എഫ്.ഐ.ആർ.-ൽത്തന്നെ വേണ്ടത്ര വസ്തുതകളെ പ്രതിഫലിപ്പിക്കാത്ത

തരത്തിലുള്ള നിലപാടുകൾ എന്നിവയാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഇത്തരം സാഹചര്യത്തിൽ ജനങ്ങൾ ആഗ്രഹിക്കുന്നതരത്തിലേക്ക് നിഷ്പക്ഷമായി മാറാൻ പൊലീസ് സേനയ്ക്ക് കഴിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘമായ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർഥനകളെയും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർഥനകളെയും ഞാൻ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റെജി ചെറിയാൻ: സർ, ഈ ഉപധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുന്നു. ഈ ബജറ്റിൽ നൂതനമായ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് കാലഘട്ടത്തിന് അനുയോജ്യമായ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ടൂറിസം- സാംസ്കാരിക മേഖലകളിൽ പൈതൃക സാംസ്കാരിക ടൂറിസവും അടിസ്ഥാന വികസനത്തിലൂന്നി ഉണർവ് നൽകുന്നതിനും ചുരുങ്ങിയ സമയംകൊണ്ട് ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. നിർമ്മിതബുദ്ധിയും

ഡിജിറ്റൽ സാങ്കേതികവിദ്യയും ചേർന്നുകൊണ്ട് കൂട്ടനാടിന്റെ വികസനത്തിനും ടൂറിസത്തിന്റെ വ്യാപനത്തിനുമായി കൂട്ടനാട് കേന്ദ്രീകരിച്ച് ഒരു ടെക്നോപാർക്ക് തുടങ്ങുന്നത് കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. കാർഷിക മേഖലയിലും മറ്റെല്ലാ മേഖലയിലും ഏറ്റവും കൂടുതൽ വനിതകൾ സഞ്ചരിക്കുന്ന സ്ഥലമാണ് കൂട്ടനാട്. പ്രിയദർശിനി ബസ് അനുവദിച്ചതോടെ സ്ത്രീകളെല്ലാം വളരെ സന്തോഷത്തിലാണ്. കർഷക തൊഴിലാളികൾ, നിർധനരായ രോഗികൾ എന്നിവരുടെയെല്ലാം യാത്ര ഫ്രീയാക്കിയത് ഈ സർക്കാർ വാക്കുപാലിക്കുന്നു എന്നതിന്റെ ഒരു ഉദാഹരണമാണ്. ഓരോ പ്രളയത്തിലും ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന ജനത കൂട്ടനാട്ടുകാരാണ്. 2026 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ എല്ലാ ജനങ്ങളെയും ഒരേപോലെ ഈ സർക്കാർ കൈത്താങ്ങുകയും ക്യാമ്പുകൾ ആരംഭിക്കേണ്ട സ്ഥലങ്ങളിലെല്ലാം ക്യാമ്പുകൾ ആരംഭിക്കുകയും ജനങ്ങളുടെയൊന്നും ആവശ്യമില്ലാതെതന്നെ സർക്കാർ 10,000/- രൂപ വീതം ഒരു കുടുംബത്തിന്/ഒരു വീടിന് നൽകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഈ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

ജനങ്ങളിലെത്തിക്കൊണ്ടിരിക്കുമ്പോൾ ചില തൊടുന്യായങ്ങൾ പറഞ്ഞുകൊണ്ട് പ്രതിപക്ഷം എന്റെ എം.എൽ.എ. ഓഫീസിലേക്ക് ധർണ്ണ നടത്തുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ജനങ്ങൾ സർക്കാരിനൊപ്പമാണെന്നും സർക്കാർ ജനങ്ങളോടൊപ്പമാണെന്നും ഇപ്പോഴും അവർക്ക് മനസ്സിലായിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ വയോജനങ്ങൾക്ക് പ്രത്യേക വകുപ്പ് രൂപീകരിച്ചുകൊണ്ടുള്ള ബിൽ അവതരിപ്പിച്ചതിന് സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. വാർധക്യം ഒഴിവാക്കി മനുഷ്യന് മുന്നോട്ടുപോകാനാകില്ല. നിരവധി വെല്ലുവിളികൾ നിറഞ്ഞ വാർധക്യത്തിന് താങ്ങായി ഈ ബിൽ രാജ്യത്തിനുതന്നെ മാതൃകയാണ്. വയോജനങ്ങളുടെ ക്ഷേമം, അന്തസ്സ്, സുരക്ഷ, സംരക്ഷണം എന്നിവ ഉറപ്പുനൽകുന്ന 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ ഭരണഘടനയ്ക്ക് യോജിക്കുന്ന മാതൃകയാണ്. അത് കേരള സർക്കാർ ഏറ്റെടുത്തതിന്, കേരളത്തിലെ ജനങ്ങൾ ഒന്നടങ്കം ഇതിനെ ഏറ്റെടുത്തിരിക്കുകയാണ്. സിന്തറ്റിക് ലഹരിയുടെ ഉപയോഗത്തിൽനിന്ന് കേരളത്തിലെ യുവതലമുറയെ

മോചിപ്പിക്കാൻ ആഭ്യന്തര വകുപ്പും എക്സൈസും കൈകോർത്തപ്പോൾ 'ഓപ്പറേഷൻ ഡ്രഫാൻ' പദ്ധതിയിലൂടെ സുന്ദരമായൊരു ഭാവിക്ക് കേരളം ഒരുങ്ങുന്നുവെന്നതിന്റെ പ്രതീക്ഷ ജനങ്ങൾക്ക് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. 'സരൾ കേരളം' വരാൻപോകുന്ന മാറ്റങ്ങൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ മാറ്റിമറിക്കുമെന്നതിൽ സംശയമില്ല. കഴിഞ്ഞകാലങ്ങളിൽ വ്യവസായികൾ പ്രത്യേകിച്ച്, പ്രവാസികൾ വ്യവസായങ്ങളാരംഭിക്കാൻ നമ്മുടെ സംസ്ഥാനത്ത് വരികയും എന്നാൽ അവർ നമ്മുടെ നിയമങ്ങളിൽ ചുറ്റിപ്പിണഞ്ഞുകിടക്കുന്ന പ്രശ്നങ്ങളുടെ മുന്നിൽപ്പെട്ടുപോകുകയും അവർ അതിൽനിന്നും പിന്മാറുകയും ചെയ്തിട്ടുണ്ട്. 'സരൾ' ഇതിനെല്ലാം പരിഹാരമാകുമെന്ന് വിശ്വസിക്കുകയാണ്. സരളിലൂടെ സംസ്ഥാനത്ത് ധാരാളം നിക്ഷേപംവരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നല്ല റോഡ് കണക്ടിവിറ്റിയുണ്ടാകേണ്ടത് വളരെ പ്രധാനമാണ്. അതിനുവേണ്ട ഇടപെടലുകൾ നടത്തേണ്ടതുണ്ട്. സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് 25 കോടി രൂപയ്ക്കുമുകളിലുള്ള പദ്ധതികൾക്ക് സരൾ പരിഹാരമാകുമെന്നത് ഒരു പുതിയ മുന്നേറ്റത്തിന്റെ തുടക്കമാണ്.

ശ്രീ. വി. മുരളീധരൻ: സർ, ഈ ഉപധനാഭ്യർഥനകളെ ഞാൻ എതിർക്കുന്നു. ഈ സർക്കാരിന്റെ കഴിഞ്ഞ അഞ്ച് മാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ ഇംഗ്ലീഷിലെ ഒരു ചൊല്ലാണ് എന്റെ മനസ്സിൽ വരുന്നത്. Building Mountains with words (വാക്കുകൾകൊണ്ട് വലിയ പർവതങ്ങൾ സൃഷ്ടിക്കുക). അങ്ങനെയുള്ള ഒരു പ്രവൃത്തിയാണ് നിലവിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. വാക്കുകൾകൊണ്ട് വലിയ പർവതങ്ങൾ സൃഷ്ടിക്കുക, പ്രാവർത്തികമായി യാതൊന്നുമില്ലെന്നുള്ള അവസ്ഥയാണ്. ഇന്ന് രാവിലെ സഭയിൽ എറണാകുളത്തെ ചേരാനല്ലൂരിലെ കാര്യം ചർച്ച ചെയ്തു. ഒരു പാവപ്പെട്ട മനുഷ്യനെ വാഹനമിടിച്ച് കൊന്നതിനുശേഷം 32 മണിക്കൂർ, അവിടെ മരണപ്പെട്ട ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് സമരം/ധർണ്ണയിരിക്കേണ്ടിവന്നു, പൊലീസ് സ്റ്റേഷനിൽ കാത്തിരിക്കേണ്ടിവന്നു. ഏത് വിധത്തിലുള്ള പൊലീസ് പരിഷ്കരണമാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഞങ്ങൾ വലിയ മാറ്റങ്ങൾ വരുത്തുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. 32 മണിക്കൂറെടുത്തതിന് കാരണമെന്താണ്? ജഡ്ജിയുടെ മകനാണ് പ്രതി എന്നതാണ് അതിന്

കാരണം. എറണാകുളത്ത് ഏതാനും ദിവസങ്ങൾക്കും/ആഴ്ചകൾക്കും മുമ്പാണ് ഒരു ആഡംബരകാർ മൂന്നുപേരെ കൊന്നത്. വാഹനം ഓടിച്ചിരുന്ന ആൾ നാല് ബാറുകളിൽ കയറി മദ്യപിച്ചുവെന്നാണ് അന്നും പുറത്തുവന്ന വിവരം. എന്ത് ഓപ്പറേഷൻ ക്ലഫാനാണ് പറയുന്നത്. ആ ക്ലഫാന്റെ ഇഫക്ട് എന്താണ്? നിയമത്തിനുമുമ്പിൽ എല്ലാ പൗരന്മാരും തുല്യരാണെന്നുള്ള അടിസ്ഥാനതത്വം പാലിക്കപ്പെടാത്ത സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതുതന്നെയാണ് കേരളത്തിലെ പബ്ലിക് സർവീസ് കമ്മീഷന്റെയും സ്ഥിതി. 180 പരാതി ലഭിച്ചുവെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ഇന്നലെ പറഞ്ഞു. കഴിഞ്ഞ സർക്കാരിന്റെകാലത്തുള്ള പി.എസ്.സി.-യുടെ പ്രവർത്തനത്തെക്കുറിച്ച് നിരവധി പരാതികളുയർന്നുവന്നു. അവസാനം എന്താണ് നടക്കുന്നത്? ഈ പരാതികൾക്ക് കാരണക്കാരായിട്ടുള്ള വ്യക്തികൾക്കെതിരെ നടപടിയെടുക്കുന്നതിന് സർക്കാർ വിമുഖത കാണിക്കുകയാണ്. നിങ്ങൾ ഭായി ഭായി കളിക്കുന്നത് അവസാനിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ പറഞ്ഞു. ചില മന്ത്രിമാരുൾപ്പെടെ ബഹുമാനപ്പെട്ട

ഗവർണ്ണറുടെ നടപടിക്കെതിരെ പ്രതികരിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഇത് കണ്ടാൽ ഗവർണ്ണറാണ് ഇതിൽ പ്രതിയെന്നുതോന്നും. ആരോടാണ് ഇവർക്ക് കൂറ്? ഈ നാട്ടിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരോടാണോ അതോ പി.എസ്.സി.-യിൽ അഴിമതിയും സ്വജനപക്ഷപാതവും കാണിച്ച ആളുകളോടാണോ.

ആരോഗ്യ രംഗത്തേയ്ക്ക് വന്നാൽ കഴിഞ്ഞ എത്രയോ കാലങ്ങളായി കേരളം സൃഷ്ടിച്ചിട്ടുള്ള ഒരു മാതൃകയുണ്ട്. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള ഒരു സ്ഥിതിയുണ്ട്. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? മരുന്ന് കമ്പനിക്കാരുടെ കൈയിൽനിന്ന് കൂടുതൽ കാശ് വാങ്ങിയത് ആരാണെന്ന കാര്യത്തിലാണ് ഇപ്പോൾ തർക്കം നടക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. അവിടെ രോഗികൾക്ക് നിലത്ത് കിടക്കേണ്ട അവസ്ഥയാണുള്ളത്. ക്ഷാമമില്ല, കുറവുണ്ട് എന്നാണ് ബഹുമാന്യനായ മന്ത്രി പറഞ്ഞത്. ഇതുരണ്ടും തമ്മിലുള്ള വ്യത്യാസമെന്താണ്? ഇരുപത്തിനാല് ഇനം മരുന്നുകൾക്ക്

ക്ഷാമമുണ്ടെന്നാണ് പറഞ്ഞത്. ക്ഷാമവും കുറവും തമ്മിലുള്ള, വാക്കുകൾകൊണ്ടുള്ള കളിയിലാണ് മന്ത്രി ആരോഗ്യ മേഖലയിൽ മെഡിക്കൽ കോളേജിലെ ദുരവസ്ഥയെ വിശദീകരിക്കാൻ ശ്രമിക്കുന്നത്. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളെ സംബന്ധിച്ച രണ്ട് ചോദ്യങ്ങൾ ഞാൻ കഴിഞ്ഞ ദിവസം ബഹുമാന്യരായ മന്ത്രിമാരോട് ചോദിച്ചു. വിവിധ പദ്ധതികൾക്കുവേണ്ടി കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട വിഹിതത്തിനായി കേരളം നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്നാണ് ചോദിച്ചത്. അതിനുള്ള മറുപടിയിൽനിന്നും കേരളം ശ്രമിച്ചത് എങ്ങനെയാണെന്ന് വളരെ വ്യക്തമായി അറിയാൻ കഴിയും. വിദ്യാഭ്യാസ മേഖലയിൽ പി.എം.ശ്രീ സ്കൂളുകൾക്ക് ലഭിക്കേണ്ടിയിരുന്ന കേന്ദ്ര സഹായം.....

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. വി. മുരളീധരൻ: സർ, ആ സഹായം എങ്ങനെയാണ് നിഷേധിച്ചതെന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. സ്കൂളുകൾ തിരഞ്ഞെടുക്കുന്നതിലോ കരിക്കുലത്തിലോ കേന്ദ്ര സർക്കാർ ഇടപെടില്ലെന്ന് വ്യക്തമായിട്ടും പി.എം.ശ്രീ നടപ്പാക്കില്ലെന്നാണ് പറയുന്നത്. പി.എം.

എന്നുള്ള പേരാണ് പ്രശ്നം. പി.എം. എന്നുപറഞ്ഞാൽ പ്രധാനമന്ത്രി എന്നാണ്. അല്ലാതെ നരേന്ദ്ര മോദി എന്നല്ല. മാഹിയിൽ പി.എം.ശ്രീ ഉസ്മാൻ ഗവൺമെന്റ് ഹൈസ്കൂൾ എന്ന ഒരു സ്കൂളുണ്ട്. അവിടെയൊന്നും പ്രശ്നമില്ല. ഇവിടെ വരുമ്പോൾ പി.എം. എന്ന വാക്കിലാണ് എതിർപ്പ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പേര് ആയുഷ്മാൻ ആരോഗ്യ മന്ദിർ എന്നാക്കണമെന്ന് പറഞ്ഞപ്പോൾ മന്ദിർ എന്നുപറഞ്ഞാൽ ക്ഷേത്രമല്ലേ, ക്ഷേത്രമെന്നുപറയാമോ എന്ന് ചോദിച്ചു. ഹിന്ദിയിൽ മന്ദിർ എന്ന വാക്കിന് നിരവധി അർഥങ്ങളുണ്ട്. കെട്ടിടങ്ങൾക്ക് മന്ദിർ എന്നാണ് പറയുന്നത്.....

മാഡം ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. വി. മുരളീധരൻ: സർ, ഇതുപോലെയുള്ള വാക്കുകളുടെ പേരിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട വിവിധ പദ്ധതികളുൾപ്പെടെ ഉപയോഗിക്കാതെ കേരളത്തിന്റെ വികസനത്തിന്റെ പേരിൽ പ്രഖ്യാപനങ്ങൾ മാത്രം നടത്തുന്ന സമീപനത്തോട് ഞാൻ വിയോജിക്കുന്നു. അതിനാൽ ഞാൻ ഈ ഉപധനാഭ്യർഥനകളെ എതിർക്കുന്നു.

ശ്രീ. ഉല്ലാസ് കോവൂർ: സർ, ഇന്ന് ചെയ്യുന്ന പ്രവൃത്തികളാണ് നാളത്തെ

ലോകത്തിന്റെ ഭാവി നിർണ്ണയിക്കുന്നത് (“ The future depends on what you do today”) എന്നത് അനശ്വരനായ രാഷ്ട്രപിതാവിന്റെ വാക്കുകളാണ്. വികസനം എല്ലാവർക്കും, ക്ഷേമം എല്ലാവർക്കും, അവസരം എല്ലാവർക്കും എന്ന മഹത്തായ ആശയ അടിത്തറയിൽനിന്ന് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്ന ബജറ്റിന്റെ, 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളെ ഞാൻ അനുകൂലിക്കുന്നു. ഈ ഉപധനാഭ്യർഥനകൾ പരിശോധിച്ചാൽ സർക്കാരിന്റെ പ്രവർത്തനങ്ങളിലെ ജനക്ഷേമകരമായ മുഖം വളരെ വ്യക്തമാണ്. അധികാരത്തിൽവന്ന് കേവലം നാല് മാസങ്ങൾ മാത്രം പിന്നിടുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് പ്രകടന പത്രികയിൽ പറഞ്ഞ നിരവധി ജനക്ഷേമ കാര്യങ്ങളിൽ വളരെ ദീർഘവീക്ഷണത്തോടുകൂടി പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്ന ചരിത്രനേട്ടം ഏവർക്കും കാണാൻ സാധിക്കും. മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിനായി ഇന്ത്യയിലാദ്യമായി ഒരു വയോജന വകുപ്പ് രൂപീകരിക്കുകയും വയോജന നിയമം കൊണ്ടുവരികയും ചെയ്തു. മാനവിക മൂല്യങ്ങളെ ചേർത്തുപിടിച്ച് വനിതാ-ശിശുക്ഷേമ രംഗത്തും പട്ടികജാതി

പട്ടികവർഗ പിന്നാക്ക ക്ഷേമ രംഗത്തും മികച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിലും കേരളം ഒരു പുതുയുഗം സൃഷ്ടിക്കുകയാണ്. ഒരു സംസ്ഥാനം, ഒരു അനുമതി, ഒരു രേഖ എന്ന തത്വത്തിലുള്ള സരൾ എന്ന സ്റ്റാറ്റ്യൂട്ടറി അതോറിറ്റി പ്രാവർത്തികമാകുന്നതോടെ വ്യാവസായിക നിക്ഷേപ രംഗത്ത് നിർണ്ണായകമായ മാറ്റങ്ങൾക്ക് കേരളം വേദിയാകാൻ പോകുകയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ നമ്മുടെ നാടിന്റെ സാമ്പത്തിക ഘടനയെയും സാമൂഹിക പുരോഗതിയെയും തടസ്സപ്പെടുത്തുമ്പോഴും കേരളത്തിലെ ജനസമൂഹത്തെ വിപത്തുകളിൽനിന്ന് കരകയറ്റാനുള്ള തുടർപ്രവർത്തനങ്ങൾക്കാണ് ഈ ജനകീയ ഗവൺമെന്റ് മുൻകൈയെടുക്കുന്നത്. പുതുകേരള സൃഷ്ടിക്ക് നിരവധി വൻപദ്ധതികളാണ് ചുരുങ്ങിയ കാലയളവുകൊണ്ട് ഈ സർക്കാർ നടപ്പാക്കിയത്. പുതുകേരള സൃഷ്ടിക്ക് നിരവധി വൻ പദ്ധതികളാണ് ഈ ചുരുങ്ങിയ കാലം കൊണ്ട് ഈ സർക്കാർ നടപ്പിലാക്കിയത്. മത്സ്യത്തൊഴിലാളികളെയും തീരനിവാസികളെയും കൂടി ചേർത്തുപിടിച്ച് കേരളത്തെ ഒരു തുറമുഖ നഗരമാക്കാനുള്ള പദ്ധതികൾ, അനശ്വരനായ ഉമ്മൻചാണ്ടി അവർകളുടെ

പേരിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തെ ഒരു സാമ്പത്തിക ഇടനാഴിയാക്കാൻ ആരംഭിക്കുന്ന പദ്ധതികൾ, ഏറ്റവും ജനപ്രിയ തീരുമാനമായി നാട് വിധിയെഴുതിയ ഇന്ദിര പ്രിയദർശിനി സൗജന്യ ബസ് യാത്ര, അരികുവൽക്കരിക്കപ്പെടുന്ന പാവങ്ങൾക്കായി പിന്നാക്കക്കാർക്കായി 600 കോടി രൂപയുടെ വികസന പദ്ധതികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ സർക്കാർ നിഷേധിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ പുനഃസ്ഥാപനം എന്നിങ്ങനെ എടുത്തുപറയേണ്ടവ നിരവധിയാണ്.

പരമ്പരാഗത തൊഴിൽ വ്യവസായ മേഖലകളിലെ തൊഴിലാളികളെ, പ്രത്യേകിച്ച് കശുവണ്ടിത്തൊഴിലാളികളെ സംരക്ഷിക്കാനുള്ള പദ്ധതികൾ, തൊഴിലുറപ്പ് തൊഴിലാളികളെ സംരക്ഷിക്കാനുള്ള പദ്ധതികൾ, അവർക്ക് തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ, ക്ഷേമപെൻഷനുകളുടെ വർദ്ധനവ്, ഭിന്നശേഷിക്കാരുടെ വാഹന റോഡ് ഇളവ് പരിധി 15 ലക്ഷം രൂപയായി ഉയർത്തൽ, സമാനതകളില്ലാത്ത നികുതി ഇളവുകൾ, കാർഷിക

വിളകളുടെ താങ്ങുവിലകളുടെ വർദ്ധനവുകൾ, വന്യമൃഗശല്യംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരം ഇരട്ടിയാക്കൽ, കൂടാതെ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടവരുടെ ബന്ധുക്കൾക്കുള്ള ധനസഹായം ഇരട്ടിയാക്കൽ, വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്കേൽക്കുന്നവർക്കുള്ള ധനസഹായം ഇരട്ടിയാക്കൽ, ഇത്തരത്തിൽ ജനസമൂഹത്തെ ചേർത്തുപിടിച്ചുകൊണ്ടുള്ള ഒരു പുതുയുഗമാണ് നമ്മുടെ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

'ഓപ്പറേഷൻ ത്രഫാൻ' നാട് എന്നേ നെഞ്ചിലേറ്റി കഴിഞ്ഞു. രാജ്യത്തെ ഏറ്റവും മാതൃകയാകുന്ന ചെറുകിട വ്യവസായ പദ്ധതികൾക്കുള്ള സാമ്പത്തിക സഹായങ്ങളും, ഗതാഗതസൗകര്യങ്ങളുമായി ബന്ധപ്പെട്ട വികസനപദ്ധതികളുടെ വിപുലീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് മേഖലകളിലെ ലൈറ്റ് മെട്രോ പദ്ധതികളൊക്കെ ഇതിന്റെ ഉദാഹരണങ്ങളാണ്.

വിഴിഞ്ഞം കോറിഡോറിന്റെ ഒരു റൂട്ടിൽ എന്റെ നിയോജകമണ്ഡലമായ കുന്നത്തുരും കൂടി വരുന്നുവെന്നതിലുള്ള അതിയായ സന്തോഷം കൂടി ഞാൻ

ഈ ഘട്ടത്തിൽ പങ്കുവയ്ക്കുകയാണ്.

ഞാൻ വീണ്ടും രാഷ്ട്രപിതാവിന്റെ വാക്കുകൾ ആവർത്തിക്കുന്നു, " ഇന്ന് ചെയ്യുന്ന പ്രവർത്തികളാണ് നാളെ നമ്മുടെ നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്" അതെ, പുതുയുഗ കേരളത്തിന്റെ ഭാവി നിർണ്ണയിക്കുന്ന ഗവൺമെന്റിന്റെ ഉപധനാഭ്യർഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ഭരണം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായിട്ടുള്ള ബജറ്റ് അവതരണത്തിന് ശേഷമുള്ള ഉപധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുകയാണ്.

നൂതനമായ ആശയങ്ങൾ തുരുമ്പിച്ച ഒരു സംവിധാനത്തിനുള്ളിൽ നിറയ്ക്കുമ്പോഴുള്ള പ്രശ്നങ്ങളാണ് ഇവിടെയെല്ലാമുള്ളത്. ബജറ്റ് തയ്യാറാക്കുന്ന രീതി തന്നെ വളരെ പഴഞ്ചനാണ്. മനുഷ്യർക്ക് മനസ്സിലാകാത്ത, ആവശ്യമില്ലാത്ത പൂജ്യങ്ങളും വരകളും കുറികളുമൊക്കെയുള്ള കുറെ കണക്കുകളാണ്. ഇതിന്റെയൊന്നും ഒരു ആവശ്യവുമില്ല. എത്രയാണ് വരവ്, എത്രയാണ് ചെലവ് തുടങ്ങിയ ഏറ്റവും ആധുനികമായിട്ടുള്ള ഒരു ബജറ്റ് അവതരണരീതി കൊണ്ടുവരേണ്ടതായിട്ടുണ്ട്. "മാറ്റുവിൻ ചട്ടങ്ങളെ" എന്ന്

കുമാരനാശാൻ വെറുതെ പറഞ്ഞതല്ല, അതല്ലെങ്കിൽ " മാറ്റമതുകളീ നിങ്ങളെത്താൻ" ഇത് ഞാൻ യു.ഡി.എഫ്.-നോടല്ല പറയുന്നത്. നിങ്ങളല്ല ഇത്തരത്തിലുള്ള ബജറ്റ് അവതരണം കൊണ്ടുവന്നത്. പണ്ടുമുതൽക്കേ ഉള്ളതാണ്. നമ്മളത് വളരെയേറെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

തോട്ടപ്പള്ളി സ്പിൽവേ ശാസ്ത്രീയമായി ആധുനികവൽക്കരിക്കണമെന്ന് ഇവിടെ ആവശ്യമുന്നയിക്കുകയും അക്കാര്യം പരിഗണനയിലുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയും ചെയ്തു. പക്ഷെ, ഈ സപ്ലിമെന്ററി ബജറ്റിൽപ്പോലും അതിനെപ്പറ്റി പരാമർശമില്ല, ഒരു പൈസപോലും വകയിരുത്തിയിട്ടില്ല.

എന്റെ അഭിപ്രായത്തിൽ സാമൂഹികക്ഷേമ പെൻഷൻ മൂവായിരം രൂപയെങ്കിലുമാക്കണം. ഒരു പെൻഷൻ മാത്രമേ ഒരാൾക്ക് കൊടുക്കാൻ പാടുള്ളൂവെന്ന തീരുമാനം ഇപ്പോഴുണ്ട്. അത് ഉറപ്പാക്കേണ്ടതായിട്ടുണ്ട്. പൊലീസിനെക്കുറിച്ച് ഡയബോളിക്കൽ ആയിട്ടുള്ള ഒരു അവതരണമാണ് ഞാനിവിടെ കേട്ടത്. ശ്രീ. രമേശ് ചെന്നിത്തല വളരെ നല്ല ആളാണ്, പക്ഷെ അദ്ദേഹത്തിന്റെ വകുപ്പ് മഹാമോശമാണ്. പൊലീസുകാർ മുഴുവൻ

കുഴപ്പമാണ്. അദ്ദേഹം മഹാനാണ്, നല്ല ആളാണ്. അത് അദ്ദേഹം ആസ്വദിച്ചുകൊണ്ടിരിക്കുകയാണ്. അതിലുള്ള കെണി എന്താണെന്ന് മനസ്സിലായില്ല.

വകുപ്പ് മോശമാണെങ്കിൽ മന്ത്രി എങ്ങനെയാണ് നന്നാകുന്നത്; വെളുത്ത് സുന്ദരനായിരുന്നിട്ട് വല്ല കാര്യവുമുണ്ടോ? അദ്ദേഹത്തെ ആക്ഷേപിക്കുകയല്ല; ആ വകുപ്പ് എല്ലാ കാലത്തും പ്രശ്നമാണ്. പൊലീസുകാരെ നിയന്ത്രിക്കണം. അവർ കുഴപ്പങ്ങൾ കാണിച്ചതിനുശേഷം അറിഞ്ഞാൽ പോരാ. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഇതുവരെ മിസ്റ്റേക്ക് ഒന്നും ഉണ്ടായിട്ടില്ല. അത് നമ്മൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

പൊലീസിനെപ്പറ്റി പറയുന്ന ആധികാരികമായ ഡിക്ടം ഇതാണ്, ‘ A policeman is a citizen in uniform, and a citizen is a policeman without uniform.’ നമ്മുടെ constitutional ആയിട്ടുള്ള ആദർശങ്ങളെ അടിസ്ഥാനമാക്കിയുള്ള ഡിക്ടമാണിത്. ഇത് ഡൽഹിയിലെ പൊലീസ് ഹെഡ്ക്വാർട്ടേഴ്സിന് മുമ്പിൽ എഴുതിവച്ചിട്ടുണ്ട്. അങ്ങനെ വരണം.

യുണിഫോമിട്ട സിറ്റിസൺ ആണ് പൊലീസ്, എന്നുവച്ചാലത് ആ പൗരന്റെ മഹത്വമാണ്. യുണിഫോം ഇടാത്ത പൊലീസുകാരാണ് ഓരോ പൗരനും. എല്ലാപേരും നിയമം പാലിക്കണം.

ആ തരത്തിൽ ജനങ്ങളെ വളർത്താനും പൊലീസിനെ ബോധ്യപ്പെടുത്താനുമുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുന്നില്ലെന്ന് മാത്രമല്ല, അതിലേക്ക് തിരിയുന്നതുപോലുമില്ല.

പൊലീസ് വളരെ കുറവാണ്, ഒരു ലക്ഷം പൊലീസുകാരെങ്കിലും കേരളത്തിൽ വേണം. ഇപ്പോഴുള്ള പത്തോ നാല്പത്തയ്യായിരമോ പൊലീസുകാർ പോരാ. അതിൽ മുപ്പത്തിമൂവായിരമെങ്കിലും സ്ത്രീകളായിരിക്കണം. ഇത് ഒരു ഗവൺമെന്റിന്റെ ഒരു ചരിത്രപരമായ കാര്യമായിരിക്കും. അതിനായി ശമ്പളം നൽകിയാലും പ്രശ്നമില്ല, എന്തെല്ലാം വേസ്റ്റ് കാര്യങ്ങൾക്കായി നമ്മൾ പൈസ ചെലവഴിക്കുന്നു. പലതരം പൊലീസുകാരുണ്ട്. ലോ ആന്റ് ഓർഡറോ ട്രാഫിക്കോ മാത്രമല്ല പൊലീസ്. ദുരന്തനിവാരണത്തിന് പ്രത്യേക പൊലീസിനെ നമുക്ക് റിക്രൂട്ട് ചെയ്യാം. അങ്ങനെ ഓരോരോ കാര്യങ്ങൾ, ഉദാഹരണത്തിന് പൊഴികളെയും

നീർത്തടങ്ങളെയും സംരക്ഷിക്കാൻ പൊലീസിനെ നമുക്ക് ഉപയോഗിക്കാവുന്നതാണ്. എല്ലാ പഞ്ചായത്തിലും നമുക്ക് കൂടുതൽ പൊലീസിനെ വിന്യസിക്കാം. അടിക്കാനും പിടിക്കാനും മാത്രമല്ല പൊലീസ്. അതിലേക്ക് ശ്രദ്ധിക്കണം. പൊലീസിനെ നവീകരിക്കണമെന്ന് പറയുന്നത് അങ്ങനെയാണ്.

സെക്രട്ടേറിയറ്റ് എന്ന് പറയുന്നത് മനുഷ്യത്വമില്ലാത്ത ഒരു സ്ഥലമാണ്. അതിന് കാര്യമായ മാറ്റങ്ങളൊന്നും ഇപ്പോഴുമില്ല. മന്ത്രിമാർ അവിടെ ഇരുന്ന് മര്യാദയ്ക്ക് നല്ല രീതിയിൽ നോക്കുകയാണെങ്കിൽ ആ ഭാഗം നന്നായിരിക്കും. പക്ഷെ സെക്രട്ടേറിയറ്റിനെ നന്നാക്കാൻ സാധിക്കില്ല. സെക്രട്ടേറിയറ്റ് പുനഃസംഘടിപ്പിക്കുന്നതെങ്ങനെയെന്ന്..... അതാണ് മാറ്റിവിൻ ചട്ടങ്ങളെയെന്ന് ഞാൻ പറഞ്ഞത്. കുമാരനാശാൻ നമ്മുടെ കേരള സർവകലാശാലയുടെ മുമ്പിൽ നിന്ന് കൈചൂണ്ടി പറയുന്നത് ഈ സെക്രട്ടേറിയറ്റിനെപ്പറ്റിയാണ്, മാറ്റിവിൻ ചട്ടങ്ങളെയെന്ന്. ആ തുരുമ്പിച്ച സാധനം മാറ്റണം. അണ്ടർ സെക്രട്ടറി, മറ്റേ സെക്രട്ടറി എന്നിങ്ങനെ എത്രമാത്രം സെക്രട്ടറിമാരാണ് ഈ രാജ്യത്തുള്ളത്. ഇതുകൊണ്ട് എന്ത്

പ്രയോജനമാണ്? അവരെ ഞാൻ കുറ്റപ്പെടുത്തുകയല്ല, നമ്മുടെ വീട്ടിലൊക്കെ ഉള്ളവരുണ്ട്, ഇതുകൊണ്ടൊന്നും കാര്യമില്ല.

ബജറ്റിൽ നിങ്ങൾ ഇപ്പോൾ ഒരു ലക്ഷം കോടി രൂപ വച്ചുവെന്നിരിക്കട്ടെ, 70% മാത്രമേ ചെലവാകുകയുള്ളൂ. 30000 കോടി രൂപ ഒരു കാലത്തും ചെലവാകുകയില്ല. അപ്പോൾ നിങ്ങൾ 200000 കോടി രൂപയാണ് വയ്ക്കുന്നതെങ്കിൽ 140000 കോടി രൂപയേ ചെലവാകുകയുള്ളൂ, 60000 കോടി രൂപ ചെലവാകില്ല. അപ്പോൾ 140000 കോടി രൂപയുടെ ബജറ്റ് അവതരിപ്പിച്ചാൽ പോരെ? എന്തിനാണ് ഈ കള്ള ബജറ്റ് അവതരിപ്പിക്കുന്നത്? പണ്ടുമുതൽക്കേ ഈ കള്ളത്തരം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്തിനാണിത്? ചെലവാകുന്ന പൈസ വച്ചാൽ മതി. വെറുതെ മോഹിപ്പിച്ച്, ആളുകളെ പറ്റിച്ച്, പണം ഒരുപാട് വച്ചാൽ നടക്കാത്ത കാര്യത്തിന് പണമനുവദിച്ചെന്ന് ഞങ്ങൾക്ക് നാട്ടിൽ നടന്നു പറയേണ്ടിവരും. ശ്രദ്ധിക്കണം.

KIIFB-യെക്കുറിച്ച് ഇവിടെ പറഞ്ഞു. KIIFB വളരെ നല്ലൊരു പ്രസ്ഥാനമാണ്. അത് രണ്ടായിരമാണ്ടിന് മുമ്പ് തുടങ്ങിയതാണെങ്കിലും

ഏറ്റവും സവിശേഷമായി വന്നത് കഴിഞ്ഞതിന് മുമ്പത്തെ ഗവൺമെന്റിന്റെ കാലത്താണ്. ഒരുപാട് പാലങ്ങളും റോഡുകളും മനോഹരമായ കെട്ടിടങ്ങളും.... ഞാൻ മന്ത്രിയായിരുന്ന ആളായതിനാൽ എനിക്ക് അറിയാം. അതിനെ ദോഷമെന്ന് പറയാൻ സാധിക്കില്ല. അതിനെ പ്രോപ്പറായി ഉപയോഗിക്കണം. ആ ഗവൺമെന്റ് മാറി കഴിഞ്ഞ ഗവൺമെന്റ് വന്നപ്പോൾ റിട്ടയർ ചെയ്ത് മൂക്കിൽ പല്ലുംകൂടി വന്ന ഒരാളെപ്പിടിച്ച് അതിന്റെ ചെയർമാനാക്കി. ഐ.എ.എസ്. എന്ന് പണ്ടെപ്പോഴോ കഴുത്തിൽ കെട്ടി ഇട്ടിരുന്നു. നാണമില്ലേ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ ഈ പദവിയിൽ വയ്ക്കാൻ. ഇവരെയൊന്നും വയ്ക്കരുതെന്നതായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയം. റിട്ടയർ ചെയ്ത ഒരു ഐ.എ.എസ്.-കാരനെപ്പോലും സർവീസിൽ തിരിച്ച് കൊണ്ടുവരരുതെന്നതായിരുന്ന ഒരു കാലത്തെ നയം. എല്ലാം റിട്ടയർ ചെയ്തവരാണ് ഇപ്പോൾ, ഇതെന്ത് ഏർപ്പാടാണ്.? അതാവർത്തിക്കരുത്. അന്നുണ്ടായ കാര്യങ്ങളെപ്പറ്റിയൊക്കെ അന്വേഷിക്കണം. അവർക്ക് fiscal responsibility ഇല്ല. KIIFB-യെ പുനഃസംവിധാനം ചെയ്യണമെന്നുള്ളതാണ്. ഏറ്റവും നല്ല കാര്യമാണത്.

Financial irresponsibility ചില ഘട്ടങ്ങളിൽ KIIFB-ൽ ഉണ്ടായി. അതിനെക്കുറിച്ചെല്ലാം പരിശോധിക്കണം. Fiscal കാര്യങ്ങളെയും KIIFB-യേയും കൂടി ചേർത്ത് രണ്ട് ദിവസം പൂർണ്ണമായി ചർച്ച ചെയ്യുന്നതിനായി പ്രത്യേക നിയമസഭ വിളിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട സ്പീക്കറോടും ആവശ്യപ്പെടുകയാണ്. വിശദമായി അത് ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്.

2459 കോടി രൂപ ഒരു ഡിസ്റ്റിക്ടിന് ഭൂമി വാങ്ങാനായി നൽകുന്നു. 1000 ഏക്കർ വാങ്ങിയെന്നാണ് പറയുന്നത്. കുഴിയും കുളവും മണ്ണിട്ട് നികത്തിയ കല്ലുവെട്ടാം കുഴിയായിരുന്നുവെന്ന് ഒരു കൂട്ടർ പറയുന്നു. അതിഗംഭീരമായിരുന്നുവെന്നാണ് മുൻ മുഖ്യമന്ത്രി പറയുന്നത്. അന്വേഷണം നടത്തണം, സ്പീക്കർ തന്നെ പോയി നോക്കണം. അവിടെ പോകുമ്പോൾ കുഴിയിൽ വീഴാതെ നോക്കണം, കാരണം മണ്ണിട്ട് മൂടിയിരിക്കുകയാണ്. എതിർവാദങ്ങളും മറുവാദങ്ങളും ഉണ്ട്, അവ അന്വേഷിക്കണം. സത്യത്തെ ഇല്ലാതാക്കാൻ കഴിയില്ല. സത്യം എന്താണെന്ന് നോക്കണം. പ്രോപ്പർ ആയി ഉപയോഗിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കണം. അന്വേഷിച്ച് ഇവിടെ

റിപ്പോർട്ട് വയ്ക്കുകയാണ് വേണ്ടത്. KIIFB-ൽ ആകെ അംഗീകരിച്ച പ്രോജക്ടുകളുടെ 23 ശതമാനം മാത്രമേ വാസ്തവത്തിൽ റവന്യൂ ജനറേഷനായി ഉണ്ടായിരുന്നുള്ളൂ. ബാക്കിയൊന്നും റവന്യൂ ജനറേഷൻ അല്ലായിരുന്നു. അതിനെക്കുറിച്ച് അന്വേഷണം വേണം. ഈ പണം റവന്യൂ ജനറേഷനായിരിക്കണം, അടിസ്ഥാന വികസനത്തിനായിരിക്കണം. അതിൽ വലിയ തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയത് ആരാണെന്ന് നോക്കണം. പാർലമെന്ററി ഡെമോക്രസിക്ക് ഒരുപാട് ലിമിറ്റേഷൻസുണ്ട്. ഇത് സോഷ്യൽ ഡെമോക്രസിയാണ്. സോഷ്യലിസ്റ്റ് ഡെമോക്രസിയല്ല. അത് സോവിയറ്റ് യൂണിയനിലാണ് പണ്ട് ഉണ്ടായിരുന്നത്. ഒരു പരിധിവരെ ചൈനയിലുണ്ട്. ഇത് പാർലമെന്ററി ഡെമോക്രസിയാണ്. പാർലമെന്ററി ഡെമോക്രസിയിൽ ഭരണഘടനയും മറ്റ് കാര്യങ്ങളും വച്ചേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. ലിമിറ്റേഷൻസ് മനസ്സിലാക്കാതെ നടക്കാത്ത കാര്യങ്ങൾ ജനങ്ങളോട് പറയരുത്. രാഷ്ട്രീയക്കാരിൽ പലരും പല കാര്യങ്ങളും പറയുന്നത് ശ്രദ്ധിച്ചുവേണമെന്നാണ് എനിക്ക് പറയാനുള്ളത്. ബജറ്റിൽ പൊള്ളിച്ചു കാണിക്കുക, അധികം ചെലവഴിക്കാതിരിക്കുക

തുടങ്ങിയ പരിപാടികളും മാറ്റേണ്ടതായിട്ടുണ്ട്. 2050 കോടി രൂപയുടെ കടിശ്ശിക ആശുപത്രികൾക്ക് കൊടുക്കാനുള്ളത് ഈ ആറ് മാസം കൊണ്ടല്ലെന്ന് എല്ലാവർക്കുമറിയാം. നിങ്ങളാണ് ഞങ്ങളാണെന്നതിനെപ്പറ്റി ഇവിടൊരു വാദപ്രതിവാദം വേണോ? ഈ ഗവൺമെന്റ് അല്ലലോ?. അതിനുശേഷം കടിശ്ശിക വന്നാലും പത്തോ നൂറോ കോടിയല്ലേ വരൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വന്നതാണിത്. മൂന്ന് മുൻ മന്ത്രിമാർ ഒരുമിച്ച് നടത്തിയ പത്രസമ്മേളനം മഹാ മോശമായിപ്പോയി. മൂൻ മന്ത്രിമാരെല്ലാം കൂടി സംഘടിച്ച് പത്രസമ്മേളനം നടത്തുമെന്ന് പറഞ്ഞാൽ ബുദ്ധിശൂന്യതയാണ്. ഒരു കാലത്തും കമ്മ്യൂണിസ്റ്റുകാർ അങ്ങനെ ചെയ്തിട്ടില്ല. അതിന്റെ ഫലമായി തിരിച്ചടി കിട്ടിക്കൊണ്ടിരിക്കുകയാണ്. വടികൊടുത്ത് അടി വാങ്ങിയിട്ട് വല്ല കാര്യവുമുണ്ടോ? അവരെല്ലാം നന്നായിട്ട് പ്രവർത്തിച്ചവരാണ്. ശ്രീമതി ടീച്ചറെല്ലാം ബോൾഡായിട്ടുള്ള മിനിസ്റ്റേഴ്സായിരുന്നു. ഞാൻ അവരുടെ കൂടെയുണ്ടായിരുന്നു. പക്ഷേ ഇതിനൊക്കെ തെറ്റായ രാഷ്ട്രീയ ഉപദേശങ്ങൾ ലഭിക്കുന്നുണ്ട്. ക്രിമിനലുകളുടെ അഴിഞ്ഞാട്ടം ഇന്ന് തുടങ്ങിയതല്ല. ക്രിമിനൽ പൊളിറ്റിക്സ്, പൊളിറ്റിക്കൽ ക്രിമിനൽസ് ഇവിടെ വളരുകയാണ്. അതിന്റെ ഒരു സംസ്ഥാന സമ്മേളനം കായകുളം പത്തിയൂരിൽ നടന്നിരുന്നു. ഒരാൾ

27-10-2026

Financial Business

ഒരു പാർട്ടിയുടെ താലൂക്ക് നേതാവാണ്, ബ്ലോക്ക് മെമ്പറാണ്. വേറൊരു മുനിസിപ്പൽ കൗൺസിലർ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പുകയിലയുമായി ഒരു ലോറി സഥിരമായി പോകുകയും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കരുനാഗപ്പള്ളിയിൽ വച്ച് പിടിക്കുകയും ചെയ്തു. ഒരു കേസ്സുമില്ല, യാതൊന്നുമില്ല. ആ വ്യക്തിയെ ആദ്യം പുറത്താക്കുകയും വീണ്ടും തിരിച്ചെടുത്തിരിക്കുകയുമാണ്. ഞാൻ ചോദ്യം ചോദിച്ചിട്ടുണ്ട് ആ കേസ് റീ-സ്റ്റാർട്ട് ചെയ്യുമോയെന്ന്.? ശ്രീ. രമേശ് ചെന്നിത്തല മറുപടി തന്നിട്ടില്ല. ഗുഫാൻ വന്നിട്ടില്ല, കൊടുങ്കാറ്റ് വന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ വന്നിട്ടില്ല. കൊടുങ്കാറ്റുണ്ടെങ്കിൽ എന്തെല്ലാം ശബ്ദം കാണും എന്തെല്ലാം മരങ്ങൾ വീഴും, മേൽക്കൂര പറന്നുപോകും ആ പേര് തെറ്റാണ്. ഗുഫാൻ അല്ല അത്. കൊടുങ്കാറ്റല്ല, കൊടുങ്കാറ്റാണെങ്കിൽ നമ്മുടെ ജീവിതത്തെ ബാധിക്കും. ഇതൊക്കെ ആര് പറഞ്ഞുകൊടുക്കുന്നതാണ്? എല്ലാവരും പറയുകയാണ് ഗുഫാൻ, ഗുഫാൻ എന്ന്. ഗുഫാനെന്നു പറഞ്ഞാൽ കൊടുങ്കാറ്റാണ്. തകർന്നുപോകും ഈ നാട്. വല്ലതും നടക്കുമോ? ആലപ്പുഴയിലെ ലോറിയിൽ..... ഷാനവാസ് അവിടെ വിലസുകയല്ലേ? ഇദ്ദേഹത്തിന്റെ നാട്ടിലല്ലേ, ജില്ലയിലല്ലേ അദ്ദേഹത്തെ പിടിച്ചോ? ഇദ്ദേഹം സംസാരിച്ചൊരു മീറ്റിങ്ങിൽ മയക്കുമരുന്നുമായി

27-10-2026

Financial Business

ബന്ധമുള്ള ഒരാൾ സ്റ്റേജിലുണ്ടായിരുന്നു. ഞാൻ അതിന് സ്റ്റേറ്റ്മെന്റ് നൽകിയതിന് ആ വ്യക്തി പ്രസ്സ് ക്ലബിൽ വന്ന് കരഞ്ഞ് ക്കവി ബഹളമുണ്ടാക്കി. എല്ലാ പത്രക്കാരും പറഞ്ഞു അയാൾ കരയുന്നുവെന്ന്. ഞാൻ പറഞ്ഞത് സത്യമല്ലേ? ശ്രീ. രമേശ് ചെന്നത്തലയുടെ അറിവോടുകൂടിയല്ല, ശ്രദ്ധിക്കണമെന്ന് പറയുകയാണ്. നമ്മുടെ ചുറ്റും ഈ ആൾക്കാരുണ്ട്. ഉഫാനൊന്നും വരുന്നതുവരെ കാത്തിരിക്കേണ്ട. എത്രപേരെയാണ് ആലപ്പുഴ ജില്ലയിൽ നിന്നും പിടിച്ചത്. ഇക്കാര്യങ്ങളെല്ലാം പരിശോധിക്കണം. വെറുതെ ഭരണകക്ഷിക്കാർ ആയതുകൊണ്ട് എല്ലാവരും അവിടെ പറയുക, ഇവിടുള്ളവർ എതിരായി പറയുക. അതല്ലാതെ വസ്തുതകൾ നമ്മൾ നോക്കണം. നമ്മുടെ കാര്യങ്ങളെല്ലാം ഭംഗിയായി നടക്കണമെന്നുള്ളതാണ്. കുട്ടനാടിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട ശ്രീ. റെജി ചെറിയാൻ സൂചിപ്പിച്ചു. കുട്ടനാട് താലൂക്ക് അതിന്റെ കേന്ദ്രമാണ്. കുട്ടനാട് കാർഷിക മേഖല പത്തനംതിട്ടയും ആലപ്പുഴയും കോട്ടയവുംകൂടി ചേരുന്നതാണ് പത്തിരുപതോളം എം.എൽ.എ.-മാരുണ്ടവിടെ. ആ ഒരു പ്രദേശത്ത് മുഴുവനായി എന്നെങ്കിലുമൊരു വികസന പദ്ധതി അവിടത്തെ പ്രത്യേകത കണക്കിലെടുത്ത് നിങ്ങളുടെ സപ്ലിമെന്ററി ബജറ്റിൽ പ്രഖ്യാപിക്കാൻ കഴിയുമോയെന്ന് നോക്കണം.

അതുപോലത്തന്നെ ഓണാട്ടുകരയും ഒമ്പത് മണ്ഡലങ്ങൾ വരുന്നതാണ്. അവിടെ കാർഷിക മേഖലയാണ്. ആ മേഖലയ്ക്കെന്തെങ്കിലും പ്രത്യേക പരിപാടിയുണ്ടോ? ചേർത്തലയിലെ കരിനിലങ്ങൾക്കെന്തെങ്കിലും പരിപാടിയുണ്ടോ, പാലക്കാട് കാർഷിക മേഖലയുണ്ടോ, അതുപോലെ തൃശ്ശൂരിലെ കോൾ നിലത്തിനുണ്ടോ ഇതെല്ലാം പ്രത്യേകം പ്രത്യേകം പുത്തൻ ആശയങ്ങളോടുകൂടിയുള്ള പരിപാടികളുമായി മുന്നോട്ട് പോകണം. പുതിയ ആശയങ്ങളാൽ സമ്പന്നമാകണം. ഞാൻ അവസാനിപ്പിക്കുന്നു. നമ്മൾ മാന്യന്മാരായി അഭിനയിച്ചിട്ടൊന്നും ഒരു കാര്യവുമില്ല. എണ്ണൂറാമാണ്ട് മുതൽ ആയിരത്തി നാന്നൂറാമാണ്ടുവരെ ഡാർക്ക് ഏജസ് എന്നാണ് പറയുന്നത്, ഇരുണ്ട കാലഘട്ടം. നമ്മളത് പഠിച്ചിട്ടുണ്ട്. അന്നൊരു സ്വാതന്ത്ര്യസമര പോരാളിയെ, കർഷക പോരാളിയെ തൂക്കിലേറ്റുകയാണ്. അദ്ദേഹത്തിന്റെ പേര് Wat Tyler എന്നാണ്. തൂക്കിലേറ്റുമ്പോൾ അദ്ദേഹത്തോട് അവസാനത്തെ ആഗ്രഹമെന്തെന്ന് ചോദിച്ചു. ആ അവസരത്തിൽ ചുറ്റും കൂടി നിന്ന ജനങ്ങൾ മുഴുവൻ കരയുകയാണ്. അദ്ദേഹം പറഞ്ഞത്; "When Adam delved and Eve span, who was then the gentleman?" ആദം കിളയ്ക്കുകയും ഉഴുതുകയും ഈവ നൂൽ നൂൽക്കുകയും

ചെയ്തുകൊണ്ടിരുന്നപ്പോൾ ഈ മഹാ മാന്യൻ, ഈ ജെന്റിൽമാൻ, പണിയെടുക്കാത്തവൻ എവിടെയായിരുന്നു. പണിയെടുക്കുന്നവന് ബജറ്റിനെക്കുറിച്ച് ഇത്ര പോരെന്നുണ്ട്. അധ്വാനിക്കുന്നവനാണ് മഹാത്തായ ബജറ്റ്. ഈ ഉപധനാഭ്യർഥനകളെ അംഗീകരിച്ചുകൊണ്ട് പറയുകയാണ് ഇതിനകത്ത് പല പ്രശ്നങ്ങളുമുണ്ട്. ആ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് സമ്പൽസമൃദ്ധമായ കേരളത്തെ കൊണ്ടുപോകാൻ എളുപ്പമല്ലെങ്കിലും ആ വഴിക്കുള്ള സർഗാത്മകമായ ചുവടുവയ്പ്പിന് സഹായിക്കട്ടെയെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ അധിക ധനവിനിയോഗത്തിനുള്ള 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റിലെ ഉപധനാഭ്യർഥനകളെ അനുകൂലിക്കുന്നു. അർഹമായ ജനവിഭാഗങ്ങൾക്കാണ് പുതിയ സർക്കാരിന്റെ ഉപധനാഭ്യർഥനകളുടെ വലിയ പങ്കും നീക്കിവച്ചിരിക്കുന്നതെന്നത് വളരെ വലിയ പ്രതീക്ഷയാണ്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ അവർകൾ നയിക്കുന്ന ഈ സർക്കാരിൽ സാധാരണയിൽ സാധാരണക്കാരായ ജനങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ട്. അവരുടെ ആവശ്യങ്ങളും, ആഗ്രഹങ്ങളും നിർവഹിക്കപ്പെടുമെന്നുള്ള

പ്രതീക്ഷയിൽത്തന്നെയാണ് എല്ലാവരുമുള്ളത്. എന്റെ മണ്ഡലമായ വടകരയിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ നിരവധി പ്രശ്നങ്ങളുണ്ട്. ദീർഘകാലമായി പരിഗണിക്കപ്പെടാത്ത നിരവധി വിഷയങ്ങളെ ഈ അവസരത്തിൽ പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ആശുപത്രികളുടെ വികസനം വളരെ പ്രധാനപ്പെട്ടതാണ്. ആശുപത്രികളുടെ പേര് മാറ്റിവച്ചു എന്നല്ലാതെ അതിനപ്പുറത്തുള്ള അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. ആവശ്യത്തിനുള്ള ഡോക്ടർമാർ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ആശുപത്രികൾ അനുഭവിക്കുകയാണ്. വലിയ രീതിയിൽ ബിൽഡിങ്ങുകൾ നിർമ്മിച്ചതുകൊണ്ടുമാത്രം കാര്യമില്ല. അതിനകത്ത് പ്രവർത്തിക്കുന്നതിന് ഡോക്ടർമാരും അനുബന്ധമായ സ്റ്റാഫുകളുമില്ലാത്തതുകൊണ്ടുതന്നെ പല ആശുപത്രികളും നല്ല രീതിയിലല്ല പ്രവർത്തിക്കുന്നത്. എന്റെ മണ്ഡലമായ വടകരയിലെ ഒരു ജില്ലാ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരില്ല. നിരവധി തവണ ഇക്കാര്യം ഉന്നയിച്ചതാണ്. പക്ഷേ ഒരു മാറ്റവുമുണ്ടായിട്ടില്ല. സർക്കാരിന്റെ സ്റ്റാഫ് പാറ്റേൺ മാറ്റുന്നതിന്റെ പ്രൊപ്പോസൽ ഉണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം അനുഭാവപൂർവം പരിഗണിക്കണം. എങ്കിൽ മാത്രമേ

ഞങ്ങളുടെയെല്ലാം ആശ്രുപത്രി രക്ഷപ്പെട്ട് പോകുന്നൊരു സാഹചര്യമുണ്ടാകുകയുള്ളൂ. ചോമ്പാല ഹാർബറിന്റെ 17 കിലോമീറ്ററോളം കടൽത്തീരമാണ്. അവിടെ കടൽ ഭിത്തികളില്ലാത്തതിന്റെ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അതിനൊക്കെ പരിഹാരമുണ്ടാക്കുന്ന രൂപത്തിലുള്ളൊരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ റാങ്ക് ലിസ്റ്റുകളിൽ വന്ന ഉദ്യോഗാർഥികൾ വലിയ സമരങ്ങൾ നടത്തിയത് നമ്മൾ കണ്ടതാണ്. മുട്ടിലിഴഞ്ഞും മെഴുകുതിരി കത്തിച്ചുമൊക്കെ നടത്തിയ നിരവധി സമരങ്ങളുണ്ട്. പക്ഷേ ആ റാങ്ക് ലിസ്റ്റുകളിലുള്ളവർ ഇപ്പോൾ വലിയ പ്രതീക്ഷയോടെ ഈ സർക്കാരിനെ കാണുന്നുണ്ട്. എൽ.പി.എസ്.ടി, യു.പി.എസ്.ടി., എച്ച്.എസ്.ടി. സി.പി.ഒ. ഉൾപ്പെടെയുള്ള വിവിധ റാങ്ക് ലിസ്റ്റുകളിലുള്ള ഉദ്യോഗാർഥികൾക്ക് നിയമനം ലഭിക്കാനാവശ്യമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ആ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. അവർ കഷ്ടപ്പെട്ട് പഠിച്ച് പ്രതീക്ഷയോടെ മുന്നോട്ട് പോകുകയാണ്. അവർക്കൊരു പ്രതീക്ഷ കൊടുക്കാൻ നമ്മുടെ സർക്കാരിന് സാധിക്കണമെന്നതാണ് സൂചിപ്പിക്കാനുള്ളത്. വിധവകളുടെ മക്കൾക്ക്

പടവുകളെന്നൊരു സ്കോളർഷിപ്പുണ്ടായിരുന്നു. നേരത്തെ കൊടുത്തിരുന്നെങ്കിലും ഇപ്പോഴത് നിർത്തലാക്കിയിട്ടുണ്ട്. അത് പുനരാരംഭിക്കാനുള്ള പദ്ധതിയുണ്ടാകണം. പട്ടികജാതി വിഭാഗങ്ങൾക്ക് വലിയ ഫണ്ടുകൾ നമ്മൾ നീക്കിവയ്ക്കുന്നുണ്ട്. പക്ഷേ, അർഹമായ കൈകളിലേക്ക് പലപ്പോഴുമത് എത്തിച്ചേരുന്നില്ല. അതല്ലാത്ത രൂപത്തിലേക്ക് മാറിക്കൊണ്ട് പലരും തട്ടിയെടുക്കുന്നൊരു സാഹചര്യം നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. അവരുടെ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് പ്രൊമോട്ടർമാരെക്കൂടി ബോധ്യപ്പെടുത്തണം. അവരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ അവർ പലയിടത്തും ലോണുകളെല്ലാമെടുത്ത് ഇപ്പോഴും വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. സെക്രട്ടേറിയറ്റിന് മുമ്പിൽ സമരം ചെയ്യുന്ന ആദിവാസികളെയും പട്ടിക വിഭാഗങ്ങളെയുമൊക്കെ നമുക്ക് കാണാൻ സാധിക്കും. ഈ മേഖല ഏറ്റവും കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയും അവർക്ക് അർഹതപ്പെട്ട ഫണ്ടുകൾ അവരുടെ കൈകളിലേക്കുതന്നെ എത്തുമെന്ന് ഉറപ്പാക്കാനുള്ള പരിപാടികളുമുണ്ടാകണം. നോർക്ക കെയർ ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 31-ന് അവസാനിക്കുകയാണ്. പലർക്കുമതിന്റെ സൈറ്റ് ഓപ്പണാകാത്തതുകൊണ്ട് അത് രജിസ്റ്റർ ചെയ്യാൻ കഴിയാത്തതിന്റെ

ബുദ്ധിമുട്ടുണ്ടെന്ന് പറയുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. ലൈഫ് പദ്ധതിയിലെ വീടുകൾക്ക് വളരെ പരിമിതമായ തുകയാണ് നേരത്തെ കൊടുത്തിരുന്നത്. ലൈഫ് പദ്ധതി നന്നായി കൊണ്ടുപോകാനാവശ്യമായ നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഒരുപാട് ആളുകൾ വീടിനുവേണ്ടി അപേക്ഷിച്ച് കാത്ത് നിൽക്കുകയാണ്. അത് പുനഃപരിശോധിക്കാൻ തയ്യാറാകണം. മാതൃഭൂമിയും കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും ചേർന്ന് നടത്തുന്ന എന്റെ വീട് പദ്ധതിയിലുൾപ്പെടുത്തി നിരവധി ആളുകൾക്ക് വീട് കൊടുക്കുകയാണ്. കാരണം സർക്കാരിന്റെ സഹായങ്ങൾ കിട്ടാത്ത ഒരവസ്ഥയുണ്ട്. ആ പദ്ധതി ഒന്നുകൂടി പുനരുജ്ജീവിപ്പിച്ച് കൂടുതൽ ആളുകളിലേക്ക് എത്താനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്നുകൂടി അഭ്യർഥിക്കുകയാണ്. ഈ ധനാഭ്യർഥനകളെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ ഈ ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും പിന്താങ്ങുകയാണ്. അങ്ങനെ പിന്താങ്ങുന്നതിന് എനിക്ക് പ്രേരണയായത്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനമാണ്. നല്ല ആശയവുമായി വരുന്നവർക്ക് എല്ലാ സഹായവും നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കേരളത്തെ സംബന്ധിച്ച് പ്രത്യാശ നൽകുന്നതാണ്. അതിന് ഉതകുന്ന രീതിയിലാണ് സരൾ കേരളം ബിൽ നമ്മൾ അവതരിപ്പിച്ചിട്ടുള്ളത്. അത് തീർച്ചയായും കേരളത്തിന്റെ വ്യവസായ മുഖച്ഛായ മാറ്റുന്നതിന് ഇടയാക്കുമെന്നാണ് ഞാൻ കരുതുന്നത്. ഈ കാര്യങ്ങൾ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ സഹകരണ മേഖലയെക്കുറിച്ച് ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. സാമ്പത്തികമായി വഴി കണ്ടെത്തുന്നതിന് സഹകരണ മേഖലയെ പ്രയോജനപ്പെടുത്താൻ കഴിയും. മിച്ച ഫണ്ടുണ്ടാക്കുന്ന പല സഹകരണ സ്ഥാപനങ്ങളുമുണ്ട്. ആ സഹകരണ സ്ഥാപനങ്ങൾ ഫണ്ട് വിനിയോഗിക്കുന്നത് ഉൽപാദനപരമല്ലാത്ത മേഖലയിലാണ്. ആ ഫണ്ടിനെ കേരളത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയുമോയെന്ന് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഈ ഉപധനാഭ്യർഥനകളെ പിന്തുണയ്ക്കുമ്പോൾ ഏറെ സന്തോഷമുള്ളത് രണ്ട് കാര്യങ്ങളിലാണ്. അധികാരത്തിൽ വന്ന്

ചുരുങ്ങിയ മാസത്തിനുള്ളിൽ യു.ഡി.എഫ്. സർക്കാർ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനും വളരെ ചരിത്ര പ്രധാനമായ നിയമങ്ങൾ പാസാക്കാനും നടപടികൾ സ്വീകരിക്കുന്നതിനായി ഈ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുള്ളത് ഏറെ പ്രത്യാശ നൽകുന്നതാണ്. അതിന്റെ ഭാഗമായാണ് സ്വകാര്യമേഖലയെക്കുറിച്ച് പറഞ്ഞത്. ഇവിടെ സ്വകാര്യമേഖലയെന്ന് പറഞ്ഞ് വെരളി പൂണ്ടിട്ട് കാര്യമില്ല. ഇന്ന് നാടിന്റെ വികസനകാര്യത്തിൽ സ്വകാര്യമേഖലയെ മാറ്റിനിർത്താൻ കഴിയില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഒരു സൂ-സഫാരി പാർക്ക് യാഥാർഥ്യമാക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നുവെങ്കിലും ഇതുവരെയും ഒന്നും ആയിട്ടില്ല. അത് നടപ്പിലാക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞിട്ടുള്ളത്. അത് യാഥാർഥ്യമാക്കാൻ ഇന്ന് ഗവൺമെന്റിൽ പണമില്ലെങ്കിൽ പി.പി.പി. പദ്ധതി നാടിന്റെ വികസനത്തിന് വളരെയധികം പ്രയോജനപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. സൂ-സഫാരി പാർക്ക് പി.പി.പി. പദ്ധതിയിലൂടെ നടപ്പിലാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന്

അഭ്യർഥിക്കുകയാണ്.

അതുപോലെ മറ്റൊരുകാര്യം, ഏറെ പ്രത്യാശ നൽകുന്ന ഒരു വകുപ്പാണ് പൊലീസ് വകുപ്പ്. എൽ.ഡി.എഫ്./യു.ഡി.എഫ്. ഭരണകാലത്തൊക്കെ പൊലീസ് അതിക്രമങ്ങൾ കാണിക്കുന്നുണ്ട്. പക്ഷേ, ഇന്ന് അതിലൊരു വ്യത്യാസമുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അതിക്രമങ്ങൾ കാണിച്ചിട്ടുള്ള പല പൊലീസുകാരും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. പല പൊലീസ് സ്റ്റേഷന്റെ മുമ്പിലേയ്ക്കും മാർച്ച് നടത്തണമെന്ന് പാർട്ടിയോട് അനുവാദം ചോദിക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. പൊലീസുകാർ അത്രയേറെ അതിക്രമവും അനീതിയും കാണിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് നമുക്ക് ആശ്വാസമുള്ളൊരു കാര്യം, പൊലീസ് അതിക്രമങ്ങൾ കാണിക്കുമ്പോൾ അവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. അത് തീർച്ചയായും പ്രത്യാശ നൽകുന്നതാണ്. പൊലീസിന്റെ അതിക്രമത്തെ ന്യായീകരിക്കാതെ ശക്തമായി അതിനെതിരെ നടപടി സ്വീകരിക്കുന്ന ഒരു ആഭ്യന്തര

വകുപ്പുമന്ത്രി നമുക്കുള്ളത് തീർച്ചയായും പ്രത്യാശ നൽകുന്ന ഒന്നാണ്. മുഖ്യമന്ത്രിയുടെ പ്രസ്ഥാവനയും വ്യവസായ മേഖലയുടെ പുരോഗതിക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള നിയമവും ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രഖ്യാപനങ്ങളും പ്രത്യാശ നൽകുന്നതാണ്. അതുപോലെയാണ് 'ഓപ്പറേഷൻ ക്ലഫാൻ' പദ്ധതി. കേരളത്തിൽ ഇതുവരെയും അത്തരത്തിലൊരു നടപടി സ്വീകരിച്ചിട്ടില്ല. ലഹരിക്കടത്തുകാർ ഉൾപ്പെടെ എത്രയോ ആളുകളെയാണ് പൊലീസ് പിടിച്ചത്.

മി. സ്പീക്കർ: യെസ്...യെസ്....

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, തീർച്ചയായും ഞാൻ നിർത്തുകയാണ്. ഞാൻ പിൻ ബഞ്ചിൽ ഇരിക്കുന്ന അംഗമായതിനാൽ ഒന്ന് പരിഗണിക്കണം.

മി. സ്പീക്കർ: അതുകൊണ്ടാണ് ഒന്നര മിനിറ്റ് കൂടുതൽ നൽകിയത്.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ പ്രസംഗം നിർത്തുകയാണ്. ഓപ്പറേഷൻ ക്ലഫാൻ പുതിയ മാതൃകയാണ്. അത്

നമ്മുടെ നാട്ടിൽ ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്. നമ്മുടെ അമ്മമാരും നാടിനെ സ്നേഹിക്കുന്നവരും ആ പദ്ധതിയെ അങ്ങേയറ്റം വാനോളം പുകഴ്ത്തുകയാണ്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് ചെയ്യുന്ന നടപടികൾ നാടിന് പ്രതീക്ഷ നൽകുന്നത്. അതിനാൽ ഈ ധനാഭ്യർഥനയെ ഞാൻ ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. എം. എം. നസീർ: സർ, ഈ സർക്കാരിന്റെ 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളെയും ഉപധനാഭ്യർഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. 162 ദിവസം മാത്രം പ്രായമുള്ള ഒരു സർക്കാരാണ് ഇന്നിവിടെയുള്ളത്. ഒരു നാടിന്റെ മോഹനസുന്ദര സ്വപ്നങ്ങൾ ചിറക് വിരിച്ചുവെന്ന് മാത്രമല്ല, കേരള ഭ്രമണ്ഡലത്തിൽ അത് നടപ്പാക്കാനാണ് വി. ഡി. സതീശൻ സർക്കാർ ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ അവതരിപ്പിച്ച 2026-ലെ കേരള മുതിർന്ന പൗരൻമാരുടെ പരിചരണവും അവകാശ സംരക്ഷണവും ബിൽ ഈ സർക്കാരിന്റെ ഒരു സുവർണ്ണ രേഖയാണ്. ആദ്യമന്ത്രിസഭാ യോഗത്തിൽ കേരളത്തിലെ സഹോദരിമാർക്കായി 'പ്രിയദർശിനി' ബസ്

യാത്രയിൽ തുടങ്ങി ഈ സർക്കാരിന്റെ ജൈത്രയാത്ര തുടങ്ങുകയാണ്. ഒരു സർക്കാരിന് ഏതൊരു പ്രതിപക്ഷവും ഒരു മധുവിധു കാലഘട്ടം അനുവദിക്കാറുണ്ട്. ഈ സഭയിൽ തുടക്കം മുതൽ റൂൾ 50 സഭ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യണമെന്ന് എല്ലാദിവസവും ജനഗണമന പോലെ പാടികൊണ്ടിരിക്കുകയാണ്. ശ്രീ. മോഹൽലാലിന്റെ 'ആറാം തമ്പുരാൻ' എന്ന സിനിമ ഞാൻ ഓർക്കുകയാണ്. അതിലെ കഥാപാത്രമായ കൊളപ്പുള്ളി അപ്പൻ, മോഹൻലാലിനെ കളരിക്കളത്തിലേക്ക് വിളിച്ചിട്ട് രണ്ട് മല്ലന്മാരെ വച്ച് അദ്ദേഹത്തിന്റെ മുട്ടിന് താഴെ എറിഞ്ഞ് വീഴ്ത്താൻ നോക്കുമ്പോൾ മോഹൻലാൽ നടത്തുന്ന കളരി അഭ്യാസം കേരളത്തിലെ എല്ലാ പ്രേക്ഷകരും ഇന്നും മനസ്സിൽ കൊണ്ടുനടക്കുന്നുണ്ട്. ആരാണ് കൊളപ്പുള്ളി അപ്പനെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, ഈ അഭ്യാസം ഇനിയെങ്കിലും നിങ്ങൾക്ക് അവസാനിപ്പിച്ചൂടെ? പ്രതിപക്ഷത്തുനിന്ന് ഒരു ഗോൾ അടിച്ചാൽ, തുരുതുരെ ഗോൾ അടിക്കാനായി ഇപ്പുറത്ത് ആളുണ്ട്. അത് മെസി മാത്രമല്ല, നെയ്മർ, റൊണാൾഡൊ, സ്പെയിൻ താരമായ എംബാപ്പെ ആയാലും ഇന്ന്

തുരുതുരെ ഗോളടിക്കാൻ ധാരാളം ആളുകളുണ്ട്.

ഈ സർക്കാരിന്റെ ഏറ്റവും വലിയ ജനപ്രിയ ഹിറ്റ് പദ്ധതിയാണ് ഓപ്പറേഷൻ ട്വഫാൻ പദ്ധതി. ശ്രീ. രമേശ് ചെന്നിത്തലയാണ് അതിന്റെ ക്യാപ്റ്റൻ. ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലാണ് കേരളത്തിൽ ട്വഫാൻ പദ്ധതി നടപ്പിലാക്കുന്നത്. ശ്രീ. രമേശ് ചെന്നിത്തലയെ ഞാൻ 'കിങ് ഓഫ് ട്വഫാൻ' എന്നാണ് വിളിക്കുന്നത്.

ലഹരിക്കെതിരെ വരുന്ന സിനിമകൾ കേരളത്തിൽ മാത്രമല്ല, ലോകത്തിൽതന്നെ വലിയ ഹിറ്റാണ്. ഏറ്റവും അവസാനമായി പുറത്തിറങ്ങിയ ജയിലർ-2 സിനിമയിൽ രജനികാന്ത് വരുമ്പോൾ ഒരു ബാക്ക്ഗ്രൗണ്ട് സോങ്ങുണ്ട്. അതൊരു പഞ്ച് സോങ്ങാണ്. ' ടൈഗർ കാ ഹുക്കും' ആണ്.

ഇവിടത്തെ ടൈഗർ കാ ഹുക്കും എന്ന് പറയുന്നത് കേരളത്തിലെ ഇപ്പോഴത്തെ ആഭ്യന്തര വകുപ്പുമന്ത്രിയാണ്. ഇവിടെ ഓപ്പറേഷൻ ട്വഫാനെതിരായ പോരാട്ടമാണ് നടക്കുന്നത്. കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരമാണ്. ഇവിടെ ലഹരിയുടെ തലസ്ഥാനം യൂണിവേഴ്സിറ്റി

കോളേജാണെന്ന് നിങ്ങൾ ഓർക്കണം. യൂണിവേഴ്സ്റ്റി കോളേജിൽ പാവപ്പെട്ട കുട്ടികളാണ് പഠിക്കുന്നത്. പക്ഷേ, അവിടെ ഒരു വിഭാഗം ഇടി മുറിയുണ്ടാക്കി, 10 വർഷത്തിനുശേഷമുള്ള പുതിയ കണ്ടുപിടിത്തമായ എം.ഡി.എം.എ.-യും മറ്റ് സാധനങ്ങളും..... ഇടുക്കി ഗോൾഡിന്റെകാര്യം ഞാനിവിടെ പറയുന്നില്ല. ഈ സാധനങ്ങൾ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. അത് എന്തിനാണ്?

ശ്രീ. ഗ്യാനേഷ് കുമാർ എന്ന് പറയുന്ന വ്യക്തി നമ്മുടെ ആരുമല്ലല്ലോ. അദ്ദേഹം രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഒ. ജെ. ജനീഷ് രാത്രി ഒരു പ്രകടനം നടത്തി. ഉടനെ സഖാക്കൾ അവിടെ നിന്നും കുപ്പിച്ചില്ലും കല്ലും ആസിഡ് ബോംബും എറിഞ്ഞു. അതൊക്കെ എവിടെനിന്നാണ് ലഭിച്ചത്? കേരളത്തിൽ ഏറ്റവും കൂടുതൽ ലഹരി ഉപയോഗിക്കുന്ന ഒരു കോളേജ് നമ്മുടെ തലസ്ഥാന നഗരിയിലുണ്ട്. അതിന്റെ ഫലമാണിത്.

കൊല്ലത്ത് അമിത് ഷായെ കരിങ്കൊടി കാണിച്ചു. അദ്ദേഹത്തെ കരിങ്കൊടി കാണിച്ചാൽ നിങ്ങൾക്കെന്താണ് ചേതം; അമിത് ഷായെ കരിങ്കൊടി കാണിച്ചതിന്റെ പേരിൽ നിങ്ങൾ എന്തൊക്കെ

കോലാഹലമാണ് ഇവിടെ നടത്തിയത്. കേരളം മൊത്തം കത്തിക്കാൻ സഖാവ് പിണറായി വിജയൻ അഹ്വാനം ചെയ്തു. എത്ര ഓഫിസുകളാണ് നിങ്ങൾ ആക്രമിച്ചത്; അതിന്റെ ഭാഗമായാണ് ശ്രീ. ഒ. ജെ. ജനീഷിനെ ആക്രമിച്ചത്. ആ ആക്രമണത്തിൽ കോടിയേരി ബാലകൃഷ്ണന്റെ ഫ്ലക്സുംകൂടി വലിച്ചുകീറി. കോടിയേരി ബാലകൃഷ്ണന്റെ ഫ്ലക്സ് എന്തിനാണ് വലിച്ചുകീറിയത്; ആ പാവപ്പെട്ടവൻ മരിച്ചെങ്കിലും അദ്ദേഹത്തിന്റെ ഭൗതീക ശരീരംപോലും കേരളത്തിലെ തെരുവുകളിലൂടെ, പ്രധാന സഖാക്കളെ കൊണ്ടുപോയതുപോലെ കൊണ്ടുപോകാത്ത പാർട്ടിയാണിത്. അദ്ദേഹത്തിന്റെ ഭൗതീകശരീരം എ.കെ.ജി. സെന്ററിൽ പൊതുദർശനത്തിന് വച്ചശേഷം തണുത്തുവിറയ്ക്കുമെന്ന് പറഞ്ഞ് നേരെ ഫ്രൈറ്റ് പിടിച്ച് തലശ്ശേരിയിലേക്ക് കൊണ്ടുപോയ ആളുകളാണ്. അദ്ദേഹത്തിന്റെ ഭാര്യ വിനോദിനി ബാലകൃഷ്ണൻ പറഞ്ഞിട്ടുപോലും നിങ്ങൾ കേട്ടില്ല.

ആ മനുഷ്യന്റെ തല വി. ഡി. സതീശന്റെ തലയാണെന്ന് കരുതിയാണ് ഇങ്ങനെ ചെയ്തത്. വി. ഡി. സതീശന്റെ തലയിൽ നല്ല

മുടിയുണ്ട്. അത് എല്ലാപേർക്കും നോക്കിയാൽ കാണാൻ സാധിക്കും. കഷണ്ടിയാണെന്ന് വിചാരിച്ച് കോടിയേരി ബാലകൃഷ്ണന്റെ ഫ്ലക്സിന്റെ തലപോലും കീറിയ ആളുകൾ ലഹരിസാധനം കിട്ടാത്തതിന്റെ വിഭ്രാന്തിയാണ് കാണിച്ചത്.

പ്രിയമുള്ള സുഹൃത്തുക്കളെ, ഒരു കാര്യം മനസ്സിലാക്കണം. 10 വർഷത്തിനുള്ളിലാണ് ഇത്രത്തോളം ലഹരി ഇവിടെയുണ്ടായത്. അതുകൊണ്ട് നമ്മൾ മനസ്സിലാക്കേണ്ടത്, ലഹരിക്കെതിരെ ഈ ഗവൺമെന്റെടുക്കുന്ന നിലപാടുകൾ പൊതുസമൂഹം അംഗീകരിച്ചതാണ്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം, പൊലീസിന്റെ അതിക്രമം ആരോപിച്ചാണ് ഇന്ന് സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചത്.

ഡൽഹിയിൽ ഇവിടെനിന്ന് പ്രധാനപ്പെട്ട രണ്ടുമൂന്ന് നേതാക്കൾ പോകുകയും ജന്തർ മന്തറിൽ, "അമിത് ഷാ, ഞങ്ങൾ വന്നിട്ടുണ്ട്, നിങ്ങൾ കണ്ടോളൂ" എന്ന് പറഞ്ഞ് മുദ്രാവാക്യം വിളിച്ചത് സത്യത്തിൽ അപഹാസ്യമല്ലേ?

കേരളത്തിലെ ഒരു പാർട്ടിയുടെ നേതാക്കൾ..... ശ്രീ. കെ. എൻ. ബാലഗോപാലിനെപോലെ ഞാൻ ഒരുകാലത്ത് വിദ്യാർഥി പ്രവർത്തകനായിരുന്ന ആളാണ്. നിങ്ങളൊക്കെ ഏത് രാജ്യത്താണ് ജീവിക്കുന്നത്; ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയും പീരങ്കികൾക്കും വെടിക്കോപ്പുകൾക്കും മുമ്പിൽ നട്ടെല്ല് നിവർത്തിനിന്നുകൊണ്ട് ഈ രാജ്യത്തെ യുവതയ്ക്കുവേണ്ടി സമരം ചെയ്യുമ്പോൾ, നിങ്ങൾ മൂന്നുപേർ അവിടെചെന്ന് മുദ്രാവാക്യം വിളിക്കുകയാണ് ചെയ്തത്.

"ജന്തർ മന്തറിൽ ഞങ്ങളുണ്ടല്ലോ; അമിത് ഷാ വാ" ; നിങ്ങളെ മൂന്നുപേരെയും ഒരു കാറിൽ കയറ്റി കറക്കി ഏതോ ഒരു പൊലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മുട്ടക്കറിയും ചപ്പാത്തിയും വാങ്ങിതന്ന് തിരിച്ചുവിട്ടു. നിങ്ങൾ നടത്തിയ സമരം ഇതല്ലേ; ഈ രാജ്യത്തിന്റെ സമരം ഇതാണോ? ഈ രാജ്യത്ത് എല്ലാത്തിനെയും കണ്ണടച്ച് ഇരുട്ടാക്കാമെന്ന് കരുതരുത്. അതുകൊണ്ട് നിങ്ങൾ ഇനിയും കുറച്ചുകൂടി മാറേണ്ടതുണ്ട്. ശ്രീ. വി. ഡി. സതീശൻ സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നിട്ട്

27-10-2026

Financial Business

162 ദിവസങ്ങളായി... ഞാനെണ്ണി നോക്കി. ഈ 162 ദിവസം കൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രിയും ഈ കാബിനറ്റും സഭയും നടത്തിയ ചർച്ചകൾ, ബില്ലുകൾ, പ്രായോഗികതലത്തിൽ കൊണ്ടുവന്ന നടപടികൾ എന്നിവ അംഗീകരിക്കാൻ നിങ്ങൾക്ക് ബുദ്ധിമുട്ടായതുകൊണ്ട് ഓരോ ദിവസവും ഓരോ മല്ലനെ ഇറക്കി ഗോദയിലേയ്ക്ക് വരും അടികൊള്ളും, തിരിച്ചുപോകും. ആറാംതമ്പുരാനിലെ ഭീമൻ രഘുവിന്റെയും കുണ്ടറ ജോണിയുടെയും പരിപാടിയാണ് നിങ്ങൾ എടുത്തിരിക്കുന്നത്. അതുകൊണ്ട് ദയവുചെയ്ത് നിങ്ങൾ ഈ നടപടി പിൻവലിക്കുന്നതാണ് നല്ലത്. എനിക്ക് അവസാനമായി പറയാനുള്ള ഒരു കാര്യം കുഞ്ഞുണ്ണിമാഷിന്റെ കവിതയാണ്.

"വലിയൊരു ലോകം മുഴുവൻ നന്നാവാൻ

ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ.....

"സ്വയം നന്നാവുക.....!"

അങ്ങനെ സ്വയം നന്നായാൽ നമ്മുടെ നാട് നന്നാവും. ആറ് മാസമായില്ല; അതിനുമുമ്പേ നിങ്ങൾ ഈ രീതിയിൽ പ്രവർത്തിക്കുന്നത്

കേരളത്തിലെ ജനങ്ങൾ സൂക്ഷ്മക്കണ്ണാടിയിലൂടെ നോക്കുകയാണെന്നുമാത്രം പറഞ്ഞുകൊണ്ടും ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ടും ചടയമംഗലത്തിന് എന്തെങ്കിലും കൂടി തരണമേ എന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടുകൊണ്ടും ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, 2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിന്മേലുള്ള ഉപധനാഭ്യർഥനകളെ ഞാൻ എതിർക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ വളരെയധികം ചേർത്തുനിർത്തുന്നതായിരുന്നു കഴിഞ്ഞ 10 വർഷം ഭരിച്ച സർക്കാർ അവതരിപ്പിച്ച ഓരോ ബജറ്റും. 2026 ജനുവരിയിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിൽ പട്ടികവിഭാഗങ്ങൾക്കായി, TSP, SCSP/SSB വിഭാഗത്തിൽ ആകെ 4366.48 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഈ പുതുക്കിയ ബജറ്റിൽ 1387.16 കോടി രൂപ ഇതിൽനിന്നും വെട്ടിക്കുറച്ചിരിക്കുന്നത് തികച്ചും ഖേദകരമാണെന്ന് പറയാതെ വയ്യ.

പട്ടികജാതിക്കാരുടെ പദ്ധതിയുമായി ബന്ധപ്പെട്ടാണ് മറ്റൊരു പ്രധാന

ആശങ്ക നിലനിൽക്കുന്നത്. ലൈഫ് മിഷൻ പദ്ധതി നിർത്തലാക്കുകയും പകരം പുതിയ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുമെന്നും പറയപ്പെടുന്നു. എന്നാൽ ഇതുമൂലം പട്ടികജാതിക്കാരുടെ ഭവന നിർമ്മാണരംഗത്ത് വലിയ നഷ്ടമാണ് സംഭവിക്കാൻ പോകുന്നത്. ലോകത്താകെ കണക്കെടുത്താൽ മതിയായ പാർപ്പിട സൗകര്യമില്ലാത്തവർ ഏകദേശം 160 കോടി വരും. അതായത് ലോകജനസംഖ്യയുടെ അഞ്ചിലൊന്ന് മനുഷ്യരും സ്വന്തമായി പാർപ്പിടമില്ലാത്തവരാണ്. നമ്മുടെ രാജ്യതലസ്ഥാനത്ത് അതിശൈത്യം സഹിക്കാനാവാതെ പ്രതിവർഷം നൂറുകണക്കിനാളുകൾ തെരുവിൽ കിടന്ന് മരിക്കുന്നതായ റിപ്പോർട്ടുകളും കണക്കുകളും പുറത്തുവരുന്നുണ്ട്. നിരന്തരമായ ഈ അരക്ഷിതബോധത്തിൽനിന്നും കേരളത്തിലെ ലക്ഷക്കണക്കിന് ആളുകളാണ് ലൈഫ് മിഷനിലൂടെ മോചിതരായത്. അഗതികൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ്ജെൻഡറുകൾ, വിധവകൾ, ദളിത്-ആദിവാസി വിഭാഗങ്ങൾ എന്നിവർക്കെല്ലാം മുൻഗണന നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ, കഴിഞ്ഞ സർക്കാർ കാണിച്ച ഇച്ഛാശക്തിയുടെ ചരിത്രമാണ് ലൈഫ് മിഷൻ പദ്ധതിക്ക്

പറയാനുള്ളത്. ഈ പദ്ധതിയിൽ പട്ടികജാതി കുടുംബത്തിന് ഒരു വീട് ലഭിക്കുമ്പോൾ പട്ടികജാതി വികസന വകുപ്പ് ഒരു ലക്ഷം രൂപ മാത്രമാണ് ചെലവാക്കുന്നത്. ബാക്കി മൂന്ന് ലക്ഷം രൂപ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായിരുന്നു. എന്നാലിപ്പോൾ 4 ലക്ഷം രൂപയും വകുപ്പ് ചെലവാക്കുന്ന സാഹചര്യമാണുള്ളത്. അതായത് പട്ടികജാതി വിഭാഗത്തിന് നാല് വീടുകൾ ലഭിച്ചിരുന്ന സാഹചര്യത്തിൽനിന്നും നിലവിൽ ഒരു വീട് ലഭിക്കുന്ന സാഹചര്യമായി ചുരുങ്ങി, ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട മൂന്ന് കുടുംബങ്ങൾ അടച്ചുറപ്പുള്ള ഭവനം എന്ന സ്വപ്നത്തിൽനിന്നും ഏറെ അകലെ നിൽക്കുന്ന സാഹചര്യമാണ് ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നത്. കേന്ദ്ര സർക്കാർ പ്ലാനിങ് കമ്മിഷൻ പിരിച്ചുവിട്ടതുപോലെ സംസ്ഥാനത്തും ആസൂത്രണ സംവിധാനം ഉടച്ചുവാർക്കുന്ന പ്രഖ്യാപനം നിലവിൽ വന്നുകഴിഞ്ഞു. പ്ലാനിങ് കമ്മിഷൻ നിർത്തലാക്കിയപ്പോൾ SCSP, TSP വിഭാഗത്തിൽ പ്രത്യേക ഘടകപദ്ധതികളും നിർത്തലാക്കപ്പെട്ടു. സംസ്ഥാനത്ത് ദളിത് വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ജനസംഖ്യാനുപാതികമായ പദ്ധതി വിഹിതം നഷ്ടപ്പെടുമെന്ന ആശങ്കയാണ്.

2016-ൽ ഇടതുപക്ഷ സർക്കാർ നിയമഭേദഗതിയിലൂടെ നടപ്പാക്കിയ കിഫ്ബി എന്ന പദ്ധതി ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചു. നിലനിൽക്കുന്ന നിയമങ്ങൾക്കകത്ത് നിലകൊണ്ട് ബജറ്റിനുപുറമെയുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് വഴിയൊരുക്കുക എന്ന മഹത്തായ ആശയമാണ് കിഫ്ബി ഏറ്റെടുത്തത്. അടിസ്ഥാന സൗകര്യവികസനരംഗത്ത് കഴിഞ്ഞ പത്തുവർഷം കണ്ടത് സമാനതകളില്ലാത്ത കുതിച്ചുചാട്ടമാണ്. ഏകദേശം ഒരു ലക്ഷം കോടി രൂപ അടിസ്ഥാന സൗകര്യമേഖലകളിൽ നിക്ഷേപിക്കാൻ സാധിച്ചതിൽ 60,000/- കോടി രൂപയുടെ പദ്ധതികൾ യാഥാർഥ്യമായി. ഇതിനുപുറമെ വൻകിട പദ്ധതികളായ ദേശീയപാത-66, വിഴിഞ്ഞം പദ്ധതി എന്നിവ യാഥാർഥ്യമാക്കാനുള്ള പിന്തുണയും കിഫ്ബിയിലൂടെ ഉറപ്പാക്കി. പുതിയ റോഡുകളും പാലങ്ങളും സ്കൂൾ-ആശുപത്രി കെട്ടിടങ്ങളും നിർമ്മിച്ചതിലൂടെ കിഫ്ബി എന്നാൽ എന്താണെന്ന് മലയാളികളെ ബോധ്യപ്പെടുത്തി. നമ്മുടെ സംസ്ഥാനത്ത് സുസ്ഥിരവികസനം ഉറപ്പാക്കുന്നവിധം അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് മൂലധന

നിക്ഷേപരംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ കിഫ്ബിക്ക് കഴിഞ്ഞത് എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ്. ദേശീയപാതാ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായ 5,581 കോടി രൂപയാണ് കിഫ്ബി വഴി നടപ്പാക്കിയത്. സ്വപ്നപദ്ധതികളായ മലയോര ഹൈവേയും തീരദേശ ഹൈവേയും നടപ്പാക്കി. തിരുവനന്തപുരം ജില്ലയുടെ കവാടമായ കളിയിക്കാവിള മുതൽ വഴിമുക്ക് വരെയുള്ള ദേശീയപാതാ വികസനം കിഫ്ബി ഫണ്ടുപയോഗിച്ച് ആവിഷ്കരിച്ച പദ്ധതിയാണ്. നാടിന്റെ ദീർഘകാലയാത്രാദുരിതത്തിന് പരിഹാരമാകുന്നതായിരുന്ന ഈ പദ്ധതികളും നിലയ്ക്കാൻ പോകുകയാണ്. ജില്ലയുടെ കിഴക്കൻമേഖലയ്ക്കും തെങ്കാശി, ആര്യങ്കാവ് തുടങ്ങിയ പ്രദേശങ്ങളിലേക്കുമുള്ള യാത്ര സുഗമമാക്കുന്നതിന് 1,293 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന വഴയില-പഴകുറ്റി-നെടുമങ്ങാട് നാലുവരിപ്പാതയുടെ ഭാവിയും പ്രതിസന്ധിയിലാണ്.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മൂന്നുഭാഗവും കരയാൽ ചുറ്റപ്പെട്ട വക്കം ഗ്രാമപഞ്ചായത്തും ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ തീരദേശ

ഹൈവേയുമായ അഞ്ചുതെങ്ങുമായി ബന്ധിപ്പിക്കുന്ന വക്കം കായിക്കര കടവുപാലവും, ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ അനശ്വര രക്തസാക്ഷിയായ ഐ.എൻ.എ. ഹീറോ വക്കം അബ്ദുൽ ഖാദറിന്റെ നാടിനെ മലയാളത്തിലെ മഹാകവിയായ കുമാരനാശാന്റെ ജന്മഗൃഹമായ കായിക്കരയുമായി ബന്ധിപ്പിക്കുന്ന പാലമെന്ന ചരിത്രപ്രാധാന്യം കൂടി ഈ പാലത്തിനുണ്ട്. കിഫ്ബി ഫണ്ടിൽനിന്നും അനുവദിച്ച സ്ഥലം ഏറ്റെടുത്ത് പാലം നിർമ്മാണവും ആരംഭിച്ചു. എന്നാൽ പാലത്തിന്റെ ഭാവിയും ജനങ്ങളുടെ പ്രതീക്ഷയും കിഫ്ബിയുടെ ഭാവിയെ ആശ്രയിച്ചായിരിക്കും. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ നീളുന്ന തിരുവനന്തപുരം ഔട്ടർ റിങ് റോഡിന്റെ സ്ഥലമേറ്റെടുക്കുന്ന തുകയും സംസ്ഥാന വിഹിതവും കിഫ്ബി ഫണ്ടിൽനിന്നും കണ്ടെത്തണമെന്നാണ് അറിയിച്ചിരിക്കുന്നത്.

കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള എം.സി. റോഡ് നാലുവരിപ്പാതയാക്കാൻ 5,218 കോടി രൂപ അനുവദിക്കാൻ അംഗീകാരം നൽകിയിരുന്നു. നാലുവരിപ്പാത ആകുന്നതോടൊപ്പം കിളിമാനൂർ, ചടയമംഗലം, ആയൂർ, കൊട്ടാരക്കര, പന്തളം, ചെങ്ങന്നൂർ ബൈപ്പാസുകൾ

ലക്ഷ്യമിട്ടിരിക്കുന്നതിനാൽ ഈ കിഫ്ബി പദ്ധതിയെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ഈ പദ്ധതിയിലൂടെ ഞങ്ങളുടെ മണ്ഡലത്തിലെ ധാരാളം പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതിനാൽ അത് തുടർന്ന് പ്രവർത്തിപ്പിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർഥനകളെ ശക്തമായി എതിർക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും പിന്തുണയ്ക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കാനും അദ്ദേഹത്തോട് നന്ദി രേഖപ്പെടുത്താനും കൂടി ഈ അവസരം ഞാൻ വിനിയോഗിക്കുകയുമാണ്.

എന്റെ നിയോജകമണ്ഡലത്തിലെ സ്വപ്നപദ്ധതിയായ കാലിക്കറ്റ് എയർപോർട്ടിലേക്കുള്ള എലവേറ്റഡ് ഹൈവേയും അതോടൊപ്പം തേഞ്ഞിപ്പാലം ഫയർ സ്റ്റേഷനും ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചുകൊണ്ട് പ്രഖ്യാപനം വന്നതിലുള്ള പ്രത്യേകം നന്ദിയാണ് ഞാനിവിടെ രേഖപ്പെടുത്തുന്നത്. പത്തുവർഷത്തെ ഇടതുപക്ഷ ദുർഭരണം, ദിശാബോധമില്ലാത്ത സാമ്പത്തിക നയങ്ങളും കേരളത്തിലെ ഗുരുതരമായ

സാമ്പത്തിക പ്രതിസന്ധിയിലേക്ക് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ വീണ്ടും തള്ളിവിട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികരംഗത്തെ വീണ്ടെടുക്കാനും വികസനത്തിന്റെ പുതിയൊരു പാതയിലേക്ക് നമ്മുടെ നാടിനെ നയിക്കാനും ദൃഢനിശ്ചയത്തോടെ മുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ധനകാര്യവകുപ്പിന്റെ കൂടി ചുമതല വഹിക്കുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തെയും ഈ അവസരത്തിൽ ഹൃദയപൂർവം അഭിനന്ദിക്കുകയാണ്. മാസ്മരികമായ കാഴ്ചപ്പാടുകളോടെ വിസ്മയിപ്പിച്ചുകൊണ്ടാണ് അദ്ദേഹം മുന്നോട്ടുപോകുന്നത്. 115 ദിവസം മാത്രം പിന്നിട്ടിട്ടുള്ള ഈ ഗവൺമെന്റ് സൃഷ്ടിച്ച നേട്ടങ്ങളൊക്കെയും മുൻ പ്രാസംഗികന്മാർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്രധാനമായും പല കാര്യങ്ങളും ഇവിടെ പറഞ്ഞതിനാൽ സമയപരിമിതി കാരണം ഞാനതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ആ കൂട്ടത്തിൽ ഇവിടെ എല്ലാവരും പരാമർശിച്ചത് കിഫ്ബി പദ്ധതിയെ സംബന്ധിച്ചാണ്. കഴിഞ്ഞ സർക്കാർ ഉണ്ടാക്കിയ ബാധ്യതകളും യാതൊരു കാഴ്ചപ്പാടും നീതിപൂർവ്വമല്ലാതെ യാതൊരു നിയമത്തിന്റെയും പരിധിക്കുള്ളിൽ നിന്നുകൊണ്ടല്ലാതെ കിഫ്ബി

പദ്ധതി ഏത് വിധത്തിലാണ് സാമ്പത്തിക വിനിയോഗം കൈകാര്യം ചെയ്തതെന്നുള്ളത് സംബന്ധിച്ച് 'സുധാപിള്ള കമ്മീഷൻ' ഇവിടെ പുറത്തുവിടുകയുണ്ടായി. അതിലേയ്ക്ക് ഞാൻ ശ്രദ്ധക്ഷണിക്കുകയാണ്.

ജൂൺ 30-ന് സമർപ്പിച്ച സുധാപിള്ള കമ്മീഷൻ റിപ്പോർട്ടുപ്രകാരം, 77,150.87 കോടി രൂപയുടെ പദ്ധതികൾക്കാണ് കിഫ്ബി അനുമതി നൽകിയിട്ടുള്ളത്. ഇതിൽ കണ്ണൂർ ജില്ലയിൽ 10,767.35 കോടി രൂപയാണ് നൽകിയിട്ടുള്ളത്. അതായത്, മൊത്തം വിതരണം ചെയ്ത സംഖ്യയുടെ 14 ശതമാനമാണ്. എന്നാൽ കാസർഗോഡ് ജില്ലയിൽ വിതരണം നടത്തിയതിന്റെ കണക്ക് കേവലം 2262.24 കോടി രൂപ മാത്രമാണ്. അതായത് 3 ശതമാനം പോലും തികയില്ല. ഞങ്ങളൊക്കെ പ്രതിനിധാനം ചെയ്യുന്ന കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 13 ശതമാനം ആളുകൾ അധിവസിക്കുന്ന മലപ്പുറം ജില്ലയ്ക്ക് 3773.22 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അതായത്, ജനസംഖ്യയുടെ 13 ശതമാനമുള്ള ഒരു ജില്ലയിലേയ്ക്ക് മൊത്തം വിതരണം ചെയ്ത ഫണ്ടിന്റെ 5 ശതമാനം പോലും എത്തിയിട്ടില്ല. ഈയൊരു സമയത്ത് എനിക്ക് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയോട് പറയാനുള്ളത്, നേരത്തെ അവതരിപ്പിക്കപ്പെട്ട സബ്മിഷനിലും മറ്റുമൊക്കെ പറഞ്ഞിട്ടുണ്ട്, ജനസംഖ്യാനുപാതികമായ വികസനവും വിഭവങ്ങളുടെ (സമ്പത്തിന്റെ) വിതരണവും നീതിപൂർവമായി നടത്തേണ്ടത് ഈ ഗവൺമെന്റ് ചെയ്യേണ്ട ഏറ്റവും വലിയ നീതിയാണ്. കഴിഞ്ഞ പത്ത് വർഷക്കാലം അവഗണിക്കപ്പെട്ട ജനവിഭാഗത്തോടും പ്രദേശങ്ങളോടും ഈ ഗവൺമെന്റ് നീതികാട്ടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിനൊപ്പം, ജനസംഖ്യാനുപാതികമായി ജില്ലകളുടെയും താലൂക്കുകളുടെയും റവന്യൂ സ്ഥാപനങ്ങളുടെയും വിഭജനം നടത്തേണ്ടതുണ്ട്. ഭരണപരമായ നിർവഹണത്തിന് വികസന ബ്ലോക്കുകൾ ഇന്ന് വലിയ പങ്കുവഹിക്കുന്നുണ്ട്. ഒരു വികസന ബ്ലോക്ക് മൂന്നുനാല് നിയോജകമണ്ഡലങ്ങളിലേക്കായി പരന്നുകിടക്കുകയാണ്. ഓരോ നിയോജകമണ്ഡലത്തിന്റെയും അടിസ്ഥാനത്തിൽ വികസന ബ്ലോക്കുകൾ പുനഃക്രമീകരിക്കണമെന്ന് ഈ ധനാഭ്യർഥനയിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. പഞ്ചായത്തടിസ്ഥാനത്തിൽ വില്ലേജുകൾ പുനഃക്രമീകരിക്കണമെന്നുള്ളതാണ് എന്റെ മറ്റൊരു ആവശ്യം. ബഹുമാനപ്പെട്ട

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല. കേരളത്തിലെ ആരോഗ്യമേഖലയെ കോർപ്പറേറ്റ് കമ്പനികൾക്ക് വിട്ടുനൽകാതെ, സാധാരണക്കാരായ ആളുകൾക്ക് ആശ്രയിക്കാൻ പറ്റുന്ന ഒരു ആരോഗ്യമേഖലയായി പരിവർത്തിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ മറുപടി നൽകിക്കൊണ്ട് പറഞ്ഞത് നമുക്കേവർക്കും വലിയ പ്രതീക്ഷ നൽകുന്നതാണ്. എന്നാൽ ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ എല്ലാ സ്ഥലങ്ങളിലും ഒരുപോലെ എത്തുന്നില്ലെന്നതാണ് ഇക്കൂട്ടത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. കിടത്തിച്ചികിത്സയുള്ള ഒരു ആശുപത്രിപോലും എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്നിൽ ഇല്ല. ഒരു നിയോജകമണ്ഡലത്തിൽ ഒരു കിടത്തിച്ചികിത്സാ കേന്ദ്രമെങ്കിലും നിർമ്മിക്കുകയും അവിടെ എല്ലാ വിഭാഗത്തിലുള്ള ആളുകൾക്ക് സൗകര്യം ഉറപ്പാക്കുകയും വേണം. വൈറൽ പനി പടർന്നുപിടിക്കുന്ന ഈ സാഹചര്യത്തിൽ, ആളുകൾക്ക് ദൂരസ്ഥലങ്ങളിൽ പോയി ചികിത്സ തേടുക എളുപ്പമല്ല, അതിനാൽ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയാണ് അവർക്കുള്ളത്. അതുകൊണ്ട് ഒരു നിയോജകമണ്ഡലത്തിൽ

ഒരു ആരോഗ്യകേന്ദ്രമെങ്കിലും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

എന്റെ നിയോജകമണ്ഡലത്തിൽ സർക്കാർ കോളേജില്ലാത്ത സാഹചര്യത്തിൽ ഒരു സർക്കാർ കോളേജ് അനുവദിക്കണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പരപ്പാൽ ബീച്ചിന്റെ കടൽഭിത്തിയും റോഡുകളും 2018-ലെ പ്രളയത്തിൽ കടലെടുത്ത് എട്ട് കൊല്ലത്തോളമായെങ്കിലും അവിടുത്തെ ഗതാഗതസൗകര്യം ഇപ്പോഴും വഴിമുട്ടി നിൽക്കുന്ന സാഹചര്യമാണുള്ളത്. അതിനുകൂടി പരിഹാരം കാണണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. ഗവൺമെന്റിനെയും ഔദ്യോഗിക സംവിധാനങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്ന ജനപ്രതിനിധികളാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപന അംഗങ്ങൾ. അതിനാൽ അവർക്ക് മാന്യമായ വേതനം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം. പലപ്പോഴും പട്ടിണിയിലാകുന്ന പഞ്ചായത്ത് അംഗങ്ങളെപ്പോലും നമുക്ക്

അറിയാവുന്നതാണ്. ആശാ വർക്കർമാർക്ക് ആശ്രയമായ ഈ സർക്കാർ, പഞ്ചായത്ത് അംഗങ്ങളുടെയും വേതനം വർധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ഈ ഉപധനാഭ്യർഥനയിലൂടെ ആവശ്യപ്പെടുകയാണ്. സി.പി.ഐ.(എം.) ഇതുകൊണ്ടൊക്കെയാണ് തകർന്നുപോയിട്ടുള്ളത്.

ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ സംസാരിച്ച കാര്യങ്ങളെല്ലാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇടതുപക്ഷ സർക്കാരിന്റെ പത്ത് വർഷ ഭരണത്തിനുശേഷം തങ്ങൾക്ക് ഒരു കുഴപ്പവും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ പഞ്ചായത്ത്, ജില്ലാ, സ്റ്റേറ്റ് തലങ്ങളിൽ വിശാല സമിതികൾ രൂപീകരിക്കുകയാണ്. തിരഞ്ഞെടുപ്പിൽ തങ്ങൾ ജയിക്കാത്തതിന് കാരണം ജനങ്ങളാണെന്നും, ജനങ്ങൾക്കാണ് തെറ്റ് പറ്റിയതെന്നും പയ്യന്നൂരിലും തളിപ്പറമ്പിലും പോയി പ്രസംഗിക്കാൻ ധൈര്യം കാണിച്ച ഏക പാർട്ടി സി.പി.ഐ.(എം) ആണ്. അവർ ഇനിയും പാഠം പഠിച്ചിട്ടില്ല. 35 കൊല്ലം ഭരിച്ച ബംഗാളിലും 30 കൊല്ലം ഭരിച്ച ത്രിപുരയിലും ഭരണം പൂർണ്ണമായി നഷ്ടപ്പെട്ടു. പത്ത് കൊല്ലം കേരളം ഭരിച്ച് ഒടുവിൽ കേരളത്തിന്റെ മ്യൂസിയത്തിലേക്കും പുരാവസ്തു വകുപ്പിലേക്കും മാറ്റേണ്ട വിധത്തിൽ

സി.പി.ഐ.(എം)-ഉം ഇടതുപക്ഷവും ഇവിടെ തകർന്നടിഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഒരു പുതുയുഗപ്പിറവിക്കുവേണ്ടി, പുതുയുഗ കേരളത്തിനുവേണ്ടി നിലവിലെ സർക്കാർ ശ്രമിക്കുന്നത്. അതിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിക്ക് അതിന് സാധിക്കട്ടെയെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ ഉപധനാഭ്യർഥനകളെയും അധികധനാഭ്യർഥനകളെയും പിന്തുണയ്ക്കുകയാണ്. ഈ ഗവൺമെന്റിനെ എല്ലാ നിലയിലും ശക്തിപ്പെടുത്തുകയെന്നത് സംസ്ഥാനത്തിന്റെ ആവശ്യമാണ്. അത് എല്ലാവരുടെയും പൊതുതാൽപര്യമായി മാറണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. അത്രത്തോളം ഗുണപരവും ദീർഘവീക്ഷണോത്മുഖമായ മാറ്റങ്ങളാണ് കഴിഞ്ഞ 162 ദിവസം കൊണ്ട് ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള പുതിയ ഗവൺമെന്റ് സൃഷ്ടിച്ചിരിക്കുന്നത്. ഓരോ മേഖല പരിശോധിച്ചാലും ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾ ഏറെക്കുറെ സംതൃപ്തരാണെന്ന് മനസ്സിലാക്കാം. എല്ലാവരുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ നാലോ

അഞ്ചോ മാസം കൊണ്ടുമാത്രം സാധിക്കില്ലായിരിക്കാം. പക്ഷേ, ഓരോ വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങളോട് Empathetic ആയി ഇടപെടുകയും അവരുടെ ആശങ്കകളെ address ചെയ്യണമെന്ന് ആഗ്രഹിക്കുകയും സമയബന്ധിതമായി തീരുമാനമെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റിന്റെ സാന്നിധ്യം നാട്ടിലെ മുഴുവൻ ആളുകളും ഇപ്പോൾ തൊട്ടറിയുകയാണ്. ആശാവർക്കർമാർ, അങ്കണവാടി ജീവനക്കാർ, പാചകത്തൊഴിലാളികൾ, പൊതുവിപണിയിൽനിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾ, കർഷകർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാവരും ഏറെക്കുറെ സംതൃപ്തരാണെന്ന നല്ലൊരു മാറ്റത്തിലേക്ക് ചുവടുവയ്ക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് അതിന് നേതൃത്വം നൽകുന്ന ഗവൺമെന്റിനെ നമ്മൾ പിന്തുണയ്ക്കണമെന്ന് അഭ്യർഥിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം ഇപ്പോൾ മെച്ചപ്പെട്ടുവരികയാണ്. സഭയുടെ മുമ്പാകെ സമർപ്പിച്ച ധവളപത്രത്തിലൂടെ കേരളത്തിന്റെ കടക്കെണിയെക്കുറിച്ചും നിലവിലുണ്ടായിരുന്ന സാമ്പത്തിക സ്ഥിതിയിലെ

കുത്തഴിഞ്ഞ അവസ്ഥയെക്കുറിച്ചും കഴിഞ്ഞ പത്ത് വർഷം കൊണ്ടുണ്ടാക്കിയ വലിയ ദുരിതങ്ങളെക്കുറിച്ചും സസൂക്ഷ്മം ജനങ്ങളോട് പറഞ്ഞിരുന്നു. ആ കെടുതികളിൽനിന്നും കേരളത്തിന് മെല്ലെ മെല്ലെ പുറത്തുകടക്കാനും കൂടുതൽ വിഭവസമാഹരണം നടത്താനും സാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതുപോലെ, ഒരു പൂമ്പാറ്റ പൂവിൽനിന്നും തേൻ കുടിക്കുന്നതുപോലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന പുതിയ നികുതി നിർദേശങ്ങളൊന്നുമില്ലാതെ ബജറ്റ് അവതരിപ്പിച്ചിട്ടും അധിക നികുതിവരുമാനം കണ്ടെത്താൻ സർക്കാരിന് സാധിക്കുന്നുവെന്നത് ഒട്ടും നിസ്സാരമായ കാര്യമല്ല. സർക്കാരിന്റെ ഓരോ വകുപ്പ് പരിശോധിച്ചാലും എന്തെല്ലാം നല്ല മാറ്റങ്ങളാണ് ഇവിടെ നടന്നിട്ടുള്ളതെന്ന് കാണാൻ സാധിക്കുന്നതാണ്. ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല മറുപടി പറഞ്ഞപ്പോൾ നമ്മളെല്ലാം ശ്രദ്ധിച്ചതും അതാണ്. മുമ്പെല്ലാം പൊലീസിന്റെ എന്ത് തോന്നിവാസവും ന്യായീകരിക്കപ്പെടുന്നൊരു അവസ്ഥയായിരുന്നു ഇവിടെയുണ്ടായിരുന്നത്. പൊലീസിന്റെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ ചോദ്യം ചെയ്താൽ, അത്

പൊലീസിന്റെ ആത്മവീര്യം തകർക്കുമെന്ന് പറഞ്ഞ്, എന്തിനെയും ന്യായീകരിക്കുമായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ അങ്ങനെയല്ല, സർക്കാർ വസ്തുനിഷ്ഠമായി കാര്യങ്ങളെ നോക്കികാണുകയാണ്. ഗവൺമെന്റ് മാറിയാൽപോലും പൊലീസ് എന്നൊരു സംവിധാനം നിലനിൽക്കുകയാണ്. അതിന്റെ മനോഭാവം മാറ്റുകയെന്നത് ഒറ്റരാത്രികൊണ്ട് സംഭവിക്കുന്ന ഒരു കാര്യമല്ല. അതിനായി നമ്മൾ നിരന്തരം ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കണം. ഗവൺമെന്റിന്റെ നയം ഇതാണെന്നും, ചില കാര്യങ്ങളോട് സർക്കാർ 'സീറോ ടോളറൻസ്' സമീപനമാണ് സ്വീകരിക്കുന്നതെന്നുമുള്ള കൃത്യമായ സന്ദേശം പൊലീസിനും മറ്റ് എല്ലാ സംവിധാനങ്ങൾക്കും നിരന്തരം നൽകിയാൽ മാത്രമേ നല്ല മാറ്റങ്ങൾ ഉണ്ടാവുകയുള്ളൂ. അതാണ് ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെയും കണ്ടത്. ഓരോ വകുപ്പിനെ സംബന്ധിച്ചും സൂചിപ്പിക്കുകയാണെങ്കിൽ, നൂറുദിവസത്തിനകം 10000 പട്ടയങ്ങൾ നൽകുമെന്നാണ് റവന്യൂ വകുപ്പ് പ്രഖ്യാപിച്ചിരുന്നതെങ്കിലും നൂറുദിവസം കഴിഞ്ഞപ്പോൾ 20000 പട്ടയങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്.

തരംമാറ്റത്തിനുവേണ്ടിയുള്ള എത്ര അപേക്ഷകളായിരുന്നു മുമ്പ് കെട്ടിക്കിടന്നിരുന്നത്; 25000 ആളുകളുടെ അപേക്ഷകളെങ്കിലും തീർപ്പാക്കുമെന്ന് നമ്മൾ പറഞ്ഞു. എന്നാൽ നൂറുദിവസത്തിനകം അമ്പതിനായിരത്തിലധികം ആളുകളുടെ കാലങ്ങളായുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സഭയിലുണ്ട്. കെ.എസ്.ആർ.ടി.സി. കണ്ണൂരിൽ ഒരു ഡബിൾ ഡക്കർ ബസ്സ് നിരത്തിലിറക്കാൻ തീരുമാനിച്ചപ്പോൾ ഇരുപത് ലക്ഷം രൂപ ലഭിച്ചാൽ ആശ്വാസമെന്ന് വിചാരിച്ച സ്ഥാനത്ത് ഏകദേശം 80 ലക്ഷം രൂപയുടെ കളക്ഷൻ ലഭിക്കുകയാണ്. അത് എല്ലായിടത്തേയ്ക്കും വ്യാപിപ്പിക്കാൻവേണ്ടിയുള്ള ആലോചനകൾ പുരോഗമിക്കുകയാണ്. ഓരോ വകുപ്പിലും വന്ന മാറ്റത്തെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ആരോഗ്യ മേഖലയിൽ എണ്ണൂറോളം പുതിയ തസ്തികകൾ സൃഷ്ടിക്കാനാണ് തീരുമാനിച്ചിരിക്കുന്നതിലൂടെ ആ മേഖലയിലേക്ക് വലിയൊരു ഇന്റർവെൻഷൻ വരികയാണ്. ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാരണം

കഴിഞ്ഞകാലങ്ങളിൽ നിങ്ങൾ കൂടിശ്ശികയാക്കിവച്ച പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനാനുകൂല്യങ്ങൾ, സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീസ് എന്നീ ഇനങ്ങളിലെ 370 കോടിയോളം രൂപ 150 ദിവസത്തിനകം കൊടുത്തുതീർത്തത് നിലവിലെ സർക്കാരാണ്. സംരംഭകരായിട്ടുള്ള വനിതകൾക്കായി പതിനഞ്ച് ലക്ഷം രൂപവരെ സബ്സിഡി നൽകുന്ന 'ദാക്ഷായണി പദ്ധതി' പുതുതായി ആരംഭിച്ചിട്ടുണ്ട്. അവരുടെ സംരംഭകത്വം വളർത്താൻ വേണ്ടിയുള്ള ഇടപെടലാണിത്. 'പഞ്ചമി ഗ്രാമം' പദ്ധതി പോലുള്ള നിരവധി പദ്ധതികൾ പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നുണ്ട്. എല്ലാ പഞ്ചായത്തുകൾക്കും സെക്രട്ടറിമാരെ അനുവദിച്ചുകൊണ്ട് കേരള ചരിത്രത്തിലെ ആദ്യ ഗവൺമെന്റായി ഈ സർക്കാർ മാറുകയാണ്. ഞാൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഓൺലൈൻ ഗ്രാമസഭ ഉൾപ്പെടെ മറ്റ് നിരവധി തീരുമാനങ്ങൾ അദ്ദേഹം മുന്നോട്ടുകൊണ്ടുവന്നിട്ടുണ്ട്. ഓരോ വകുപ്പിനെക്കുറിച്ചും വിശദമായി പറയുന്നില്ല.

ഇവിടെ കുറച്ചുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ കിഫ്ബിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. മുൻ ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ള ആളുകളുടെ നിരന്തമായൊരു പരിദേവനം കഴിഞ്ഞ കുറെ ദിവസങ്ങളായി ഇവിടെ പലരും ആവർത്തിക്കുന്നത് കേട്ടു. കിഫ്ബി ഇല്ലായിരുന്നെങ്കിൽ ഇവിടെ ഒന്നും സംഭവിക്കില്ലായിരുന്നു; കിഫ്ബി ഇല്ലായിരുന്നെങ്കിൽ ഇത് നടക്കുമായിരുന്നോ; കിഫ്ബി ഇല്ലായിരുന്നെങ്കിൽ അത് നടക്കുമായിരുന്നോ; എന്നിങ്ങനെയെല്ലാം ചോദിച്ചുകൊണ്ട് ഓരോ പ്രോജക്ടുകളുടെയും ചിത്രങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ പങ്കുവച്ചുകൊണ്ടുള്ള പ്രചരണം നടത്തുകയാണ്. ഗവൺമെന്റിന്റെ ഖജനാവിലേക്ക് വരേണ്ട എത്ര കോടി രൂപ നിങ്ങൾ ഇതിനകം കിഫ്ബിയിലേക്ക് നൽകിയിട്ടുണ്ട്, മോട്ടോർ വാഹന നികുതിയിനത്തിലും സെസ്സ് ഇനത്തിലുമെല്ലാം ഈ സാമ്പത്തിക വർഷംവരെ 24,764 കോടി രൂപ ഖജനാവിലേക്ക് വരേണ്ടിയിരുന്ന തുക നിങ്ങൾ കിഫ്ബിയിലേക്ക് നൽകിയിരിക്കുകയാണ്, കൃത്യമായ കണക്കുകൾ അവ വ്യക്തമാക്കുന്നുണ്ട്. എന്നിട്ട് കിഫ്ബിയിലൂടെ നടപ്പാക്കിയ വികസന

പദ്ധതികളുടെ ആകെ quantum എത്രയാണ്; ഏകദേശം അത്രയേ വരികയുള്ളൂ. അതിനർഥം എന്താണ്; കിഫ്ബി ഇല്ലായിരുന്നെങ്കിലും ബജറ്റിലൂടെ നമുക്ക് ആ പദ്ധതികളൊക്കെ ഏകദേശം നടപ്പാക്കാൻ സാധിക്കുമായിരുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, (മൈക്ക് ഓഫ്)

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ പറഞ്ഞതിനുശേഷം അങ്ങേയ്ക്ക് വഴങ്ങിത്തരാം. 2025-26-ൽ 3,800 കോടി രൂപയാണ് നൽകുന്നത്. പലപ്പോഴും പല വർഷങ്ങളിലും കിഫ്ബിയുടെ Total debt service-നേക്കാൾ കൂടുതൽ തുക ഗവൺമെന്റ് അങ്ങോട്ട് കൊടുക്കുകയാണ്. ഉദാഹരണമായി 2021-22-ൽ 1,047 കോടി രൂപയാണ് കിഫ്ബി ചെലവഴിച്ചതെങ്കിൽ ആ വർഷം ഗവൺമെന്റ് ട്രഷറിയിൽനിന്നും 2,390 കോടി രൂപയാണ് കിഫ്ബിക്ക് നൽകിയത്. കിഫ്ബിയുടെ ചെലവഴിക്കലിനേക്കാൾ കൂടുതലാണ് ഗവൺമെന്റ് നൽകുന്നത്. എന്നിട്ട് കിഫ്ബി ഇല്ലായിരുന്നെങ്കിൽ അത് ഉണ്ടാകില്ല, ഇത് ഉണ്ടാകില്ല എന്നെല്ലാം പറഞ്ഞ് ഓരോരോ പ്രോജക്ടിനെയും ചൂണ്ടിക്കാണിച്ച് ഇങ്ങനെ വിലാപകാവ്യം ചമയ്ക്കുന്നത് ആരെ

കബളിപ്പിക്കാനാണ്; ഇതിലെ അഴിമതികളാണ് അന്വേഷിക്കേണ്ടത്. പലപ്പോഴും പല താൽപര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഇതിലെ പ്രയോറിറ്റികൾ മാറുന്നുവെന്ന് പറയുന്നതാണ്, ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദം. ഇതിന്റെ Exorbitant cost, അതുമായി ബന്ധപ്പെട്ട നൂലാമാലകൾ..... എന്റെ നിയോജകമണ്ഡലത്തിൽ കുറ്റിപ്പുറം എഞ്ചിനീയറിങ് കോളേജിൽ തുടങ്ങി കുമ്പിടി വഴി കടന്നുപോകുന്ന റോഡിന് ഉമ്മൻ ചാണ്ടി സർക്കാർ 2016-ലെ ബജറ്റിൽ 130 കോടി രൂപ അനുവദിച്ചതാണ്. അന്നത്തെ സർക്കാർ മാറി പിണറായി വിജയൻ സർക്കാർ അധികാരമേറ്റപ്പോൾ ആ പദ്ധതി കിഫ്ബിയിലേക്ക് മാറ്റി, പത്തുവർഷമായിട്ടും ഭൂമിയേറ്റെടുക്കൽ നടപടിയിലേക്ക് കടന്നിട്ടില്ല. അതിൽ ആദ്യത്തെ അഞ്ചുവർഷം ഞാനായിരുന്നു എം.എൽ.എ., എന്നാൽ ഗവൺമെന്റ് പിണറായി വിജയൻ സാറിന്റേതായിരുന്നു. എനിക്കുശേഷം, അഞ്ചുവർഷം അവിടെ ജനപ്രതിനിധിയായിരുന്ന വ്യക്തി മന്ത്രിയായിരുന്നിട്ടുപോലും ഭൂമിയേറ്റടുക്കലിലേക്ക് കടന്നിട്ടില്ല. പത്തുവർഷമാണ് കഴിഞ്ഞത്. നേരത്തെ ബജറ്റിലൂടെ നടക്കുമായിരുന്നൊരു

പദ്ധതി ഇപ്പോഴും delayed ആണ്. അതാണ് മൊത്തത്തിലുള്ള അവസ്ഥ. കിഫ്ബിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ കിഫ്ബി വന്നതുകൊണ്ട് നമ്മുടെ ബോറോയിങ് സ്പേസ് കുറഞ്ഞുവെന്നത് ഗുരുതരമായ ആക്ഷേപമാണ്. സംസ്ഥാനത്തിന് 26000 കോടിയോളം രൂപ മറ്റ് രീതിയിൽ കടമെടുക്കാൻ സാധിക്കുമായിരുന്നത് Off-Budget Borrowing കാരണം എടുക്കാൻ സാധിക്കുന്നില്ല. അത് വലിയൊരു പ്രശ്നമാണ്. കോസ്റ്റ് ഓഫ് ബോറോയിങ്, മറ്റ് മാർഗങ്ങളിലൂടെ വായ്പയെടുത്തിരുന്നെങ്കിൽ നൽകേണ്ടിവരുന്ന പലിശ നിരക്കിനേക്കാൾ കൂടുതലാണ് കിഫ്ബിയിലൂടെ എടുക്കുമ്പോഴുള്ള ചെലവ്. ഇത്തരത്തിലുള്ള അനുഭവങ്ങളിലൂടെയാണ് കിഫ്ബി ഒരു പൊളിഞ്ഞ മാതൃകയാണെന്ന് പറയേണ്ടിവരുന്നത്. എന്നാൽ ചില പദ്ധതികൾ നടന്നുവെന്നെല്ലാം നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുണ്ടാകും. പത്തിരുപത്താറായിരം കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്, എന്നത് ശരിയാണ്. എന്നാൽ കിഫ്ബി ഇല്ലായിരുന്നുവെങ്കിൽ എന്ത് നടക്കുമായിരിന്നുവെന്ന ചോദ്യത്തിന്, ഇതിനേക്കാൾ ബെറ്റർ ഓപ്ഷൻ ഉണ്ടാകുമായിരുന്നുവെന്നത് തന്നെയാണ്

അതിന്റെ ഉത്തരം. ഞാൻ മറ്റുള്ള കാര്യങ്ങളിലേക്കൊന്നും കൂടുതൽ കടന്നുപോകുന്നില്ല. മസാല ബോണ്ടിനെക്കുറിച്ച് പറയുകയാണെങ്കിൽ, 2150 കോടി രൂപയാണ് മസാല ബോണ്ടുവഴി 2019-ൽ സമാഹരിച്ചത്. പലിശനിരക്ക് (Coupon rate) 9.723 ശതമാനമായിരുന്നു. ലോകത്ത് എവിടെയുമില്ലാത്ത പലിശക്കാണ് എടുക്കുന്നത്. എന്നിട്ട് 2150 കോടി രൂപ മുതലിനൊപ്പം 1045 കോടി രൂപ പലിശയുമായി 2024-ൽ മുഴുവൻ തുകയും തിരിച്ചടച്ചു. ആ പലിശ അടയ്ക്കാൻ വലിയ വ്യഗ്രതയുണ്ടാകും, സ്വാഭാവികമാണ്. കാരണം ആ പലിശ, അത് വന്ന വഴി, എന്നിവയെക്കുറിച്ചെല്ലാം നമുക്ക് അറിയാമല്ലോ; അത് കൊടുക്കുമ്പോഴാണ് പലപ്പോഴും നേരത്തേ തീരുമാനിച്ച പല കൈമാറ്റങ്ങളും നടക്കുമായിരുന്നുള്ളൂവെന്ന് തോന്നിപ്പോകുയാണ്. ഏതായാലും അത്തരത്തിൽ സംസ്ഥാനത്തിനുണ്ടാക്കിയ അപരിഹാര്യമായ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ടതല്ലേ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം പുറത്തുവന്ന C&AG-യുടെ റിപ്പോർട്ടിൽ ഗുരുതരമായ

കണ്ടെത്തലുകളാണുള്ളത്. കഴിഞ്ഞ പത്തുവർഷം ഇവിടത്തെ സർക്കാർ സംവിധാനങ്ങൾ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ചാണ് C&AG സഭയ്ക്കുമുമ്പാകെ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2023-24 ൽ പല തരത്തിലുള്ള ഗ്രാന്റുകളായി 9,035 കോടി രൂപയാണ് ഗവൺമെന്റ് പഞ്ചായത്തുകൾക്ക് അനുവദിച്ചത്. അതിൽ 3,367 കോടി രൂപയും ചെലവഴിക്കാൻ കഴിയാതെ കാലഹരണപ്പെട്ടുവെന്നാണ് C&AG കണ്ടെത്തിയിരിക്കുന്നത്. 36.86 ശതമാനം ഉപയോഗിക്കാൻ സാധിച്ചിട്ടില്ല.

ചെയർപേഴ്സൺ: അങ്ങ് ചുരുക്കണം.

ശ്രീ. വി. ടി. ബൽറാം: സർ, നഗരവികസനത്തിനായി 2318 കോടി രൂപ ഗവൺമെന്റ് ഗ്രാന്റ് അനുവദിച്ചതിൽ 495 കോടി രൂപ, ഏകദേശം 22 ശതമാനം വിനിയോഗിച്ചിട്ടില്ല. ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. മെയിനന്റൻസ് ഫണ്ട് അനുവദിക്കുമല്ലോ; നമ്മുടെ ഗ്രാമീണ റോഡുകൾ തകർന്നുകിടക്കുന്നതിന്റെ കാരണം റോഡുകൾക്കായി അനുവദിച്ചതിന്റെ 71 ശതമാനം തുകയും ചെലവഴിച്ചിട്ടില്ലെന്നതാണ്. നോൺ റോഡ് ഫണ്ടിന്റെ 49.76, അമ്പത് ശതമാനം ചെലവഴിച്ചിട്ടില്ല. വികസന ഫണ്ട്

അനുവദിച്ചതിന് 117 ദിവസം, അതായത് നാലുമാസവും മെയിനന്റനൻസ് ഫണ്ടിന് 114 ദിവസവുമാണ് കാലതാമസംവരുത്തിയത്. ഒരു വർഷത്തെ കാര്യം മാത്രമാണ് ഞാനിപ്പോൾ സൂചിപ്പിച്ചത്. ജനറൽ പർപ്പസ് ഫണ്ട് അനുവദിക്കുന്നതിലും 89 ദിവസം കാലതാമസം വന്നു. ഇപ്രകാരമാണ് നമ്മുടെ പഞ്ചായത്തുകളെ ഇവർ തകർത്തത്. ഇവിടെ ഇതാ നമ്മുടെ സർക്കാർ അധികാരത്തിൽ വന്നു, സമയബന്ധിതമായി ആദ്യ ഗഡു നൽകിയില്ലേ; അതിൻപ്രകാരമാണ് കഴിഞ്ഞ വർഷത്തെ പെൻഡിങ് ബില്ലുകൾ കൊടുത്തുതീർത്തത്. രണ്ടാമത്തെ ഗഡു അനുവദിക്കുന്നതിനാണ് ഈ ഉപധനാഭ്യർഥന. അതിനാലാണ് ഈ ഉപധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നത്.

അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത്, ഹരിതകർമ്മ സേനാംഗങ്ങളുടെ സ്ഥിതി വളരെ കഷ്ടമാണ്. സാമൂഹ്യ പ്രാധാന്യമുള്ള വലിയ ഉത്തരവാദിത്വമാണ് അവർ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ അവർക്ക് സ്ഥിരവരുമാനമുണ്ടാകുന്ന തരത്തിലുള്ള പദ്ധതി ആലോചിക്കേണ്ടതുണ്ട്. ഒരു ശമ്പളം അവർക്ക്, എത്രയാണെന്നത്

സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയ്ക്കനുസൃതമായി തീരുമാനിക്കാം. അതോടൊപ്പം അവർക്ക് ഇപ്പോൾ കിട്ടുന്ന മാസ വരുമാനം പത്തോപതിനയ്യായിരം രൂപയോ ലഭിക്കുന്ന അവസ്ഥയിലേക്ക് നടപടി സ്വീകരിക്കണം. അതോടൊപ്പം ഒരു കാര്യം കൂടി മാത്രമേ എനിക്ക് പറയാനുള്ളൂ, C&AG റിപ്പോർട്ടിൽ സ്ലോട്ടർഹൗസുകളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഗവൺമെന്റ് നല്ലരീതിയിൽ ശ്രദ്ധിക്കേണ്ട ഒരു വിഷയമാണിത്. കേരളം ആഗോള നിലവാരത്തിലേക്ക് ഉയരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മൾ രാവിലെ പുറത്തിറങ്ങുമ്പോൾ വൃത്തിഹീനമായ സാഹചര്യത്തിൽ, carcass സ്ലോട്ടർഹൗസുകളിൽ തൂങ്ങിക്കിടക്കുന്ന തരത്തിൽ കാണുന്നതുതന്നെ ശരിയായ രീതിയല്ല, അത് ഹൈജീനിക് അല്ല. അക്കാര്യത്തിൽ സർക്കാർ നല്ല രീതിയിയിലുള്ള ഇടപെടൽ നടത്തണം. Abattoir സർവീസസ് പോലുള്ള സംവിധാനങ്ങളുണ്ടെങ്കിലും, അതിനേക്കാൾ മെച്ചപ്പെട്ടതും ശാസ്ത്രീയവുമായ സ്ലോട്ടറിങ് സംവിധാനം നടപ്പാക്കാൻ സാധിക്കണം. ഇക്കാര്യത്തിൽ നല്ലരീതിയിലുള്ള പ്രൊഫഷണലുകളെ സൃഷ്ടിക്കാൻ 'ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി' പോലുള്ള കോഴ്സുകൾ ഇഗ്നോ

നടത്തിവരുന്നുണ്ട്. നല്ല രീതിയിൽ ട്രേയ്ഡും പ്രൊഫഷണലുമായ...

ചെയർപേഴ്സൺ: യെസ്. അടുത്ത അംഗത്തെ വിളിക്കുന്നതാണ്...

ശ്രീ. വി. ടി. ബൽറാം: സർ, ഈ സെന്റൻസ് കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. പ്രൊഫഷണലായ ആളുകൾ ഈ രംഗത്ത് കടന്നുവരുന്ന തരത്തിൽ, സ്ലോട്ടർഹൗസുകൾ കൂടുതൽ കമനീയമായും ആധുനികവുമായ രീതിയിൽ നവീകരിക്കേണ്ടതുണ്ട്. ഇതിനായി ഗവൺമെന്റുതന്നെ സബ്സിഡിയും സോഫ്റ്റ്ലോണും ഉൾപ്പെടുന്ന പദ്ധതികൾ ആവിഷ്കരിച്ച് ഇവരെ മെച്ചപ്പെട്ട രീതിയിൽ മാറ്റുന്നതിനുള്ള ഇടപെടൽകൂടി നടത്തണമെന്ന് പറഞ്ഞുകൊണ്ടും അതിനനുസൃതമായ ഫണ്ട് ആവശ്യമുള്ളതുകൊണ്ടും ഈ ഉപധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. പ്രവീൺ കുമാർ: സർ, ഈ സർക്കാരിന്റെ ഉപധനാഭ്യർഥനകളെയും അധികധനാഭ്യർഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.ഐ. (എം.) നേതാക്കൾ ഒഴികെയുള്ള എല്ലാ മലയാളികളും നല്ല വിസ്മയത്തിലാണ്. അവർക്ക് വൈകി മാത്രമല്ലേ ബുദ്ധി ഉദിക്കുകയുള്ളൂ, ഞാൻ

കുറ്റപ്പെടുത്തുന്നില്ല. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ആദ്യമായി സംസാരിച്ചത് പ്രതിപക്ഷാംഗമായ ശ്രീ. എം. വിജിൻ ആണ്. അദ്ദേഹം ഉപയോഗിച്ച ആദ്യ വാചകം യു.ഡി.എഫ്. സർക്കാരിന്റെ നയം, 'പാലം കടക്കുവോളം നാരായണ, പാലം കടന്നാൽ ക്കുരായണ' എന്നാണ്. ഞങ്ങൾ പാലം കടക്കുമ്പോഴും പാലം കടന്നാലും നാരായണ എന്നുതന്നെ വിളിക്കും. അങ്ങനെയെങ്കിലും ആ നാരായണ മന്ത്രം, ദിവസവും ക്കുരായണ മന്ത്രം ജപിക്കുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിനോട് സാർ ഇത് പറഞ്ഞല്ലോ എന്നത് ഒരു ഗുണമായി ഞാൻ കാണുന്നു. അദ്ദേഹത്തിന്റെ രണ്ടാമത്തെ പരാതി, ഗവർണ്ണറെ യാത്ര അയയ്ക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയന്റെ സ്റ്റൈൽ സ്വീകരിച്ചില്ലായെന്നതാണ്. ശ്രീ. പിണറായി വിജയന്റെ സ്റ്റൈൽ ശ്രീ. വി. ഡി. സതീശൻ സ്വീകരിച്ചാൽ കേരളീയർ അദ്ദേഹത്തെ വെറുതെ വിടുമോ; ആ ശൈലി മാറാനല്ലേ അദ്ദേഹത്തെ തിരഞ്ഞെടുത്തത്. മറ്റ് ചില കാര്യങ്ങളെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പ് വെന്റിലേറ്ററിലാണെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പല്ല വെന്റിലേറ്ററിൽ, നിങ്ങളുടെ

പാർട്ടിയാണ് ഇപ്പോൾ കേരള രാഷ്ട്രീയത്തിൽ വെന്റിലേറ്ററിലുള്ളത്. നേരത്തെ ശ്രീ. എം. എം. നസീർ പറഞ്ഞതിന്റെ ഏറ്റവും വലിയ തെളിവാണ് ഡൽഹിയിൽ നടത്തിയ സമരം. എനിക്ക് വളരെ ഇഷ്ടമുള്ള ഒരു വ്യക്തിയാണ് കെ. എൻ. ബാലഗോപാൽ. നല്ലൊരു സമരം ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ നടക്കുമ്പോൾ ശ്രീ. ജോൺ ബ്രിട്ടാസ് എം.പി.-യുടെ വാക്കുകൾ കേട്ട് മുദ്രാവാക്യം വിളിക്കേണ്ട കാര്യമുണ്ടായിരുന്നോ? ശ്രീ. പിണറായി വിജയന്റെ കൈ പിടിച്ചുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധിയുടെ സമരത്തിന്റെ കൂടെനിന്നാൽ എന്ത് രസമായിരുന്നു. എനിക്ക് നിങ്ങളുടെ മുദ്രാവാക്യം കേട്ടപ്പോൾ ശ്രീ. ഹരീഷ് കണാരന്റെ കോമഡി ഷോയിലെ ഒരു രംഗമാണ് ഓർമ്മവന്നത്. ഒരു തിരഞ്ഞെടുപ്പിൽ തോറ്റപ്പോൾ 'ഇങ്ങനെയൊക്കെ ചെയ്യാമോ..., നാളെ നമ്മൾ കാണേണ്ടേ...., അഞ്ചാം ക്ലാസിൽ പഠിച്ചപ്പോൾ..., അമ്മ ചുട്ട വെള്ളേപ്പം മുട്ട കൂട്ടി കഴിച്ചിട്ട്..., ഇങ്ങനെയൊക്കെ ചെയ്യാമോ....' എന്നൊക്കെ മുദ്രാവാക്യം വിളിക്കുന്ന രംഗമാണ് ഓർമ്മവന്നത്. അതിൽനിന്ന് നിങ്ങളുടെ പാർട്ടിയുടെ അവസ്ഥ മനസ്സിലായില്ലേ; റോഡുകളും പാലങ്ങളുമൊക്കെ നിർമ്മിച്ചെന്ന് നിങ്ങൾ

പറഞ്ഞല്ലോ; ഞങ്ങളുടെ ജില്ലയിലെ റോഡുകൾ നിർമ്മിച്ചതിന്റെ കഥ അറിയുമോ? ശ്രീ. കെ. ജയന്തിന്റെ നിയോജകമണ്ഡലത്തിലെ മാനാഞ്ചിറ വെള്ളിമാടുകുന്ന് റോഡ് നിർമ്മിച്ചുകഴിഞ്ഞ് ഒരു മഴ പെയ്തപ്പോഴേയ്ക്കും ടാർ മുഴുവൻ ഒലിച്ചുപോയി, റോഡ് മുഴുവൻ ചെളിയാണ്. അദ്ദേഹം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിൽ അന്വേഷണം ആരംഭിച്ചിരിക്കുകയാണ്. കോഴിക്കോടിനെയും മലപ്പുറത്തെയും ബന്ധിപ്പിക്കുന്ന പാലം നിർമ്മിച്ചത് പൊളിഞ്ഞ് വീണിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ തോരായിക്കടവ് പാലവും പൊളിഞ്ഞ് വീണിരിക്കുകയാണ്. ഇങ്ങനെ ഓരോന്നും പൊളിഞ്ഞുവീണുകൊണ്ടിരിക്കുകയാണ്. സ്കൂളുകൾ അന്താരാഷ്ട്രാ നിലവാരത്തിലാക്കിയെന്ന് പറയുന്നുണ്ട്. നല്ലൊരു കന്മതിലും വലിയൊരു കവാടവും പണിതുവച്ചു. എന്നാൽ എന്ത് നിലവാരമാണ് നിങ്ങൾ സ്കൂളുകൾക്ക് ഉണ്ടാക്കിക്കൊടുത്തത്; നിങ്ങൾ ചോദ്യ പേപ്പർ ചോർത്തിക്കൊടുത്തില്ലേ? നിങ്ങളുടെ പത്ത് വർഷക്കാലയളവിൽ കുട്ടികൾക്ക് നിങ്ങളിൽ വിശ്വാസം നഷ്ടപ്പെട്ടിരുന്നു, പഠിക്കാൻ താൽപര്യമില്ലായിരുന്നു. പത്താം ക്ലാസ്

തോറ്റവൻ ബി.കോം. ജയിച്ചു, ബികോം തോറ്റവൻ എം.കോം. ജയിച്ചു. വി. ഡി. സതീശൻ സർക്കാരിന്റെ കാലത്ത് അതൊക്കെ മാറി വരികയാണ്. കേരളത്തിലെ ഔട്ട്ഡേറ്റഡ് സിലബസ് മാറി സുതാര്യമായ വിദ്യാഭ്യാസം കൊണ്ടുവരുമെന്ന് പറഞ്ഞ വി. ഡി. സതീശൻ സർക്കാരിൽ വളരെ പ്രതീക്ഷയാണ് പുതുതലമുറയ്ക്കുള്ളത്. അത് മാത്രമല്ല, കഴിഞ്ഞ ദിവസം 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ എന്ന ഏറ്റവും പ്രധാനപ്പെട്ട ബിൽ സഭയിൽ കൊണ്ടുവരികയുണ്ടായി. 'മാതാ, പിതാ, ഗുരു, ദൈവം' എന്ന ആപ്തവാക്യം കേട്ട് വളർന്നവരാണ് നമ്മൾ. ആ ആപ്തവാക്യം നെഞ്ചിലേറ്റിയ സർക്കാരാണിതെന്നായിരിക്കും ചരിത്രം നാളെ ഈ ബില്ലിനെ രേഖപ്പെടുത്തുന്നത്. അവഗണിക്കപ്പെടുമെന്ന് ഭീതിയുള്ള ഒരു സമൂഹത്തെ ഭരണകൂടം ചേർത്ത് പിടിക്കുകയാണ് ചെയ്തത്. നമ്മളെല്ലാവരും നാളെ മുതിർന്ന പൗരന്മാരാകുന്ന വ്യക്തികളാണ്. എല്ലാവർക്കും ഉപകാരപ്പെടുന്ന ബില്ലാണിത്. അതുമാത്രമല്ല വയോജന സംരക്ഷണമെന്ന ക്ലീഷേയ്ക്കപ്പുറത്ത് വയോജന ശാക്തീകരണം എന്ന പുതുപദത്തോടൊപ്പമാകും ഈ സർക്കാർ

നാളെ അറിയപ്പെടുന്നത്. മുതിർന്ന പൗരന്മാരെ പ്രവർത്തന നിരതരാക്കുകയെന്നത് പ്രഖ്യാപിത ലക്ഷ്യമാക്കിയ ഇന്ത്യയിലെ ഏക സർക്കാരാണ് കേരളാസർക്കാർ. ഇന്ത്യയിൽ ആദ്യമായി വയോജനങ്ങൾക്കായി ഒരു വകുപ്പും നിയമവും കൊണ്ടുവന്ന കേരളത്തിന്റെ പേര് സംസ്ഥാന സർക്കാരുകളുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ ആലേഖനം ചെയ്യപ്പെടും. അതിനേയും തുരങ്കം വയ്ക്കുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് ആവശ്യമുള്ള പദ്ധതികൾ കൊണ്ടുവന്നാൽ അതിനെ പിന്തുണയ്ക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.എൽ.എ.-മാരോട് പറഞ്ഞിരിക്കുന്നത്. എന്റെ നിയോജകമണ്ഡത്തിലെ മുതിർന്ന പൗരന്മാരുമായി ഒരു കോൺക്ലേവ് സംഘടിപ്പിക്കാൻ ഞാൻ തീരുമാനിച്ചു. അതിൽ ഉയർന്നുവരുന്ന ആവശ്യങ്ങൾ അറിഞ്ഞ് ഒരു പദ്ധതി സമർപ്പിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പദ്ധതിയെ പിന്തുണയ്ക്കുമെന്ന ഉറപ്പും എനിക്കുണ്ട്. മറ്റൊരു ബില്ലാണ് 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ. കടലും കായലുകളും പുഴകളും കവി ഭാവനയ്ക്കപ്പുറത്ത് വികസനത്തിന് ഉപയോഗിക്കാമെന്ന് കർമ്മത്തിലൂടെ

തെളിയിക്കാൻ പോകുകയാണ് വി. ഡി. സതീശൻ സർക്കാർ. ഇക്കാര്യം നിങ്ങളുടെ ചിന്തയിലുണ്ടായിരുന്നോ; കടലിലൂടെയും പുഴയിലൂടെയും കായലിലൂടെയും നാടിന് വികസനമുണ്ടാക്കാമെന്ന ചിന്ത നിങ്ങളുടെ മനസ്സിലുണ്ടായിരുന്നോ; അതുമാത്രമാണോ; ഇത് ചരിത്രത്തിന്റെ ഭാഗമാകാൻ പോകുകയാണ്. മത്സ്യ സമ്പത്തിനപ്പുറത്ത് കേരളത്തിന്റെ ജല വിഭവങ്ങൾ പല വിധത്തിൽ ഉപയോഗപ്പെടുത്തുന്ന യു.ഡി.എഫ്. സർക്കാരിന്റെ പദ്ധതിയെ അഭിനന്ദിക്കാൻ വാക്കുകൾക്കായി ഏത് ഉദ്ധരണിയെ കൂട്ടുപിടിക്കണമെന്ന് തപ്പുകയാണ് കേരളജനതയുടെ മനസ്സ്. ഇത്തരം പദ്ധതികൾ കൊണ്ടുവന്നില്ലെന്ന് മാത്രമല്ല അതിനെ തുരങ്കം വയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. മുസിരിസ് തുറമുഖത്തിന്റെ വാണിജ്യ സാംസ്കാരിക കുളിർക്കാറ്റേറ്റുവളർന്ന കൊടുങ്ങല്ലൂരിലെ പറവൂർ മേഖലയിൽനിന്നുള്ള നമ്മുടെ മുഖ്യമന്ത്രിക്ക് ജലമർമ്മരം വേഗത്തിൽ ഗ്രഹിക്കാൻ സാധിച്ചുവെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. കടലും കായലുകളും പുഴകളും കേരളത്തിന്റെ വികസനത്തിലേയ്ക്കുള്ള പുതിയ വാതിലുകളായി മാറുകയാണ്. ഇതിനെ

പിന്തുണയ്ക്കാൻ നിങ്ങൾ തയ്യാറാകണം. ഈ വികസനങ്ങളൊക്കെ വന്നാൽ നാടിന്റെ മുഖച്ഛായ മാറും. വളർന്നുവരുന്ന പുതിയ തലമുറയോട് നമുക്ക് നീതിപുലർത്തണം. അതുപോലെ ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ വികസന വിരുദ്ധരുടെ ഭരണം മാറി വികസനകാംക്ഷികളുടെ ഭരണം വന്നുവെന്ന് കേരളത്തെ ബോധ്യപ്പെടുത്തുകയാണ്. തളിപ്പറമ്പിലെ സാജന്റെ അവസ്ഥ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇനിയും ഒരു സാജൻമാരും കേരളത്തിൽ ഉണ്ടാകരുതെന്നുള്ള പുതിയ സന്ദേശമാണ് നിക്ഷേപകർക്കായി ഈ സർക്കാർ നൽകുന്നത്. മലയാളികൾക്ക് എല്ലായിടത്തും നിക്ഷേപമുണ്ട്. പക്ഷേ മലയാള നാട്ടിലില്ല. മലയാളിയുടെ നിക്ഷേപം ബെംഗളൂരുവിലും യൂറോപ്പിലും ഗൾഫ് നാടുകളിലുമുണ്ട്. പക്ഷേ കേരളത്തിലുണ്ടായിരുന്നില്ല. അവർക്ക് ഈ സർക്കാർ ആത്മവിശ്വാസം നൽകിയിരിക്കുകയാണ്. അതുപോലെ കേരളത്തിലെ ഓപ്പറേഷൻ ട്വഫാൻ

ജനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. പോലീസ് കൂടുതൽ ജനകീയമാക്കപ്പെടുകയാണ്. പോലീസിന് വീഴ്ച പറ്റിയെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പരസ്യമായി പറഞ്ഞ സംഭവം മുമ്പ് കേരളത്തിലുണ്ടായിട്ടുണ്ടോ; ആ വകുപ്പിനോടുള്ള ആത്മാർഥതയും അത് നന്നായി കൊണ്ടുപോകാനുള്ള ആഗ്രഹംകൊണ്ടുമാണ് അദ്ദേഹം അത് പറഞ്ഞത്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് ഒരു അനുഭവമുണ്ടായി. കോഴിക്കോട് ജില്ലയിലെ പട്ടയമേള കഴിഞ്ഞ് ഇറങ്ങിവന്നപ്പോൾ 40 വർഷമായി പട്ടയം ലഭിക്കാതെയിരുന്ന ഒരു അമ്മ വന്ന് റവന്യൂ വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറിനെ കെട്ടിപ്പിടിച്ചുകരയുന്ന കാഴ്ച ഞങ്ങൾ എം.എൽ.എ.-മാർ അടക്കമുള്ളവർ കണ്ടു. അദ്ദേഹം റവന്യൂ വകുപ്പിൽ വിപ്ലവം സൃഷ്ടിക്കുകയാണ്. അതുമാത്രമല്ല, സഹകരണ മേഖല സംശുദ്ധമായിക്കൊണ്ടിരിക്കുകയാണ്. ടൂറിസം, തൊഴിൽ എന്നീ മേഖലകൾ വിപ്ലവകരമായി മുന്നോട്ടുപോകുകയാണ്. കേരളത്തിന്റെ ആരോഗ്യ രംഗം ശക്തമായി മുന്നോട്ടുപോകുകയാണ്. അങ്ങനെ സമസ്ത മേഖലയിലും മികച്ച പുരോഗതിയുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. എനിക്ക് ഒന്നേ

പറയാനുള്ളൂ, ഈ നല്ല കാലത്തേക്കുള്ള യാത്രയിൽ പ്രതിപക്ഷം ഞങ്ങൾക്കൊപ്പം നിൽക്കേണ്ട, പക്ഷേ തുരങ്കം വയ്ക്കരുത്. അങ്ങനെ ചെയ്താൽ കാലവും ചരിത്രവും നിങ്ങൾക്ക് മാപ്പുതരില്ല. നമസ്കാരം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ ഈ ഉപധനാഭ്യർഥകളെയും അധിക ധനാഭ്യർഥനകളെയും എതിർക്കുകയാണ്. ഏതൊരു സംസ്ഥാനത്തിന്റെയും ചരിത്രത്തിൽ, നേതൃത്വത്തിന്റെ യഥാർഥ അളവുകോൽ വെളിപ്പെടുന്നത് പ്രതിസന്ധിയുടെ കാലത്താണ്. ജനങ്ങളെ ഒരുമിപ്പിച്ച് പ്രവർത്തിപ്പിക്കാനുള്ള ധൈര്യം, പ്രതികൂല സാഹചര്യങ്ങളെ അവസരങ്ങളാക്കി മാറ്റുന്നതിനുള്ള കഴിവ്, നിലവിലുള്ള സംവിധാനങ്ങളുടെയും ഭരണപരമായ ചട്ടക്കൂടുകളുടെയും പോരായ്മകളെക്കുറിച്ച് പരിതപിക്കുന്നതിനുപകരം അവയിൽ ഉറച്ച മാറ്റങ്ങൾ വരുത്താനുള്ള ഇച്ഛാശക്തി, സംസ്ഥാനത്തെ സമഗ്ര വികസനത്തിലേക്ക് നയിക്കാനുള്ള കഴിവ് എന്നിവ അതിൽ ഉൾപ്പെട്ടവയാണ്. 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്ന് ഓർമ്മിക്കുന്നത് നന്നായിരിക്കും. 1500

കോടിയിൽപ്പരം രൂപയാണ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാർക്ക് കുടിശ്ശികയായി നൽകാനുണ്ടായിരുന്നത്. പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്ക് ഇപ്പോൾ ആശ്വാസമാണ്. കാരണം, റോഡുകളുടെ അറ്റകുറ്റപ്പണികൾ വലുതായി ചെയ്യേണ്ടതായിട്ടില്ല, ജനങ്ങളുടെ ശകാരവും ബുദ്ധിമുട്ടുകളും കേൾക്കേണ്ട. കഴിഞ്ഞ പത്ത് വർഷം കൊണ്ട് കേരളത്തിലെ പൊതു റോഡുകളെ ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്തി മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. അന്ന് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ നിലനിന്നിരുന്ന വിവാദങ്ങൾ നമുക്ക് ഓർമ്മയുണ്ട്. ആ സർക്കാർ അക്കാര്യത്തിൽ സ്വീകരിച്ച നിലപാട് വിവാദങ്ങൾക്കുപകരം വികസനവും, അതിലൂടെ സമൂഹിക വളർച്ചയും സാമൂഹിക ക്ഷേമവും ഉയർത്തി ജനങ്ങളിൽ ആത്മവിശ്വാസം വർധിപ്പിക്കുകയെന്നതായിരുന്നു. ഇന്ന് കേരളത്തിലെ സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന് ഞങ്ങൾ പറയുന്നില്ല. ശ്രീ. ടി. വി. ഇബ്രാഹിം അറിവുള്ള വ്യക്തിയാണ്. കേരളത്തിൽ ഇടതുപക്ഷം തകർന്നടിഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞത് എന്ത് അടിസ്ഥാനത്തിലാണെന്ന്

എനിക്ക് മനസ്സിലാകുന്നില്ല. ഇതിനേക്കാൾ തകർന്നടിഞ്ഞ കാലം യു.ഡി.എഫ്.-നും കോൺഗ്രസിനും ഉണ്ടായിട്ടില്ലേ; കേവലം ഒൻപത് നിയമസഭാമണ്ഡലങ്ങളിൽ മാത്രം ജയിച്ച കാലം കേരളത്തിന്റെ ചരിത്രത്തിൽനിന്ന് മാറ്റി നിർത്താനാകുമോ; എന്നിട്ട് യു.ഡി.എഫ്. തിരിച്ചുവന്നില്ലേ; ദേശീയ തലത്തിൽ, പാർലമെന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ ഗതി എന്തായിരുന്നു; അവർ തിരിച്ചുവന്നുകൊണ്ടിരിക്കുകയല്ലേ? കേരളത്തിൽ ഇപ്രാവശ്യം എൽ.ഡി.എഫ്. പരാജയപ്പെട്ടു. പക്ഷേ അഖിലേന്ത്യാടിസ്ഥാനത്തിൽ ഇടതുപക്ഷ ചിന്തകൾ വച്ചുപുലർത്തുന്ന വിദ്യാർഥി സമൂഹം ബഹുജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുന്ന, ഏറ്റവും ദേശീയ പ്രാധാന്യമുള്ള വിഷയത്തെ അടിസ്ഥാനമാക്കി നടത്തുന്ന ഉജ്വലമായ പോരാട്ടം ഇന്ത്യൻ ജനതയിലുണ്ടാക്കുന്ന ആവേശം ചെറുതാണോ? അത് ഇടതുപക്ഷ ചിന്താധാരയുടെ ഭാഗമായി ഉയർന്നുവന്നതാണ്. അതൊരു നിയമസഭ മണ്ഡത്തിലെ അംഗസംഖ്യവച്ചോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ച പിന്തുണവച്ചോ സീറ്റുകളുടെ എണ്ണം വച്ചോ

അളക്കേണ്ടതല്ല. ഇടതുപക്ഷ ചിന്ത ഏത് നിമിഷം എങ്ങനെയാണ് ബഹുജനങ്ങളിലേക്ക് വ്യാപിക്കുന്നതെന്ന് നമുക്ക് മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കുന്നതേയല്ലെന്ന് അറിയാത്ത വ്യക്തിയല്ല ശ്രീ. ടി. വി. ഇബ്രാഹിം. എന്നാലും അദ്ദേഹം അത് പറഞ്ഞുപോയി. സംസ്ഥാനത്ത് ഇടതുപക്ഷത്തിന് തിരിച്ചടിയുണ്ടാകും തളർച്ചയുണ്ടാകും നേട്ടമുണ്ടാകും. ജനങ്ങൾ ഇടതുപക്ഷത്തെ ഉൾക്കൊള്ളേണ്ട സമയങ്ങളിൽ ഉൾക്കൊള്ളുകയും മുന്നോട്ട് നയിക്കുകയും ചെയ്തിട്ടുള്ള ചരിത്രമാണ് കേരളത്തിനുള്ളതെന്ന് ഓർമ്മപ്പെടുത്താൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയാണ്. എല്ലാവരും സംതൃപ്തരാണെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ടി. ബൽറാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഞാൻ പറയുന്നു, സംതൃപ്തരല്ലാത്ത ഒരു വിഭാഗവുമുണ്ട്. പ്രാദേശിക സർക്കാരിൽ അംഗമായിട്ടുള്ള പഞ്ചായത്ത് മെമ്പർമാർ, ബ്ലോക്ക് മെമ്പർമാർ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ എന്നിവർ. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ അവസാനം അവതരിപ്പിച്ച ബജറ്റിൽ, അവർക്കാവശ്യമായ സഹായം നൽകുന്നതിന് ഒരു വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിനുള്ള നിർദേശം നിയമസഭയിൽ അവതരിപ്പിച്ചിരുന്നു.

വളരെ പാവപ്പെട്ട, ഏറ്റവും കൂടുതൽ ജോലി ഭാരം അനുഭവിക്കുന്ന അവർക്കൊരു വെൽഫെയർ സംവിധാനം കൊണ്ടുവരേണ്ടതുണ്ട്. അവർ ആരെക്കാളും അധ്വാനിക്കുന്നവരാണ്, ജനങ്ങളെ സേവിക്കുന്നവരാണ്. എം.എൽ.എ.-മാരെപ്പൊലെതന്നെ നാട്ടിലെ സാധാരണക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടി തലങ്ങും വിലങ്ങും ഓടുന്നവരാണ്. അവർക്ക് 7000 മുതൽ 10000 വരെ രൂപ വരെയുള്ള വളരെ തുച്ഛമായ വരുമാനം ലഭിച്ചാൽ മതിയാകില്ല. അവർക്കുവേണ്ടി ഒരു വെൽഫെയർ ഫണ്ട് ഇടതുപക്ഷ സർക്കാർ പ്രൊപ്പോസ് ചെയ്തിരുന്നതാണ്. അത് കൊണ്ടുവന്നാൽ അവരെക്കൂടി സംതൃപ്തിയിലേക്ക് നയിക്കാമെന്നാണ് സൂചിപ്പിക്കാനുള്ളത്. ജനങ്ങൾ പുതിയ ബജറ്റിനെക്കുറിച്ച് വലിയ പ്രതീക്ഷയാണ് പുലർത്തിയിരുന്നത്. എന്നാൽ ആ പ്രതീക്ഷകൾക്കനുസരിച്ചുള്ള വ്യക്തമായ പദ്ധതികളും സാമ്പത്തിക ഉറപ്പുകളും ബജറ്റിലുണ്ടോ എന്ന് നാം പരിശോധിക്കേണ്ടതാണ്. ഒരു ആധുനിക സമൂഹത്തിന്റെ പുരോഗതി അളക്കുന്നത് അവിടെത്തെ ഏറ്റവും ദുർബലരായ മനുഷ്യർക്ക് ലഭിക്കുന്ന പരിഗണനയുടെ അടിസ്ഥാനത്തിലാണ്. ദരിദ്രന് ഭക്ഷണം, ഭവന രഹിതന്

വീട്, രോഗിക്ക് ചികിത്സ, വിദ്യാർഥിക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം, വയോജനങ്ങൾക്ക് സംരക്ഷണം, സ്ത്രീകൾക്ക് സുരക്ഷ, കർഷകന് മാന്യമായ വരുമാനം, തൊഴിലാളിക്ക് തൊഴിൽ സുരക്ഷ, മാന്യമായ ശമ്പളം ഇവയൊക്കെയാണ് ജനക്ഷേമ ഭരണത്തിന്റെ അടിസ്ഥാന ഉത്തരവാദിത്വങ്ങൾ. ഇക്കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കിഫ്ബിയെ സംബന്ധിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുകൂടി വിശദമാക്കാൻ അവസരം നൽകണം. കിഫ്ബിയുടെ കാര്യത്തിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. കേരളത്തിലെ റോഡുകൾ, പാലങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യവികസന മേഖലകളിൽ കിഫ്ബി മുഖേന നിരവധി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഒരു നിയോജകമണ്ഡലത്തോടും വിവേചനമില്ലാതെയാണ് ഇടതുപക്ഷ സർക്കാർ ഫണ്ട് വിനിയോഗിച്ചിരുന്നതെന്ന കാര്യം എല്ലാവർക്കുമറിയാം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമസഭയിലെ ചർച്ചയിൽ, ' നിങ്ങൾ കയ്യിൽ നിന്നും തരികയല്ലല്ലോ' എന്നുപറഞ്ഞ നിയമസഭാ സാമാജികർ

പ്രതിപക്ഷത്തുണ്ടായിരുന്നു. ഇപ്പോൾ ശ്രീ. വി. ടി ബൽറാം കിഫ്ബിയെ ഒരുപാട് കുറ്റം പറഞ്ഞല്ലോ; ആയിരം കോടിയിലേറെ രൂപയുടെ കിഫ്ബി ഫണ്ട് തൃത്താല നിയോജകമണ്ഡലത്തിൽ വിനിയോഗിച്ചതായ കണക്കുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഒരുപക്ഷെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടാകില്ല. ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ മിനിസ്റ്റർ ആയിരുന്ന ആളാണ്. അദ്ദേഹവും കിഫ്ബി ഫണ്ട് ഉപയോഗിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ 600 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. വി. ടി. ബൽറാം:സർ, (മൈക്ക് ഓഫ്)

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കിഫ്ബിക്കുള്ള ഒരു പ്രത്യേകത... ശ്രീ. വി. ടി. ബൽറാം, ഒരു മിനിട്ട് ശ്രദ്ധിക്കൂ, ഞാൻ പറഞ്ഞു നിർത്തിയതിനുശേഷം വഴങ്ങാം. സാധാരണ ഗതിയിൽ പ്ലാൻ ഫണ്ട് കൂടുതലും വിനിയോഗിച്ചിരുന്നത് അർബൻ മേഖലയിലായിരുന്നു. കിഫ്ബി വന്നപ്പോൾ ഗ്രാമങ്ങളിലും ഫണ്ട് എത്തി. സാധാരണക്കാരുടെ ജീവിതത്തിൽ മാറ്റം വരുത്തുവാൻ കിഫ്ബി ഫണ്ട് ഉപയോഗിച്ചു. എന്റെ

നിയോജകമണ്ഡലത്തിൽ, കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് മൂവായിരത്തോളം വരുന്ന ആദിവാസികൾ താമസിക്കുന്ന സ്ഥലത്ത് 50 വർഷക്കാലമായുള്ള അവരുടെ ഒരു ആവശ്യം പൂർത്തീകരിച്ചത്. നിങ്ങൾ സ്ത്രീകൾക്ക് ബസ്സുകളിൽ സൗജന്യ യാത്രാസൗകര്യം ഏർപ്പെടുത്തി. എന്നാൽ അക്കാര്യത്തിൽ എനിക്കൊരു പരിഭവമുണ്ട്. നിങ്ങൾ പറഞ്ഞ വാഗ്ദാനം നിറവേറ്റിയിട്ടില്ല, ലോക്കൽ ബസ്സുകളിൽ മാത്രമാണ് ആ പരിഗണന ലഭിക്കുന്നത്. എല്ലാ ബസ്സുകളിലും ആനുകൂല്യം നൽകണം. തുല്യനീതി ലഭ്യമാക്കണമെന്നാണ് അക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ചെയർപേഴ്സൺ</u>: ദയവായി അങ്ങ് പ്രസംഗം ചുരുക്കണം.. പ്ലീസ്..

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. റോയി കെ. പൗലോസ്</u>: സർ, 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. യു.ഡി.എഫ്. കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിക്കണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാല്

മാസക്കാലമായി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. സർക്കാരിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അനുബന്ധ നിവേദനങ്ങളിലൂടെ 928 കോടി രൂപയുടെ അധിക വകയിരുത്തലാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ 857 കോടി രൂപയുടെ പ്ലാൻ ചെലവുകളും 70 കോടി രൂപയുടെ നോൺ പ്ലാൻ ചെലവുകളുമാണുള്ളത്. കണക്കുകൾ പരിശോധിക്കുമ്പോൾ വികസന പ്രവർത്തനങ്ങൾക്കും മൂലധന ആസ്തികൾക്കും വലിയ പ്രാധാന്യം നൽകിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുക, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളെ ശക്തിപ്പെടുത്തുക, നിയമപരമായ ബാധ്യതകൾ നിറവേറ്റുക തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി ഈ ബജറ്റിൽ അധിക വിഭവസമാഹരണം നടത്തിയിട്ടുള്ളതായി മനസ്സിലാക്കാൻ കഴിയും. മറ്റൊരു കാര്യം ഇവിടെ സൂചിപ്പിക്കാനുള്ളത്, ഇപ്പോൾ സംസാരിച്ച ബഹുമാനപ്പെട്ട അംഗം കിഫ്ബിയെക്കുറിച്ച് വളരെ വാചാലമായി സംസാരിക്കുന്നത് കേട്ടു. 12000 കോടി രൂപ റിയൽ എസ്റ്റേറ്റ് ബിസിനസ്സിനായി മുടക്കിയെന്നാണ് കഴിഞ്ഞ

ദിവസം ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തിയ സമിതി കണ്ടെത്തിയിട്ടുള്ളത്. ഇത് വലിയ നാണക്കേടാണ്. 12000 കോടി രൂപ റിയൽ എസ്റ്റേറ്റ് ബിസിനസ്സിനായി മുടക്കിയ ആളുകളാണ് കിഫ്ബിയെ പുകഴ്ത്തിപ്പറയുന്നത്. ഞാൻ ഇടുക്കി ജില്ലയിൽ നിന്നാണ് വരുന്നത്. 2018-ലെ പ്രളയകാലം മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ ഇടുക്കി പാക്കേജിനായി 12,000 കോടി രൂപ പ്രഖ്യാപിച്ച ഒരു സർക്കാരാണ് ഇവിടെ പത്തുവർഷം ഭരിച്ചത്. ഞാൻ ജനപ്രതിനിധിയായതിനുശേഷം ഇതിന്റെ കണക്ക് പരിശോധിക്കുകയുണ്ടായി. പ്രഖ്യാപിച്ച 12,000 കോടി രൂപയിൽ 19 കോടി രൂപ മാത്രമാണ് 2018 മുതൽ 2026 വരെയുള്ള എട്ട് വർഷക്കാലംകൊണ്ട് കഴിഞ്ഞ സർക്കാർ ചെലവഴിച്ചത്. ഒരു സർക്കാരിന്റെ പ്രവർത്തനങ്ങൾ വിജയകരമാണോയെന്ന് വിലയിരുത്തുന്നത് പ്രഖ്യാപനങ്ങൾ നോക്കിയിട്ടല്ല, എത്രമാത്രം ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. സാധാരണക്കാരുടെ ജീവിതച്ചെലവ് കുറയ്ക്കാനുള്ള പദ്ധതികൾ, സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന പദ്ധതികൾ, കർഷകർക്ക് ന്യായമായ വരുമാനം

ലഭ്യമാക്കുന്ന പദ്ധതികൾ, വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ അവസരങ്ങൾ ഉറപ്പാക്കുന്ന പദ്ധതികൾ, രോഗികൾക്ക് ചികിത്സയും ഭവനമില്ലാത്തവർക്ക് ഭവനവും നൽകുന്ന പദ്ധതികൾ, യുവജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ എന്നിങ്ങനെ സമൂഹത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന ഒരു സമീപനമാണ് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള, നാല് മാസക്കാലം പിന്നിടുന്ന ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ബസ്സുകളിലെ പ്രിയദർശിനി യാത്രാ സൗജന്യത്തെക്കുറിച്ച് ഇവിടെ വീണ്ടും ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. കൊടുത്തത് പോരാ എന്നാണ് സൂചിപ്പിക്കുന്നത്. ഇതിനുമുമ്പ് ഇതുപോലെരു കാര്യം ചെയ്യാൻ ആർക്കെങ്കിലും തോന്നിയിരുന്നോ? ഇതുപോലൊരു വലിയ പുണ്യപ്രവൃത്തി നടത്തിയപ്പോൾ അതിനെ അഭിനന്ദിക്കുന്നതിനുപകരം അവിടെയും കുറ്റം കണ്ടെത്തുന്ന സമീപനം ശരിയല്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രത്യേകം വകുപ്പ് രൂപീകരിച്ചുകൊണ്ട് ഇന്നലെ ഇവിടെ പാസ്സാക്കിയ ബിൽ കേരളത്തിന്റെയും രാജ്യത്തിന്റെയും

അഭിമാനമാണ്. ആരോഗ്യമേഖലയിൽ ആശാപ്രവർത്തകരുടെ ഓണറേറിയം 9,000 രൂപയിൽ നിന്നും 12,000 രൂപയായി വർധിപ്പിക്കുകയുണ്ടായി. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ അങ്കണവാടി ജീവനക്കാർ, സഹായികൾ, പാചകത്തൊഴിലാളികൾ, പ്രീ പ്രൈമറി അധ്യാപകർ തുടങ്ങിയവരുടെ കാര്യങ്ങളെല്ലാം സർക്കാരിന്റെ സജീവമായ പരിഗണനയിൽ വന്നുവെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ അഭിമാനത്തോടെ സൂചിപ്പിക്കുന്നു, ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കുന്നതിന്, ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ, പട്ടയം സംബന്ധിച്ച വിഷയങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിനുവേണ്ടി ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനും റവന്യൂ വകുപ്പുമന്ത്രിയും ജില്ലയുടെ ചാർജുള്ള മന്ത്രിയും വനം വകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ള ആളുകൾ മൂന്ന് മണിക്കൂറാണ് ഇടുക്കി കളക്ടേറ്റിൽ ചെലവഴിച്ചത്. പറഞ്ഞ വാക്ക് പാലിക്കാനുള്ള തീരുമാനങ്ങളുമായി മുന്നോട്ട് പോകുന്ന ഒരു സർക്കാരാണ് കേരളത്തിൽ ഇപ്പോഴുള്ളത്. ഇടുക്കി മെഡിക്കൽ കോളേജിന്റെ കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വലിയ അപമാനകരമാണ് അവിടെത്തെ അവസ്ഥ.

അവിടെ അവശ്യസാധനങ്ങൾ ഒന്നുമില്ല. 20 രൂപയുടെ ഷുഗർ ടെസ്റ്റ് സ്ട്രിപ്പ് പോലുമില്ലാത്ത അവസ്ഥയാണ്. ഇതുസംബന്ധിച്ച് വാർത്ത വന്നതാണ്. അഞ്ച് വർഷം മുമ്പ് തീരുമാനിച്ച പദ്ധതികൾ ഇപ്പോഴും അങ്ങനെതന്നെ നിൽക്കുകയാണ്, ഒരിഞ്ച് പോലും മുന്നോട്ട് പോയിട്ടില്ല. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇടുക്കി മെഡിക്കൽ കോളേജിനെ രക്ഷിക്കണം, ഇടുക്കിയിലെ ജനങ്ങളെ സഹായിക്കണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർഥിക്കുകയാണ്. എത്ര അഭിമാനകരമായ ഓണക്കാലമാണ് കടന്നുപോയത്, ഒരു ആക്ഷേപവും ആർക്കും ഇല്ലായിരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകൾ നിറഞ്ഞു കവിഞ്ഞ് സാധനങ്ങളുണ്ടായിരുന്നു. ഞാൻ പല സ്ഥലങ്ങളിലും ഓണച്ചന്ത ഉദ്ഘാടനം ചെയ്യാൻ പോയപ്പോൾ ചരിത്രത്തിൽ ഇന്നുവരെ കാണാത്ത രീതിയിലുള്ള സ്റ്റോക്കാണ് അവിടെ കണ്ടത്. സപ്ലൈകോ, മാവേലി സ്റ്റോർ, റേഷൻ കട ഉൾപ്പെടുന്ന പൊതുവിതരണ സംവിധാനം നാടിന്റെ അഭിമാനമായി നിൽക്കുന്നു. തൊഴിലുറപ്പ് തൊഴിലാളികൾ, ലോട്ടറി ഏജന്റുമാർ, തോട്ടം തൊഴിലാളികൾ,

എൻഡോസൾഫാൻ ദുരിതബാധിതർ എന്നിങ്ങനെയുള്ള സാധാരണക്കാർക്കുവേണ്ടിയുള്ളതാണ് കാരുണ്യ, ആരോഗ്യകിരണം തുടങ്ങിയ പദ്ധതികൾ. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പാക്കുന്ന പദ്ധതിയാണ് സ്നേഹസാന്ത്വനം. കിടപ്പുരോഗികൾക്കും ക്യാൻസർ, ഓട്ടിസം തുടങ്ങിയ അവസ്ഥകൾ നേരിടുന്നവർക്കുള്ള ആശ്വാസകിരണം പദ്ധതിയിലൂടെയുള്ള ധനസഹായം 600/- രൂപയിൽ നിന്നും 1000/- രൂപയാക്കിയ ഈ സർക്കാരിന്റെ തീരുമാനത്തെ ഈ നാട്ടിലെ പാവപ്പെട്ട ആളുകൾ തീർച്ചയായും പ്രശംസിക്കും. റബറിന്റെ താങ്ങുവില 250/- രൂപ പ്രഖ്യാപിച്ചത് സ്വാഗതം ചെയ്യുന്നു. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്ന ആളുകൾക്കുള്ള ധനസഹായം വർധിപ്പിച്ചത് പ്രധാനപ്പെട്ട കാര്യമാണ്, കഴിഞ്ഞ 2 മാസത്തിനിടെ 4 പേരാണ് ഞങ്ങളുടെ ജില്ലയിൽ മാത്രം മരിച്ചത്. സാമ്പത്തിക പ്രതിസന്ധി നേരിടുന്നവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള സഹകരണ വകുപ്പിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പ്രയോജനം ഞങ്ങളുടെ ജില്ലയിലും ലഭ്യമായി. കേരളത്തിൽ വലിയ

മാറ്റമുണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. യുവജനങ്ങളെ ലഹരിയുടെ പിടിയിൽനിന്നും സംരക്ഷിക്കുന്നതിനുള്ള നടപടികൾക്ക് പ്രധാന്യം നൽകിക്കൊണ്ട് ഓപ്പറേഷൻ ളഹാൻ, ഓപ്പറേഷൻ തണ്ടർ തുടങ്ങിയ പദ്ധതികൾ പ്രഖ്യാപിച്ച ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ആ പദ്ധതിയിൽ പോരായ്മകൾ ഏതെങ്കിലും ഉണ്ടോയെന്ന് പരിശോധിച്ച് അത് കൂടുതൽ ശക്തിപ്പെടുത്തണമെന്ന അഭിപ്രായംകൂടി ഞാൻ ഈ അവസരത്തിൽ പറയുകയാണ്. സാധാരണക്കാരായ ജനങ്ങൾ ഈ സർക്കാരിനൊപ്പമുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ കുറച്ചുകൂടി ശക്തിപ്പെടുത്താനുള്ള സമീപനങ്ങളുണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എക്കാലവും ഓർമ്മിച്ചിരിക്കേണ്ട കേരളത്തിലെ പ്രഗത്ഭരായ വ്യക്തികളുടെ സ്മരണ നിലനിർത്തുന്നതിന്റെ ഭാഗമായി ചാലക്കുടിയിൽ പനമ്പിള്ളി ഗോവിന്ദ മേനോൻ സ്മാരകം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആർ. ശങ്കർ ഫൗണ്ടേഷനും ടി.എം. ജേക്കബിന്റെയും കെ.ആർ. ഗൗരിയമ്മയുടെയും

സ്മാരകത്തിനുവേണ്ടിയും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ശിവഗിരിയിൽ ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശ്രീനാരായണ ഗുരു പ്രതിമയും സാംസ്കാരിക കേന്ദ്രവും ഡൽഹിയിൽ സ്ഥാപിക്കുന്നതിന് 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ ജനപ്രിയ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി സാറിന്റെ പേരിൽ, ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ 4 മാസത്തെ ഭരണകാലയളവിൽ, നാടിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ മുൻഗണന നൽകുന്നതെന്ന കാര്യത്തിൽ അഭിമാനമുണ്ട്. എടുത്തുപറയേണ്ട മറ്റൊരുകാര്യം ജി.എസ്.ടി. വരുമാനത്തിലുണ്ടായ വർധനവാണ്. അക്കാര്യത്തിൽ മുഖ്യമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. 2026 സെപ്റ്റംബറിലെ കണക്ക് പരിശോധിക്കുമ്പോൾ കേരളം 3408 കോടി രൂപയുടെ ജി.എസ്.ടി. വരുമാനമാണ് നേടിയത്. 2017-ൽ ജി.എസ്.ടി. ആരംഭിച്ചതിനുശേഷം കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും വലിയ വരുമാനം ലഭിക്കുന്നത് ആദ്യമാണ്. അങ്ങനെ കൃത്യമായ ധനകാര്യ

മാനേജ്മെന്റിലൂടെ നികുതി ചോർച്ച തടഞ്ഞുകൊണ്ട്, സാമ്പത്തിക അടിത്തറ ശക്തമാക്കി മുന്നോട്ടുപോകുന്ന ഈ സർക്കാരിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയെയും ഈ സർക്കാരിനെയും ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. നന്ദി.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ ഈ ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും പിന്തുണയ്ക്കുന്നു. കഴിഞ്ഞ 5 വർഷവും ഒന്നും ലഭിച്ചിട്ടില്ലെന്ന വേവലാതിയും ആവലാതിയും ഈ സഭയിൽ ഏറ്റവും കൂടുതൽ പറഞ്ഞ അംഗം ഞാനാണ്. മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്ന് 6 മാസം തികയുന്നതിനുമുമ്പുതന്നെ ഞാൻ ശിരസ്സ് ഉയർത്തി അഭിമാനത്തോടുകൂടി മുഖ്യമന്ത്രിക്കും സർക്കാരിനും നന്ദി പറയുകയാണ്. അതിനുകാരണം പ്രിയദർശിനി പദ്ധതിയാണ്. ഞാൻ കേരളത്തിന്റെ അതിർത്തി ജില്ലയിലെ എം.എൽ.എ. ആണ്. കർണ്ണാടകയിൽ ശ്രീ. രാഹുൽഗാന്ധി കെ.എസ്.ആർ.ടി.സി. ബസ്സിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര ലഭ്യമാക്കിയപ്പോൾ ഞാൻ കൊതിയോടുകൂടിയാണ് അത് നോക്കിയത്. ഈ

ആനുകൂല്യം എന്റെ മണ്ഡലത്തിൽ ലഭ്യമാകുന്നില്ലെന്ന് മുഖ്യമന്ത്രിയെയും ഗതാഗത വകുപ്പു മന്ത്രിയെയും സമീപിച്ച് ആവലാതി പറഞ്ഞപ്പോൾ ഇരട്ടി മധുരമുള്ള അംഗീകാരമാണ് എനിക്ക് ലഭിച്ചത്. കാരണം കർണ്ണാടക ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. യു. ടി. ഖാദറിന്റെ മണ്ഡലത്തിലുള്ളവർക്കും നമ്മുടെ കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യ യാത്ര ചെയ്യാൻ കഴിയുന്ന രീതിയിൽ അന്തർ സംസ്ഥാന സൗജന്യ യാത്രകൂടി അനുവദിച്ച ഈ സർക്കാരിനെ കാസർഗോഡ് ജില്ലയിലെയും മഞ്ചേശ്വരത്തെയും ജനങ്ങൾക്കുവേണ്ടി അഭിനന്ദിക്കുകയാണ്. ഇന്നലെ ഈ സഭയിൽ വയോജന ക്ഷേമത്തിനുവേണ്ടിയുള്ള ചരിത്രപരമായ ബിൽ അവതരിപ്പിച്ചു. കൂടാതെ, മാരിടൈം ബോർഡ് രൂപീകരിക്കാൻ പോകുന്നു. കേരളം വലിയ പ്രതീക്ഷയിലാണ്. യു.ഡി.എഫ്. നേതൃത്വത്തിലുള്ള സർക്കാർ എല്ലാ വിഭാഗം ജനങ്ങളെയും ചേർത്തുനിർത്തിക്കൊണ്ട് ഇന്ത്യയ്ക്കുതന്നെ മാതൃകയായ സർക്കാരാകുന്നതിനുള്ള പ്രയാണത്തിലാണ്. ഒരു കുടുംബത്തിലെ 14 അംഗങ്ങളിൽ ഒരാൾക്ക് ഒരു ഭിന്നശേഷി ഉണ്ടെങ്കിൽ അവരെ ചേർത്ത് നിർത്തേണ്ടത് മറ്റ് 13 ആളുകളുടെയും കടമയാണ്. 1980-ന് മുമ്പ്,

കാസർഗോഡ് ജില്ലയുടെ ഏറ്റവും വലിയ ആവശ്യമായിരുന്ന ചന്ദ്രഗിരി പാലത്തിന്റെ തറക്കല്ലിടുമ്പോൾ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് നടത്തിയ പ്രസംഗത്തെക്കുറിച്ച് ഞാൻ വിദ്യാർഥി രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന കാലത്ത് മുൻതലമുറയിലെ ആളുകൾ പറഞ്ഞുതന്നത് ഇപ്പോഴും മനസ്സിലുണ്ട്. ചന്ദ്രഗിരി പാലത്തിന്റെ തറക്കല്ലിടുമ്പോൾ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞത്, 'എന്റെ 2 പെൺമക്കളെ കെട്ടിച്ചയച്ചത് കാസർഗോഡ് ജില്ലയിലേയ്ക്കാണ്. പെൺമക്കളെ കാണാൻ വരുന്ന പിതാവ് എന്തെങ്കിലും ഒരു ഗിഫ്റ്റ് കൊണ്ടുവരണം. ഞാൻ കാസർഗോഡ് ജില്ലയ്ക്ക് 2 ഗിഫ്റ്റ് തരുന്നു. ഒന്ന് വരാനിരിക്കുന്ന ചന്ദ്രഗിരി പാലവും മറ്റൊന്ന് ഏതാനും വർഷങ്ങൾക്കിടയിൽ വരാൻ പോകുന്ന കാസർഗോഡ് ജില്ലയെന്ന പ്രഖ്യാപനവും'. അദ്ദേഹം പ്രസംഗിച്ചപ്പോൾ കാസർഗോഡ് ജനത സന്തോഷംകൊണ്ട് തുള്ളിച്ചാടി. 28-09-1983-ൽ മഹനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് നമ്മെ വിട്ടുപിരിഞ്ഞു. നടക്കാവ് ജുമാമസ്ജിദിന്റെ മുറ്റത്താണ് അദ്ദേഹത്തെ കബറടക്കിയിരിക്കുന്നത്. 1984-ൽ അന്നത്തെ മുഖ്യമന്ത്രി കെ.

കരുണാകരൻ കാസർഗോഡ് ജില്ല ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗം ചരിത്രത്തിന്റെ ഭാഗമാണ്. കെ. കരുണാകരൻ സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പേര് പറയുമ്പോൾ പൊട്ടിക്കരഞ്ഞത് പഴയ പത്രത്താളുകളിൽ വന്നത് പഴയ തലമുറ ഇപ്പോഴും ഓർക്കുന്നുണ്ട്. കാസർഗോഡ് ജില്ല നൽകിയെന്നത് മാത്രമല്ല ആ ജില്ലയുടെ ഓരോ വികസനവുമുണ്ടായത് യു.ഡി.എഫ്. ഭരണകാലത്താണ്. ഞങ്ങൾ 5 എം.എൽ.എ.-മാർ ആസ്വദിച്ച് വാങ്ങുന്നതാണ് കാസർഗോഡ് വികസന പാക്കേജ്. ബഹുമാന്യനായ ഇന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല മുമ്പ് നടത്തിയ കാൽനടയാത്രയെത്തുടർന്ന് ഡോ. പി. പ്രഭാകരൻ ഐ.എ.എസ്. അധ്യക്ഷനായ ഒരു കമ്മീഷനെ നിയമിച്ചു. പ്രസ്തുത കമ്മീഷൻ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ 150 കോടി രൂപയോടുകൂടി തുടക്കംകുറിച്ച ആ വലിയ ആനുകൂല്യമാണ് ഇപ്പോഴും എന്റെ ജില്ലയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. എ. കെ. ആന്റണി പ്രതിരോധ മന്ത്രിയായപ്പോൾ ജില്ലയ്ക്ക് എച്ച്.എ.എൽ. ലഭിച്ചു, ഇ. അഹമ്മദ് സാഹിബ്

വ്യവസായ മന്ത്രിയായപ്പോൾ KEL നൽകി. കാസർഗോഡ് ജില്ലയ്ക്ക് ഉമ്മൻ ചാണ്ടി സർക്കാർ അനുവദിച്ച മെഡിക്കൽ കോളേജ് എത്രയും പെട്ടെന്ന് യഥാർഥ്യമാക്കണം. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനും ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ജില്ലയുടെ ചുമതലയുള്ള ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. എം. ഷാജി അടിയന്തര യോഗം ചേർന്ന് കഠിന പ്രയത്നം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ കാസർഗോഡ് ജില്ലക്കാർക്കുവേണ്ടി അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, മഞ്ചേശ്വരം മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഞാൻ ഒരു മലയാളിയല്ല, കർണ്ണാടകക്കാരനായി ഈ സഭയിലെത്തിയ എം.എൽ.എ.-യാണ്. കർണ്ണാടക മുഖ്യമന്ത്രി ശ്രീ. ഡി. കെ. ശിവകുമാർ കഴിഞ്ഞ മാസം 12-ാം തീയതി അദ്ദേഹത്തിന്റെ ക്യാബിനറ്റ് യോഗം ചരിത്രത്തിൽ ആദ്യമായി മംഗലാപുരത്ത് ചേർന്നു. മംഗലാപുരത്തെ ജനത വളരെ ഉത്സാഹത്തിലായിരുന്നു. എന്റെ തൊട്ടടുത്ത നിയോജകമണ്ഡലത്തിലെ അംഗവും കർണ്ണാടക ആരോഗ്യ

വകുപ്പുമന്ത്രിയുമായ ശ്രീ. യു. ടി. ഖാദർ ആണ് അതിന് എല്ലാവിധ തയ്യാറെടുപ്പും നടത്തിയത്. ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രി ഞങ്ങളുടെ ജില്ലയിൽ കാബിനറ്റ് ചേർന്ന് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള എല്ലാവിധ സാധ്യതകളും പഠിക്കണമെന്നുള്ള ഒരു അഭ്യർഥന മുന്നോട്ടുവയ്ക്കുകയാണ്. സ്വാതന്ത്യത്തിനുശേഷം നിരക്ഷരതയിലും ദാരിദ്ര്യത്തിലും കഴിഞ്ഞിരുന്ന ഇന്ത്യ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ പുരോഗതിയിലേയ്ക്കും ഉയർച്ചയിലേയ്ക്കും കുതിക്കുമ്പോൾ കന്നടക്കാരനായ പ്രസിദ്ധ രാഷ്ട്രകവി കുവെമ്പു (കുപ്പള്ളി വെങ്കടപ്പ പുട്ടപ്പ) ഇന്ത്യൻ നാഷണൽ ചൊല്ലിയ ഒരു കവിതയുണ്ട്. (കന്നട കവിത ചൊല്ലി) കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള സർക്കാരിന് കരുത്തുപകരട്ടെയെന്ന് ഈ കവിതയിലൂടെ ആശംസിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സേനാപതി വേണു</u>: സർ, 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. എന്റെ പ്രസംഗം

ആരംഭിക്കുമ്പോൾ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു നന്ദി അറിയിക്കാൻ ഞാൻ ഈ വേദി വിനിയോഗിക്കുകയാണ്. മറ്റൊന്നുമല്ല, ഏറെക്കാലമായി ഇടുക്കി ജില്ലയിലെ ജനങ്ങളെ ബുദ്ധിമുട്ടിപ്പിച്ചുകൊണ്ടിരുന്ന ഭൂപ്രശ്നങ്ങൾ സമ്പൂർണ്ണമായി പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിസഭയുമെടുക്കുന്ന ശ്രമങ്ങളെ പ്രകീർത്തിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വാഴൂർ സോമൻ എം.എൽ.എ.-യെ ഓർക്കുകയാണ്, കഴിഞ്ഞ നിയമസഭയിൽ അംഗമായിരുന്ന അദ്ദേഹത്തിന് തന്റെ സഭാകാലം പൂർത്തിയാക്കാൻ സാധിച്ചില്ല. അവസാനമായി അദ്ദേഹം പങ്കെടുത്ത ഒരു നിയമസഭാ സബ് കമ്മിറ്റിയിൽ തന്റെ ജീവിതകാലത്തെങ്കിലും ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോയെന്ന ആശങ്ക പങ്കുവച്ച യോഗത്തിനിടയിലാണ് കുഴഞ്ഞുവീണ് മരിച്ചത്. ആത്മാവെന്ന ഒന്നുണ്ടെങ്കിൽ വാഴൂർ സോമന്റെ ആത്മാവ് ഇന്ന് സന്തോഷിക്കുന്നുണ്ടാകും. വാഴൂർ സോമൻ പ്രാർഥിച്ചതുപോലെ തന്റെ ജീവിതകാലത്തെങ്കിലും ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോയെന്ന് ആഗ്രഹിച്ചത് അധികാരത്തിലെത്തി ആറ് മാസത്തിനകം

നടപ്പാക്കാൻ ഒരു ഗവൺമെന്റ് ഈ നാട്ടിലുണ്ടായി. ഈ ഗവൺമെന്റിന് നേതൃത്വം നൽകുന്ന പ്രിയങ്കരനും ആരാധ്യനുമായ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനോട് ഇടുക്കിയിലെ മുഴുവൻ ജനങ്ങൾക്കുംവേണ്ടിയുള്ള നന്ദി ഈയവസരത്തിൽ ഞാൻ അറിയിക്കുകയാണ്. കഴിഞ്ഞ ആറുമാസമായി കേരളത്തിൽ ഒരു ഗവൺമെന്റുണ്ടെന്ന തോന്നൽ ജനങ്ങൾക്കുണ്ടായിട്ടുണ്ട്. അപ്പുറത്തുള്ളവർ സൃഷ്ടിച്ചത് ക്ഷാമ രാഷ്ട്രമാണ്, നമ്മൾ ക്ഷേമ രാഷ്ട്രം സൃഷ്ടിച്ചു. അവർ അരാജകത്വമാണ് സൃഷ്ടിച്ചത്, നമ്മൾ സമാധാനം സൃഷ്ടിച്ചു. അങ്ങനെ അരാജകത്വത്തിന്റെ നാട്ടിൽനിന്നും സമാധാനത്തിന്റെ ഒരു നാടായി കഴിഞ്ഞ ആറ് മാസമായി കേരളം മുന്നേറിക്കൊണ്ടിരിക്കുകയാണ്. ആസൂത്രണ ബോർഡിലെ ചീഫ് (ഇൻഡസ്ട്രി ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഡിവിഷൻ) തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയതിന്റെ ഭാഗമായി രണ്ട് പി.എസ്.സി. അംഗങ്ങൾക്കെതിരെ നടപടിയെടുക്കാൻ പോകുന്നുവെന്ന പത്രവാർത്ത എല്ലാവരും വായിച്ചിട്ടുണ്ടാകും. കഴിഞ്ഞ പത്ത് വർഷംകൊണ്ട് കേരളത്തിലെ

ചെറുപ്പക്കാരുടെ സ്വപ്നവും പ്രതീക്ഷയുമായിരുന്ന പി.എസ്.സി.-യെ നിങ്ങൾ എവിടെവരെ എത്തിച്ചുവെന്ന് ഞാൻ പ്രതിപക്ഷത്തരിക്കുന്നവരോട് ചോദിക്കുകയാണ്. നമ്മുടെ നാട്ടിൽ എല്ലാ നാൽക്കവലകളിലും പി.എസ്.സി. കോച്ചിങ് സെന്ററുകളുണ്ട്. പവർകട്ട് കാലത്തും കറന്റില്ലാത്തപ്പോഴും രാത്രിയുടെ ഒന്നാം യാമത്തിലും രണ്ടാം യാമത്തിലും ചെറുപ്പക്കാർ പി.എസ്.സി. കോച്ചിങ് സെന്ററുകളിൽപോയി പുതിയ പി.എസ്.സി. ഗൈഡുകളും പുസ്തകങ്ങളും പഠിക്കുന്നു. പി.എസ്.സി. പരീക്ഷയെഴുതുന്ന നൂറുപേരിൽ നാല് പേർക്ക് മാത്രമാണ് സെലക്ഷൻ ലഭിക്കുന്നത്, എന്നുപറഞ്ഞാൽ only 4%. ഈ 4 പേർക്കുപോലും ലഭിക്കേണ്ട സെലക്ഷനെ നിങ്ങൾ പാർട്ടിക്കാർക്കുവേണ്ടി മാത്രമാക്കിക്കൊണ്ട് ഇതുപോലെ കേരളത്തിലെ ചെറുപ്പക്കാരെ കബളിപ്പിച്ച ഒരു കാലഘട്ടം ഈ നാടിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഞങ്ങൾ അതിനെയൊക്കെ ഒന്ന് വീണ്ടെടുക്കുകയാണ്, ഞങ്ങൾ പി.എസ്.സി.-യുടെ വിശ്വാസ്യതയെ വീണ്ടെടുക്കുന്നു, ഈ നാട്ടിലെ എല്ലാ ഭരണഘടനാ സ്ഥാപനങ്ങളുടെയും വിശ്വാസ്യതയെ വീണ്ടെടുക്കുന്നതിനുള്ള ഒരു

പ്രവർത്തനമാണ് കഴിഞ്ഞ 5 മാസമായി ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനത്തിൽ ഈ ഗവൺമെന്റ് ഏറെ മുന്നേറിക്കൊണ്ടിരിക്കുകയുമാണ്. ഞങ്ങൾ ഈ നാട്ടിലെ പാവങ്ങളെ ചേർത്തുപിടിക്കുന്നവരാണ്. നിങ്ങൾ പാവങ്ങൾക്കുവേണ്ടി മുദ്രാവാക്യം വിളിക്കുകയും ആ പാവങ്ങളുടെ പേര് പറയുകയും ചെയ്യുമ്പോൾ ഞങ്ങൾ അവർക്കുവേണ്ടി ഓരോരോ കാര്യങ്ങൾ ചെയ്യുന്നു. ആശാവർക്കർമാരോട് ഡൽഹിയിൽ പോയി സമരം ചെയ്യാനാണ് ഒരു മന്ത്രി അന്ന് പ്രസംഗിച്ചത്, ഞങ്ങൾ അതല്ല ചെയ്തത്. ഈ ഗവൺമെന്റിന്റെ ആദ്യത്തെ മന്ത്രിസഭായോഗത്തിൽ നിങ്ങൾ അവഗണിക്കുകയും അപമാനിക്കുകയും ചെയ്ത ആ സഹോദരിമാരെ ചേർത്തുപിടിച്ചുകൊണ്ട് അവർക്ക് 3000/-രൂപ ഓണറേറിയം/വേതനം വർധിപ്പിച്ചുകൊടുക്കാനുള്ള തീരുമാനമെടുക്കുകയാണ് ചെയ്തത്. ഈ നാട്ടിലെ പാവപ്പെട്ടവർക്കും സാധാരണക്കാർക്കുംവേണ്ടി നിലകൊള്ളുന്ന ഗവൺമെന്റ് ഞങ്ങളാണ്. പാവപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളെയും ഞങ്ങൾ ചേർത്തുപിടിച്ചു. ആശാവർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കുകയും പാചകത്തൊഴിലാളികളുടെയും

താഴെത്തട്ടിൽ ചെറിയ ജോലികൾ ചെയ്യുന്ന ശുചീകരണ തൊഴിലാളികളടക്കമുള്ളവരുടെയും വേതനം വർധിപ്പിക്കുകയും ചെയ്ത് ഞങ്ങൾ അവരുടെ ഗവൺമെന്റായി മാറി. ഈ നാട്ടിലെ പാവപ്പെട്ടവരെ സഹായിക്കാൻ ഒരു ഗവൺമെന്റുണ്ടെന്ന് പാവപ്പെട്ടവർക്ക് ബോധ്യപ്പെട്ടതുകൊണ്ടാണ് ഈ നിയമസഭാ മന്ദിരത്തിന്റെയും സെക്രട്ടേറിയറ്റിന്റെയും ചുറ്റിൽ ആയിരക്കണക്കിന് ആളുകൾ അവരുടെ നിവേദനവുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മറ്റ് മന്ത്രിമാരെയും നേരിൽക്കാണാനായി എത്തിച്ചേർന്നുകൊണ്ടിരിക്കുന്നതെന്ന് അഭിമാനത്തോടുകൂടി ഞങ്ങൾ പറയുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ 5 മാസമായി കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനക്ഷേമകരമായ പദ്ധതികൾ ഒന്നൊന്നായി എനിക്ക് മുമ്പ് സംസാരിച്ചവരെല്ലാം സൂചിപ്പിച്ചതാണ്, ഞാൻ ആവർത്തിക്കുന്നില്ല. കെ.സ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകളുടെ സൗജന്യ യാത്ര, പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചത്... അതോടൊപ്പം ഈ നാട്ടിലെ വയോജനങ്ങൾക്കുവേണ്ടി കഴിഞ്ഞ ദിവസങ്ങളിൽ സഭയിൽ അവതരിപ്പിച്ച

വയോജനങ്ങൾക്കുവേണ്ടിയുള്ള ബിൽ കേരളത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറുകയാണ്. ഈയവസരത്തിൽ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം എല്ലാം ദിവസവും സഭയിൽ അവതരിപ്പിക്കേണ്ട ആവശ്യമുണ്ടോ? പുതിയ അംഗമായതുകൊണ്ട് എനിക്കറിയില്ല. നിങ്ങൾ അവതരിപ്പിക്കുന്ന നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് ഒരു അടിയന്തര പ്രാധാന്യവുമില്ല. നിങ്ങളുടെ അടിയന്തിരം ഈ നാട്ടിലെ ജനങ്ങൾ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ നടപ്പാക്കിയതാണ്, ഇനി പ്രത്യേകിച്ച് ഒരു അടിയന്തരത്തിന്റെ ആവശ്യം ഇവിടെയില്ലെന്ന് ഞാൻ അപ്പുറത്തുള്ള ആളുകളെ ഓർമ്മപ്പെടുത്തുകയാണ്. കിഫ്ബി വന്നില്ലായിരുന്നുവെങ്കിൽ എന്ന് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കെ. ഹരീന്ദ്രൻ ചോദിക്കുകയുണ്ടായി. കിഫ്ബി വന്നില്ലായിരുന്നുവെങ്കിൽ കടത്തനാട്ട് മാക്കത്തിന്റെ കാലത്തേതുപോലെ കുതിരപ്പുറത്തും കഴുതപ്പുറത്തും നമ്മൾ യാത്ര ചെയ്യേണ്ടിവരില്ലായിരുന്നു. കിഫ്ബി വരുന്നതിനുമുമ്പും കേരളത്തിൽ വികസനവും ആശുപത്രികളും മെഡിക്കൽ കോളേജുകളും റോഡുകളുമുണ്ട്.

കിഫ്ബിയുടെ പോരായ്മകൾ എന്തൊക്കെയാണെന്നുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി എൺപതോളം പേജുകളുള്ള ഒരു ബുക്ക് അച്ചടിച്ചിട്ടുണ്ട്. ശ്രീ. സി. കെ. ഹരീന്ദ്രൻ ഈ ബുക്ക് ഒന്ന് വായിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ആരോഗ്യമേഖലയെക്കുറിച്ച് ഒരു കാര്യംകൂടി പറയുകയാണ്; ഞങ്ങളുടെ കാലത്ത് സിസേറിയൻ കഴിയുമ്പോൾ സിസ്സർ അകത്തും കുഞ്ഞ് പുറത്തുമാകുന്ന സ്ഥിതിവിശേഷമല്ല. ആരോഗ്യമേഖലയെ പൂർണ്ണമായും രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. രണ്ട് ദിവസങ്ങൾക്കുമുമ്പ് മൂന്ന് മുൻ ആരോഗ്യ വകുപ്പുമന്ത്രിമാർ ഒരു പത്രസമ്മേളനം നടത്തുകയുണ്ടായി, അവർക്ക് അത് വളരെ കൗതുകമായാണ് തോന്നിയത്. ഞങ്ങൾ അപ്പുറത്തിരിക്കുന്ന ആളുകളോട് വിനീതമായി ചോദിക്കുകയാണ്; കുത്തകകൾക്കെതിരെ രാവും പകലും നിങ്ങൾ സമരം ചെയ്യുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്യും. എന്നിട്ട് കുത്തകകൾ ഉൽപാദിപ്പിക്കുന്ന ജനറിക് മരുന്നുകൾ വാങ്ങണമെന്ന് നിങ്ങൾ ആവശ്യപ്പെടുമ്പോൾ നിങ്ങൾ ആർക്കൊപ്പമാണ് നിൽക്കുന്നതെന്ന് അറിയാൻ ഞങ്ങൾക്ക് ഒരു താല്പര്യമുണ്ട്. കേരളത്തിന്റെ ആരോഗ്യ മേഖലയെ

സംരക്ഷിക്കുന്നതിനുവേണ്ടി വലിയ പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഓപ്പറേഷൻ ളഹാൻ പദ്ധതി വന്നതിനുശേഷം ഇപ്പോൾ ചിലയാളുകൾക്ക് withdrawal syndrome എന്ന ഒരു സ്ഥിതിവിശേഷമുണ്ട്. എന്നുപറഞ്ഞാൽ, കടുത്ത രീതിയിൽ ലഹരിക്ക് അടിമകളായ ആളുകളെ ലഹരിവിമോചന കേന്ദ്രങ്ങളിൽ ചികിത്സയ്ക്കായി എത്തിക്കുമ്പോൾ അവർക്കുണ്ടാകുന്ന പ്രതീതിയാണ് withdrawal syndrome. ഇപ്പോൾ ഓപ്പറേഷൻ ളഹാൻ വന്നതിനുശേഷം പഴയതുപോലെ ലഹരി ലഭ്യമല്ലാത്തതുകൊണ്ട് [+]XXXXXXXXX. അത്തരത്തിലുള്ള ആളുകൾക്ക് ഈ പ്രശ്നം വന്നിരിക്കുന്നു. അവർക്ക് കോടിയേരി ബാലകൃഷ്ണന്റെ ഫ്ലക്സ് ബോർഡ് കണ്ടാലും കോലിയക്കോട് എൻ. കൃഷ്ണൻ നായരുടെ ഫ്ലക്സ് ബോർഡ് കണ്ടാലും തിരിച്ചറിയില്ല. നിങ്ങളുടെ നേതാക്കൾ ആരൊക്കെയാണെന്നുള്ള ഫോട്ടോ നിങ്ങളുടെ അണികളെ കാണിച്ചുകൊടുത്തതിനുശേഷം സമരത്തിന് പറഞ്ഞുവിടണമെന്നാണ് അപ്പുറത്തുള്ള നേതാക്കളോട് പറയാനുള്ളത്. അല്ലെങ്കിൽ ഇത്തരത്തിലുള്ള അബദ്ധങ്ങളുണ്ടാകുമെന്ന് ഞാൻ അവരെ ഓർമ്മപ്പെടുത്തുകയാണ്. 5

[+]ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ പരിഗണനയിലാണ്.

മാസംകൊണ്ട് ഈ സംസ്ഥാനത്തിന്റെ മുഖഛായതന്നെ മാറ്റി കേരളത്തിന് പുതിയ ഒരു പ്രതീക്ഷയായി ഉയർന്നുവന്നിരിക്കുന്ന ഈ ഗവൺമെന്റിനും ഗവൺമെന്റിന്റെ എല്ലാ വിധ പ്രവർത്തനങ്ങൾക്കും പിന്തുണ അർപ്പിച്ചുകൊണ്ടും ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എം. വിജിൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ചർച്ച ചെയ്യുമ്പോൾ +XXXXXXXXX തെറ്റായ നിലയിലുള്ള പ്രസ്താവന സഭാരേഖകളിൽ ഉണ്ടാകരുത്.

ചെയർപേഴ്സൺ: അത് പരിശോധിക്കാം.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഈ ഉപധനാഭ്യർഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ ജനപിന്തുണ വർധിച്ചുകൊണ്ടിരിക്കുകയാണെന്നും വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടിരിക്കുകയാണെന്നും വലിയ തോതിൽ പ്രസംഗിക്കുന്നുണ്ട്. എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർഥികൾ നടത്തിക്കൊണ്ടിരുന്ന സമരത്തിൽ വളർമതിയെന്ന യുവതി കഴിഞ്ഞ ദിവസം

+ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ പരിഗണനയിലാണ്.

തല മൊട്ടയടിച്ച് പ്രതിഷേധിച്ചു എന്ന ഒരു വാർത്ത ഇന്നത്തെ എല്ലാ പത്രങ്ങളിലും കാണാൻ സാധിക്കും. ഈ സർക്കാർ വാശാനലംഘനം നടത്തിയെന്നാണ് അവർ പറയുന്നത്. (ബഹളം..) കൂടുതൽ കാര്യങ്ങളിലേക്കൊന്നും കടക്കേണ്ട, ഇന്നത്തെ പത്രം മാത്രം പരിശോധിച്ചാൽ മതിയാകും. രണ്ടാമതായി കഴിഞ്ഞ സെപ്റ്റംബർ മാസം 29-ാം തീയതി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ വോട്ടെണ്ണിയപ്പോൾ ഇവിടെയിരിക്കുന്ന രണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ഒഴിവുകളിൽപോലും എൽ.ഡി.എഫ്. ജയിക്കുന്ന സ്ഥിതിയുണ്ടായി. വാഹന മോഡിഫിക്കേഷന്റെ കാര്യം പറഞ്ഞുപറ്റിച്ച, പെറ്റിക്കേസിൽ പണമടയ്ക്കേണ്ടിവന്ന കുറെയധികം ചെറുപ്പക്കാർ നിങ്ങൾക്കെതിരായി വോട്ട് ചെയ്തു. അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. വാശാനലംഘനങ്ങളെക്കുറിച്ച് പറയുന്നതിന് ഞങ്ങൾ കുറച്ച് ആളുകളേയുള്ളൂ. എല്ലാ കാര്യങ്ങളിലേക്കും ഇപ്പോൾ കടക്കുന്നില്ല, ഇപ്പോൾ പറയേണ്ട വളരെ പ്രധാനപ്പെട്ട കുറച്ചധികം കാര്യങ്ങളുണ്ട്. കേരളത്തിന്റെ വികസന സ്വപ്നങ്ങളെയും

ആരോഗ്യമേഖലയെയും തകർത്തെറിയുന്ന സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും ജനദ്രോഹനയങ്ങളെ ഈ സഭയിൽ കൊണ്ടുവരാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഈ നയങ്ങൾ തിരുത്തിക്കുന്നതിനുള്ള ഒരു ഇടപെടൽക്കൂടിയായാണ് ഞാൻ ഇതിനെ കാണുന്നത്. കിഫ്ബിയുടെ കഴുത്തിൽ കത്തിവച്ച് സംസ്ഥാന സർക്കാരിന്റെ രാഷ്ട്രീയ പകപോക്കലിലൂടെ ആരോഗ്യമേഖലയിലെ 1200 കോടിയിലധികം രൂപയുടെ വികസനപദ്ധതികളാണ് ഇപ്പോൾ അനിശ്ചിതത്വത്തിലായിരിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ, മുൻ എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച, 717 കോടി രൂപയുടെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള നിർമ്മാണപ്രവർത്തനങ്ങൾ സർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് പാതിവഴിയിൽ നിലച്ചിരിക്കുകയാണ്. ഐസൊലേഷൻ ബ്ലോക്ക്, പീഡിയാട്രിക് ബ്ലോക്ക്, മൾട്ടി ലെവൽ കാർ പാർക്കിങ് തുടങ്ങി 600 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബിയെ തകർക്കുന്നതിലൂടെ നഷ്ടമാകുന്നത്. ഈ വികസനവിരുദ്ധ സമീപനം സർക്കാർ ഉടനടി തിരുത്തണം. കേരളം ലോകത്തിനു മുൻപിൽ

അഭിമാനത്തോടുകൂടി ഉയർത്തിക്കാട്ടിയ ആരോഗ്യമേഖലയെ വെറും നാലുമാസം കൊണ്ട് മോർച്ചറിയിലാക്കിയ സർക്കാരിന്റെ കെടുകാര്യസ്ഥത സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ശ്രമിക്കുന്നത്. കഴിഞ്ഞ ഒരു മാസത്തിനകം ഇരുപതിലേറെ ചികിത്സാപ്പിഴവുകളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. പരിയാരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയയുടെ ഭാഗമായി യുവാക്കൾ മരിച്ച സംഭവം, ആലപ്പുഴ മെഡിക്കൽ കോളേജിൽ തിമിര ശസ്ത്രക്രിയയ്ക്കിടെ കണ്ണിൽ ലെൻസ് തറച്ചുണ്ടായ പ്രശ്നം, പുനലൂർ താലൂക്ക് ആശുപത്രിയിലും പേരൂർക്കട ജില്ലാ ആശുപത്രിയിലും നവജാതശിശുക്കൾ മരിച്ച സംഭവം..... ഇപ്പോൾ കാണുന്ന ഒരു വാർത്തയാണ്, എന്താണ് നിജസ്ഥിതിയെന്ന് അറിയില്ല. അട്ടപ്പാടിയിൽ മൂന്ന് കുട്ടികൾ ഈ ആഴ്ചയിൽ മരണപ്പെട്ടു. ഇന്ന് ഒരു കുട്ടി മരണപ്പെട്ടുവെന്ന് കേൾക്കുന്നു. അതിന്റെ കാരണം എന്താണെന്ന് വ്യക്തമായിട്ടില്ല. ഇതെല്ലാം ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടുണ്ടായ കാര്യങ്ങളാണ്. അടിമാലിയിൽ ആംബുലൻസ് കിട്ടാതെ ഒരു യുവാവ് മരണപ്പെട്ടു. കാറണ്ട് കട്ടുമൂലം മെഴുകുതിരി വെട്ടത്തിലും മൊബൈൽ ഫോൺ

വെളിച്ചത്തിലുമൊക്കെ ശസ്ത്രക്രിയ ചെയ്യേണ്ട അവസ്ഥയിലാണ് ഡോക്ടർമാർ. സർക്കാർ ആശുപത്രിയിൽ ആവശ്യത്തിന് ഉപകരണങ്ങളും അടിസ്ഥാനസൗകര്യങ്ങളുമില്ല, മരുന്നില്ല, ഡോക്ടർമാരില്ല എന്തിന് പഞ്ഞി പോലുമില്ലാത്ത അവസ്ഥയിലൂടെയാണ് ആരോഗ്യമേഖല കടന്നുപോകുന്നത്. പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിൽ മരുന്നും ഉപകരണങ്ങളുമില്ലാത്തതിനെത്തുടർന്ന് ഹൗസ് സർജന്മാർ സമരം ചെയ്യുന്ന അവസ്ഥ നാം കണ്ടു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ അനുവദിച്ച എം.ആർ.ഐ. സ്കാനിങ് മെഷീൻ പ്രവർത്തിപ്പിക്കാതെ കിടന്നത് നാം കണ്ടു. റിയേജന്റുകൾ ഇല്ലാത്തതുകൊണ്ട് ലാബ് പരിശോധനകൾ മുടങ്ങിക്കിടക്കുന്നതുൾപ്പെടെ നിരവധി പ്രശ്നങ്ങളുണ്ട്. ഇത്തരം കാര്യങ്ങളിലൊക്കെ ശ്രദ്ധചെലുത്തേണ്ട ആരോഗ്യ വകുപ്പുമന്ത്രി ഉദ്യോഗസ്ഥരുമായി തർക്കിച്ച് അവരെ സ്ഥലം മാറ്റുന്നതിനുള്ള കാര്യങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. പൊതുജനാരോഗ്യ സംവിധാനം തകർത്ത് സ്വകാര്യവൽക്കരണത്തിന് കളമൊരുക്കുകയാണ് യു.ഡി.എഫ്. സർക്കാരിന്റെ ലക്ഷ്യം. മുൻ എൽ.ഡി.എഫ്. സർക്കാർ നിരോധിച്ച സ്വകാര്യ

പ്രാക്ടീസ് തിരിച്ചുകൊണ്ടുവരാനും സ്വകാര്യ പങ്കാളിത്തം വർധിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ടെൻഡർ നടപടികൾ അട്ടിമറിച്ചുകൊണ്ട് വൻകിട കമ്പനികളിൽനിന്ന് മരുന്ന് വാങ്ങുവാൻ ശ്രമിക്കുന്നതിന് പിന്നിൽ വൻ അഴിമതിക്കുവേണ്ടിയുള്ള ശ്രമമാണെന്ന് കാണാൻ കഴിയും. രജിസ്ട്രേഷൻ പോലുമില്ലാത്ത പാരമ്പര്യ ചികിത്സകർക്ക് പച്ചക്കൊടി കാണിച്ച് സാധാരണ ജനങ്ങളുടെ ജീവൻ പന്താടുന്ന ആരോഗ്യവകുപ്പിന് നേതൃത്വം കൊടുക്കുന്ന ആരോഗ്യ വകുപ്പുമന്ത്രി രാജിവയ്ക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. അത്രയും ദയനീയമായ അവസ്ഥയിലാണ് ആരോഗ്യവകുപ്പ്. ഈ ചുരുങ്ങിയ കാലംകൊണ്ട് അത്രയേറെ ദയനീയമായ ഒരവസ്ഥയിലേയ്ക്ക് എത്തിച്ചു. ഞാൻ മറ്റു മന്ത്രിമാരെയും മുഖ്യമന്ത്രിയെയും കുറിച്ച് ഇപ്പോൾ പറയുന്നില്ല. കാരണം അതിന് സമയം ആയിട്ടില്ലല്ലോ.

<u>ചെയർപേഴ്സൺ</u>: പ്ലീസ്...അങ്ങ് ചുരുക്കിപ്പറയണം.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: എന്റെ നിയോജകമണ്ഡലത്തിലെ ചില കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ നാലും അഞ്ചും

മിനിട്ടൊക്കെ ഓരോരുത്തർക്കും കൂടുതൽ നൽകിയിട്ടുണ്ട്. പക്ഷേ അതിലൊന്നും എനിക്ക് പരിഭവമില്ല. അങ്ങനെയൊക്കെ ചിലപ്പോൾ കൊടുക്കേണ്ടിവരും. രണ്ടു മിനിട്ട് കൊണ്ട് ഞാൻ അവസാനിപ്പിക്കാം. കിഫ്ബിയുടെ ഭാഗമായി പുതുക്കാട് നിയോജകമണ്ഡലത്തിൽ പത്തും പതിനഞ്ചും കോടി രൂപയുടെ ചെറിയ ചില പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി വരന്തരപ്പിള്ളി, പാലപ്പള്ളി, വെള്ളിക്കുളങ്ങര, കോടാലി റോഡുകളുടെ നവീകരണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ച് ആളുകളോട് പറഞ്ഞിരുന്നു. കൂടാതെ, നന്ദിക്കര, നെല്ലായി, ആലത്തൂർ, പുതുക്കാട് എന്നിവിടങ്ങളിൽ റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം, മലയോര ഹൈവേ നിർമ്മാണം തുടങ്ങിയവ കിഫ്ബിയുടെ ഭാഗമായിട്ടുള്ളതാണ്. അതിലുള്ള ആശങ്കകൾ പരിഹരിക്കണം. അതിലെ അനിശ്ചിതത്വം നീക്കണം. അതിനാവശ്യമായ ഇടപെടൽ നടത്തണമെന്നാണ് പ്രത്യേകമായി ഈയവസരത്തിൽ അഭ്യർഥിക്കാനുള്ളത്. ഈ ഉപധനാഭ്യർഥനകളെ അതിശക്തമായി വീണ്ടും എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. നൗഷാദ് അലി: സർ, ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കടം 5.07 ലക്ഷം കോടി രൂപയായിരുന്നു. രണ്ടാം പിണറായി സർക്കാരിന്റെ അവസാന ബജറ്റ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത് ലോട്ടറി എടുത്തിട്ട് അത് അടിക്കുമെന്ന വിശ്വാസത്തോടുകൂടി ആളുകൾ കണക്ക് കൂട്ടുന്നതിന് സമാനമായിരുന്നു. കിട്ടാനിടയില്ലാത്ത റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. കോമ്പൻസേഷനും ഒക്കെ കൂട്ടിയായിരുന്നു അദ്ദേഹത്തിന്റെ ബജറ്റ്. എന്നാൽ, പുതുക്കിയ ബജറ്റിൽ 20,000 കോടി രൂപയുടെ കുറവ് വീണ്ടും വരികയുണ്ടായി. അതുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇത്തരത്തിൽ ഈ സർക്കാർ മുന്നോട്ടുപോകുമ്പോൾ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് നമ്മൾ ആലോചിക്കണം. സി.പി.ഐ(എം) അല്ലെങ്കിൽ എൽ.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് അധ്യാപകർ, ജീവനക്കാർ, പെൻഷൻകാർ, ആശാ വർക്കർമാർ, അങ്കണവാടി തൊഴിലാളികൾ, പാചകത്തൊഴിലാളികൾ തുടങ്ങി വിവിധ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ലക്ഷോപലക്ഷം

തൊഴിലാളികൾ നിരാശയിലായിരുന്നു. ആ നിരാശയ്ക്ക് കാരണം സർക്കാർ വലിയ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു എന്നുള്ളതാണ്. സർക്കാർ ഇങ്ങനെ സാമ്പത്തിക പ്രതിസന്ധിയിലാകാൻ എന്താണ് കാരണമെന്ന് ആലോചിച്ചാൽ വളരെ ലളിതമായി നമുക്ക് കാണാൻ കഴിയും. ഇരുപത്തയ്യായിരത്തി ചില്വാനം കോടി രൂപ കടമെടുക്കാനുള്ള പരിധി വെട്ടിക്കുറച്ചതിനാൽ കടമെടുക്കാൻ കഴിയാതെയാണ് സർക്കാർ ഞെരുങ്ങിപ്പോയത്. അതിന് കിഫ്ബിയാണ് കാരണമെന്ന് പറയേണ്ടിവരും. ഇവിടെ എൽ.ഡി.എഫ്. ഇത്രയും ദയനീയമായി തോൽക്കാൻ കാരണവും വിവിധ ശ്രേണിയിലുള്ള ആളുകളുടെ അതൃപ്തിയാണ്. അത് സാമ്പത്തിക പ്രതിസന്ധി കാരണമാണ്, അതുണ്ടാക്കിയത് കിഫ്ബിയാണ്. പക്ഷേ ഇവിടത്തെ പ്രതിപക്ഷാംഗങ്ങൾക്ക് അതംഗീകരിക്കാൻ വലിയ ദുരഭിമാനമാണ്. രാജാവ് നഗ്നനാണെന്ന് പറയാൻ അവർക്ക് വലിയ പരിമിതിയുണ്ട്. ആ പരിമിതി ഒരു പുതിയ രാഷ്ട്രീയമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം ശ്രീ. കെ. പ്രേംകുമാർ ഒരു പ്രമേയം അവതരിപ്പിക്കുന്നതിനിടെ ഒരു

വാചകം പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു, ' 2016-ന് മുൻപ് കേരളത്തിൽ പി.എച്ച്.സി.-കളൊക്കെ ഉച്ചയ്ക്കശേഷം അടഞ്ഞുകിടക്കുകയായിരുന്നു. അതിന് മാറ്റം വന്നത് 2016-ന് ശേഷമാണ് എന്നാണ് പറഞ്ഞത്. ഇത് രേഖകളിലുള്ള വാചകമാണ്. അതിലൂടെ അദ്ദേഹം വി. എസ്. അച്ചുതാനന്ദനെ റദ്ദ് ചെയ്യു, ഇ.കെ. നായനാറിനെ റദ്ദ് ചെയ്യു, സാക്ഷാൽ ഇ.എം.എസ്.-നെയും റദ്ദ് ചെയ്യു. എല്ലാവരെയും റദ്ദ് ചെയ്യു. ഇതൊരു മാനസികാവസ്ഥയാണ്. 2014-ന് ശേഷമാണ് ഇന്ത്യയുണ്ടായത് എന്നുപറയുന്നതുപോലെ 2016-ന് ശേഷമാണ് കേരളമുണ്ടായത് എന്നൊരു മുൻവിധി കാരണമാണ് അത്തരത്തിലുള്ള പ്രസ്താവനങ്ങളൊക്കെ വരുന്നത്. ആ മുൻവിധിക്കൊക്കെ ആനുപാതികമായ രീതികളാണ് കിഫ്ബി ഇവിടെ പയറ്റിയിട്ടുള്ളതെന്നത് പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും. കാരണം, കേന്ദ്ര സർക്കാരിന്റെ ഭൂരിഭാഗം പദ്ധതികളും പോകുന്നത് ഒന്നുകിൽ ഗുജറാത്ത് അല്ലെങ്കിൽ ഉത്തർപ്രദേശ്, മധ്യപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിലേക്കാണ്. കിഫ്ബിയുടെ 42 ശതമാനം പദ്ധതികളും കേരളത്തിലെ മൂന്ന് ജില്ലകളിലായി പരിമിതപ്പെട്ടു. ഇവിടെ ഈ പ്രതിപക്ഷ

നിരയിലിരിക്കുന്ന അംഗങ്ങളിൽ ഈ മൂന്ന് ജില്ലയിൽപ്പെടാത്ത അംഗങ്ങൾക്ക് അതിനെ അംഗീകരിക്കാൻ കഴിയുമോയെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. അവർ അംഗീകരിക്കുകയാണെങ്കിൽ അവർക്ക് നാളെ അവരുടെ നിയോജകമണ്ഡലത്തിൽ ഇറങ്ങിനടക്കാൻ സാധിക്കുകയില്ല. കേന്ദ്ര സർക്കാരിന്റെ ബഹുഭ്രൂരിഭാഗം ഫണ്ടും കേന്ദ്രീകരിക്കുന്നത് ഗുജറാത്തിലാണ്. സമാനമായി കിഫ്ബി പദ്ധതികളുടെ സ്ഥലമെടുപ്പിന്റെ 52 ശതമാനം തുകയും കണ്ണൂരിൽ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. കണ്ണൂരിന് പുറത്തുള്ള ഏതെങ്കിലുമൊരു പ്രതിപക്ഷാംഗത്തിന് ഇത് അംഗീകരിക്കാൻ സാധിക്കുമോ; അവർ അത് അംഗീകരിച്ചാൽ അവർക്ക് ഇറങ്ങിനടക്കാൻ സാധിക്കില്ല. കിഫ്ബിയെ സംബന്ധിച്ചിടത്തോളം വലിയതോതിൽ കടമെടുപ്പുമായി മുന്നോട്ടുപോയപ്പോൾ, പൊതുകടത്തിന്റെ പരിധിയിൽ കിഫ്ബിയുടെ കടം വരുന്നു എന്ന സ്ഥിതിവിശേഷം വന്നപ്പോൾ ഈ ഇരിക്കുന്ന മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും ധനകാര്യ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറിയായിരുന്ന ഇപ്പോഴത്തെ ചീഫ് സെക്രട്ടറി ശ്രീ.

ബിശ്വനാഥ് സിൻഹയുമൊക്കെ ആ കടമെടുപ്പിനെ എതിർത്തിരുന്നു. അവർ ഗാരന്റി നൽകാൻ തയ്യാറല്ല എന്ന് പറഞ്ഞിരുന്നു. അങ്ങനെയൊരു സാഹചര്യത്തിൽ അന്നത്തെ കേരള മുഖ്യമന്ത്രി അധ്യക്ഷനായ യോഗം കിഫ്ബിയുടെ സി.ഇ.ഒ.-യെ വിളിച്ചുവരുത്തി അതിനെ ഓവർറൂൾ ചെയ്തുകൊണ്ടാണ് ഇത്തരത്തിലുള്ള കടമെടുപ്പുമായി അവർ മുന്നോട്ടുപോയത്. ഇത് റൂൾസ് ഓഫ് ബിസിനസ്സിന്റെ ചട്ടം 10(2)-ന്റെ നഗ്നമായ ലംഘനമാണ്. ഇത്തരത്തിലൊക്കെ നിലവിലുള്ള നിയമങ്ങളെയും കീഴ്വഴക്കങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ട് ഇങ്ങനെയൊക്കെ പെരുമാറാൻ ഈ പിണറായി വിജയനെയും അദ്ദേഹത്തിന്റെ അന്നത്തെ സർക്കാരിനെയും പ്രേരിപ്പിച്ചതിന്റെ ചോതോവികാരം എന്താണെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇത് ഒരുപക്ഷേ ശ്രീ. നരേന്ദ്രമോദിക്ക് ഗ്യാനേഷ് കുമാർ എത്രമാത്രം പ്രിയപ്പെട്ടവനാണോ, അതുപോലെയാണോ കിഫ്ബിയുടെ സി.ഇ.ഒ. എന്ന് എനിക്കറിയില്ല. അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ വളരെ പ്രമുഖനായ ധനകാര്യ വകുപ്പുമന്ത്രിയെവരെ ഓവർറൂൾ ചെയ്തുകൊണ്ട് ഇത്തരത്തിൽ ചട്ടം ഉൾപ്പെടെ ലംഘിച്ചുകൊണ്ട് അദ്ദേഹം

മുന്നോട്ടുപോയതിന്റെ ഉദാഹരണങ്ങളാണ് കിഫ്ബിയിലുള്ളത്. അതുപോലെ കിഫ്ബി കഴിഞ്ഞ പത്ത് കൊല്ലംകൊണ്ട് ചെലവഴിച്ച തുക 42000/- രൂപയാണ്. പൂർത്തിയാക്കിയ പദ്ധതികളുടെ മൊത്തം ചെലവ് 25000 കോടി രൂപയും പത്ത് കൊല്ലംകൊണ്ട് സർക്കാർ കിഫ്ബിക്ക് കൊടുത്ത തുകയും 25000 കോടി രൂപയാണ്. അപ്പോൾ പിന്നെ കിഫ്ബിയുടെ ആവശ്യം എന്താണ്? ആ പണി പി.ഡബ്ല്യു.ഡി. ചെയ്യില്ലേ. അതുപോലെ കിഫ്ബിയുടെ സ്റ്റാഫ് പാറ്റേൺ 40 ആണ്. 498 ആളുകൾ ജോലി ചെയ്യുന്നു. 20 കോടി രൂപയാണ് പരസ്യത്തിന്റെ ചെലവായി കാണിച്ചത്. 210-220 കോടി രൂപയാണ് പരസ്യത്തിനായി കിഫ്ബിയിൽനിന്നും ചെലവഴിച്ചത്. രണ്ട് ശതമാനം കൂടിയ നിരക്കിലാണ് കടമെടുക്കുന്നത്. അതിന്റെ ബാധ്യതതന്നെ 400 കോടി രൂപയുണ്ട്. ഇങ്ങനെ സമ്പൂർണ്ണമായി ഈ സംസ്ഥാനത്തെ സാമ്പത്തികമായി നശിപ്പിച്ച കിഫ്ബിയാണ് ഇവരുടെ തോൽവിക്ക് കാരണം. ആ കിഫ്ബിയാണ് കേരളത്തിൽ ധനകാര്യ പ്രതിസന്ധിയുണ്ടാക്കിയതിന് കാരണം. അത് കാരണമാണ് തൊഴിലാളികളുടെയും ജീവനക്കാരുടെയും പെൻഷൻകാരുടെയുമൊക്കെ

ശത്രുവായി എൽ.ഡി.എഫ്. ഗവൺമെന്റ് മാറിയതെന്ന് ഇപ്പോൾപോലും ചിന്തിക്കാൻ കഴിയാത്തവണ്ണം മാനസികമായി, ശ്രീ. നരേന്ദ്ര മോദിയോട് ഡൽഹിയിൽ എങ്ങനെ ബി.ജെ.പി. വിധേയപ്പെട്ടോ അതുപോലെ കേരളത്തിൽ ശ്രീ. പിണറായി വിജയന്റെ ചില നടപടികൾക്ക് വിധേയപ്പെട്ടതുകൊണ്ടാണ് ഇവർക്ക് ഇപ്പോഴും ആ സത്യം അംഗീകരിക്കാൻ സാധിക്കാത്തത് എന്ന് ഞാൻ പറയുകയാണ്. ഒരു കാര്യം കൂടി ഞാൻ പറയുകയാണ്, കേരളത്തിൽ പുതിയതായി അധികാരമേറ്റ സർക്കാരിനെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ സാമ്പത്തിക മുന്നേറ്റങ്ങളാണ് നടത്തുന്നത്. ഈ സർക്കാർ അധികാരത്തിലേറുമ്പോൾ ഇതുപോലെയുള്ള ഊഷരമായൊരു മരുഭൂമിയാണ് ഈ സർക്കാരിന് കൈമാറി കിട്ടിയത്. അവിടെയാണ് ഈ സർക്കാർ 2026 ഏപ്രിൽ-സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഇവിടത്തെ മൊത്തം നികുതി വരുമാനത്തിൽ 2024-25-നേക്കാൾ 17 ശതമാനത്തിന്റെ വർധനയാണ് വരുത്തിയത്. കഴിഞ്ഞ ഇതേ കാലയളവിനേക്കാൾ ഉണ്ടാക്കിയത് എന്നുള്ളത് നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 6000 കോടി രൂപയുടെ അധിക നികുതി വരുമാനമാണ്

ഈ സർക്കാരുണ്ടാക്കിയത്. ഇത് മാന്ത്രികവടികൊണ്ടോ അക്ഷയപാത്രംകൊണ്ടോ ഒന്നും ഉണ്ടാക്കിയതല്ല. സാമ്പത്തിക ശാസ്ത്രത്തെ ശാസ്ത്രീയമായി സമീപിക്കുകയും ഭാവനാപൂർണ്ണമായ നടപടികൾ കൈക്കൊള്ളുകയും ചെയ്ത കേരളാ മുഖ്യമന്ത്രിയുടെ മികവ് കൊണ്ടാണ് ഈ 6000 കോടി രൂപയുടെ അധിക വരുമാനം നമുക്ക് ഉണ്ടായത്. ഇത് പഴയ Great Depression (ആഗോള സാമ്പത്തിക മാന്ദ്യം)-ന്റെ കാലത്തെ ജോൺ മെയ്നാർഡ് കെയ്ൻസ് (John Maynard Keynes) -ന്റെ എക്കണോമിസ്റ്റിന്റെ 'കെയ്നേഷ്യൻ സാമ്പത്തികശാസ്ത്രം' (Keynesian Economics) തിയറിയുടെ പിന്തുടർച്ചയാണ് ഇവിടെ നടക്കുന്നത്. ഇവിടെ വിപണികളിൽ സാധനങ്ങൾ നിറയ്ക്കുക, ഗ്രണഭോക്താക്കളുടെ, ഉപഭോക്താക്കളുടെ കൈകളിൽ പണമെത്തിക്കുക എന്ന വലിയൊരു സിദ്ധാന്തമാണ് നിശബ്ദമായി ഇവിടെ നടന്നത്. ആശാവർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും പാചകത്തൊഴിലാളികളുടെയും വേതനം വർധിപ്പിച്ചു, ക്ഷേമനിധി ബോർഡുകളിലെ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തു. സർക്കാർ ജീവനക്കാർക്ക് 2 ശതമാനം ഡി.എ.

നൽകി. അത്തരത്തിൽ ഗ്രണഭോക്താക്കളുടെ കൈയിൽ പണം എത്തിക്കുകയും ആ പണം മാർക്കറ്റിൽ സർക്കുലേറ്റ് ചെയ്യപ്പെടുകയും അതിന് കൃത്യമായ സമയക്ലിപ്തത ഭരണാധികാരികൾ ഉറപ്പുവരുത്തുകയും ചെയ്തതിന്റെ ഫലമാണ് ഇവിടെ ഉണ്ടായ ഈ നികുതി വരുമാന വർധന. ഓണക്കാലത്തെ കേരളത്തിന്റെ മുന്നേറ്റം ഇവിടെ പലരും പ്രസംഗങ്ങളിൽ ചൂണ്ടിക്കാണിച്ചു. സപ്ലൈകോ എന്നത് ഇന്ത്യാ രാജ്യത്ത് റിലയൻസ് കഴിഞ്ഞാൽ ഏറ്റവും അധികം റീട്ടെയിൽ സൂപ്പർമാർക്കറ്റ് ഔട്ട്ലറ്റുകളുള്ളൊരു സ്ഥാപനമാണ്. എൽ.ഡി.എഫ്. ഭരണകാലത്ത് അത് സബ്സിഡി സാധനങ്ങൾ മാത്രം വിൽക്കുന്നൊരു സ്ഥാപനം മാത്രമായിരുന്നു. എന്നാൽ ഇന്നവിടെ എല്ലാ സാധനങ്ങളും നിറയ്ക്കുകയും വലിയ കച്ചവടമുണ്ടാകുകയും ഇവിടത്തെ സ്വകാര്യ റീട്ടെയിൽ സ്ഥാപനങ്ങളെപ്പോലും അത്ഭുതപ്പെടുത്തുന്ന വിധം ഇന്ന് സപ്ലൈകോ മുന്നോട്ടുപോകുകയുമാണ്. അത്തരത്തിൽ ഒരുപാട് വരുമാന വർധനയും കച്ചവട മുന്നേറ്റവും നികുതി പിരിവിലെ വർധനയുമൊക്കെ ഈ സംസ്ഥാനത്തിന് സാധ്യമാകുന്ന സ്ഥിതി വന്നിരിക്കുന്നു. ഇവിടെ ഒരുപാട് കുടിശ്ശികകൾ, കടങ്ങൾ, ബാധ്യതകൾ അതിന്റെ മുന്നിൽ മുട്ട് വിറയ്ക്കുന്നൊരു

സർക്കാരല്ല, അതിനെ ശാസ്ത്രീയമായി സമീപിക്കുകയും സാമ്പത്തിക തത്വങ്ങളും ശാസ്ത്രീയമായ അവലംബങ്ങളും പ്രയോഗിച്ചുകൊണ്ട് ഈ സംസ്ഥാനത്തെ കരകയറ്റാൻ ബാധ്യതയുണ്ടെന്ന് ഉറക്കെപ്പറയുകയും ചെയ്യുന്ന സർക്കാരാണ്. അതല്ലാതെ words will build mountain എന്നൊക്കെ നേരത്തെ പറഞ്ഞതുപോലെ അല്ലിത്. ഇത് സംസാരിക്കുകയും അതിനനുസരിച്ച് നിശബ്ദ വിപ്ലവങ്ങൾ നടത്തുകയും ചെയ്യുന്ന സർക്കാരാണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ 162 ദിവസമാണ് ഈ സർക്കാരിന് പ്രായമായിട്ടുള്ളത്. 262 ദിവസമാകുമ്പോഴേക്കും ഇവർക്കൊന്നും ഉത്തരമില്ലാത്തവണ്ണം നിർണ്ണായകമായ പാദമുദ്രകൾ പതിപ്പിച്ചുതന്നെ ഈ സർക്കാർ മുന്നോട്ടുപോകുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഈ മുന്നോട്ടുപോക്കിൽ കേരളം ഒന്നടങ്കം ഭാഗഭാക്കാവുകയാണ്. അതിൽ ഞാനും ഭാഗഭാക്കാവുകയാണ്. ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നതായി അറിയിക്കുന്നു.

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ: സർ, ഒരു സർക്കാർ എത്ര പ്രഖ്യാപനങ്ങൾ നടത്തി എന്നതിനല്ല പ്രാധാന്യം. ആ പ്രഖ്യാപനങ്ങൾ

എത്രത്തോളം ജനങ്ങളുടെ ജീവിതത്തിലും സമൂഹത്തിലും മാറ്റങ്ങളുണ്ടാക്കി എന്നതിനാണ് പ്രാധാന്യം. യുവാക്കൾക്ക് സുരക്ഷിതമായ ഭാവിയൊരുക്കുക, സംരംഭകർക്ക് മികച്ച അവസരങ്ങൾ സൃഷ്ടിക്കുക, സാധാരണക്കാരന്റെ ചികിത്സാ ഭാരം കുറയ്ക്കുക, വിദ്യാർഥികൾക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കുക എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ നയിക്കുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെയും അനുബന്ധ ധനാഭ്യർഥനകളെയും ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

സ്ത്രീ ശക്തീകരണം പ്രസംഗത്തിലല്ല, പ്രായോഗിക ജീവിതത്തിലാണ് തെളിയേണ്ടത്. ശ്രീ. രാഹുൽ ഗാന്ധി വിഭാവനം ചെയ്ത പ്രിയദർശിനി പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളിൽ സ്ത്രീകൾക്ക് നൽകിയ സൗജന്യ യാത്ര ആ കുടുംബത്തിലെ സാമ്പത്തിക ബജറ്റിൽ അല്പമെങ്കിലും ആശ്വാസം പകരുന്നതാണ്. അതുപോലെ ജനപ്രിയ നേതാവായിരുന്ന ഉമ്മൻചാണ്ടിയുടെ പേരിൽ വിഭാവന ചെയ്യുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും പാവങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ്. രോഗം വന്നാൽ ചികിത്സാച്ചെലവ് എങ്ങനെ കണ്ടെത്തുമെന്ന ആശങ്കയിൽ

കേരളത്തിൽ ആരും ബുദ്ധിമുട്ടരുത്. അതുകൊണ്ടുതന്നെ ഈ പദ്ധതി എത്രയുംവേഗം നടപ്പാക്കി അർഹമായ കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കണം. കേരളത്തിൽ കൂടുതൽ നിക്ഷേപങ്ങളും സംരംഭങ്ങളും തൊഴിലവസരങ്ങളും ആവശ്യമാണ്. സംരംഭങ്ങൾ ആരംഭിക്കാൻ നിരവധി ഓഫീസുകൾ കയറിയിറങ്ങി മടുത്ത ചെറുപ്പക്കാർ ഈ നാട്ടിലുണ്ട്. ഈ സാഹചര്യം മാറ്റുവാനായി സരൾ കേരള ബിൽ കൊണ്ടുവന്നത് സർക്കാരിന്റെ മഹത്തരമായ തീരുമാനമാണ്. Within 75 days say Yes or No എന്നൊരു ചിന്ത അല്ലെങ്കിൽ One nation one document, ഏകദേശം 18 വകുപ്പുകൾ കയറിയിറങ്ങേണ്ട ഫയൽ ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന് അവസരമൊരുക്കുകയാണ്. കേവലം റോഡുകളും പാലങ്ങളും മാത്രമല്ല ഒരു സർക്കാരിന്റെ ഉത്തരവാദിത്വം. മറിച്ച് ജനങ്ങൾക്ക് സംതൃപ്തമായ ജീവിതവും ഭീതിയില്ലാത്ത അന്തരീക്ഷവും പ്രദാനം ചെയ്യുകയെന്നത് ഏറ്റവും പ്രാധാനമാണ്. ഇന്നത്തെ യുവജനങ്ങളുടെ നാളെയുടെ അവസ്ഥയെപ്പറ്റി നമുക്ക് ആശങ്കയുണ്ടായിരുന്നു. കേരളത്തിൽ

പെട്ടെന്നായിരുന്ന കഴിഞ്ഞ നാളുകളിൽ മയക്കുമരുന്നുശൃംഖല വളർന്നുവന്നത്. എന്നാൽ അതിനെ നിർമ്മാർജ്ജനം ചെയ്യാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ നടത്തുന്ന ഓപ്പറേഷൻ ളുഫാൻ എന്ന പദ്ധതി ഇന്ന് ലോകം മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന ഒന്നായി മാറിയിരിക്കുന്നു. വന്ദ്യവയോജനങ്ങളെ ചേർത്തുനിർത്താനും സംരക്ഷിക്കാനുംവേണ്ടി ഒരു പുതിയ വകുപ്പിന് രൂപംനൽകുന്നത് ഏകാന്തത അനുഭവപ്പെടുന്ന വയോജനങ്ങൾക്ക് എത്രയോ ആശ്വാസം പകരുന്ന പദ്ധതിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെ പ്രഖ്യാപിച്ച, ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർക്ക് വേണമെങ്കിൽ ഒരവസരം നൽകാമെന്ന് പറഞ്ഞത്, ആ വന്ദ്യവയോജനങ്ങൾക്ക് വേണ്ടിയുള്ള ഒരു വലിയ പദ്ധതി ഞാൻ മനസ്സിൽ കാണുകയാണ്. നമ്മുടെയൊക്കെ നിയോജകമണ്ഡലത്തിലും പഞ്ചായത്തിലും കോർപ്പറേഷനിലുമൊക്കെ പുറമ്പോക്ക് വസ്തുവുണ്ടെങ്കിൽ അവിടെ വന്ദ്യവയോജനങ്ങൾക്കുവേണ്ടി കെട്ടിടം സ്ഥാപിച്ച് അവരെ സംരക്ഷിക്കാൻ കഴിയുകയാണെങ്കിൽ അത് ഏറ്റവും നല്ലൊരു കാര്യമായിരിക്കും. ഇനി

Financial Business

ലോക ഭൂപടത്തിൽ കേരളത്തെ അടയാളപ്പെടുത്താൻ സാധ്യതയുള്ള വലിയ പദ്ധതിയാണ് മിഷൻ സമുദ്രയെന്ന തുറമുഖ പദ്ധതി. കേരളത്തിലെ തുറമുഖങ്ങളെ ഒറ്റപ്പെട്ട ഗതാഗത കേന്ദ്രങ്ങളായി കാണാതെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള വ്യാപാര ശൃംഖലയായി വികസിപ്പിക്കുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഇത് ഉൾനാടൻ ജലഗതാഗതത്തിന് വലിയ പ്രതീക്ഷ നൽകുന്നു. നമ്മളൊക്കെ കടലും കായലും സംഗമിക്കുന്ന പാട്ടുകൾ കേട്ടിട്ടുണ്ട്. 'സംഗമം, സംഗമം....' പക്ഷേ ഇന്നിവിടെ കടലും കായലും റോഡും സംഗമിക്കാൻ പോകുന്നു എന്നുള്ളത് ഏറ്റവും വലിയ പ്രത്യേകതയാണ്. പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ സാമ്പത്തിക ഉത്തരവാദിത്വം പ്രധാനമാണ്. മുൻ ഭരണകാലത്ത് നിന്നുള്ള കുടിശ്ശികകളും ബാധ്യതകളും കൈകാര്യം ചെയ്തുകൊണ്ടുതന്നെ പുതിയ പദ്ധതികൾക്കായി വിഭവങ്ങൾ കണ്ടെത്തേണ്ട വെല്ലുവിളി സർക്കാരിന്റെ മുന്നിലുണ്ട്. വിവിധ മേഖലകളിൽനിന്നുള്ള സാമ്പത്തിക സ്രോതസ്സ് സ്വരൂപിച്ച് ഒരു മികച്ച സാമ്പത്തിക വിദഗ്ധൻ കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിലാണ് ഈ നാടിന്റെ പ്രതീക്ഷ. എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയുടെ

ആവശ്യങ്ങൾകൂടി ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. വിവിധ മതസ്ഥാപനങ്ങളുടെ ഹെഡ് ഓഫീസ്, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ ദേശങ്ങളായ പടിഞ്ഞാറൻ മേഖലയും ഹൈറേഞ്ച് മേഖലയും അവയുടെ സംഗമ ഭൂമിയായതിനാൽ ഇവിടത്തെ ഗതാഗതക്കുരുക്ക് വളരെ കൂടുതലാണ്. ആ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ഞങ്ങളുടെ സ്വപ്ന പദ്ധതിയായ പടിഞ്ഞാറൻ ബൈപ്പാസിനുവേണ്ടി ആ പ്രദേശത്തെ മുഴുവൻ ജനങ്ങളും സൗജന്യമായി സ്ഥലം നൽകാൻ സന്നദ്ധരാണെന്നുള്ള സന്തോഷകരമായ കാര്യം ഞാൻ ഇവിടെ അറിയിക്കുകയാണ്. ചങ്ങനാശ്ശേരിക്ക് വേണ്ടത് കടലാസിലോ ഫ്ലക്സിലോ ഒതുങ്ങുന്ന വികസനമല്ല. അവിടത്തെ ജനറൽ ആശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം, കുടിവെള്ളം, വെള്ളക്കെട്ട്, മാലിന്യ സംസ്കരണം, കർഷകരുടെ കഷ്ടപ്പാട് ലഘൂകരിക്കുക ഇതിലെല്ലാം ഞങ്ങളുടെ പ്രതീക്ഷ ഈ സർക്കാരിലാണ്. ഒരു സർക്കാരിന്റെ പ്രവർത്തന വിജയം അളക്കേണ്ടത് പ്രഖ്യാപനങ്ങളുടെ എണ്ണത്തിലല്ല. സാധാരണ ജനങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന മാറ്റത്തിലാണ്, അവരുടെ മുഖത്ത് തെളിയുന്ന

പുഞ്ചിരിയിലാണ്. ജനങ്ങളുടെ പ്രതീക്ഷകളെ ഉത്തരവാദിത്വമായി ഏറ്റെടുത്ത് സാമ്പത്തിക വെല്ലുവിളികളെ മറികടന്ന് ക്ഷേമവും വികസനവും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാൻ നമ്മുടെ സർക്കാരിന് കഴിയുന്നു എന്ന് പറയുന്നതിൽ ഞാൻ അഭിമാനിക്കുന്നു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ജനങ്ങളുടെ ജീവിതത്തിൽ യാഥാർഥ്യമായി മാറണം. കേരളത്തിന്റെ വികസനം ഓരോ കുടുംബത്തിന്റെയും പുരോഗതിയായി മാറണം. ആ ലക്ഷ്യത്തിലേക്കുള്ള ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ പ്രയാണത്തിന് എന്റെ പൂർണ്ണ പിന്തുണ അറിയിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

[അധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഈ ഉപധനാഭ്യർഥനകളെയും അധികധനാഭ്യർഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും സഹമന്ത്രിമാരെയും അഭിനന്ദിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. ചെറിയ സമയംകൊണ്ട് ജനങ്ങൾക്ക് വലിയ പ്രതീക്ഷയും സന്തോഷവും പകർന്നൊരു സർക്കാരാണ്

കേരളത്തിലുള്ളത്. സർക്കാരിനെ വിലയിരുത്താനുള്ള സമയമൊന്നുമായിട്ടില്ലെന്ന് നമുക്കറിയാം. അതുകൊണ്ട് ഈ ചെറിയ സമയത്തിനുള്ളിൽ ജനങ്ങൾക്ക് പ്രതീക്ഷ പകർന്നിട്ടുണ്ട് എന്നുള്ളതാണ് സന്തോഷകരമായ സംഗതി. കഴിഞ്ഞ അഞ്ചുകൊല്ലവും അതിനുമുമ്പ് അഞ്ചുകൊല്ലവുംകൂടി കേരളം ഭരിച്ച ഇപ്പോഴത്തെ പ്രതിപക്ഷമുണ്ട്. കഴിഞ്ഞ അഞ്ചുകൊല്ലം പ്രതിപക്ഷനേതാവിനെക്കുറിച്ചും പ്രതിപക്ഷകക്ഷികളെക്കുറിച്ചും മോശം പ്രതിപക്ഷമെന്നായിരുന്നു അവർ പറഞ്ഞത്. ഇതുപോലെയൊരു പ്രതിപക്ഷമുണ്ടായിട്ടില്ല എന്നൊക്കെ പരാമർശിച്ച സന്ദർഭങ്ങളുണ്ടായി. ഇന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് അവർ അതേ ശൈലിയിൽത്തന്നെ വിമർശിക്കുകയാണ്. ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. അവരുടെ ഇന്നത്തെ ഗതികേട് കൊണ്ടാണ് അവരെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ ആരാണ് മോശമെന്നത് ജനങ്ങൾ വിലയിരുത്തി? തിരഞ്ഞെടുപ്പിലെ വിധിയെഴുത്തിലൂടെ അവർ അത് തെളിയിക്കുകയും ചെയ്തു. കഴിഞ്ഞ പിണറായി ഗവൺമെന്റിന്റെ ഇടതുപക്ഷ

സർക്കാർ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ അഞ്ചുകൊല്ലംകൊണ്ടല്ല പത്ത് കൊല്ലംകൊണ്ടെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞോ എന്നുള്ളതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടതുണ്ട്. ജനജീവിതം കടുത്ത പ്രതിസന്ധിയിലാക്കികൊണ്ടാണ് അവർ പിരിഞ്ഞുപോയത്. കേരളത്തെ ദരിദ്രമാക്കികൊണ്ടാണ് അവിടെ പിൻമാറ്റമുണ്ടായത്. ദരിദ്രവൽകരിച്ചുവെന്നുപറഞ്ഞാൽ തെറ്റാകില്ല. ഇടതുസർക്കാരിന്റെ കാലത്താണ് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ മൂക്കിനുതാഴെ എന്നുവേണമെങ്കിൽ പറയാം, ഒരു അമ്മ ഭക്ഷണം കൊടുക്കാനില്ലാത്തതുകൊണ്ട് മണ്ണ് അരിച്ചെടുത്ത് കുഴച്ച് കുട്ടികളുടെ വായിൽ വച്ച് കൊടുക്കുന്ന വാർത്ത വായിക്കേണ്ട ഗതികേടാണ് നമുക്കുണ്ടായത്. കേരളത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 2914 വിദ്യാർഥികൾ പഠനം നിർത്തി പുറത്തുപോകുന്ന സാഹചര്യമുണ്ടായി. കൊടിയ ദാരിദ്ര്യം കൊണ്ടാണ് അതിൽ 43 കുട്ടികൾ പഠനം നിർത്തിയത്. കഴിഞ്ഞ സർക്കാരിന്റെ വലിയ സംഭാവന എന്താണ്? മദ്യം ഒഴുക്കി എന്നുള്ളതല്ലാതെ മറ്റെന്തെങ്കിലും പറയാനുണ്ടോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു ലക്കും

ലഗാന്തമില്ലാതെയാണ് മദ്യവും ലഹരി പദാർഥങ്ങളും നിർബാധം ഒഴുക്കാൻ സംവിധാനങ്ങൾ ചെയ്തുകൊടുത്തത്. വേദനജനകങ്ങളായ ധാരാളം അനുഭവങ്ങൾ നമുക്കുണ്ടായി. മകന്റെ അടിയേറ്റ് മരിച്ച അച്ഛന്റെ കഥ, മകൻ നിർദാക്ഷിണ്യം കൊലപ്പെടുത്തിയ ഒരു ഉമ്മയുടെ വേദനകൾ ഇതെല്ലാം വേദനയോടുകൂടിയാണ് നമുക്ക് വായിക്കേണ്ടി വന്നത്. തിരുവനന്തപുരത്ത് ഒരു കുടുംബത്തിലെ അഞ്ച് ആളുകളെ കൊല്ലപ്പെടുത്തിയ സംഭവം വേറെയുണ്ടായി. അതൊക്കെ എണ്ണിയെണ്ണി പറയാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുന്നില്ല. മദ്യലഹരിയിൽ കാർ ഓടിച്ചതിന്റെ ഫലമായി ഒരു അധ്യാപകൻ മരിച്ചു. ഇന്നലെ നടന്ന ആ സംഭവം ഇന്ന് നാം വായിച്ചു. ഒരു ആവർത്തികൂടി പഴയ സർക്കാർ കേരളത്തിൽ വന്നിരുന്നുവെങ്കിൽ നാളികേരത്തിന്റെ നാടിനെ ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഹിമാചൽപ്രദേശ് എന്നൊക്കെ പറയുന്നതുപോലെ ലഹരിപ്രദേശ് എന്ന് പറയേണ്ട ഗതികേട് നമുക്കുണ്ടാകുമായിരുന്നു. ഈ സർക്കാരിന് ചെറിയ പ്രായമേ ആയിട്ടുള്ളൂ. എന്നാൽ അഞ്ചുകൊല്ലം നടപ്പിലാക്കേണ്ട കാര്യങ്ങൾ പ്രതിപക്ഷത്തുള്ള ഇടതുപക്ഷക്കാർ ഇപ്പോൾത്തന്നെ പറയുകയാണ്, എവിടെ, എവിടെ എന്ന്

ചോദിക്കുകയാണ്. ഇടതുപക്ഷം ചോദിക്കുന്നത് അവരുടെ നിരാശകൊണ്ടാണെന്ന് നമുക്കറിയാം. അവർ ചില സമരങ്ങളും തുടങ്ങിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഓഫീസിലേക്ക് അവരുടെ ഒരു സമരം ഇതിനുമുമ്പ് നടന്നു. അവിടെ പഞ്ചായത്തിന്റെ അധീനതയിലുള്ള ഗ്രാമീണ റോഡുകൾ നന്നാക്കിയില്ലെന്നതാണ് അതിലൊരു വിഷയം. ഇന്നത്തെ സി.&എ.ജി. റിപ്പോർട്ട് നമ്മളെ ബോധ്യപ്പെടുത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2,963 കോടി രൂപ കൊടുക്കേണ്ടത് കൊടുക്കാതെ തടഞ്ഞുവച്ചതിന്റെ ഫലമായാണ് ഇത് സംഭവിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ, ആ നിരാശ കാമുകൻമാർ, എം.എൽ.എ. ഓഫീസിലേക്ക് സമരം നടത്തുന്നു. മറ്റൊന്ന്, എം.എൽ.എ. ഫണ്ടിൽനിന്ന് ഒന്നര കൊല്ലംമുമ്പ് അനുവദിച്ച പണം ഉപയോഗിച്ച് ഒരു സ്റ്റേഡിയം പൂർത്തിയാക്കിയില്ലെന്നുള്ളതിന്റെ പേരിലാണ്. ഞങ്ങളുടെ നിയോജകമണ്ഡലത്തിന്റെ തൊട്ടപ്പുറത്താണ് അന്നത്തെ കായിക വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലം. അഞ്ചുകൊല്ലം മുമ്പ് സർക്കാർ

അനുവദിച്ച ഞങ്ങളുടെ മണ്ഡലത്തിലുള്ള ഒരു സ്റ്റേഡിയം പണി പൂർത്തിയാകാതെ കിടക്കുന്നുവെന്നുള്ളതിന്റെ പേരിൽ സമരം ചെയ്യാനൊന്നും അവരില്ല. അവർക്ക് ഭരണം മാറുന്നതിനനുസരിച്ച് നയം മാറിക്കൊണ്ടിരിക്കും. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഐക്യജനാധിപത്യ മുന്നണി പ്രതിപക്ഷത്തിരുന്നപ്പോൾ ജനങ്ങളിൽക്കൂടിയാണ് നമ്മൾ അധികാരത്തിൽവന്നത്. അതിന്റെ പ്രതിഫലനങ്ങളാണ് നമ്മൾ കാണുന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾ ഉയർത്തിപിടിച്ച് സഭയ്ക്കകത്തും പുറത്തും പൊരുതിനിന്ന പ്രതിപക്ഷത്തെയാണ് ജനങ്ങൾ അധികാരത്തിൽകൊണ്ടുവന്നത്. ജനങ്ങൾ യു.ഡി.എഫ്.-ന് അഭൂതപൂർവമായ വിജയം നൽകി പിന്തുണച്ചു. ചെറിയ സമയത്തിനുള്ളിൽത്തന്നെ വലിയ കുറെ കാര്യങ്ങൾ ചെയ്യാൻ സാധിച്ചില്ലേ; നൂറ് ദിവസംകൊണ്ട് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച 568 പദ്ധതികൾ ഇതിനകം പൂർത്തിയാക്കി. സംസ്ഥാനത്ത് തീർപ്പാക്കാൻ കഴിയാതെ 276000 ഫയലുകൾ കെട്ടികിടക്കുകയാണ്. അവ കെട്ട് അഴിച്ച് പൊടി തട്ടിയെടുത്ത് ഇവയ്ക്കൊക്കെ പരിഹാരം കണ്ടെത്തേണ്ടതുണ്ട്. അത്

276000 ജനങ്ങളുടെ ജീവനാണ്. അതിന് പരിഹാരമുണ്ടാകാൻ സംവിധാനമുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിനുവേണ്ടി 'ജനസ്പർശം പദ്ധതി' ഒക്ടോബർ 11 ആരംഭിച്ചുകൊണ്ട് ഡിസംബർ 30-നുള്ളിൽ അത് പൂർത്തീകരിക്കുമെന്ന് നമുക്കറിയാം. ഈ സർക്കാർ ഏറ്റെടുത്ത അഭിമാനകരമായ ഓപ്പറേഷൻ ശുഹാൻ പദ്ധതി. അതിൽ പതിനായിരക്കണക്കിന് കേസുകളെടുത്തു; മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിൽ പതിനായിരക്കണക്കിന് ആളുകളെ പിടിച്ചു. പ്ലസ്ടു സീറ്റിന്റെ പ്രശ്നം പരിഹരിച്ചു. സ്ത്രീകൾക്ക് സൗജന്യയാത്ര, ആശവർക്കർമാർ, അങ്കണവാടി ജീവനക്കാർ, പ്രീ-പ്രൈമറി അധ്യാപകർ, ആയമാർ, പാചകത്തൊഴിലാളികൾ എന്നിവരുടെയൊക്കെ വേദന മാറ്റാൻ കഴിയുന്നരീതിയിൽ വേതനം വർധിപ്പിച്ചു. ഇരുപതിനായിരം പട്ടയങ്ങൾ ഇതിനകം കൊടുത്തുതീർത്തു. സർക്കാർ ജീവനക്കാർക്കുള്ള ഡി.എ. 37 ശതമാനമായി വർധിപ്പിച്ചു. പെൻഷൻകാർക്കുള്ള ഡി.ആർ. 37 ശതമാനമായി അതും ഉയർത്തി. അങ്ങനെ ഒട്ടനവധി കാര്യങ്ങൾ സർവോപരി എ.ഐ. വകുപ്പുതന്നെ സർക്കാർ ആരംഭിച്ചു.

ലോകത്തിനുത്തന്നെ മാതൃകയാകുന്ന രീതിയിലാണ് വയോജനകൾക്ക് 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ ഇന്നലെ പാസ്സാക്കിയെടുത്തത്. അതുപോലെ പൊലീസ് വകുപ്പിൽ, ഭരണം മാറിയത് അറിയാത്ത ചില ആളുകളുണ്ട്. "പശു ചത്താലും മോരിന്റെ പുളി പോകില്ല" എന്ന് പറയുന്നതുപോലെ നയം സ്വീകരിച്ച ഉദ്യോഗസ്ഥൻമാരെയും പോലീസ് മേധാവി ഉദ്യോഗസ്ഥൻമാരെയുമുൾപ്പെടെ നാം കാണേണ്ടതുണ്ട്. പത്ത് കൊല്ലംകൊണ്ട് ശീലിച്ച ആ മാർഗത്തിൽത്തന്നെ ഇനിയും സഞ്ചരിക്കാമെന്നാണ് ഇവിടെ ആവിഷ്കരിക്കുന്നുവെങ്കിൽ അതിനൊരു അവസാനമുണ്ടാകേണ്ടതുണ്ട്. ഞാൻ ചുരുക്കുകയാണ്. പ്രവാസികളുടെ പ്രശ്നങ്ങൾക്കുകൂടി പരിഹാരമുണ്ടാകണം. ധാരാളം കാര്യങ്ങൾ നടപ്പാക്കിയതിന്റെകൂട്ടത്തിൽ അവരുടെ പെൻഷൻ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികളുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. തിരുർ നിയോജകമണ്ഡലത്തിൽ രാജീവ് ഗാന്ധിയുടെ നാമധേയത്തിൽ ഒരു അന്തർദേശീയ സ്റ്റേഡിയത്തിനുവേണ്ടി പത്ത് ഏക്കർ

സ്ഥലം കൊടുത്തത് വർഷങ്ങളായി കിടക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, അന്നത്തെ സർക്കാരിന്റെ മുമ്പിൽ ഞാൻ ഏറെ അലഞ്ഞു. അനുവദിച്ച പത്ത് കോടി രൂപപോലും നൽകാതെ മുടക്കിയ സന്ദർഭമുണ്ടായി. കഴിഞ്ഞ ബജറ്റിൽ അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ. അനുസരിച്ച് 46 കോടി രൂപയാകുമെന്ന് പറയുന്നത്. അത് അനുവദിക്കാൻകൂടിയുള്ള മനസ്സുണ്ടാകണം എന്നുകൂടി അപേക്ഷിക്കുകയും ഈ ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർതഥനകളെയും പിന്തുണച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഉപധനാഭ്യർഥനകളെയും അധികധനാഭ്യർഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഒട്ടനവധി കാര്യങ്ങളാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചെയ്തത്. ധൂർത്ത് ഒഴിവാക്കുക എന്നുള്ളതാണ് ആദ്യം ചെയ്തത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തികൊണ്ടിരുന്ന ധൂർത്തുകളെല്ലാം ഒഴിവാക്കി. ധൂർത്ത് എന്നുപറയുന്നത്, 80 ലക്ഷം രൂപ പ്രതിമാസ വാടകയ്ക്ക് പറക്കാത്ത

ഹെലികോപ്റ്റർ എടുത്ത് പ്രതിവർഷം പത്ത് കോടിയിൽപ്പരം രൂപ ഖജനാവിൽനിന്ന് അങ്ങനെതന്നെ കൊടുത്തുകൊണ്ടിരുന്നു. നേരത്തെയുള്ള മുഖ്യമന്ത്രിക്ക് നാല്പതിലധികം വാഹനങ്ങളായിരുന്ന അകമ്പടി പോയിക്കൊണ്ടിരുന്നത്. ഇപ്പോഴത്തെ മുഖ്യമന്ത്രി രണ്ടോമൂന്നോ വാഹനങ്ങളുടെ അകമ്പടിയോടുകൂടിയാണ് പോകുന്നത്. ഞാൻ ഒരു ഉദാഹരണം പറഞ്ഞതാണ്. ഇങ്ങനെ ഒട്ടനവധി കാര്യങ്ങൾ നമ്മുടെ സർക്കാർ വന്നതിനുശേഷം ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ട് ചെയ്തതുകൊണ്ട് ഖജനാവിൽ ഇപ്പോൾ പണം വന്നുകൊണ്ടിരിക്കുകയാണ്. മൂന്ന് മാസംകൊണ്ട് 6,800 കോടി രൂപയുടെ അധികനികുതി പിരിച്ചെടുത്തു, നാലുമാസംകൊണ്ട് ജി.എസ്.ടി. വരുമാനത്തിൽ വൻവർധനവുണ്ടായി. 19,583 കോടി രൂപ വരുമാനമാണ് ജി.എസ്.ടി.-യിലൂടെ നമുക്ക് ലഭിച്ചത്. ഒരു രൂപ പോലും നികുതി വർധിപ്പിക്കാത്ത കേരളത്തിലെ ആദ്യ ബജറ്റാണിത്. ഇത്രയധികം സാമ്പത്തിക പ്രതിസന്ധിയുണ്ടായ ഒരു സാഹചര്യത്തിൽ ബജറ്റ് അവതരിപ്പിക്കുമ്പോൾ, ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കുന്നത് മുൻകാല ബജറ്റുകളിലൊക്കെ

കണ്ടിട്ടുള്ളതാണ്. എന്നാൽ ജനങ്ങളുടെ മേൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇത്തവണത്തെ ബജറ്റ് സഭയിൽ അവതരിപ്പിച്ചു. കഴിഞ്ഞ ഓണക്കാലത്ത് ജനങ്ങളിലുണ്ടായ സന്തോഷം മാത്രംനോക്കിയാൽ മതി, ഈ സർക്കാർ എത്രമാത്രം കാര്യങ്ങൾ ചെയ്തുവെന്ന് മനസ്സിലാക്കാൻ.....

ഞാൻ ഇനി കൂടുതലൊന്നും പറയേണ്ടതില്ല. കാരണം, ഈ ഗവൺമെന്റ് എന്ത് ചെയ്യുന്നു അല്ലെങ്കിൽ എന്തെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്, ആഭ്യന്തര വകുപ്പുമന്ത്രി ആ വിഷയത്തിൽ ഇടപെട്ട് പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയത്. ഇങ്ങനെയൊക്കെ മികച്ച രീതിയിൽ കാര്യങ്ങൾ ചെയ്യുന്ന ഒരു സർക്കാരിനെതിരെ പ്രതിപക്ഷത്തുനിന്ന് ചില ആളുകൾ ഉദാഹരണത്തിന്, മുൻ ടൂറിസം വകുപ്പുമന്ത്രി, അതുപോലെ ഡൽഹിയിലുള്ള ഒരു എം.പി.-യുണ്ട് ഒരു അഖിലേന്ത്യാ പ്രസിഡന്റ്, അദ്ദേഹം ഇടയ്ക്കിടെ പറയുകയാണ്, കേരള മുഖ്യമന്ത്രി എല്ലാ ബുധനാഴ്ചയും പത്രസമ്മേളനത്തിൽ വന്ന് നുണ പറഞ്ഞുകൊണ്ടിരിക്കുകയാണ് എന്നാണ്. ഇപ്പോൾ എ.ഐ.-യുടെ കാലഘട്ടമാണ്. ബഹുമാനപ്പെട്ട ചെയറോ

മുഖ്യമന്ത്രിയോ ഇവിടെയിരിക്കുന്ന എം.എൽ.എ.-മാരോ ആര് നുണ പറഞ്ഞാലും അരമണിക്കൂർ കൊണ്ട് അത് തെളിയിക്കാൻ സാധിക്കില്ലേ; ഇക്കാലത്ത് നുണ പറഞ്ഞ് ഏതെങ്കിലും ഒരു ഭരണാധികാരിക്ക് നിലനിൽക്കാൻ കഴിയുമോ? സർക്കാരിനെതിരെ ഒന്നും പറയാനില്ലാത്തതുകൊണ്ട് വാർത്ത വരാൻവേണ്ടി എന്തെങ്കിലും വിളിച്ചുപറയുന്ന രീതിയാണിത്. എന്തായാലും നുണ പറഞ്ഞു എന്നുമാത്രമെ പറഞ്ഞിട്ടുള്ളൂ. മുൻ മുഖ്യമന്ത്രിയെപ്പോലെ ഒരു ടിഷ്യൂ പേപ്പറിൽ എഴുതിക്കൊടുക്കുമ്പോൾ അതിൽ ഒപ്പിട്ടുകൊടുക്കുന്ന മുഖ്യമന്ത്രിയല്ല ഇപ്പോഴത്തെ മുഖ്യമന്ത്രി എന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ; ഈ ടിഷ്യൂ പേപ്പർ എന്തിനാണ് കണ്ടുപിടിച്ചത്? വിമാനത്തിൽ ഉപയോഗിക്കാൻവേണ്ടി ചൈനക്കാരാണ് ടിഷ്യൂ പേപ്പർ കണ്ടുപിടിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ഏതായാലും ആ ടിഷ്യൂ പേപ്പറിൽ ചൈനീസ് പ്രസിഡന്റ് ഷി ജിങ്പിൻങ്കിനോ ഉത്തരകൊറിയൻ പ്രസിഡന്റ് കിം ജോങ് ഉൻ-നോ ഒപ്പിടാൻ പറ്റാത്ത കാര്യം നമ്മുടെ കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ഒപ്പിട്ടു കാണിച്ചുതന്നു. അതിന്റെ പേറ്റന്റ് നമുക്ക് കിട്ടിയിരിക്കുകയാണ്.

സി.പി.ഐ.(എം.)-ന്റെ സമ്മേളനവും വിശാല കമ്മിറ്റിയും കഴിഞ്ഞു. വിശാല കമ്മിറ്റിയിലെ ഏറ്റവും വലിയ ചർച്ച പാർട്ടിയിൽ തിരുത്തലുകളുണ്ടാകും എന്നതായിരുന്നു. അത് കേട്ടപ്പോൾ ഞങ്ങൾക്ക് വലിയ സന്തോഷമായി. കാരണം, തുടർഭരണം കിട്ടി അവർക്ക് ബംഗാളിലോ ത്രിപുരയിലോ അധികാരത്തിൽ വരാൻ കഴിഞ്ഞിട്ടില്ല. ഇവിടെ തിരുത്തി പോകുകയാണെങ്കിൽ നിലവിലുള്ള പാർട്ടി ഓഫീസ് മറ്റുള്ള പാർട്ടിക്കാർ കൊണ്ടുപോകാതെയെങ്കിലും ഇരിക്കുമല്ലോ എന്നുള്ള ആശ്വാസത്തിൽ എന്താണ് തിരുത്തൽ നടന്നത് എന്നതിനെക്കുറിച്ച് ഞാൻ അന്വേഷിച്ചുനടന്നു. തിരുവനന്തപുരത്തെ ഒരു മുതിർന്ന മാധ്യമപ്രവർത്തകനോട് ഞാൻ ചോദിച്ചു, വിശാല കമ്മിറ്റി കഴിഞ്ഞപ്പോൾ സി.പി.ഐ.(എം.) പാർട്ടിയിൽ തിരുത്തൽ തുടങ്ങി എന്ന് പറയുന്നല്ലോ, അതിനെക്കുറിച്ച് എന്തെങ്കിലും വിവരം കിട്ടിയോ? അപ്പോൾ ആ മാധ്യമപ്രവർത്തകൻ പറഞ്ഞത്, "നിങ്ങളുടെ പാർട്ടിയെപ്പോലെ സി.പി.ഐ.(എം.)-ൽ നിന്ന് അങ്ങനെ ഒരു വിവരവും കിട്ടില്ല, അവരുടേത് വലിയ കേഡർ പാർട്ടിയാണ്" എന്നാണ്. എന്നാലും ഞാൻ അന്വേഷിച്ചു. അപ്പോൾ

കിട്ടിയ വിവരമനുസരിച്ച് ഇനി മുതൽ ഡോ. തോമസ് ഐസക്ക് "ഐസക് തോമസ്" എന്നും സജി ചെറിയാൻ "ചെറിയാൻ സജി" എന്നും ബാലഗോപാൽ "ഗോപാല ബാലൻ" എന്നും എ.കെ.ജി. സെന്ററിലെ രജിസ്റ്ററിൽ തിരുത്തിയിട്ടുണ്ട്. ഇനിയും ഈ തിരുത്തൽ ഇങ്ങനെ തുടർന്നുകൊണ്ടേയിരിക്കും. ഈ സമ്മേളനത്തിൽ പാർട്ടി സംസ്ഥാന സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാഷിനെ ശാസിച്ചു എന്നൊരു വാർത്ത വന്നു. ആ പാവം എന്ത് പിഴച്ചു? അദ്ദേഹം ഒരു തെറ്റും ചെയ്തിട്ടില്ല. ശ്രീ. എം. വി. ഗോവിന്ദൻ മാഷിനെ ശാസിക്കാൻ വേണ്ടിമാത്രം ഒന്നും നടന്നില്ല. തിരഞ്ഞെടുപ്പ് സമയത്ത് ശ്രീ. എം. വി. ഗോവിന്ദൻ മാഷ് വേണ്ടത്ര ജാഗ്രത കാണിച്ചില്ല എന്നതാണ് പത്രവാർത്ത. ശ്രീ. എം. വി. ഗോവിന്ദൻ മാഷ് ജാഗ്രത കാണിച്ചില്ലെങ്കിലും കേരളത്തിലെ ജനങ്ങൾ കൃത്യമായി ജാഗ്രത കാണിച്ചല്ലോ; അതുമതി. ഞാനൊക്കെ സ്കൂളിൽ പഠിക്കുന്ന കാലത്ത് ഇ.എം.എസ്.-നെ ശാസിച്ചു എന്ന് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ഇ.എം.എസ്.-നെ ശാസിക്കുമോ എന്ന് ഞങ്ങൾക്ക് സംശയമായി. കാരണം, അദ്ദേഹം പണ്ട് നല്ലൊരു

കോൺഗ്രസുകാരനായിരുന്നു; പിന്നീട് കമ്മ്യൂണിസ്റ്റുകാരനായി. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ഒരു തെറ്റ് വരുമെന്ന് നമുക്കൊന്നും ചിന്തിക്കാൻ കഴിയില്ല. പക്ഷേ, ഇ.എം.എസ്.-നെ ശാസിച്ചു എന്ന വാർത്ത വന്നതോടെ കേരളത്തിലെ ബുദ്ധിമാന്മാരായ ചില സി.പി.ഐ.(എം.) നേതാക്കൾ ഗസറ്റിൽ വിജ്ഞാപനം ഇറക്കി പേര് മാറ്റി, മറ്റൊന്നും കൊണ്ടല്ല, ചിലർ 'ബാലൻ' എന്നും ചിലർ 'ബേബി' എന്നും പേരിട്ടു. കാരണം അച്ചടക്ക സമിതിയിൽ, കേന്ദ്ര കമ്മിറ്റിയിൽ വരുമ്പോൾ 'ബാലൻ' എന്ന് കാണുമ്പോൾ "oh! small baby, leave it", 'ബേബി' എന്ന് കാണുമ്പോൾ "oh! small baby, leave it" അങ്ങനെ അവർ ഇതിൽ നിന്നെല്ലാം രക്ഷപ്പെട്ടുപോകുകയാണ്. പാവം ശ്രീ. എം. വി. ഗോവിന്ദൻ മാഷിന് ഇതാരും പറഞ്ഞുകൊടുത്തില്ല. അതുകൊണ്ട് അദ്ദേഹം ഇപ്പോഴും ശാസന വാങ്ങി നടക്കുകയാണ്. അടുത്ത പാർലമെന്റ് തിരഞ്ഞെടുപ്പ് കഴിയുമ്പോഴും ഇതുപോലൊരു ശാസന വരും. അതിൽനിന്ന് രക്ഷപ്പെടാൻ ശ്രീ. എം. വി. ഗോവിന്ദൻ മാഷിനോട് എനിക്ക് ഒന്നേ പറയാനുള്ളൂ, ഒന്നുകിൽ "കുഞ്ഞുണ്ണി മാഷ്" എന്നോ അല്ലെങ്കിൽ

"കൊച്ചുമോൻ മാഷ്" എന്നോ ഇനിയെങ്കിലും ഗസറ്റിൽ പേര് മാറ്റിയാൽ അദ്ദേഹത്തിന് രക്ഷപ്പെടാനുള്ള ഒരു സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട സ്പീക്കർ ഒരു വിഷയത്തിൽ ഇടപെടണമെന്നാണ് എന്റെ അഭ്യർഥന. ഞാൻ പരിശോധിച്ചപ്പോൾ മൂന്നോ നാലോ വകുപ്പുകൾ ഒഴികെ മറ്റെല്ലാ വകുപ്പുകളും അങ്ങ് ഈ സംസ്ഥാനത്ത് കൈകാര്യം ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇതാ നിയമസഭാ സ്പീക്കറുമായി. അങ്ങയെക്കുറിച്ച് ആർക്കും ഒരു പരാതിയുമില്ല, എല്ലാം വളരെ നിഷ്പക്ഷമായി കൊണ്ടുപോകുന്നു. ഞാൻ ഇവിടെ അന്വേഷിച്ചപ്പോൾ അങ്ങയെക്കുറിച്ച് ആകെ കേട്ട ഒരു പരാതി, ഇവിടെ പ്രതിപക്ഷം നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിച്ച് പുറത്തേക്ക് ഇറങ്ങാൻ നേരത്ത് "ബോയ്കോട്ട്" എന്ന് പറഞ്ഞപ്പോൾ, അങ്ങ് "ആയിക്കോട്ടെ" എന്ന് പറഞ്ഞു. അതുമാത്രമാണ് അങ്ങയെക്കുറിച്ച് ഒരു പരാതിയുള്ളത്. എനിക്ക് പറയാനുള്ളത് അങ്ങ് ഈ വകുപ്പുകളും ചട്ടങ്ങളും ഒന്നുകൂടി സൂക്ഷ്മമായി പരിശോധിക്കണം. അങ്ങേയ്ക്ക് എല്ലാം അറിയാം, എങ്കിൽകൂടി ഒന്നുകൂടി പരിശോധിച്ച് പ്രതിപക്ഷത്തെ ഡെപ്യൂട്ടി ലീഡർ വിഷയം പരിഹരിച്ചുകൊടുക്കണം. സി.പി.ഐ.-യിലെ

ശ്രീ. കെ. രാജനെ അങ്ങ് പ്രഖ്യാപിക്കണം. അപ്പുറത്തുനിന്നും അവർ എഴുതിത്തരുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. കാരണം അവരുടെ വേദന കണ്ടിട്ടാണ് പറയുന്നത്. സി.പി.ഐ.-ക്കാർ പൊതുവെ പാവങ്ങളാണ്; സി. അച്യുതമേനോന്റെയും പി.കെ.വി.-യുടെയുമൊക്കെ അനുയായികളായ അവർ മര്യാദക്കാരാണ്. അതുകൊണ്ട് അവരുടെ വിഷയം അങ്ങ് ഇടപെട്ട് പരിഹരിച്ചു കൊടുക്കണം. അപ്പുറത്തുനിന്ന് എന്തായാലും പേര് കിട്ടില്ല. ഇനി പ്രതിപക്ഷത്ത് ഒരാളെ വച്ചതിന്റെ പേരിൽ ഭരണപക്ഷത്ത് ബാലൻസ് തെറ്റുമെന്ന് തോന്നുകയാണെങ്കിൽ, ഇപ്പുറത്തുനിന്ന് എന്നെത്തന്നെ അങ്ങ് വച്ചോളൂ, ഞാൻ ഒരു പരാതിയും പറയില്ല. അങ്ങനെ ആ വിഷയം പരിഹരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഡെപ്യൂട്ടി ലീഡർ വിഷയം വിവാദമായപ്പോൾ സി.പി.ഐ.(എം.) നേതാക്കൾ ഒരു പ്രസ്താവനയിറക്കി, അത് 5000 വോട്ട് പിടിക്കാൻ നിങ്ങൾക്ക് കപ്പാസിറ്റി ഉണ്ടോ; എന്നായിരുന്നു. അത് കേട്ടപ്പോൾ സത്യത്തിൽ വലിയ സങ്കടം തോന്നിപ്പോയി. സി.പി.ഐ. നേതാക്കൾ വളരെ മാന്യന്മാരായതുകൊണ്ട് ആ വിവാദത്തിന് പിന്നാലെ പോയില്ല. സി.പി.ഐ.-ൽ ബുദ്ധിജീവികളായ

കുറേപ്പേരുണ്ട്. അവർ സ്ഥാനമാനങ്ങൾക്കോ തിരഞ്ഞെടുപ്പിൽ മത്സരിക്കാനോ വരില്ല. അവരുടെ സങ്കടം... ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പ്രവീൺ കുമാർ മുദ്രാവാക്യം വിളിച്ചതുപോലെ, 'ഉള്ളിൽ സങ്കടമുണ്ട്ട്ടോ, നമ്മൾ നാളെയും കാണണ്ടേ, നാണമില്ലേ ഇങ്ങനെ പറയാൻ' എന്ന് ഭാര്യയും മക്കളുംപോലും കേൾക്കാതെ വീട്ടിൽ കുതകുടച്ചിരുന്ന് അവർ മുദ്രാവാക്യം വിളിച്ച് പ്രതിഷേധിച്ചു. അവർ ജനയുഗം പത്രത്തിൽ കൊടുത്തില്ല, ഫെയ്സ്ബുക്കിലോ മറ്റ് പത്രമാധ്യമങ്ങളിലോ ഒന്നും കൊടുത്തില്ല. അങ്ങനെ പ്രതിഷേധിക്കുന്ന പാവങ്ങളാണവർ. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ചെയർ ഇതിൽ ഇടപെടണമെന്ന് പറയുന്നത്. അടുത്തകാലത്ത് ഒരു സി.പി.ഐ.(എം.) നേതാവിനെ കണ്ടപ്പോൾ ഞാൻ പറഞ്ഞു, 'നിങ്ങൾ ഈ സി.പി.ഐ.-ക്കാരെ അങ്ങനെ കൈകാര്യം ചെയ്തത് ശരിയായില്ല, അയ്യായിരം വോട്ടിന്റെ കപ്പാസിറ്റിയില്ല എന്ന് പറയുന്നത് ശരിയല്ല" എന്ന്. അപ്പോൾ അദ്ദേഹം ചോദിക്കുകയാണ്, 'നിങ്ങൾ ആരെക്കുറിച്ചാണ് ഈ പറയുന്നത്?' ഞാൻ പറഞ്ഞു, "സി.പി.ഐ.-യെക്കുറിച്ചാണ് പറയുന്നത് അപ്പോൾ അദ്ദേഹം പറഞ്ഞത്,

'നിങ്ങളും മാധ്യമങ്ങളും മാത്രമാണ് അവരെ സി.പി.ഐ. എന്ന് വിളിക്കുന്നത്, ഞങ്ങൾ അവരെ 'എ.പി.ഐ.' (API), രണ്ടാമത്തെ ഘടകകക്ഷി എന്നാണ് വിളിക്കുന്നത് ' എന്താണ് ഈ എ.പി.ഐ. എന്ന് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു, 'ആന്റണി പെരുമ്പാവൂർ പാർട്ടി ഓഫ് ഇന്ത്യ അതായത്, മുതലാളി പണിയെടുക്കുമ്പോൾ നോക്കിനിൽക്കുന്ന തൊഴിലാളി ഒരാളേയുള്ളൂ, അത് പെരുമ്പാവൂരുകാരൻ ആന്റണിയാണ്. ഞങ്ങൾ പണിയെടുക്കും അവർ നോക്കിയിരിക്കും, എല്ലാ സൗകര്യങ്ങളും ഉപയോഗിക്കും' എന്നതാണ്. അപ്പോൾ ഞാൻ പറഞ്ഞു, 'അങ്ങനെയൊന്നും പറയരുത് അവർ അഖിലേന്ത്യാ പാർട്ടിയാണ്, ഡൽഹിയിലൊക്കെ അവർക്ക് നേതാക്കളുണ്ട് ശ്രീ. ഡി. രാജയുണ്ട്, ശ്രീമതി ആനി രാജയുണ്ട്, ഇപ്പോൾ ശ്രീമതി ആനി രാജയുടെ മകൾ ശക്തമായ നേതാവ് അപരാജിതയുമുണ്ട്, അങ്ങനെ പ്രഗത്ഭരായ നേതാക്കൾ എല്ലാ തലങ്ങളിലുമുള്ള പാർട്ടിയാണത്." അപ്പോൾ ആ സി.പി.ഐ.(എം) നേതാവ് പറയുകയാണ്, 'അവരുടെ പാർട്ടിക്ക് ഇപ്പോഴത്തെ ബി.എസ്.എൻ.എൽ.-ന്റെ സ്ഥിതിയാണ്. ടവർ എല്ലായിടത്തും കാണും, റേഞ്ച് ഒരിടത്തും കാണില്ല'. ഇങ്ങനെയൊക്കെയാണെങ്കിലും ഞാൻ

എന്റേതായ ഒരു അന്വേഷണം നടത്തി. എന്തുകൊണ്ടാണ് ഇപ്പോൾ ഇടതുപക്ഷ ഐക്യം.... നമുക്കെതിരെ സമരം ചെയ്യണമല്ലോ; സമരം പിറ്റേദിവസം തുടങ്ങി. ഇനിയാണെങ്കിൽ കേരള കോൺഗ്രസ്സിനെ കൂട്ടാൻ കഴിയില്ല. ഭരണം പോയപ്പോൾതന്നെ അവർ റബ്ബർ തോട്ടത്തിലേയ്ക്ക് കയറിപ്പോയി. ഇനി എന്നാണ് തിരിച്ചുവരുന്നതെന്ന് അറിയാൻ കഴിയില്ല. ആകെ സി.പി.ഐ.-ക്കാരാണുള്ളത്. അവർക്ക് അത്യാവശ്യം അണികളൊക്കെയുണ്ട്. റേഞ്ച് അധികമില്ലെങ്കിലും ഇവിടെ കുറച്ച് റേഞ്ചുണ്ട്. യോജിപ്പിന്റെ ഒരുകാര്യം വേണമല്ലോ; എന്തുകൊണ്ടാണ് ഡെപ്യൂട്ടി ലീഡർ സ്ഥാനം കൊടുക്കാത്തതെന്ന് ഞാൻ എന്റേതായ രീതിയിൽ അന്വേഷിച്ചപ്പോൾ എനിക്കൊരു സംഭവം ഓർമ്മവന്നു. തിരുവനന്തപുരത്ത് ഒരു മേയറും ഡെപ്യൂട്ടി മേയറുമുണ്ടായിരുന്നു. ഡെപ്യൂട്ടി മേയർ ഒരു ദിവസം നെടുമങ്ങാടിനപ്പുറം വിതുരയിൽ ഒരു കല്യാണത്തിന് പോയി. ഡെപ്യൂട്ടി മേയറുടേത് വലിയ വാഹനമാണ്, അതിൽ ബോർഡും കൊടിയുമൊക്കെയുണ്ട്. ആ കല്യാണ സ്ഥലത്ത് ചെന്ന് ഡെപ്യൂട്ടി മേയർ ഇറങ്ങിക്കഴിയപ്പോൾ അവിടെയുള്ള നിഷ്കളങ്കരായ പാവപ്പെട്ട മനുഷ്യരിൽ

ഒരാൾ ഓടിവന്ന് 'സർ, ഡെപ്യൂട്ടി മേയറാണല്ലേ' എന്ന് ചോദിച്ചു. 'അതെ, ഡെപ്യൂട്ടി മേയറാണ്' എന്ന് അദ്ദേഹം മറുപടി പറഞ്ഞു. കഴിഞ്ഞ ആഴ്ച ഞാൻ നെടുമങ്ങാട് ചെന്നപ്പോൾ അവിടെയൊരു കല്യാണ സ്ഥലത്ത് വേറൊരാൾ വന്നിരുന്നു. മേയർ എന്നാണ് ബോർഡ് വച്ചിരിക്കുന്നത്. അത് ഞങ്ങളുടെ മേയറാണെന്ന് പറഞ്ഞു. 'സാറേ ഒരു സംശയം മേയറാണോ, ഡെപ്യൂട്ടി മേയറാണോ വലിയ ആളെന്ന് ചോദിച്ചു. അപ്പോൾ ഡെപ്യൂട്ടി മേയർ പറഞ്ഞത്, 'അയാൾ വെറും മേയർ, ഞാൻ ഡെപ്യൂട്ടി മേയറാണ് എന്നാണ്. ശ്രീ. കെ. രാജനെ ഡെപ്യൂട്ടി ലീഡർ ആക്കിയാൽ അങ്ങനെ പറയുമോ എന്നൊരു പേടിയുള്ളതുകൊണ്ടാണ് യഥാർഥത്തിൽ ഈ ഡെപ്യൂട്ടി ലീഡർ പ്രശ്നം പരിഹരിക്കാതെ പോകുന്നത്.

<u>മി. സ്പീക്കർ</u>: യെസ്...യെസ്.... താങ്കൾ രണ്ട് മിനിട്ട് എക്സീഡ് ചെയ്തിരിക്കുകയാണ്...

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇടയ്ക്ക് ഇടപെട്ട് സംസാരിച്ച് എന്റെ സമയം കവർന്നെടുത്തു. ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്നലെ നമ്മുടെ പ്രതിപക്ഷനേതാവ് ഇവിടെ

ഉണ്ടായിരുന്നു. അദ്ദേഹം നമ്മുടെ മുഖ്യമന്ത്രിയുടെ ശൈലിയെക്കുറിച്ച് പറഞ്ഞു. ഓരോരുത്തർക്കും ഓരോ ശൈലിയുണ്ട്, ഞാൻ ഇങ്ങനെയേ പ്രസംഗിക്കുകയുള്ളൂ. എന്റെ പഴയ പ്രസംഗം എടുത്തുനോക്കിയാൽ ഇങ്ങനെ തന്നെയാണ് പ്രസംഗിക്കുന്നത്. മുഖ്യമന്ത്രി തിരിഞ്ഞ് നിന്ന് സംസാരിച്ചെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം തിരിഞ്ഞു നോക്കുമ്പോൾ എന്റെ മുഖമാണ് ആദ്യം കാണുന്നത്. എന്റെ മുഖം കാണുമ്പോൾ അദ്ദേഹത്തിന് പോസിറ്റീവ് എനർജി കൂടുതൽ കിട്ടുകയാണ്. അതുകൊണ്ട് അദ്ദേഹം ഇടയ്ക്ക് ഇങ്ങനെ തിരിഞ്ഞുനോക്കും. അപ്പോൾ എന്നെ കാണും. അപ്പോൾ പുള്ളിക്ക് പോസിറ്റീവ് എനർജിയുണ്ടാകും. പ്രതിപക്ഷ നേതാവിന് അങ്ങനെ വലത്തോട്ട് തിരിയാൻ കഴിയുമോ? കാരണം പുള്ളിയെ ആ പരുവത്തിലാക്കിയിരിക്കുന്നവരാണ് അവിടെ ഇരിക്കുന്നത്. ഓരോരുത്തർക്കും ഓരോ രീതിയുണ്ട്... എന്റെ സമയം കഴിഞ്ഞു എന്ന് ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ധനാഭ്യർഥനകളെ ഞാൻ എതിർക്കുകയാണ്. ഒരു ഗവൺമെന്റിനെ സംബന്ധിച്ച് ആറുമാസം ചെറിയ സമയം തന്നെയാണ്. അതുകൊണ്ട് അവരുടെ ആകെ പ്രവർത്തനങ്ങളെ വിലയിരുത്താൻ സമയമായിട്ടില്ല. പക്ഷെ ആ സമയമായിട്ടില്ലെങ്കിലും പൊതുവിൽ നടക്കുന്ന കാര്യം നോക്കിക്കഴിഞ്ഞാൽ ആ ഗവൺമെന്റിന്റെ ഒരു ഡയറക്ഷൻ നമുക്ക് ഏകദേശം വ്യക്തമാകും. ആ ഡയറക്ഷൻ അനുസരിച്ച് ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ കൂറച്ചുകൂടി കറക്ട് ചെയ്ത്, ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങളും കേരളത്തോടുള്ള താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി നിങ്ങൾ ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. മുഖ്യമന്ത്രി ആരായാലും, ഏത് ഗവൺമെന്റ് വന്നാലും അവർക്ക് ആവേശം കൊള്ളിക്കുന്ന പ്രസംഗങ്ങളുണ്ടാകും, പിന്തുണ പറയും, സ്തുതി ഗീതങ്ങളുണ്ടാകും, വിദൂഷക വേഷങ്ങളുണ്ടാകും, വിനോദമുണ്ടാകും, കപട സ്തുതിയുണ്ടാകും. ഇവിടെ രാഷ്ട്രീയമായി കാര്യങ്ങൾ പറയാൻ ഇല്ലാത്തതുകൊണ്ട് ആറുമാസമാകുന്നതിന് മുമ്പ് ഏറ്റവും അവസാനം പ്രസംഗിച്ച പ്രാസംഗികനെക്കൊണ്ട്... ഇത്തരം ഒരു സഭയിൽ ഏത്

പറയുന്നതിനും ഒരു മര്യാദയും ലെവലുമൊക്കെയുണ്ട്. സി.പി.ഐ. അല്ലെങ്കിൽ സി.പി.ഐ. (എം), അത്തരമൊരു ഒരു തുള്ളൽ കഥാപാത്രം എന്ന നിലയിൽ അവതരിപ്പിച്ചത് ശരിയായില്ല. എന്തായാലും, പ്രത്യേകം ഈ നിയമസഭാ സാമാജികർക്കിടയിൽ ഹാസ്യതാരങ്ങളും വിദൂഷക വേഷങ്ങളുമൊക്കെയുണ്ടെങ്കിൽ നമുക്ക് അത്തരം കാര്യങ്ങൾ നോക്കാം. പക്ഷെ എല്ലാ കാര്യങ്ങളും പറയുന്നതിന് ഒരു സാമാന്യ മര്യാദ വേണമെന്നുള്ളത് വളരെ കൃത്യമായി ഞാൻ പറയുകയാണ്. ബാക്കി കാര്യങ്ങൾ അതിന്റെ ബന്ധപ്പെട്ട ആളുകൾ പറഞ്ഞോളും. കാരണം, ഏത് നേതാക്കൻമാരെപ്പറ്റിയും ആരെപ്പറ്റിയും ഇത്തരം കാര്യങ്ങൾ പറയാം. xxxxxxx[+] (ബഹളം)....(ബഹളം)..... അപ്പോൾ ഇത്തരം കാര്യങ്ങൾ പറയാൻ പലതുമുണ്ടാകും. ഞാൻ പറഞ്ഞത്.. ഞാൻ ഏതായാലും അങ്ങനെ പറഞ്ഞ് പോകാൻ ഉദ്ദേശിക്കുന്നില്ല..... (ബഹളം.....)..... ഞാൻ അങ്ങനെ പറഞ്ഞ് പോകാൻ ഉദ്ദേശിക്കുന്നില്ല. നേരത്തെ പറഞ്ഞപ്പോൾ എന്താണ് പറഞ്ഞുകൊണ്ടിരുന്നത്, നേരത്തെ ഇവിടെ പറഞ്ഞുകൊണ്ടിരുന്നത് എന്തൊക്കെയാണ്....(ബഹളം)....എന്തും പറഞ്ഞോട്ടെ എന്നാണോ?.....

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 27-10-2026-ലെ ഉത്തരവ് പ്രകാരം (File No. 6310 /2026-Editing) സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

മി.സ്പീക്കർ: പ്ലീസ്... പ്ലീസ്.... (ബഹളം....)

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. കെ. എൻ. ബാലഗോപാൽ അഞ്ച് വർഷം ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന വ്യക്തിയാണ്. അദ്ദേഹത്തെപ്പോലൊരാൾ xxxxxxxxx+

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പേര് പറഞ്ഞില്ല....

ശ്രീ. രമേശ് ചെന്നിത്തല: സർ, അതൊക്കെ എല്ലാവർക്കുമറിയാമല്ലോ, പേര് പറഞ്ഞാലും പറഞ്ഞില്ലെങ്കിലും. അദ്ദേഹത്തെപ്പറ്റി വളരെ മോശമായ ഒരു പരാമർശം നടത്തി. ഇത് ശ്രീ. എം.എ. ബേബി നടത്തില്ല. ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുകയാണ്. ശ്രീ. എം. എ. ബേബിക്ക് അതുപറയാനുള്ള ധൈര്യമുണ്ടാകില്ല. ഈ രാജ്യത്ത് ബി.ജെ.പി.-ക്കെതിരെ ഏറ്റവും വലിയ പോരാട്ടം നടത്തുന്ന, ആർ.എസ്.എസ്.-നെതിരെ പോരാട്ടം നടത്തുന്ന ശ്രീ. രാഹുൽ ഗാന്ധിയെ ഇകഴ്ത്തി കാണിക്കാനുള്ള നിങ്ങളുടെ നീക്കം വളരെ ചാപല്യമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. അത് പിൻവലിക്കണം. സഭാ രേഖകളിൽ അതുണ്ടാകാൻ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 27-10-2026-ലെ ഉത്തരവ് പ്രകാരം (File No.KLS/6310/2026/Editing) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

പാടില്ല.

മി. സ്പീക്കർ: ഞാൻ അത് പരിശോധിക്കും. പരിശോധിച്ചിട്ട് പിന്നീട് പറയാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ എന്തായാലും ശ്രീ. രാഹുൽ ഗാന്ധിയുടെ പേര് പറഞ്ഞില്ല. ഞാൻ പറഞ്ഞതുകൊണ്ട് അങ്ങ് അതാണ് ഉദ്ദേശിച്ചതെങ്കിൽ എനിക്ക് അതിനകത്ത് ഒന്നും പറയാനില്ല. ഞാനത് പറഞ്ഞില്ല. അങ്ങും അങ്ങയുടെ നേതാക്കൻമാരും ഇവിടെ സംസാരിക്കുമ്പോൾ സഖാവ് എം. എ. ബേബിയെ പറ്റിയോ ഞങ്ങളിൽ ആരെ പറ്റിയോ മാത്രമല്ല, ഒരു പാർട്ടി എന്ന നിലയിൽ സി.പി.ഐ.-യുടെ നേതാക്കൻമാർ.. ഇവിടെ ഫ്ലോറിൽ സഖാവ് കെ. രാജൻ ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ ഇല്ലല്ലോ. അവർ പുന്നപ്ര വയലാർ പരിപാടിക്ക് പങ്കെടുക്കാൻ പോവുകയാണ്. അങ്ങനെയിരിക്കുന്നൊരു സമയത്ത്, ഇത്തരത്തിലൊരു പരാമർശം നടത്താമോ; വളരെ മോശമായിട്ട് അങ്ങനെ സംസാരിക്കുന്നത് ഈ സഭയുടെ മാന്യതയ്ക്ക് ചേർന്നതല്ല. അതുകൊണ്ടുതന്നെയാണ് അത് പറഞ്ഞത്. ശ്രീ. രാഹുൽ ഗാന്ധിയുടെ

പേര് പറയരുതെന്ന് എനിക്കറിയാം. ഞാൻ ആ പേര് പറഞ്ഞില്ല. ഞാൻ അങ്ങനെ പറഞ്ഞില്ലല്ലോ; കാരണം ഊഹിക്കാം, പത്രങ്ങളിൽ വരുന്നതാണ്. ഞാൻ പറഞ്ഞത് അങ്ങനെയൊക്കെ വേണമെങ്കിൽ പറയാമെന്നാണ്. ഞാൻ വിഷയത്തിലേക്ക് വരാം.

ഈ സർക്കാരിന്റെ അഞ്ചാറ് മാസത്തെ പ്രവർത്തനം കൊണ്ട് എല്ലാം വിലയിരുത്താൻ കഴിയില്ല. ഇവിടെ എല്ലാം ഏറ്റവും നന്നായി നടക്കുകയാണെന്നുള്ള ആഘോഷം പറഞ്ഞിട്ട് കാര്യമില്ല. സർക്കാരിന്റെ ഈ സമയത്തിനകത്തുള്ള പരിമിതികൾ... ഞങ്ങൾ പറയുന്നത് കേൾക്കണ്ട, ഞങ്ങൾ പ്രതിപക്ഷം ഇവിടെ വന്ന് എന്തെങ്കിലുമൊക്കെ പറഞ്ഞാൽ അത് ശരിയല്ലെന്നാണ് പറയുന്നത്. ഇത് കേരളത്തിലെ ഏറ്റവും പ്രമുഖ പത്രമായ മലയാള മനോരമയുടെ ഇന്നത്തെ ഫ്രണ്ട് പേജാണ്. (പത്രം ഉയർത്തി കാണിച്ചു) തലമുണ്ഡനം ചെയ്യുന്ന ശ്രീമതി എസ്. വളർമതി എന്നു പറയുന്ന ഒരു പി.എസ്.സി.യുടെ റാങ്ക് ഹോൾഡർ സമരം കിടക്കുന്നതാണ്. മലയാള മനോരമയിൽ ഇന്ന് വന്ന വാർത്തയാണ് ....(ബഹളം.....) ഇതെല്ലാം വാക്കാണ് ഓർമ്മവേണം... ഇത് ഇന്നത്തെ മനോരമ പത്രമല്ലേ;

അതിനെന്തിനാ ബഹളമുണ്ടാക്കുന്നത്? ഞാൻ ഇന്ന് സെക്രട്ടേറിയറ്റിന്റെ മുന്നിൽ ഒരു കാര്യത്തിന് പോയി. അവിടെ ഈ സമരം നടത്തുന്നവർ അവിടെ കിടക്കുന്നു. ഞങ്ങൾ ഈ സമരമൊന്നും prompt ചെയ്തിട്ടില്ല. പക്ഷെ അവർ പറഞ്ഞത് എന്താണ്? പ്രതിപക്ഷനേതാവായിരുന്നപ്പോൾ കൊടുത്ത വാക്ക്, മുഖ്യമന്ത്രിയായപ്പോൾ കൊടുത്ത വാക്ക് പാലിക്കുന്നില്ലെന്ന് അവർ പറഞ്ഞു എന്നാണ്. ഞാൻ പറഞ്ഞത് പല കാര്യങ്ങളും തിരഞ്ഞെടുപ്പിനും പ്രചാരണത്തിനും പ്രതിപക്ഷമായിരിക്കുമ്പോഴുമൊക്കെ പറയാം. പക്ഷെ ഭരണത്തിലേയ്ക്ക് വരുമ്പോൾ ആദ്യം, പറഞ്ഞ കാര്യങ്ങൾ കൃത്യമായി നടത്തിപ്പോകുന്നതിനുള്ള ശ്രമം വേണം. അല്ലാതെ വലിയ ബഹളം വച്ചിട്ട് കാര്യമില്ല. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ.... ഓരോ മേഖലയുടെയും വിശദമായ കണക്ക് ഞാൻ പറയുന്നില്ല. പക്ഷെ സ്പെൻഡിങ്ങിന്റെ കാര്യത്തിൽ... സഭയിൽ ഓരോ ദിവസവും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരുന്നത് എന്തിനാണ്; ആശുപത്രിയിൽ മരുന്നില്ലെങ്കിൽ, ഓപ്പറേഷന് കൃത്യമായ ചികിത്സ കിട്ടുന്നില്ലെങ്കിൽ, ഇതുപോലുള്ള കാര്യങ്ങൾക്ക് നടപടികൾ

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരേണ്ടത് ആവശ്യമല്ലേ? പൊലീസിന്റെ കാര്യത്തിൽ ഞങ്ങൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നത് തെറ്റാണോ? ആഭ്യന്തര വകുപ്പുമന്ത്രി ആത്മാർഥമായി ഇക്കാര്യത്തിൽ ഇടപെട്ടു എന്നുള്ള സമീപനമല്ലേ പറഞ്ഞത്. യഥാർഥത്തിൽ അങ്ങനെ മാത്രം പറഞ്ഞാൽ മതിയോ? ഒരു പൊലീസ് സ്റ്റേഷനിൽ പ്രശ്നമുണ്ടായി, അവിടെ അദ്ദേഹം ഇടപെട്ടു. അപ്പോൾ തൊട്ടടുത്ത പൊലീസ് സ്റ്റേഷനിൽ പ്രശ്നമുണ്ടായി. ശ്രീ. രമേശ് ചെന്നിത്തല എസ്.ഐ. ആയി പോയാൽ മാത്രമേ എല്ലാ സ്ഥലത്തും ക്രമസമാധാനം നടക്കുകയുള്ളൂ എന്നുള്ളതാണല്ലോ സ്ഥിതി? കാരണം പറയുന്നത് കേൾക്കാതെ പോലീസ് ഉദ്യോഗസ്ഥൻമാർ പെരുമാറുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെയോ ഗവൺമെന്റിന്റെയോ ആത്മാർഥതയെ ഒന്നും ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഇങ്ങനെയെല്ലാമുണ്ട്. പിണറായി വിജയൻ ഗവൺമെന്റിന്റെ സമയത്ത് പരിശീലിപ്പിച്ച പൊലീസായിരുന്നതുകൊണ്ടാണെന്ന് പറയുന്നതാണോ ന്യായം. (ബഹളം.....) ന്യായം അതല്ലല്ലോ? എന്നാൽ അന്നൊന്നും ഇങ്ങനെയുള്ള

കേസുണ്ടായില്ലല്ലോ, അന്നൊന്നും ഇങ്ങനെ കേസ് ഉണ്ടായില്ല, മാത്രമല്ല, ഇവിടെ എന്തും ചെയ്യാവുന്ന തരത്തിലേക്ക് കാര്യങ്ങൾ വരുന്നു. പൊലീസിന്റെ കാര്യം പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ഭരണരംഗത്ത്, ഇവിടെ ഏറ്റവും കൂടുതൽ ടാക്സ് വരുമാനമുണ്ടായി. അതിനെ ഞാനും അഭിനന്ദിക്കുകയാണ്. കാരണം അക്കാര്യത്തിൽ ഞങ്ങളുടെ ഗവൺമെന്റിനും പങ്കുണ്ട്. കാരണം ഈ അളവ് വന്നത് എപ്പോഴാണ്; കഴിഞ്ഞ ജനുവരി, ഫെബ്രുവരി, മാർച്ച് ഏപ്രിൽ സമയത്താണ്. സർക്കാരുകൾ തുടർച്ചയാണ്. ഈ സർക്കാരിന് മുൻ സർക്കാർ അനുഭവിച്ചതിനേക്കാൾ സാമ്പത്തികമായി കുറച്ചുകൂടി മെച്ചപ്പെട്ട അവസ്ഥയിലേക്ക് കാര്യങ്ങൾ വരുമെന്നാണ് എന്റെ പ്രതീക്ഷ. അത് എന്തുകൊണ്ടെന്നാൽ കേരളത്തിന്റെ ജി.എസ്.ടി. വരുമാനം 23 ശതമാനത്തോളം വർധിച്ചു. സെൻട്രൽ ഗവൺമെന്റിൽനിന്നും ലഭിക്കുന്ന ട്രാൻസ്ഫേഴ്സിന്റെ കാര്യത്തിൽ... ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലം കഴിഞ്ഞ് രണ്ടാം പിണറായി സർക്കാർ വന്നപ്പോൾ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ വിഹിതത്തിൽ

വലിയ കുറവ് വന്നു. അന്ന് കേരളത്തിനും കർണ്ണാടകത്തിനുമാണ് കുറവ് വന്നത്. കേരളത്തിന് പതിനായിരം കോടി രൂപയിലധികമാണ് ഒരുവർഷം ഡിവിസിബിൾ പൂളിൽമാത്രം കുറവ് വന്നത്. പതിനാറാം ധനകാര്യ കമ്മീഷൻ വന്നപ്പോൾ നമ്മളെല്ലാം പ്രവർത്തിച്ചു. അതിനകത്ത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൻമാരും അന്ന് ഇക്കാര്യം ഉന്നയിച്ചിരുന്നു. കാരണം കേരളത്തിന്റെ ആവശ്യം എന്ന നിലയിൽ അതിശക്തമായി നമ്മൾ ഇക്കാര്യം ഉന്നയിച്ചു. കേരളത്തിന് ഇപ്രാവശ്യം 2.39 ശതമാനം കിട്ടി. പതിനായിരം കോടി രൂപ ഒരു വർഷം അധികം ലഭിച്ചു. ഒന്നാം പിണറായി സർക്കാരിന്റെ കാലയളവിൽ കോവിഡും പ്രളയവും പോലുള്ള ധാരാളം പ്രശ്നങ്ങൾ ഉണ്ടായിരുന്നു. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നത് 2021-ലാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് 2017-ൽ ആദ്യമായി ജി.എസ്.ടി. നടപ്പിലാക്കിയത്. ജി.എസ്.ടി. വന്നതോടുകൂടി നികുതിയുടെ കാര്യത്തിൽ കേന്ദ്രത്തിന്റെ നിയന്ത്രണമുണ്ടായി. 2017-ൽ പബ്ലിക് അക്കൗണ്ടിന്റെ ട്രഷറിയിലുള്ള നിക്ഷേപങ്ങളെ കൂടി ബോറോയിങ്ങിനകത്ത്

ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വായ്പ തുക വെട്ടിക്കുറച്ചു. അങ്ങനെ സാമ്പത്തിക ബുദ്ധിമുട്ട് വന്നു. പക്ഷേ, കോവിഡ് കാലഘട്ടത്തിൽ അഞ്ചുശതമാനം വരെ ബോറോയിങ്ങിനുള്ള അനുവാദം നൽകിയിരുന്നു. അതിനുശേഷം 10,000 കോടി രൂപയിലധികം നികുതിയുടെ കുറവുവന്നു. ജി.എസ്.ടി. കോമ്പൻസേഷൻ 12,000 കോടി രൂപ ലഭ്യമായിക്കൊണ്ടിരുന്നത് നിർത്തിയതുകാരണം എല്ലാ മേഖലകളിലുമായി 50000 കോടിയോളം രൂപ കുറവുവരുന്ന സ്ഥിതിയുണ്ടായി. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ശമ്പള പരിഷ്കരണം വന്നു. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായി വരുന്നതിന് തൊട്ടുമുമ്പത്തെ വർഷം ഒരു ലക്ഷത്തി മുപ്പതിനായിരം കോടിയായിരുന്ന ആകെ ചെലവെങ്കിൽ ശമ്പള പരിഷ്കരണം ഉൾപ്പെടെ വന്നപ്പോൾ ഞങ്ങളുടെ ആദ്യത്തെ വർഷത്തെ ആകെ ചെലവ് ഒരു ലക്ഷത്തി അറുപത്തി മൂവായിരം കോടി രൂപയായി മാറി. ആ ബാധ്യതകൾ ഏറ്റെടുത്തു. സ്വാഭാവികമായി ഏതു സർക്കാരും, ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തുള്ള ഡി.എ.-യും മറ്റ് ആനുകൂല്യങ്ങളും അടുത്ത സർക്കാർ നൽകി. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുള്ള

ബാധ്യതകളെല്ലാം രണ്ടാം സർക്കാർ നൽകി. ഈ ബാധ്യതകളെല്ലാം നൽകുന്ന സമയത്ത് വലിയ തോതിൽ കേന്ദ്ര സർക്കാർ ഫണ്ട് വെട്ടിക്കുറച്ചു. ഒരു ഘട്ടത്തിൽ ശമ്പളം കൊടുക്കാൻപോലും ബുദ്ധിമുട്ട് ഉണ്ടാകുമോയെന്ന് കരുതിയ സമയം ഉണ്ടായിട്ടുണ്ട്. കാരണം, ഇത്രയേറെ പണം വെട്ടിക്കുറച്ച് വളരെ വാശിയേറിയ നിലപാടിലായിരുന്ന കേന്ദ്ര സർക്കാർ. ആ ഘട്ടത്തിലാണ് സുപ്രീം കോടതിയിലടക്കം പോയത്.

ഇവിടെ കിഫ്ബിയെ സംബന്ധിച്ച് പറഞ്ഞൊരു കാര്യം ശരിയാണ്. നേരത്തേയുള്ള നയം അനുസരിച്ച് കിഫ്ബിക്ക് ലോൺ എടുക്കുന്നത് ബജറ്റിനകത്തെ ബോറോയിങ്ങ് ആയിട്ടല്ല കരുതിയത്. ബജറ്റിന് പുറത്തുനിന്നുള്ള ബോറോയിങ്ങാണ്. കേന്ദ്രസർക്കാർ ബജറ്റിന് പുറത്തുള്ള ബോറോയിങ്ങിന് മേൽ നിയന്ത്രണം കൊണ്ടുവന്നത് 2021-22 സാമ്പത്തിക വർഷമാണ്. അതോടുകൂടി ഏകദേശം 28000 കോടി രൂപ പോയിയെന്നുള്ളത് സത്യമാണ്. അതിൽ രഹസ്യമൊന്നുമില്ല. കാരണം കൃത്യമായ കണക്കുകൾ ഉള്ളതാണ്. ഇത് സഭയിൽ പറഞ്ഞതാണ്. 28000 കോടി രൂപ ഇപ്പോഴും നമുക്ക് കിട്ടേണ്ടതാണ്. പക്ഷേ, നമ്മുടെ

ബോറോയിങ്ങിൽനിന്ന് കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. 2021-2022 സാമ്പത്തിക വർഷം വരെ എടുത്ത ബോറോയിങ്ങ് സംസ്ഥാനത്തിന്റെ ബോറോയിങ്ങിന്റെ ഭാഗമായി വരില്ല. അന്ന് പുതുതായി വന്നതാണ്. സി&എ.ജി. റിപ്പോർട്ടും മറ്റും ഇവിടെ ചർച്ച ചെയ്തതാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് എത്ര സമയം കൂടി വേണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നഷ്ടപ്പെട്ട സമയം വേണം. പരമാവധി ചുരുക്കി പറയാം, എല്ലാ കാര്യങ്ങളും പറയാനല്ല.

മി. സ്പീക്കർ: രണ്ട് മിനിറ്റ്...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, രണ്ട് മിനിറ്റ് കൊണ്ട് തീരില്ല.

മി. സ്പീക്കർ: ശരി.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കിഫ്ബി എന്നുപറയുന്ന സമ്പ്രദായം നിർത്താനാണല്ലോ ഇപ്പോൾ നമ്മൾ ആലോചിച്ചത്. കിഫ്ബിയുമായി ബന്ധപ്പെട്ട് ഇവിടെ നടന്ന വിശദമായ ചർച്ചയിലേക്കൊന്നും ഞാൻ പോകുന്നില്ല. കിഫ്ബി എന്നുപറഞ്ഞാൽ നമുക്ക് തിരിച്ചടയ്ക്കാൻ കഴിയുന്ന, സംസ്ഥാനത്തിന് കൂടുതൽ മൂലധന നിക്ഷേപം

കൊണ്ടുവരാൻ കഴിയുന്ന ഒരു പദ്ധതിയെന്ന നിലയിലാണ് കിഫ്ബി ആക്ട് ആദ്യം കൊണ്ടുവന്നത്. ഇത് നേരത്തേയുള്ളതാണ്. ഈ സമയത്ത് വന്നതല്ല. അങ്ങനെ ബോറോയിങ്ങിൽ നിയന്ത്രണം വന്നപ്പോൾ സുപ്രീം കോടതിയിൽ പോയി കിഫ്ബിയുടെ പേരിൽ ഇങ്ങനെ വെട്ടിക്കുറയ്ക്കാൻ പാടില്ലെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട സുപ്രീം കോടതി അത് ഫയലിലെടുക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. അന്ന് നമുക്ക് പിടിച്ചുവച്ച 13000 കോടി രൂപ റിലീസ് ചെയ്തതന്നു. 28000 കോടി രൂപ ഇനിയും നൽകാനുണ്ട്. ഞങ്ങൾ സുപ്രീം കോടതിയിൽ കേസിന് പോയിക്കഴിഞ്ഞപ്പോൾ കേരള സർക്കാർ എന്ന നിലയിലല്ല, അതിൽ ന്യായമുണ്ടെന്നുള്ളതുകൊണ്ട് അത് കോൺസ്റ്റിറ്റ്യൂഷൻ ബഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടു. കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് കേസ് കേൾക്കേണ്ടതാണ്. ഈ സർക്കാർ ആ കേസുമായി മുന്നോട്ടുപോകുന്നുണ്ടോ? അതിനുള്ള മറുപടി ഇവിടെ പറയേണ്ടതാണ്. സുപ്രീം കോടതിയിൽ ആ കേസ് പ്രൊസീഡ് ചെയ്താൽ നമുക്കു കിട്ടേണ്ട 28000 കോടി രൂപ കിട്ടും. അത് വി. ഡി. സതീശൻ സർക്കാരിനാണ് കിട്ടുന്നതെന്നുള്ളതുകൊണ്ട് ഞങ്ങൾക്ക് വിഷമമില്ല, കേരളത്തിനാണ് കിട്ടുന്നത്. 28000 കോടി രൂപ

പിടിച്ചുവച്ചതുകൊണ്ടാണ് നമുക്ക് അന്ന് ബുദ്ധിമുട്ട് വന്നത്. എന്നിട്ടും ഒരു സ്ഥലത്തും പരമാവധി ബുദ്ധിമുട്ട് വരാതെ മുന്നോട്ടുകൊണ്ടുപോയി. ഇപ്പോൾ യു.ഡി.എഫ്. സർക്കാരിന് ആ സാഹചര്യമില്ല. അവർക്ക് കുറച്ചുകൂടി വരുമാനം വർധിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ വർധനയുണ്ട്, ടാക്സ് വർധനയുണ്ട്. കാരണം, ജി.എസ്.ടി.-യിൽ നല്ല ഇംപ്രൂവ്മെന്റ് വന്നു. ഇന്ത്യയിൽ ഏറ്റവും മെച്ചപ്പെട്ട സിസ്റ്റത്തിൽ നികുതി കളക്ട് ചെയ്യുന്ന ഒരു സംസ്ഥാനമായി കേരളം മാറി, അത് തുടർച്ചയാണ്. കഴിഞ്ഞ ദിവസം പുറത്തുവന്ന എ.ജി.-യുടെ കണക്കനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗം 5.18 ശതമാനം മാത്രമാണ്. ഈ സാമ്പത്തിക വർഷത്തിൽ 5.18 ശതമാനമായതിന് ഞങ്ങളാണോ കാരണം? ആറുമാസത്തെ കാര്യങ്ങൾ ഓരോന്നായി നോക്കിയാൽ, ട്രഷറിയിലെ നിയന്ത്രണങ്ങളുണ്ട്, ഗ്രാമസഭയിൽ പ്രഖ്യാപനങ്ങൾ വരുന്നില്ല. ഓരോ മേഖലയിലും ഇങ്ങനെ പ്രശ്നങ്ങൾ വരികയാണ്. ഞങ്ങൾ എന്തായാലും ഖജനാവ് കാലിയാക്കിയിട്ടല്ല ഏല്പിച്ചുപോയത്. കഴിഞ്ഞ മാർച്ച് 31-ന് 6300 കോടി രൂപ ബാലൻസ്

ഉണ്ടായിരുന്നു. ഇങ്ങനെയൊക്കെയുള്ള കാര്യങ്ങൾ കൊണ്ടുവന്നിട്ടും കാര്യങ്ങൾ മുന്നോട്ട് ചെയ്യപോകുന്നില്ല. പല മേഖലയിലും പേയ്മെന്റിന്റെ ഡ്യൂസ് ഉണ്ട്. സമയത്തിന്റെ കാര്യത്തിൽ അങ്ങ് നിയന്ത്രിക്കുന്നതുകൊണ്ട് ഡ്യൂസിന്റെ എല്ലാ കാര്യങ്ങളും വിശദീകരിക്കുന്നില്ല. സംസ്ഥാനത്തിന്റെ ഈ സാമ്പത്തിക സ്ഥിതിയിൽ ഇത്രയും കാര്യങ്ങളിൽ, ഇതുകൊണ്ട് കേന്ദ്ര ഗ്രാന്റിലും കുറവുവന്നിട്ടുണ്ട്. കേന്ദ്ര ഗ്രാന്റിൽ കുറവുവന്നതിൽ ഞങ്ങൾ സന്തോഷിക്കുകയല്ല. നമുക്ക് ലഭിക്കേണ്ട കേന്ദ്ര ഗ്രാന്റ് പിടിച്ചുവാങ്ങാൻ ഒരുമിച്ച് എന്ത് പോരാട്ടവും നടത്താൻ തയ്യാറാണെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ ഇത്തരം കാര്യങ്ങൾ കുറച്ചുകൂടി കൃത്യമായി മുന്നോട്ട് കൊണ്ടുപോകുന്ന സമീപനം സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാർ ആദ്യം അവതരിപ്പിച്ച ധവളപത്രം മുതൽ ഇങ്ങോട്ട് ഈ കാര്യങ്ങളെ കറക്ട് ചെയ്ത് പോകാനല്ല..., പൊതുമേഖലയെ ശക്തിപ്പെടുത്താൻ, പൊതുവിദ്യാഭ്യാസത്തെ, ആരോഗ്യ വകുപ്പിനെ ശക്തിപ്പെടുത്താനുള്ള സമീപനമല്ല കാണിക്കുന്നത്. സ്പോൺസർഷിപ്പിന്റെ ധാരാളം കഥകളുണ്ട്. ഇപ്പോൾ സമയമില്ലാത്തതുകൊണ്ട് അതിനെക്കുറിച്ച്

പറയുന്നില്ല.

ഇവിടെ വിമാനത്തിന്റെ കാര്യം പറഞ്ഞല്ലോ; ഞാൻ അത് പറയണ്ടെന്ന് വിചാരിച്ചതാണ്. പോലീസ് വകുപ്പിനുവേണ്ടി ഹെലികോപ്റ്റർ ഓടിച്ചുകൊണ്ടിരിക്കുകയാണ്. ആ ഹെലികോപ്റ്ററിന്റെ കഥ ഞാൻ കൂടുതൽ പറയണമോ? എന്തിനാണ് നിങ്ങൾ തന്നെ ഇതൊക്കെ ചർച്ച ചെയ്ത്; ഞങ്ങളെക്കൊണ്ട് ചർച്ച ചെയ്യിക്കാനല്ലേ? ഞാൻ പറയുന്നില്ല. ഹെലികോപ്റ്റർ ഉപയോഗിച്ചതിനെപ്പറ്റിയുള്ള പുതിയ വാർത്തകൾ വന്നിരുന്നല്ലോ? നിങ്ങളുടെ ഭാഗത്തുനിന്ന് മുഖ്യമന്ത്രിയെ ഉൾപ്പെടെ ഉൾപ്പെടുത്തിക്കൊണ്ട് വാർത്ത വന്നിട്ടുണ്ട്. പിന്നീട് ഒരവസരത്തിൽ അതിന്റെ കാര്യങ്ങളിലേക്ക് പോകാം. പക്ഷെ, ഈ കാര്യങ്ങളെ സംബന്ധിച്ച് പറയുന്നതിൽ ഒരർഥവുമില്ല. ഇവിടെ വിറ്റഴിക്കൽ സമീപനം പലതിലും സ്വീകരിക്കുന്നു. പൊതുമേഖലയെ ശക്തിപ്പെടുത്താനുള്ള സമീപനമില്ല. ആ കാര്യമാണ് ഞങ്ങൾ പറയുന്നത്, കിഫ്ബിയെ തകർക്കുന്നുവെന്നുള്ള സമീപനം... മൂന്ന് ജില്ലയുടെ കാര്യം ഇവിടെ പറഞ്ഞല്ലോ. മെട്രോ റെയിൽ എറണാകുളത്താണ് വന്നത്.

നേരത്തേയായാലും വരും. പൈസ കൂടുതൽ വരും. കണ്ണൂരും കോഴിക്കോടും തിരുവനന്തപുരം പോലെ ഇൻഡസ്ട്രിയൽ ഏരിയയിൽ കൂടുതൽ ഇൻവെസ്റ്റ്മെന്റ് വേണ്ടി വരും. മറ്റ് സ്ഥലങ്ങളിലും വേണം. നെയ്യാറ്റിൻകരയിലും പാറശ്ശാലയിലും വന്നിട്ടുള്ള നിക്ഷേപം, പത്തും അറുന്നൂറും ആയിരവും കോടി രൂപ റീജിയണലായിട്ടുള്ള സ്ഥലങ്ങളിൽ വരുന്നുണ്ട് എന്നൊക്കെ ഇവിടെ മുമ്പ് ചർച്ച ചെയ്തപ്പോൾ പറഞ്ഞുവല്ലോ. കിഫ്ബി എന്ന സ്ഥാപനം നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ കേന്ദ്ര സർക്കാരിന്റെ നിലപാടാണ് നമുക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത്. ആ കാര്യം നോക്കണം. ഭൂമി എടുക്കുകയെന്നുപറഞ്ഞാൽ ഏതെങ്കിലും ഭൂമി സർക്കാരിന്റെ നിയമവിരുദ്ധമായി എടുക്കുന്നുണ്ടോ? സർക്കാരിന്റെ നിയമമനുസരിച്ചല്ലേ ഭൂമി എടുക്കാൻ സാധിക്കൂ. കിഫ്ബി പണം നൽകിയാൽ ലാൻഡ് എടുക്കുന്നത് റവന്യൂ വകുപ്പല്ലേ? അത് നിയമമനുസരിച്ചല്ലേ എടുക്കുന്നത്. അത് ഇങ്ങനെ ഏതെങ്കിലും പ്രദേശത്താണെന്ന് പറഞ്ഞ് ഇതിനെപ്പറ്റി കൃത്യമായി മനസ്സിലാക്കാതെ പറയുന്ന മെമ്പർമാരും കാണുമെന്ന് ഞാൻ കരുതുന്നു. കാരണം അതിന്റെ നിയമം അനുസരിച്ചല്ലേ കാര്യങ്ങൾ ചെയ്യാൻ

സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇപ്പോഴത്തെ സ്ഥിതിയിൽ, ധനകാര്യ സ്ഥിതി കുറച്ചുകൂടി മെച്ചപ്പെടുത്താൻവേണ്ടിയുള്ള ശ്രമങ്ങൾ വേണം. പുതിയ സർക്കാരാണ്, അവർക്ക് അതിന് സമയമുണ്ട്.

ഇലക്ട്രിസിറ്റി മേഖല സ്വകാര്യവൽക്കരിക്കുന്നതിലേക്കുള്ള കാര്യങ്ങൾ വരുന്നു. കറന്റ് കട്ട് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തതാണ്. ഞാൻ അതിനകത്തെല്ലാം ഇപ്പോൾ ചെയ്യാൻ അടുത്ത സ്റ്റെപ്പ് എടുക്കുന്നതല്ല. പക്ഷെ ഇപ്പോൾ കാണുന്ന വിവരങ്ങൾ നിങ്ങൾ തിരഞ്ഞെടുപ്പിന്റെ സമയത്ത് പറഞ്ഞ വാഗ്ദാനങ്ങൾ പാലിക്കുന്നില്ലെന്നുള്ളത് ജനങ്ങൾ ചിന്തിക്കുന്നുണ്ട്. അത് കറക്ട് ചെയ്താൽ മതി. ആറുമാസത്തിനകം നിങ്ങൾ എല്ലാം ചെയ്തില്ല എന്നൊന്നും പറഞ്ഞതല്ല. ഇതുകഴിഞ്ഞ് ഞങ്ങൾ ഇവിടെ പറഞ്ഞതിന് വാശിപൂർവം കണക്ക് തീർത്തിട്ടുകാര്യമില്ല. വികസന പദ്ധതികൾ മുടങ്ങിക്കിടക്കുന്നതിന് കാരണം ഞങ്ങളല്ലല്ലോ. നാടുനീളെ വരുന്ന ഈ പ്രശ്നങ്ങൾ ഞങ്ങൾ പറഞ്ഞിട്ടല്ലല്ലോ? നിങ്ങൾ നിയമസഭയ്ക്കകത്തും പ്രസംഗത്തിനകത്തും മറുപടി പറഞ്ഞിട്ടും തമാശ പറഞ്ഞിട്ടും കളിയാക്കിയിട്ടൊന്നും കാര്യമില്ല. ഈ പ്രശ്നങ്ങൾ

പരിഹരിക്കാൻവേണ്ടിയുള്ള ആത്മാർഥമായ ശ്രമം ഉണ്ടാകണം. നിലവിലുള്ള സ്ഥിതിയിലാണെങ്കിൽ ഈ പ്രശ്നങ്ങൾ തീരില്ല. ബഹുമാനപ്പെട്ട അംഗങ്ങളെ ഓർമ്മിപ്പിക്കുകയാണ്. കെ.പി.സി.സി.-യെയും അതിന്റെ ഏകോപന സംവിധാനത്തെപ്പറ്റിയും ഞങ്ങളല്ല ശ്രീ. അടൂർ പ്രകാശാണ് പറഞ്ഞത്. പാർട്ടിക്കകത്ത് ഇതൊന്നും പറയേണ്ട കാര്യമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞുവെന്നാണ്. ഏതായാലും ഞങ്ങളല്ല പറയുന്നത്, ഞങ്ങൾ നിങ്ങളുടെ ആഭ്യന്തര പ്രശ്നത്തിൽ ഇടപെട്ട് അധികം പറയുന്നില്ല. നിങ്ങൾ പറയുന്നതുപോലെ അവജ്ഞ നിറഞ്ഞ ഭാഷയിൽ ഞങ്ങൾ ഒരിക്കലും പറയാറുമില്ല, ഇനി പറയുകയുമില്ല. രാഷ്ട്രീയം രാഷ്ട്രീയമായിട്ടാണ് കാണുന്നത്. അതൊന്നും വ്യക്തിപരമായി ഒരാളെ മോശപ്പെടുത്തുന്ന തരത്തിലേക്കുള്ള കാര്യങ്ങളല്ല. ഈ കാര്യത്തിൽ സർക്കാർ കുറച്ചുകൂടി സീരിയസായി ഇടപെടണം. കാരണം സംസ്ഥാനം നന്നായി മുന്നോട്ടുപോകേണ്ടത് നമ്മുടെയെല്ലാം ആവശ്യമാണല്ലോ എന്നുള്ളതുകൊണ്ടാണ്. അതുകൊണ്ട് ഇന്ത്യയിൽ ബി.ജെ.പി. സർക്കാരിന്റെ നിലപാടിനെതിരെ അതിശക്തമായ സമരം നടത്തുന്നതിൽ യാതൊരു സംശയവും ഇവിടെ ഭരണപക്ഷവും

പ്രതിപക്ഷവും തമ്മിലൊന്നും ഇല്ല. എസ്.ഐ.ആർ.-ന്റെ കാര്യത്തിൽ ഉൾപ്പെടെ, 24 ലക്ഷം വോട്ട് ഇവിടെ കുറഞ്ഞുവെന്നുള്ളത് കേരളത്തിലും ബാധിച്ചിട്ടുണ്ടെന്നുള്ള പ്രശ്നം ഞങ്ങൾ പറഞ്ഞു. അത് പൊതുവിൽ വന്നതാണ്. പക്ഷേ, ശ്രീ. മല്ലികാർജുൻ ഖാർഗെയുടെ അഭിപ്രായമാണത്, ഞങ്ങളുടേതല്ല. കഴിഞ്ഞ രണ്ടുവർഷമായി ഇന്ത്യയിൽ വന്ന എല്ലാ ഗവൺമെന്റുകൾക്കും എസ്.ഐ.ആർ. വഴി ഗുണം കിട്ടിയതായിരിക്കും എന്നാണ് ബഹുമാന്യനായ മല്ലികാർജുൻ ഖാർഗെ പറഞ്ഞത്. എത്ര ശതമാനം എന്നുള്ളതല്ല. പക്ഷെ, 13 കോടി വോട്ട് വെട്ടിക്കളഞ്ഞ സംഗതിക്ക് എതിരായിട്ടുള്ള പ്രക്ഷോഭത്തിൽ യാതൊരു സംശയവുമില്ല, ഞങ്ങൾ ഒരുമിച്ചുണ്ട്.

ജന്തർ മന്ദറിലെ സമരത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ? ഞങ്ങൾ മൂന്നുപേർ മുദ്രാവാക്യം വിളിച്ചു, ലജ്ജാകരമാണ്. ശരിയാണ്, മൂന്നുപേരാണ് മുദ്രാവാക്യം വിളിച്ചുപോയത്. ഞങ്ങൾ ആ ദിവസം നാല് സ്ഥലങ്ങളിൽ ഡൽഹിയിൽ സമരം ചെയ്യാൻ തീരുമാനിച്ചു. അവിടെ നിരോധനാജ്ഞയുണ്ടായിരുന്നു. കേരള ഹൗസിന് മുന്നിലാണ് ജന്തർ മന്ദർ.

ഇതുവരെ ഒരു പ്രകടനവും ജന്തർ മന്ദറിൽ നടത്താൻ സമ്മതിച്ചിട്ടില്ല. നമുക്കെല്ലാവർക്കും അറിയാം ജന്തർ മന്ദർ അവർ ബ്ലോക്ക് ചെയ്തിരിക്കുകയാണ്. ജന്തർ മന്ദറിൽ പ്രകടനം നടത്താൻ തീരുമാനിച്ചു. സഖാവ് എം. എ. ബേബി, ശ്രീമതി ബൃന്ദ കാരാട്ട് ഉൾപ്പെടെയുള്ളവർ രാത്രിയിൽ അവിടെ വന്ന് കേരളാഹൗസിൽ താമസിച്ചു. ഞങ്ങളും അവിടെയായിരുന്നു. ഞങ്ങൾ ഇറങ്ങുന്ന സമയത്ത്, പ്രതിപക്ഷനേതാവ് ഉൾപ്പെടെ കേന്ദ്രകമ്മിറ്റി മെമ്പർമാരായ പതിനേഴോളം പേർ അവിടെ നിന്നുള്ളവരായിരുന്നു, എ.കെ.ജി. ഭവന്റെ ഭാഗത്തുനിന്നുമുണ്ട്, ത്രിപുരയിലെ മുൻ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ഐ.ടി.ഒ. ഭാഗത്തായിരുന്നു. അന്നത്തെ ദിവസത്തെ സമരത്തിൽ ഡൽഹിയിലെ പഴയ മുഖ്യമന്ത്രിയും ബംഗാളിലെ മുഖ്യമന്ത്രിയുമൊക്കെയുണ്ട്. അവരൊക്കെ പല സ്ഥലത്തുനിന്നും അറസ്റ്റ് വരിച്ചു. അൻപതിനായിരം പോലീസല്ല അധികമായി വന്നത്, ഒരു ലക്ഷം പോലീസ് എങ്കിലും ഡൽഹിയിൽ ഉണ്ടായിരുന്നു. അന്നത്തെ ദിവസം ഞങ്ങൾ അവിടെനിന്ന് പോകുമ്പോൾ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ഞങ്ങളെ ഇറങ്ങാൻ സമ്മതിക്കുന്നില്ല. We are on the march

എന്നുപറഞ്ഞാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഞങ്ങൾ മുന്നോട്ടുപോകുന്നത്. പോകുന്ന സമയത്ത് പോലീസ് പിന്നിൽനിന്ന് ബലം പിടിച്ചാണ് പിടിച്ചുകൊണ്ടുപോയത്. ഇവിടത്തെ പോലെ നേരെവന്ന് തലയ്ക്കടിക്കുന്ന രീതിയല്ല. കൂടുതൽ പൊലീസുകാർ അവിടെ ഉണ്ടായിരുന്നു. അങ്ങനെയൊരു ലീഡർഷിപ്പ് ഉള്ളതുകൊണ്ടായിരിക്കാം അത്തരത്തിൽ ചെയ്തത്. സി.പി.ഐ.(എം) ജനറൽ സെക്രട്ടറി സഖാവ് എം. എ. ബേബിയെയൊക്കെ പിടിച്ചുകൊണ്ട് പോകുന്നത് നിങ്ങൾ കണ്ടതാണ്. അവസാനം മൂന്ന് പേർ മാത്രം അവശേഷിച്ചു. പൊലീസ് പറഞ്ഞത് എന്താണ്? ഇപ്പോൾ നിരോധനാജ്ഞ അനുസരിച്ച് നിങ്ങളെ അറസ്റ്റ് ചെയ്യേണ്ട. അല്ലാതെ ഞങ്ങൾ മൂന്ന് പേരായിട്ട് പോയതല്ല. മൂന്ന് പേരായാലും ഞങ്ങൾ എവിടെയെങ്കിലും ഒളിച്ചോടുന്നവരല്ല എന്ന് ഇവിടിരിക്കുന്നവർ മനസ്സിലാക്കിയാൽ മതി. മൂന്ന് പേർ മാത്രമുള്ളപ്പോൾ നിരോധനാജ്ഞ ഇല്ല. കാരണം പുതിയ നിയമം അനുസരിച്ച് നിരോധനാജ്ഞ ഇല്ല. ഞങ്ങൾ മൂന്ന് പേരെയുള്ളൂവെങ്കിലും ഞങ്ങൾ ജന്തർ മന്ദറിലേക്ക് പോവുകയാണെന്നാണ് എൺപതോളം വയസ്സുള്ള സീനിയർ

നേതാവായ ശ്രീ. പിണറായി വിജയൻ പറഞ്ഞത്. അവിടെ അടച്ചു കെട്ടിയിടത്തേക്ക് പോവുകയാണെന്ന് തന്റേടത്തോടെ പറഞ്ഞിട്ട് അങ്ങോട്ട് പോയതാണ്. ആ സമരം നിങ്ങൾക്ക് ലജ്ജാകരമായോ തമാശയായോ തോന്നും. ആ സമരത്തിൽ അവിടെനിന്നും അറസ്റ്റ് ചെയ്ത് കൊണ്ടുപോയെന്ന് മാത്രമല്ല രണ്ട് കിലോമീറ്റർ അകലെയുള്ള മന്ദിർ മാർഗ് പോലീസ് സ്റ്റേഷനിലേക്കാണ് ഞങ്ങളെ കൊണ്ടുപോയത്. മന്ദിർ മാർഗിലാണ് വന്നതെന്ന് ഞങ്ങൾ അറിയുന്നത് നാലര അഞ്ച് മണിക്കൂർ കഴിഞ്ഞാണ്. പാർലമെന്റ് സ്ട്രീറ്റ് എവിടെയാണ്; ജന്തർ മന്ദർ എവിടെയാണ് എന്നൊക്കെ എം.പി.മാർ ആയിരുന്നവർക്കെല്ലാം അറിയാം. എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.യുടെയും അഖിലേന്ത്യ പ്രസിഡന്റായും എം.പി. ആയും ഞാൻ ഡൽഹിയിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ഓൾഡ് ഡൽഹിയുടെ പല ഭാഗവും ഞാൻ കണ്ടിട്ടില്ല. എന്നാൽ ഇപ്പോൾ ഞങ്ങൾക്ക് അവിടെയെല്ലാം കാണാൻ കഴിഞ്ഞു. ഒരു ജീപ്പിൽ കയറ്റി അവിടെയെല്ലാം കൊണ്ടുപോയി. അതിൽ ഒരു മോശവുമില്ല, അത് ഒരു സമരമല്ല എന്നൊക്കെ വിചാരിക്കരുത്.

കാരണം അവിടെയെല്ലാം കൊണ്ടുപോയി തിരിച്ചുവന്നാണ് മന്ദിർ മാർഗിൽ എത്തിച്ചത്. ശ്രീ. രാഹുൽ ഗാന്ധി, ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ ഉൾപ്പെടെയുള്ളവരോട് എടുക്കുന്ന സമീപനമാണിത്. അത് ഏതെങ്കിലും സംസ്ഥാനത്തെ മുഖ്യമന്ത്രിയോ കോൺഗ്രസ്.... രാഷ്ട്രീയമല്ല, ഇത് അവർ എടുക്കുന്നൊരു സമീപനമാണ്. ആ സമീപനത്തിന് ഇതൊക്കെ കണ്ട് കീഴ്പെടാനല്ല, ഞങ്ങൾ ഈ സമരത്തിൽ ശക്തമായി പോകും എന്നുപറഞ്ഞ് മുന്നോട്ട് പോയതാണ്. അവിടെയും ഇതിനെ മോശപ്പെടുത്താൻവേണ്ടി ശ്രമിക്കുന്നതെന്തിനാണ്? കേരള നിയമസഭയിലെ ചില അംഗങ്ങൾ ഇത്തരത്തിൽ പറയുമ്പോൾ എനിക്ക് നിങ്ങളോട് അങ്ങേയറ്റം സഹതാപമാണ് തോന്നുന്നത്. എന്റെ അടുത്ത സുഹൃത്ത് ശ്രീ. എം. എം. നസീറിന്റെ പ്രസംഗം... ഇങ്ങനെയൊക്കെ പ്രസംഗിച്ചാൽ മുഖ്യമന്ത്രിയും നേതാക്കന്മാരുമൊക്കെ അബദ്ധത്തിൽ ആവുകയേയുള്ളൂ. നിങ്ങൾ ഏതൊക്കെയോ സിനിമാക്കഥയൊക്കെ പറഞ്ഞ് ഇവരെയൊക്കെ പുകഴ്ത്തി ഇങ്ങനെയാക്കരുത്. അതുകൊണ്ട് ആ കഥയൊക്കെ പറഞ്ഞ് അമിതമായി ആവേശം കൊള്ളിച്ച്... ആ പുകഴ്ത്തൽ അല്ല ഏൽക്കുന്നത് ശ്രീ. എം. എം.

നസീറേ; ആ പുകഴ്ത്തൽ ഏൽക്കുന്നില്ല; അത് നേരെ നെഗറ്റീവായാണ് വരുന്നത്. ഇങ്ങനെ കഥ പറഞ്ഞ് എന്തെങ്കിലും കാര്യം പറഞ്ഞുപോയിട്ട് കാര്യമില്ല. അതുകൊണ്ട് നമ്മൾ രാഷ്ട്രീയ കാര്യങ്ങളെ.. ഇത്തരം കാര്യങ്ങളെ സീരിയസ്സായി എടുക്കണമെന്നുമാത്രമാണ് പറയാനുള്ളത്; ഞാൻ ഈ ഉപധനാഭ്യർഥനകളെ എതിർക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി): സർ, കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി - പട്ടികവർഗ്ഗ സമുദായങ്ങളിൽ ഉള്ളവരുടെ സമഗ്ര പുരോഗതി ഉറപ്പുവരുത്തിക്കൊണ്ട് അവരെ സാമൂഹിക പിന്നാക്ക അവസ്ഥയിൽനിന്നും മോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കുകയെന്നതാണ് യു.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം.

2026-27-ലെ പുതുക്കിയ ബജറ്റ് അവതരിപ്പിച്ചപ്പോൾ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്, മറ്റ് ഗ്രാന്റുകൾ, കേന്ദ്രനികുതി വിഹിതം എന്നീ ഇനങ്ങളിൽ ഉണ്ടാകുന്ന കുറവ് കണക്കിലെടുക്കുമ്പോൾ യഥാർഥ പദ്ധതി

അടങ്കലിൽ ആനുപാതികമായ കുറവുണ്ടാകും. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരോട് പ്രതിബദ്ധതയുള്ള ഒരു സർക്കാർ എന്ന നിലയ്ക്ക് വി. ഡി. സതീശൻ സർക്കാർ ആ കുറവ് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളെ ബാധിക്കരുത് എന്ന ദൃഢനിശ്ചയത്തോടെ പട്ടികജാതി ഉപപദ്ധതികൾക്കായി 527.68 കോടി രൂപയും പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായി 152.52 കോടി രൂപയും അധിക വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഈ തുക മുഴുവനായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനത് ഭവന പദ്ധതി ആവിഷ്കരിക്കുന്നതിന് അധികമായി വകയിരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാരോടുള്ള യു.ഡി.എഫ്. സർക്കാരിന്റെ പ്രതിബദ്ധതയ്ക്കുള്ള ഏറ്റവും മികച്ച തെളിവ് കൂടിയാണിത്. വീട് കൊടുത്ത് അവരെ സുരക്ഷിതരാക്കുക എന്നുള്ളതാണ് ദാരിദ്ര്യ സൂചികയിൽനിന്നും ഒരാളെ ഉന്നമനത്തിലേക്ക് കൊണ്ടുവരുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന് ഈ സർക്കാർ കരുതുന്നു. കഴിഞ്ഞ ഒരു പതിറ്റാണ്ടുകാലം വകുപ്പിന്റെ പ്രത്യേക ഭവന പദ്ധതി ഒഴിവാക്കിക്കൊണ്ട് ലൈഫ് മിഷൻ പരിധിയിൽ

പട്ടികജാതി-പട്ടികവർഗ്ഗ ഗുണഭോക്താക്കളെ കൊണ്ടുവന്നതിന്റെ ദൂഷ്യഫലങ്ങൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന അവർക്ക് യഥാസമയം പദ്ധതിയുടെ ഗുണഫലം ലഭിക്കാതിരുന്നത് വലിയ തിരിച്ചടിയായിട്ടുണ്ട് എന്നുള്ളതാണ് യാഥാർഥ്യം. ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ 45,403 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളും ഏകദേശം അത്രത്തോളം ഭൂരഹിത ഭവനരഹിത പട്ടികജാതി കുടുംബങ്ങളുമുണ്ട്. പട്ടികവർഗ്ഗത്തിൽപെട്ട പതിനൊന്നായിരത്തോളം കുടുംബങ്ങൾ ഭവനരഹിതരാണ്. പട്ടികവർഗ്ഗ ഭൂരഹിത ഭവനരഹിത കുടുംബങ്ങളുടെ എണ്ണം ഏഴായിരത്തോളം വരും. യഥാർത്ഥത്തിൽ ഇതിലുമെത്രയോ അധികമായിരിക്കാം ഭവനരഹിതരുടെ എണ്ണം എന്നതാണ് നമ്മുടെ കണക്കുകൂട്ടൽ.

സംസ്ഥാനത്ത് നടപ്പുവർഷം പട്ടികജാതി ഭവന പദ്ധതിക്കായി 200 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എസ്.ഡി.ജി.യിലൂടെ അനുവദിക്കുന്ന 527. 68 കോടി രൂപയും കൂടിച്ചേർന്നാൽ 727.68 കോടി രൂപ തനത് ഭവന പദ്ധതിക്കായി ഈ നടപ്പ് വർഷംതന്നെ

വിനിയോഗിക്കാൻ കഴിയും. പട്ടികവർഗ്ഗ വിഭാഗത്തിനായി 100 കോടി രൂപയാണ് ഭവന പദ്ധതിക്കായി നിലവിൽ വകയിരുത്തിയിരിക്കുന്നത്. എസ്.ഡി.ജി. തുകയായ 152 കോടി രൂപയും ഭവന പദ്ധതി നടപ്പിലാക്കുന്നതിലേക്ക് വിനിയോഗിക്കുന്നതിലൂടെ വകുപ്പിന്റെ തനത് ഭവന പദ്ധതിക്ക് 252.5 കോടി രൂപ ലഭ്യമാകും. ഈ വർഷംതന്നെ ഏഴായിരത്തോളം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകാൻ കഴിയും എന്നാണ് സർക്കാരിന്റെ പ്രതീക്ഷ. കൂടാതെ പട്ടികജാതിയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കായി 20 കോടി രൂപ ഭവന പദ്ധതിക്കായി നീക്കിവയ്ക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതോടെ ആകെ 1000 കോടി രൂപയുടെ പദ്ധതി പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിന്റെ ഭവന പദ്ധതിക്കായി ഈ വർഷംതന്നെ നടപ്പാക്കാൻ കഴിയും.

പട്ടികജാതിക്കാർക്ക് 4 ലക്ഷം രൂപയും പട്ടിക വർഗ്ഗക്കാർക്ക് 6 ലക്ഷം രൂപയുമാണ് നിലവിൽ അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായ തുക. ആയത് തികച്ചും അപര്യാപ്തമാണ് എന്ന ബോധ്യം യു.ഡി.എഫ്.

സർക്കാരിനുണ്ട്; ടി തുക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അത്തരത്തിൽ വർധിപ്പിച്ച തുക ഭവന പദ്ധതിക്കായി അനുവദിക്കുന്ന തീരുമാനം പട്ടികജാതി-പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അനുഭവ വേദ്യമാകുന്നതിന് ഈ സർക്കാരിന്റെ കാലത്ത് അധികദിവസം കാത്തിരിക്കേണ്ടി വരില്ല എന്നതാണ് സൂചിപ്പിക്കാനുള്ളത്.

ഈ ഉപധനാഭ്യർത്ഥന പാസാകുന്നതോടെ കേരള ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തുന്ന ഒരു ഭവന പദ്ധതിയായിരിക്കും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ യാഥാർഥ്യമാകാൻ പോകുന്നത്. ഇതോടെ കേരളത്തിൽ പട്ടികജാതിയിൽപ്പെട്ട ഇരുപത്തി അയ്യായിരത്തോളം പേർക്ക് ഭവനം നൽകുന്നതിനും പട്ടികവർഗ്ഗത്തിൽപ്പെട്ട ഏഴായിരം പേർക്ക് ഭവനം നൽകുന്നതിനും കഴിയും.

നമ്മൾ വാചകക്കസർത്തിൽ വിശ്വസിക്കുന്നില്ല. മറിച്ച് പ്രവൃത്തിയിലാണ് ഈ സർക്കാരിന്റെ വിശ്വാസം. ആലംബഹീനരായ ആളുകൾക്ക് അഭയവും അശരണർക്ക് ആശ്വാസവും പരാശ്രയർക്ക്

പരമാവധി സഹായവും എത്തിക്കുക എന്നതാണ് യു.ഡി.എഫ്. സർക്കാരിന്റെ നയവും നിലപാടും.

ഭ്രരഹിതർ ഇല്ലാത്ത, ഭവനരഹിതർ ഇല്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള വകുപ്പിന്റെ തനത് ഭവന പദ്ധതികൾ നടപ്പാക്കുന്നതിനാണ് ഈ ഉപധനാഭ്യർഥനയിലൂടെ തുക നീക്കിവച്ചിരിക്കുന്നത്. ആയത് പാസാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ലൈഫ് മിഷനിൽനിന്നും ഭവന പദ്ധതി മാറ്റുന്നതിലൂടെ ഈ സംസ്ഥാനത്ത് വലിയ ഒരപകടം സംഭവിക്കും എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട ഒരംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2024-25 വർഷം ലൈഫ് മിഷന് നൽകിയ തുക 120 കോടി രൂപയാണ്. 2025-26 വർഷം ലൈഫ് മിഷന് നൽകിയത് 105 കോടി രൂപ മാത്രമാണ്. എന്നാൽ വകുപ്പ് നടപ്പുവർഷം ഭവന പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത് 727 കോടി രൂപയാണ്. അതായത് കഴിഞ്ഞ സർക്കാരിന്റെ പത്ത് വർഷത്തെ കാലയളവ് പരിശോധിക്കുമ്പോൾ എട്ട് വർഷങ്ങളിലായി നടപ്പാക്കിയ ലൈഫ് മിഷൻ പദ്ധതിയിൽ 757.47 കോടി രൂപ മാത്രമാണ്

ചെലവഴിച്ചിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന് ഈ വർഷംതന്നെ 727.6 കോടി രൂപ എസ്.സി. വിഭാഗത്തിൽപെട്ട ആളുകളുടെ ഭവന നിർമ്മാണത്തിനുവേണ്ടി നടപ്പാക്കാൻ സാധിക്കും. അതുപോലെ എസ്.ടി. വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി 252.52 കോടി രൂപയും നടപ്പാക്കാൻ സാധിക്കും. മാത്രമല്ല ലൈഫ് മിഷനിൽ നടപ്പാക്കിയതിന്റെ വിവിധ കംപോണന്റുകൾ പരിശോധിച്ചാൽ എസ്.സി. വിഭാഗത്തിനുള്ളത് ഹഡ്കോ ലോണായി 2.20 ലക്ഷം രൂപയും അതുപോലെതന്നെ എൽ.എസ്.ജി.ഡി. 0.80 ലക്ഷം രൂപയും എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ വക ഒരു ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്. ജനറൽ വിഭാഗത്തിന് ഹഡ്കോ ലോണായി 2.20 ലക്ഷം രൂപയും എൽ.എസ്.ജി.ഡി. 0.80 ലക്ഷം രൂപയും അതുപോലെ ലൈഫ് മിഷൻ സ്വന്തം കംപോണന്റായി ഒരു ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്. ഇത് പരിശോധിക്കുമ്പോൾതന്നെ നമുക്ക് മനസ്സിലാകും കഴിഞ്ഞ എട്ട് വർഷമായി ലൈഫ് മിഷൻ പദ്ധതിയിൽ നടപ്പാക്കിയിരുന്നത്, ഈ സർക്കാരിന് ഈ വർഷംതന്നെ 727.6 കോടി രൂപയുടെ ഭവന പദ്ധതി

നടപ്പാക്കാൻ സാധിക്കുമെന്നുള്ളതാണ്.

അട്ടപ്പാടിയിൽ നടക്കുന്ന ശിശുമരണം സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിക്കുകയുണ്ടായി. ഇവിടെയുള്ള ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളോടും എനിക്ക് സൂചിപ്പിക്കാനുള്ളത് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 2015-ൽ 166 കമ്മ്യൂണിറ്റി കിച്ചനുകളാണ് അട്ടപ്പാടിയിൽ പ്രവർത്തിച്ചിരുന്നത്. പക്ഷേ 2026-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണം അവസാനിക്കുമ്പോൾ വെറും ഇരുപത്തിയെട്ടായി ആ കമ്മ്യൂണിറ്റി കിച്ചനുകൾ ചുരുങ്ങിപ്പോയി എന്ന ഏറ്റവും ദൗർഭാഗ്യകരമായ കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. മാത്രമല്ല അട്ടപ്പാടി മേഖലയിലുള്ള ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പിഞ്ചുകുഞ്ഞുങ്ങൾക്കുമൊക്കെയുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി മൂന്ന് മാസം കൂടുമ്പോൾ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി അവിടെ നിലവിലുണ്ടായിരുന്നു. മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അവിടെ പദ്ധതിനടത്തിപ്പിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ

അത് കൃത്യമായി പരിശോധിച്ച് പരിഹരിക്കുന്നതിനുവേണ്ടിയാണ് ആ കോ-ഓർഡിനേഷൻ കമ്മിറ്റി. ദൗർഭാഗ്യവശാൽ 2023 മേയ് മാസത്തിലാണ് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചേർന്നത്. പിന്നീട് ആ കമ്മിറ്റി മൂന്ന് വർഷത്തോളം യോഗം ചേർന്നിരുന്നില്ല. ഇപ്പോൾ ഞാൻ മന്ത്രിയായിട്ട് വളരെ ചുരുങ്ങിയ മാസങ്ങളേ ആയിട്ടുള്ളൂ. അതിനുശേഷം അഞ്ച് തവണ ഞാൻ അട്ടപ്പാടിയിൽ നേരിട്ടുപോയി. ഈ ഒക്ടോബർ മാസം ആദ്യ ആഴ്ചയിൽതന്നെ അവിടെ അവലോകന കമ്മിറ്റി ചേർന്ന് അത് വിലയിരുത്തി വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. നാളെ ആരോഗ്യ വകുപ്പിൽനിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ ഒരു സംഘം അവിടം സന്ദർശിക്കുന്നുണ്ട്. അവിടെയുള്ള ഗർഭിണികളായ സ്ത്രീകൾ ഉൾപ്പെടെ ഊരിലെ മുഴുവൻ ആളുകളെയും പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുകൂടി അറിയിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ആരോഗ്യ വകുപ്പിനെക്കുറിച്ച് ചില അഭിപ്രായങ്ങൾ പറഞ്ഞതിനുള്ള മറുപടി

മാത്രമാണ് പറയുന്നത്. ഒരു അംഗം മാത്രം പറഞ്ഞു ആരോഗ്യ വകുപ്പുമന്ത്രി രാജിവയ്ക്കണമെന്ന്. അതിനുള്ള പ്ലാൻ ഇപ്പോൾ ഇല്ലെന്ന് സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട അംഗത്തിന് സീറ്റ് ഇങ്ങോട്ട് മാറണം, ആരോഗ്യവകുപ്പ് വേണമെന്നുണ്ടെങ്കിൽ ഞാൻ ഒഴിയാൻ തയ്യാറാണ്. അതിനെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. അദ്ദേഹം പറഞ്ഞ ചില കാര്യങ്ങൾ, തൃശ്ശൂർ മെഡിക്കൽ കോളേജിലെ എം.ആർ.ഐ മെഷീൻ തകരാറിലായെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട അംഗം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ഇവിടെ ഉണ്ടല്ലോ; കഴിഞ്ഞ മാസമല്ലേ എം.ആർ.ഐ മെഷീൻ ഉദ്ഘാടനം ചെയ്തത്. അതിനുശേഷം മെഷീന് എന്തെങ്കിലും സംഭവിച്ചോ; മെഷീൻ വർക്ക് ചെയ്യുന്നില്ലേ; തൃശ്ശൂർ മെഡിക്കൽ കോളേജിൽ എം.ആർ.ഐ മെഷീൻ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് ഒരു മാസമായതേയുള്ളൂ. വർക്ക് ആരംഭിച്ചു, നന്നായി പോകുന്നുണ്ട്. അതോടൊപ്പം തൃശ്ശൂർ മെഡിക്കൽ കോളേജിൽ പെറ്റ് സ്കാൻ ആരംഭിക്കാൻ പോകുകയാണ്. മൂന്ന് ജില്ലകളിൽ സർക്കാർ ആശുപത്രികളിൽ പെറ്റ് സ്കാൻ ഇല്ല. ബഹുമാനപ്പെട്ട എം.എൽ.എ. സേവ്യർ ചിറ്റിലപ്പിള്ളിയോട് ഈ വിവരം സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹവും ഞാനുംകൂടി

അത് ചർച്ച ചെയ്തതാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ രണ്ട് മാസത്തിനുള്ളിൽ പെറ്റ് സ്കാൻ കൊണ്ടുവരാൻ സാധിക്കും. അതോടൊപ്പം ഞാൻ അത്ഭുതപ്പെട്ട ഒരു കാര്യം, എന്റെ ബഹുമാന്യ സുഹൃത്ത് ജി. ആർ. അനിൽ, അദ്ദേഹം പറഞ്ഞത് ജനങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ വിശ്വാസമില്ല എന്നാണ്. ബഹുമാനപ്പെട്ട പുനലൂർ അംഗത്തിന് അങ്ങനെ വിശ്വാസക്കുറവുണ്ടോ; അങ്ങയുടെ നിയോജകമണ്ഡലത്തിലെ ആശുപത്രിയല്ലേ 24x7 ആക്കിയത്. അത് ഇപ്പോഴും ഒരു കുഴപ്പവുമില്ലാതെ പ്രവർത്തിക്കുന്നില്ലേ: ആവശ്യമുള്ള പോസ്റ്റുകൾ അവിടെ ക്രിയേറ്റ് ചെയ്തില്ലേ? ഒരിടത്തുപോലും ജീവൻ രക്ഷാമരുന്നുകളുടെ ഷോർട്ടേജ് ഇപ്പോൾ ഇല്ല. ഇനി ഏതെങ്കിലും ആശുപത്രികളിൽ ജീവൻ രക്ഷാമരുന്നുകളുടെ ഷോർട്ടേജ് ഉണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അവിടെ ഉടൻതന്നെ മരുന്ന് ഞാൻ എത്തിച്ചുതരാം. KMSCL ആവശ്യത്തിന് മരുന്ന് വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുണ്ട്. സർക്കാർ ആശുപത്രികളെല്ലാം അടച്ചുപൂട്ടാൻ പോകുകയാണെന്ന് പറഞ്ഞാൽ, അത് നടക്കുന്ന കാര്യമല്ല. സർക്കാർ ആശുപത്രികളെ സ്വകാര്യ ആശുപത്രികളുടെ

നിലവാരത്തിലേക്ക് എത്തിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഉദാഹരണത്തിന്, ചില സ്വകാര്യ ആശുപത്രികളിൽ റോബോട്ടിക് സർജറി തുടങ്ങിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ മലബാർ കാൻസർ സെന്ററിൽ മാത്രമാണുള്ളത്. ഇപ്പോൾ തിരുവനന്തപുരത്തും തുടങ്ങാനുള്ള പരിപാടികൾ ഗവൺമെന്റ് ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. മൂന്ന് മാസം കൊണ്ട് അത് പൂർത്തീകരിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷ.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രോഗികൾ ഇപ്പോഴും നിലത്തുക്കിടക്കുന്ന എന്ന് ശ്രീ. വി. മുരളീധരൻ സൂചിപ്പിച്ചു. അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് പുലയനാർകോട്ടയിലെ ആശുപത്രിയിൽ 200 ബെഡ് സജ്ജീകരിച്ച് നിലത്ത് കിടത്തിയിരുന്ന രോഗികളെ അങ്ങോട്ട് മാറ്റിയത്. ഇപ്പോൾ അതിന് കുഴപ്പമൊന്നുമില്ലല്ലോ; മാത്രമല്ല ഞങ്ങൾ ആഴ്ചയിൽ ഒരു തവണ അവിടെ പോയി കാണുന്നതാണ്. കാരണം സർക്കാരിന്റെ പൊതുപരിപാടികൾ നടക്കുന്നത് തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ്. സ്ഥലം എം.എൽ.എ. എന്നുള്ള നിലയ്ക്ക് അദ്ദേഹം അധ്യക്ഷനാണ്. പിന്നെ എങ്ങനെയാണ് രോഗികൾ നിലത്ത്

കിടക്കുന്നതിനെക്കുറിച്ചൊരു തർക്കം. പിന്നീട് അദ്ദേഹം പറഞ്ഞത് മരുന്നുകമ്പനികൾ, ആരാണ് കൂടുതൽ വാങ്ങിയതെന്നതിനെക്കുറിച്ച് തർക്കം ആണെന്നാണ്. അതിൽ തർക്കമൊന്നുമില്ല. ബി.ജെ.പി.-യാണ് ഏറ്റവും കൂടുതൽ വാങ്ങുന്നത്. അതിൽ സംശയം എന്താണ്? ഇന്ത്യയിൽ എല്ലാ കമ്പനികളിൽനിന്നും ഏറ്റവും കൂടുതൽ കാശ് വാങ്ങുന്ന പാർട്ടി ബി.ജെ.പി.-യാണ്. കാരണം ഇന്ത്യ ഭരിക്കുന്ന പാർട്ടി ബി.ജെ.പി. യാണ്. ഞങ്ങൾ പ്രതിപക്ഷത്തുള്ളതുകൊണ്ട് അതിന്റെ പകുതിയുടെ പകുതി ഞങ്ങൾക്കും കിട്ടും. തുച്ഛമായ തുകയുണ്ടെങ്കിൽ കേരളത്തിൽ സി.പി.ഐ. (എം.)-നും കിട്ടും. അത് സാധാരണ പതിവാണ്. ഞാൻ ഇന്നലെ സൂചിപ്പിച്ചത്, നാറ്റ്കോ കമ്പനിയെക്കുറിച്ച് കുറ്റം പറയുകയും അവരുടെ മരുന്നുകളെല്ലാം മോശമെന്ന് പറയുകയും ചെയ്യുന്ന കൂട്ടർ അവരുടെ കൈയിൽനിന്നും ഒന്നര കോടി രൂപ ഇലക്ഷൻ ഫണ്ട് വാങ്ങിയെന്നാണ്. അല്ലാതെ ഞങ്ങൾക്ക് പന്ത്രണ്ട് കിട്ടിയില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഒരു കമ്പനിയെക്കുറിച്ച് കുറ്റം പറയുമ്പോൾ അതേ കമ്പനിയിൽ നിന്നാണ് നിങ്ങൾ ഇലക്ഷൻ ഫണ്ട് വാങ്ങിയത്. അല്ലാതെ നാറ്റ്കോ കമ്പനി ആർക്കും

കാശ് കൊടുത്തിട്ടില്ലെന്ന് ഞാൻ പറയില്ല. ഇവിടെ പറഞ്ഞതിൽ ഒരു കാര്യം ഞാൻ അംഗീകരിക്കുന്നു. ഡോക്ടർമാരുടെ ക്ഷാമം നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കാൻ മൂവായിരം ഡോക്ടർമാരെയെങ്കിലും നിയമിക്കണമെന്നുപറഞ്ഞ് ധനകാര്യ വകുപ്പുമന്ത്രിക്കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ഘട്ടമായി ഡോക്ടർമാരെ നിയമിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ നിയമിക്കുമ്പോൾ ഏതാണ്ട് എല്ലാ എം.എൽ.എ.മാരുടെയും നിയോജകമണ്ഡലങ്ങളിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിനുള്ള ഡോക്ടർമാരുണ്ടാകും. ഒരു സംശയവും ആ കാര്യത്തിലില്ല. ഇതൊക്കെയാണ് കാര്യമായിട്ടുള്ളത്. മറ്റൊന്നും കാര്യമായി വന്നിട്ടില്ല. ആരോഗ്യ വകുപ്പിനെക്കുറിച്ച് വിമർശിക്കുന്നവർക്ക് വിമർശിക്കാം, പക്ഷെ ഒരു കാര്യം വ്യക്തമാണ്. സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ തന്നെയാണ് വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ ശ്രമിച്ചുക്കൊണ്ടിരിക്കുന്നത്. അതിന് എല്ലാവരുടെയും സഹായം ആവശ്യമാണ്. പ്രതിപക്ഷത്തുനിന്നും സഹായം ലഭിക്കുന്നുണ്ട്. പ്രതിപക്ഷ

എം.എൽ.എ.മാരും അവരുടെ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ കാര്യത്തിൽ സഹകരിക്കുന്നുണ്ട്. നല്ല രീതിയിൽ നമുക്ക് ഇതിനെ മുന്നോട്ട് കൊണ്ടുപോകാം. പിന്നെ ഒരു ആക്ഷേപം മൊത്തത്തിൽ വന്നു. ശ്രീ. കെ. പ്രേംകുമാർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ അട്ടപ്പാടിയിലെ ശിശു മരണത്തെ സംബന്ധിച്ച് പറയുകയുണ്ടായി. അതിൽ കുറച്ച് വാസ്തവം ഉണ്ട്. കാരണം മറ്റൊന്നുമല്ല, ജനിക്കുമ്പോൾ തന്നെ ഹൃദയത്തിനുള്ള തകരാറുകാരണമാണ് അവിടെ കുട്ടികൾക്ക് മരണം സംഭവിക്കുന്നത്. ജനിച്ച് പതിനഞ്ചാം ദിവസമൊക്കെയാണ് ആശുപത്രിയിൽവച്ച് മരണപ്പെടുന്നത്. അതുകൊണ്ട് വിദഗ്ധ ഡോക്ടർമാരുടെ സംഘം അടിയന്തരമായി അട്ടപ്പാടി സന്ദർശിച്ച് അവിടത്തെ ഊരുകളിൽ സ്റ്റേ ചെയ്ത് ഗർഭിണികളെയും കുട്ടികളെയും പരിശോധിച്ച് അതിന്റെ റിപ്പോർട്ട് അടിയന്തരമായി തരണമെന്ന് പറഞ്ഞ് ഒരു ടീമിനെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒരാഴ്ചക്കുള്ളിൽ അവർ അവിടെ വന്ന് ഊരിൽ താമസിച്ച് പരിശോധന നടത്തി കാരണം കണ്ടുപിടിക്കണം. നമുക്ക് കുട്ടികളെ ഉപേക്ഷിക്കാൻ പറ്റില്ലല്ലോ; ഇനി

ജനിക്കുന്ന കുട്ടികളെയെങ്കിലും രക്ഷപ്പെടുത്തണ്ടേ? അതുകൊണ്ടാണ് സർക്കാർ ഇക്കാര്യത്തിൽ വളരെ ഗൗരവകരമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ ഞാൻ ചർച്ചയിൽ പങ്കെടുത്ത് അഭിപ്രായം പറഞ്ഞിരുന്നു. ആ സമയത്ത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെയില്ലായിരുന്നു. പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ അസംബ്ലി നിയോജകമണ്ഡലത്തിലും ഒരു കിടത്തി ചികിത്സാ കേന്ദ്രമെങ്കിലും സ്ഥാപിക്കണമെന്ന നിർദ്ദേശം ഞാൻ പറഞ്ഞിരുന്നു. അങ്ങനെയൊരു സംവിധാനം ഇല്ലെങ്കിൽ അത് വലിയ ബുദ്ധിമുട്ടാകും.

ശ്രീ. കെ. മുരളീധരൻ: ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും ലഭിക്കുമ്പോൾ തീർച്ചയായും അത് ആലോചിക്കും, യാതൊരു സംശയവും വേണ്ട. ഈ ടീം വന്ന് അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മാർഗ്ഗങ്ങൾ പഠിച്ച് റിപ്പോർട്ട് തരും. അതനുസരിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകും. ഇന്നലെ

ഒരു കാര്യം പറഞ്ഞത്, കഴിഞ്ഞതവണത്തെ ധൂർത്തിനെക്കുറിച്ച് പറഞ്ഞതാണെങ്കിലും കിഫ്ബി വഴി വാങ്ങിയ കണ്ണൂരിലെ സ്ഥലത്തിന്റെ ഐ.ആർ.ഐ.എ.., ഏതായാലും സ്ഥലം വാങ്ങി. ഇപ്പോൾ സർക്കാരിന്റെ കൈയിലാണ് സ്ഥലം. ഒരു കെട്ടിടം കെട്ടിയത് ചോർന്നൊലിക്കുന്നുണ്ട്. പക്ഷെ അത് നികുതി പണം ആയതുകൊണ്ട് ഉപേക്ഷിക്കാൻ സാധിക്കില്ലല്ലോ; നിയമസഭാ സമ്മേളനം കഴിഞ്ഞ് നവംബർ രണ്ടാം വാരം ഞാൻ സ്ഥലം സന്ദർശിക്കുന്നതാണ്. അതെങ്ങനെ യൂട്ടിലൈസ് ചെയ്യാമെന്ന് നോക്കാം. കാരണം, സ്ഥലം വാങ്ങിക്കഴിഞ്ഞു. അവിടെ ഒരു കെട്ടിടം പണിതെങ്കിലും അത് ഉപയോഗശൂന്യമായി കിടക്കുന്നു. ജനങ്ങളുടെ നികുതി പണം കൊണ്ട് വാങ്ങുന്ന കെട്ടിടം അല്ലേ; അപ്പോൾ അതിനെ സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ സർക്കാർ നോക്കും. ഏതായാലും ഞങ്ങളുടെ തലയിൽ വന്നല്ലോ; ഞാൻ തന്നെ സംഭവസ്ഥലത്ത് പോയി ഏത് കാര്യത്തിനാണ് അത് യൂട്ടിലൈസ് ചെയ്യാൻ കഴിയുക എന്നുള്ളത് പരിശോധിക്കും. വിസിറ്റ് ചെയ്യുന്ന വിവരം പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ.-യെ അറിയിക്കുന്നതായിരിക്കും.

Financial Business

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതും എന്നാൽ ബജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും പ്രഖ്യാപിച്ചിട്ടുള്ളതുമായ വിവിധ പദ്ധതികൾക്കും പ്രവർത്തികൾക്കുമായി നടപ്പുസാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർഥനയിലൂടെ 928 കോടി രൂപ വകയിരുത്തി. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, പ്ലാൻ എന്തുകൊണ്ടാണ് 35,000 കോടി രൂപയിൽ നിന്നും 30,000 കോടി രൂപയായി എന്നുള്ളത് ഞാൻ പറയുന്നില്ല. കഴിഞ്ഞ ബജറ്റിന്റെ പ്രസംഗത്തിൽ അതിനെക്കുറിച്ച് സംസാരിച്ചതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കുറവ് വരുത്താതിരിക്കാൻ വേണ്ടി പട്ടികജാതി വിഭാഗത്തിന് ഭവനനിർമ്മാണ പദ്ധതിക്കായി 527.68 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് ഭവനനിർമ്മാണ പദ്ധതിക്കായി 152.52 കോടി രൂപയും അനുവദിച്ചു. മത്സ്യബന്ധനമേഖലയിലും കുറവ് വരുത്താതിരിക്കാനായി അധിക പദ്ധതി സഹായമായി 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പിന്നെ നിരവധി പദ്ധതികൾ, ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, എം. ടി.

വാസുദേവൻ നായർ കൾച്ചറൽ പാർക്ക്; കൂടൽ മാണിക്യം, പായമ്മൽ, തൃപ്രയാർ, തിരുമൂഴിക്കുളം എന്നീ ക്ഷേത്രങ്ങളെ ബന്ധിപ്പിക്കുന്ന നാലമ്പല തീർഥാടന പാക്കേജ്; ശിവഗിരി തീർഥാടന മെമ്മോറിയൽ കൺവെൻഷൻ സെന്റർ; കേളിനറി ഇൻസ്റ്റിറ്റ്യൂട്ട്, ആർട്ടിസ്റ്റ് നമ്പൂതിരി സാംസ്കാരിക കേന്ദ്രം, ഉമ്പായി മ്യൂസിക് അക്കാദമി, ഡൽഹിയിൽ ശ്രീനാരായണഗുരുദേവ പ്രതിമയും സാസ്കാരിക കേന്ദ്രവും സ്ഥാപിക്കൽ, ചാവറ തീർഥാടന കേന്ദ്രം, മമ്പുറം പൈതൃക വില്ലേജ് പദ്ധതി എന്നിവയ്ക്കെല്ലാം ഈ ഉപധനാഭ്യർഥനയിൽ പണം ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രമുഖ വ്യക്തികളുടെ സ്മാരകങ്ങൾ പണിയുന്നതിനായി ബജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും പറഞ്ഞിരിക്കുന്ന എല്ലാ പ്രവൃത്തികൾക്കും ആവശ്യമായ തുകയാണ് സർക്കാർ നൽകുന്നത്. ഹെഡ് ഓഫ് അക്കൗണ്ട് നിലവിലുള്ള പ്രവൃത്തികൾക്ക് അധിക തുകയും ടോക്കൺ വച്ചിട്ടുള്ള പ്രവൃത്തികൾക്ക് പദ്ധതി സംബന്ധിച്ച രൂപരേഖയും ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് ധനവകുപ്പ് അനുയോജ്യമായ ഹെഡ് ഓഫ് അക്കൗണ്ട് തുറന്ന് ആവശ്യമായ അധിക ധനാനുമതി നൽകുന്നതാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ

ക്ഷേമത്തിനും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ഈ സർക്കാർ പ്രത്യേക ഊന്നലാണ് നൽകിവരുന്നത്. ഇവിടെ രണ്ട് രേഖകൾ അവതരിപ്പിക്കപ്പെട്ടു. ഒന്ന് White Paper on Fiscal Health ആണ്. അതൊരു രാഷ്ട്രീയ രേഖയല്ല, മറിച്ച് ആധികാരികമായ ഒരു രേഖയാണ്. ഒരു സംസ്ഥാനം എങ്ങോട്ട് പോകണം, നമ്മുടെ യഥാർഥ സ്ഥിതി എന്താണ് എന്നതിനെക്കുറിച്ച് ഒരു തെറ്റായ വിവരംപോലും അതിനകത്തില്ല. കൃത്യമായി പഠനം നടത്തിയ വിവരങ്ങളാണ് അതിലുള്ളത്. വളരെ മോശമായ ഒരു ധനസ്ഥിതി സംസ്ഥാനത്തുണ്ടായിട്ടും ഒരു പുതുക്കിയ ബജറ്റ് അവതരിപ്പിച്ചപ്പോൾ ടാക്സ് വർധിപ്പിക്കാൻ ഈ സർക്കാർ ശ്രമിച്ചില്ല. പകരം ചില കാര്യങ്ങൾക്ക് ടാക്സ് കുറയ്ക്കുകയാണ് ചെയ്തത്. പക്ഷേ നികുതി കൂട്ടാതെ തന്നെ വരുമാനം വർധിപ്പിക്കാൻ കഴിയും എന്നുള്ളൊരു ആത്മവിശ്വാസം കഴിഞ്ഞ അഞ്ചു മാസം കൊണ്ടുണ്ടാക്കാൻ കഴിഞ്ഞുവെന്ന് ഞാൻ പ്രത്യേകം പറയാൻ ആഗ്രഹിക്കുന്നു. നികുതി വർധിപ്പിക്കാതെ സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതിനായിരുന്നു ഈ കാലയളവിൽ മുൻഗണന നൽകിയത്.

കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന കുടിശ്ശികകൾ അടക്കം ഈ സർക്കാർ നൽകിവരുന്നുണ്ട്. അതിന്റെ തുടർച്ചയെന്നോണം, കഴിഞ്ഞ സർക്കാരിന്റെ നിരവധി കുടിശ്ശികകൾ ഓണക്കാലത്ത് നൽകി പണം വിപണിയിൽ ഇറക്കി. അക്കൗണ്ടന്റ് ജനറലിന്റെ 2026 സെപ്റ്റംബർ മാസംവരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം, മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിലും ആകെ ചെലവിലും എടുത്തുപറയത്തക്ക വളർച്ചയുണ്ടായിട്ടുണ്ട്. തനത് നികുതി വരവിൽ മുൻവർഷത്തെ അപേക്ഷിച്ച് ഇതുവരെ 6,486 കോടി രൂപയുടെ വർധനവാണുണ്ടായിട്ടുള്ളത്. അത് 16.54 ശതമാനം വളർച്ചയാണ് കാണിക്കുന്നത്. Non-tax ഇനത്തിലാകട്ടെ 4,295 കോടി രൂപയുടെ വർധനവാണുണ്ടായത്. ഇതിന്റെ വളർച്ചാ ശതമാനം എത്രയാണെന്ന് അറിയാമോ? Non-tax റവന്യൂവിലുണ്ടായ വർധനവ് 71.96 ശതമാനം ആണ്. ആകെ വരവിന്റെ കാര്യത്തിൽ ഏകദേശം 20,000 കോടി രൂപയുടെ വർധനവാണ് ഉണ്ടാക്കിയിരിക്കുന്നത്. അതായത് 21.12 ശതമാനത്തിന്റെ വളർച്ചയാണ് കൈവരിച്ചിരിക്കുന്നത്. 2026

സെപ്റ്റംബർ മാസം വരെയുള്ള ജി.എസ്.ടി. വരുമാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 19 ശതമാനം വളർച്ച ഉണ്ടായിട്ടുണ്ട്. ഇതുവരെ ലഭ്യമായ കണക്കുകൾ പ്രകാരം, ഈ ഒക്ടോബർ മാസത്തിൽ മാത്രം (തീയതി 27 ആയപ്പോഴേക്കും) 28 ശതമാനം വർധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം ഒക്ടോബറിലെ വളർച്ച മൈനസ് 2 ശതമാനം ആയിരുന്നിടത്താണ് ഈ നേട്ടം. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷമുള്ള ചരിത്രത്തിലാദ്യമായി, ഏറ്റവും വലിയ പ്രതിമാസ വരുമാനമാണ് ഈ മാസം സംസ്ഥാനത്തിന് ലഭിച്ചിരിക്കുന്നത്. സാധാരണയായി വിമർശനങ്ങൾ ഉയരാറുള്ള മൂലധന നിക്ഷേപത്തിന്റെ കാര്യത്തിലും വലിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. മുൻ വർഷത്തെ ഇതേ കാലയളവിനേക്കാൾ 57%-ത്തിന്റെ വർധനവോടെ 4,217 കോടി രൂപയുടെ അധിക നിക്ഷേപമാണ് ഈ മേഖലയിലുണ്ടായത്. ഈ സാമ്പത്തിക പുരോഗതിയുടെ ഫലമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, പ്രിയദർശിനി പദ്ധതി, ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ വിതരണത്തിന് യാതൊരു തടസ്സവും

നേരിട്ടിട്ടില്ല. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എല്ലാ ഡി.എ.-യും, ഡി.ആർ.-ഉം സംസ്ഥാന സർക്കാരും അതേ പടി നടപ്പാക്കി എന്നത് എടുത്തുപറയേണ്ട കാര്യമാണ്. എന്നിരുന്നാലും ഈ നേട്ടങ്ങളിൽ സർക്കാർ പൂർണ്ണമായും സംതൃപ്തരല്ല. സംസ്ഥാനത്തിന്റെ വരുമാനം ഇനിയും വർധിപ്പിക്കേണ്ടതുണ്ട്. നികുതി വരുമാനത്തിലെ ചോർച്ചയും ലൂപ്ഹോളുകളും അടച്ച്, ജനങ്ങൾ നൽകുന്ന നികുതി തുക അവർക്കുതന്നെ പ്രയോജനപ്പെടുത്തുന്ന രീതിയിൽ വിനിയോഗിക്കാൻ നമുക്ക് കഴിയണം. Expenditure-ന്റെ കാര്യത്തിൽ കൃത്യത വരുത്തി വരുമാനം വർധിപ്പിക്കുമെന്ന കാര്യത്തിൽ ഈ സർക്കാർ പൂർണ്ണ ആത്മവിശ്വാസത്തിലാണുള്ളത്. വിപണിയെ ഉത്തേജിപ്പിച്ചുകൊണ്ട് വരുമാനം ഉയർത്താൻ സാധിക്കുമെന്ന് ഈ സർക്കാർ ഇതിനകം തെളിയിച്ചിട്ടുണ്ട്. കടുത്ത ധനപ്രതിസന്ധി നിലനിന്നിരുന്ന ഓണക്കാലത്ത്, പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ഇടത്തരക്കാരുടെയും കൈകളിലേക്ക് പണം എത്തിച്ചു നൽകുകയാണുണ്ടായത്. പലരും പരിഹസിച്ചു. പണം ഇല്ലാത്ത സർക്കാർ കടം വാങ്ങി എങ്ങനെ അത് നൽകുമെന്ന് പലരും സോഷ്യൽ മീഡിയയിലൂടെ പരിഹസിച്ചിരുന്നു.

എന്നാൽ ഓണക്കാലത്ത് വിപണിയിലുണ്ടായ മാറ്റം കണ്ടില്ലേ? മുഴുവൻ ജനങ്ങളും മാർക്കറ്റിലേക്ക് ഇറങ്ങിയതോടെ ഹോൾസെയിൽ, റീട്ടെയ്ൽ വ്യാപാരങ്ങൾ വൻതോതിൽ വർധിച്ചു. കച്ചവടക്കാരിൽ നിന്ന് ഇതിന്റെ നികുതി വരുമാനം സർക്കാരിലേയ്ക്ക് തിരികെ എത്തുന്നുണ്ട്. 1930-കളിലെ ഗ്രേറ്റ് ഡിപ്രഷൻ കാലത്തും രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം അമേരിക്കയിലും മറ്റും പരീക്ഷിക്കപ്പെട്ട കെയ്നീഷ്യൻ സാമ്പത്തിക സിദ്ധാന്തമാണ്, ധനപ്രതിസന്ധിയുടെ സമയത്ത് സർക്കാരിന്റെ ചെലവുകൾ വർധിപ്പിച്ചുകൊണ്ട് ഞങ്ങൾ കേരളത്തിലും പരീക്ഷിച്ചത്. ഈ സർക്കാർ അഭിമാനത്തോടെ പറയുന്നു, ഇതൊരു വിജയകരമായ പരീക്ഷണമായിരുന്നു. ഇത് ഇനിയും ആവർത്തിക്കും. ഇനി കൂടുതൽ വിദേശ നിക്ഷേപങ്ങളും മറ്റ് നിക്ഷേപങ്ങളും കൊണ്ടുവന്ന് സാമ്പത്തിക പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതുണ്ട്. നവംബർ 18-ാം തീയതിയാകുമ്പോൾ ഈ സർക്കാർ ആറുമാസം തികയ്ക്കാൻ പോകുകയാണ്. ഞാൻ ഈ സഭക്ക് ഉറപ്പ് നൽകുകയാണ്; ആറ് മാസം പൂർത്തിയാകുമ്പോൾ കഴിഞ്ഞ അഞ്ചര മാസക്കാലമായി ഞങ്ങൾ നടത്തിയ കഠിനാധ്വാനത്തിന്റെയും

ഗൃഹപാഠത്തിന്റെയും ഫലം ഈ നാടിന് ലഭ്യമാകും. ഈ സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങളും സംരംഭങ്ങളും ഒഴുകിയെത്തുകയും അവ നമ്മുടെ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റുകയും ചെയ്യും.

ശ്രീ. ജി. സുധാകരൻ: സർ, സബ്മിഷൻ ഉന്നയിച്ച വേളയിൽ, ആലപ്പുഴ-പുറക്കാട് ദേശീയ പാതയിലെ സ്പിൽവേ ശാസ്ത്രീയമായി പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടെന്ന് അങ്ങ് വ്യക്തമാക്കുകയുണ്ടായി. എന്നാൽ, ഉപധനാഭ്യർഥനയിൽ ഇതിനെക്കുറിച്ചുള്ള യാതൊരു പരാമർശവും കാണാൻ കഴിഞ്ഞില്ല എന്നത് ഗൗരവതരമായ ഒരു കാര്യമാണ്. രണ്ടാമതായി, കേരളത്തിലെ പ്രധാന കാർഷിക മേഖലകളായ - മൂന്ന് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കുട്ടനാട്, രണ്ട് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഓണാട്ടുകര, നെടുമങ്ങാട് അതുപോലെ പൊക്കാളി കൃഷി ചെയ്യുന്ന പ്രവിശ്യകൾ - ഈ കാർഷിക മേഖലകളെ ഓരോന്നായി പരിഗണിച്ച്, അവയുടെ വികസനത്തിനായി പ്രത്യേക പദ്ധതികൾ എന്തെങ്കിലും സർക്കാരിന്റെ ആലോചനയിലുണ്ടോ എന്ന് ഞാൻ ചോദിച്ചിരുന്നു. അപ്പോൾ അങ്ങ് സഭയിൽ സന്നിഹിതനായിരുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും അങ്ങ് ചൂണ്ടിക്കാണിച്ച വിഷയം പരിശോധിക്കാം. സംസ്ഥാനത്തിന്റെ വരുമാനം കൂടുതൽ വർധിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ വരുമാന വർധനവുണ്ടായി എന്ന് കരുതി അതിൽ സംതൃപ്തി അടയുന്ന ഒരു സർക്കാരല്ല ഇത്. നമ്മുടെ ഒരു വാക്ക് ഖജനാവ് നിറയ്ക്കുമെന്നാണ് പറയപ്പെടുന്നത്. ഖജനാവിലേയ്ക്ക് തുക സമാഹരിച്ച്, അതുപയോഗിച്ച് വേണം വികസന-ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ. അതിനുള്ള പ്രതിജ്ഞാബദ്ധമായ നിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ, കടമെടുപ്പ് വലിയൊരു പ്രശ്നമല്ല എന്ന മട്ടിലാണ് സംസാരിച്ചത്. ഞാൻ സർക്കാരിന്റെ 'ധവളപത്രം' (white Paper) ഇറക്കിയതിനുശേഷം സാധാരണ ഇത്തരം കാര്യങ്ങൾ അധികം ആവർത്തിച്ചു പറയാറില്ല. എല്ലാ ദിവസവും നമ്മുടെ ദാരിദ്ര്യവും ബുദ്ധിമുട്ടുകളും മാത്രം പറഞ്ഞുകൊണ്ടിരിക്കാൻ പാടില്ലല്ലോ; അത് നമ്മുടെ തന്നെ ആത്മവിശ്വാസത്തെ ബാധിക്കും. രവിലെ മുതൽ നമ്മൾ ഇതാണ് പറയുന്നതെങ്കിൽ, ' കേരളത്തിന്റെ സ്ഥിതി ഇത്രയേയുള്ളൂ' എന്ന്

കേൾക്കുന്നവർക്ക് തോന്നിപ്പോകും. അതുകൊണ്ടാണ് ആ ഔദ്യോഗിക രേഖ എല്ലാവർക്കും നൽകിയ ശേഷം ഞാൻ ഇതിനെക്കുറിച്ച് അധികം സംസാരിക്കാതിരുന്നത്. എന്നാൽ ചില സമയങ്ങളിൽ മറുപടി പറയാതിരിക്കാനും കഴിയില്ല. കിഫ്ബി വായ്പയുടെ കാര്യമാണ് അങ്ങ് ഇവിടെ പരാമർശിച്ചത്. കിഫ്ബിയുടെ കാര്യത്തിലേയ്ക്ക് ഞാൻ പിന്നീട് വരാം. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ കിഫ്ബി വായ്പ കാരണമാണ് ഈ സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വലിയ കുറവ് സംഭവിച്ചിരിക്കുന്നത്. അതായത് 8089 കോടി രൂപ പെൻഷൻ ഫണ്ടിനുവേണ്ടി കടമെടുത്തതിന്റെ പേരിൽ സർക്കാരിന്റെ വായ്പാ പരിധിയിൽ 1,796 കോടി രൂപയുടെ കുറവാണ് വരുത്തിയത്. കൂടാതെ, പവർ സെക്ടറുമായി ബന്ധപ്പെട്ട് മുമ്പ് ലഭിച്ചിരുന്ന 0.5% അധിക കടമെടുപ്പ് ഇളവും കേന്ദ്ര സർക്കാർ ഇല്ലാതാക്കി. ഇതുവഴി 7,000 കോടി രൂപ നമുക്ക് ലഭിക്കാതെയായി. അങ്ങനെ ഇത് രണ്ടും കൂടി ഏകദേശം 17,000 കോടി രൂപയുടെ കുറവാണ് നമ്മുടെ കടമെടുപ്പ് പരിധിയിൽ വന്നിരിക്കുന്നത്. 2025-2026 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞ സർക്കാർ 49,788 കോടി രൂപ

വായ്പയെടുത്തിരുന്നു. (കണക്കിന്റെ സൗകര്യത്തിനായി അത് അമ്പതിനായിരം കോടി രൂപയെന്ന് കൂട്ടിക്കോളൂ). എന്നാൽ ഞങ്ങൾക്ക് ആകെ 37,862 കോടി രൂപയുടെ അനുമതി മാത്രമാണ് ലഭിച്ചത്. ഇതിൽ എത്ര കോടി രൂപയുടെ വ്യത്യാസമാണ് വന്നിരിക്കുന്നതെന്ന് നോക്കൂ? കേന്ദ്രസർക്കാരിൽ നിന്നും ഏകദേശം പന്ത്രണ്ടായിരം കോടി രൂപ അധികമായി കടമെടുക്കാനുള്ള അനുമതിയാണ് ഞങ്ങൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടാണ്? പെൻഷൻ ഫണ്ട് borrowing കാരണം ഇത്രയും തുക കടമെടുക്കാൻ സാധിക്കില്ലെന്നാണ് അവർ പറയുന്നത്. എന്നാൽ, ഞങ്ങൾ പരിധിക്കപ്പുറം കടമെടുക്കുകയാണെന്ന് ചില മുഖ്യധാരാ മാധ്യമങ്ങളും സോഷ്യൽ മീഡിയ ഹാൻഡിലുകളും ചേർന്ന് വ്യാജ പ്രചാരണം നടത്തുകയാണ്. യഥാർഥത്തിൽ, കഴിഞ്ഞ സർക്കാർ എടുത്തതിനേക്കാൾ പന്ത്രണ്ടായിരം കോടി രൂപ കുറച്ച് കടമെടുക്കാനേ ഈ സർക്കാരിന് സാധിക്കൂ. കടമെടുക്കാതെ ലോകത്ത് ഏതെങ്കിലും സർക്കാർ നിലനിൽക്കുന്നുണ്ടോ? ആയിരം കോടി രൂപ കടമെടുത്താൽ ഉടൻ തന്നെ 'സർക്കാർ വീണ്ടും

കടമെടുത്തു' എന്നുപറഞ്ഞ് അത് വലിയ ബാധ്യതയായി ചിത്രീകരിക്കുകയാണ്. നിലവിൽ കേരളത്തിന് 5,07,000 കോടി രൂപയുടെ ബാധ്യതയുണ്ടെന്നത് ശരിയാണ്; എന്നാൽ അതിൽ 87000 കോടി രൂപയും കഴിഞ്ഞ സർക്കാർ വരുത്തിവച്ച കടമാണെന്നും, അത് കൊടുത്തു തീർക്കേണ്ടത് ഞങ്ങളാണെന്നും ജനങ്ങൾ മനസ്സിലാക്കണം. അതെല്ലാം മുൻ സർക്കാർ ബാക്കിയാക്കിക്കൊണ്ടാണ് പോയത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റവന്യു ഡെഫിസിറ്റ് ഗ്രാന്റ് ഇനത്തിൽ 55,000 കോടി രൂപ കഴിഞ്ഞ സർക്കാരിന് കേന്ദ്രത്തിൽനിന്ന് ലഭിച്ചിരുന്നു. എന്നാൽ ഞങ്ങൾക്ക് ഈ ഇനത്തിൽ ലഭിച്ചത് വട്ടപൂജ്യമാണ്. ഈ ഒരു വർഷം മാത്രം 11,000 കോടി രൂപയുടെ കുറവാണ് ഞങ്ങൾക്ക് നേരിടേണ്ടി വന്നിരിക്കുന്നത്. ഇത്രയും വലിയ ധനപ്രതിസന്ധിയിലൂടെയാണ് ഈ സർക്കാർ കടന്നുപോകുന്നത്. എന്നിട്ടും യാതൊരു കുഴപ്പവുമില്ലെന്ന മട്ടിൽ, വളരെ ആത്മവിശ്വാസത്തോടെ സർക്കാരിന്റെ പ്രവർത്തനങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോകുന്നു. അതിൽ ഞങ്ങൾക്ക് അഭിമാനമേയുള്ളൂ. ഇവിടെ തല മുണ്ഡനം ചെയ്തവരുടെ ചിത്രം നിങ്ങൾ കാട്ടിയില്ലേ? കഴിഞ്ഞ അഞ്ച്

വർഷക്കാലം സെക്രട്ടേറിയറ്റിന് മുന്നിൽ എത്രപേരാണ് തൊഴിലിനുവേണ്ടി സമരം ചെയ്തത്? അന്ന് നിങ്ങൾ അവരെ ആരെയെങ്കിലും തിരിഞ്ഞുനോക്കിയോ? എന്നാൽ ഞങ്ങൾ സമരം ചെയ്യുന്നവരുടെ അടുത്തേയ്ക്ക് പോകുകയും അവർക്ക് വാക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമരം ചെയ്ത ഉദ്യോഗാർഥികളുമായി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി 8 തവണയാണ് ചർച്ച നടത്തിയത്. എന്റെ മുറിയിലും അവരെ വിളിച്ചുവരുത്തി സംസാരിച്ചു. ആരെയും അവഗണിച്ചില്ല. അവർ മുന്നോട്ടുവച്ച അഞ്ചു ആവശ്യങ്ങളിൽ നാലെണ്ണവും നടപ്പിലാക്കി നൽകാമെന്ന് ഞങ്ങൾ ഉറപ്പുനൽകി. ഞങ്ങൾക്ക് 'വാക്ക്' എന്നുപറഞ്ഞാൽ വാക്കാണ്. അഞ്ചാമതായി അവർ ആവശ്യപ്പെട്ടത് അധ്യാപക-വിദ്യാർഥി അനുപാതം കുറയ്ക്കണമെന്നാണ്. അത്തരമൊരു തീരുമാനം ഒരു സുപ്രഭാതത്തിൽ എടുക്കാൻ ഏതെങ്കിലും സർക്കാരിന് സാധിക്കുമോ? 1:25 എന്നോ 1:30 എന്നോ ഒക്കെ പെട്ടെന്ന് മാറ്റിയാൽ ഗവൺമെന്റ് സെക്ടറിലും എയ്ഡഡ് സെക്ടറിലും എത്ര പുതിയ തസ്തികകൾ

സൃഷ്ടിക്കേണ്ടി വരും? എത്ര പുതിയ അധ്യാപകരെ നിയമിക്കേണ്ടിവരും? ധനപ്രതിസന്ധി നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ പെട്ടെന്ന് ഇത്രയധികം തസ്തികകൾ സൃഷ്ടിക്കുക സാധ്യമാണോ? അതിനാൽ ഇന്ന് നടന്ന ഈ തലമൊട്ടയടിക്കൽ സമരത്തിന് യഥാർഥ ഉത്തരവാദികൾ നിങ്ങൾ തന്നെയാണ്. കാരണം എന്തെന്നറിയാമോ? പി.എസ്.സി-യിൽ 500 അധ്യാപക ഒഴിവുകൾ വരുമ്പോൾ, അതേസമയം തന്നെ division fall കാരണം 1,500 അധ്യാപകരെ സംരക്ഷിക്കേണ്ട സാഹചര്യമാണുള്ളത്. അതായത്, 500 ഒഴിവുകൾ മാത്രമുള്ളപ്പോൾ 1500 പേരെ സർക്കാർ സംരക്ഷിക്കേണ്ടി വരുന്നു. ഇതിനിടയിലാണ് 15,000 പേരുടെ റാങ്ക് ലിസ്റ്റും വരുന്നത്. ഈ സാഹചര്യത്തിൽ എങ്ങനെയാണ് റാങ്ക് ലിസ്റ്റിൽനിന്ന് പുതിയ ആളുകൾക്ക് നിയമനം ലഭിക്കുക? നിങ്ങൾ കാണിച്ചത് ബുദ്ധിശൂന്യതയാണ്, അങ്ങനെ തന്നെ ഞാൻ പറയും. എന്നോട് ക്ഷമിക്കണം. യാതൊരുവിധ പ്ലാനോ ആലോചനയോ ഇല്ലാതെയാണ് നിങ്ങൾ കാര്യങ്ങൾ ചെയ്തത്. ഇപ്പോൾ നിങ്ങൾ

കെ.എ.എസ്-നെ ക്കുറിച്ച് സംസാരിക്കുന്നുണ്ടല്ലോ? കെ.എ.എസ്-നിയമനത്തിന്റെ കാര്യത്തിൽ നിങ്ങൾ ചെയ്തതെന്താണെന്ന് അറിയാമോ? കെ.എ.എസ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ നിയമസഭയുടെയും സെക്രട്ടേറിയറ്റിന്റെയും വരാന്തകളിൽക്കൂടി നടക്കുകയാണ്. ഒഴിവുകൾ ഇല്ലാതിരുന്നിട്ടും തെറ്റായ രീതിയിൽ 31 ഡെപ്യൂട്ടേഷൻ റിസർവ് തസ്തികകൾ സൃഷ്ടിച്ച് കേഡർ തസ്തികയിൽ ഒഴിവുകളുണ്ടെന്ന രീതിയിൽ നിങ്ങൾ പി.എസ്.സി-യെ അറിയിച്ചു. തുടർന്ന് അവർ നിയമന നടപടികൾ ആരംഭിക്കുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ, ഒരാൾക്ക് ഐ.എ.എസ്. ലഭിച്ചുപോകുകയും ഒരാൾ മരണപ്പെടുകയും ചെയ്തതുമൂലമുണ്ടായ രണ്ട് ഒഴിവുകൾ മാത്രമാണ് യഥാർഥത്തിൽ നിലവിലുണ്ടായിരുന്നത്. നിങ്ങൾ 32 ഒഴിവുകളുണ്ടെന്നുപറഞ്ഞ് പി.എസ്.സി-യെ തെറ്റായി അറിയിക്കുകയും അവർ നിയമന പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ റാങ്ക് ലിസ്റ്റിന്റെ കാലാവധിയാകട്ടെ 2027 ജനുവരി 30-ന് അവസാനിക്കുകയും ചെയ്യും. മനസ്സിലായില്ലേ? ഒരു

പ്ലാനും ആലോചനയുമില്ലാതെ നിങ്ങൾ ചെയ്ത കാര്യങ്ങളാണിത്. എന്നിട്ട് ഞങ്ങളെ മലയാള മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജിൽ ചിത്രീകരിച്ചിരിക്കുന്നു - അങ്ങയെ ഞാൻ സമ്മതിച്ചിരിക്കുന്നു. ഈ സ്ഥിതിയെല്ലാം വരുത്തിവച്ചതിന് നിങ്ങളാണ് പൂർണ്ണ ഉത്തരവാദികൾ. ആ കുട്ടി തലമുണ്ഡനം ചെയ്തത് കാണുമ്പോൾ ഞങ്ങൾക്ക് സങ്കടമുണ്ട്. എങ്കിലും, ഉദ്യോഗാർഥികൾക്ക് നൽകിയ 'വാക്ക് ഞങ്ങൾ പാലിച്ചിട്ടില്ലെന്ന് അവർ പറയരുത്. ഇവിടെ പൊതുവിദ്യാഭ്യാസ വകുപ്പുണ്ട്. അധ്യാപക-വിദ്യാർഥി അനുപാതമനുസരിച്ചുള്ള പോസ്റ്റ് ക്രിയേഷൻ ഒഴികെ, അവർ ആവശ്യപ്പെട്ട മറ്റ് എല്ലാ കാര്യങ്ങളും ഞങ്ങൾ ചെയ്തിട്ടുണ്ട്. ഞങ്ങളെ നിങ്ങൾ എന്തെല്ലാമാണ് പരിഹസിച്ചത്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇന്ന് മലയാള മനോരമ പത്രത്തിൽ വന്ന ഒരു വാർത്ത ശ്രദ്ധയിൽപ്പെടുത്തിയെന്നല്ലാതെ മറ്റൊന്നും ഞാനിവിടെ ചെയ്തിട്ടില്ല. കേരളത്തിൽ ഇത്തരത്തിലാണ് വാർത്തകൾ വരുന്നതെന്ന യാഥാർഥ്യം ചൂണ്ടിക്കാണിച്ചാൽപോലും 'ഇങ്ങനെ പറയാൻ

പാടില്ല' എന്ന് പ്രതിരോധിക്കുന്ന നിലപാടാണ് ഇവിടെ നാം കാണുന്നത്. അതുപോലും പാടില്ലേ ഈ സഭയിൽ? നിങ്ങളിതെല്ലാം നേരത്തെ പറഞ്ഞു. എന്നാൽ, ഞാൻ ഈ സഭയിൽ ഇതിനുമുമ്പ് ഇങ്ങനെയൊരു കാര്യം പറഞ്ഞിട്ടേയില്ല. ആറു മാസം കഴിഞ്ഞ് സംഭവിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചോ മറ്റോ ഇപ്പോൾത്തന്നെ ഞാൻ ഇതെല്ലാം പറയേണ്ട യാതൊരു കാര്യവുമില്ലല്ലോ? ഇന്നത്തെ മലയാള മനോരമയുടെ ഫ്രണ്ട് പേജിൽ വന്ന വാർത്ത തികഞ്ഞ ഗൗരവത്തോടുകൂടി കാണേണ്ടതാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ അത് സമ്മതിച്ചിരിക്കുന്നു. ഇവിടെ കിഫ്ബി വലിയൊരു വെല്ലുവിളിയായി മാറിയിരിക്കുകയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കൃത്യമായി അറിയാം, 2022-ൽ ഞാൻ ഇവിടെ നടത്തിയ പ്രസംഗത്തിന്റെ രേഖകൾ ലഭ്യമാണ്. ഈ ബിൽ അവതരിപ്പിച്ചപ്പോൾ അന്ന് എം.എൽ.എ. മാത്രമായിരുന്ന ഞാനാണ് ഇതിനെതിരെ നിയമപരമായ തടസ്സവാദം ഉന്നയിച്ചത്. അന്ന് ഞാൻ വ്യക്തമായി പറഞ്ഞതാണ് - ഈ നീക്കം നിലനിൽക്കില്ല. ഇത് ഭരണഘടനയുടെ 293-ാം വകുപ്പിന് വിരുദ്ധമാണ്, തികച്ചും അപകടകരമായ

off-budget borrowing ആണെന്ന് അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ ഇവിടെയിരുന്ന് വളരെ ശ്രദ്ധയോടെ എന്റെ പ്രസംഗം കേട്ടത് എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്. ഓഫ്-ബജറ്റ് കടമെടുപ്പുകൾ എഫ്.ആർ.ബി.എം. പരിധിക്ക് പുറത്തു നിൽക്കില്ലെന്ന് അന്ന് ചൂണ്ടിക്കാണിച്ചതാണ്. സംസ്ഥാന സഭയിലും പാർലമെന്റിലും എഫ്.ആർ.ബി.എം. ആക്ട് പാസാക്കിയതാണ്. അതിനുപുറത്തുനിന്ന് നമ്മൾ കടമെടുത്താൽ, ഒരു സുപ്രഭാതത്തിൽ അത് കേന്ദ്രത്തിന്റെ കടമെടുപ്പ് പരിധിയിൽ വരും. അത് സംസ്ഥാനത്തിന് താങ്ങാൻ കഴിയില്ലെന്ന് അന്ന് മുന്നറിയിപ്പ് നൽകിയതുമാണ്. 2022-ൽ അങ്ങേയ്ക്ക് നേരിടേണ്ടി വന്നത് ആ ഗതികേടാണ്. 2021-ലെ ഭരണമാറ്റത്തിലൂടെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ അവരുടെ തലയിൽ ഇത് വീഴട്ടെ എന്നാണ് യഥാർഥത്തിൽ ശ്രീ. തോമസ് ഐസക് കരുതിയത്. എന്നാൽ നിങ്ങളുടെ ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ വീണ്ടും നിങ്ങൾ തന്നെ അധികാരത്തിൽ വന്നു. അതിന്റെ ഫലമായി ആ ഭാരം അങ്ങേയ്ക്ക് ചുമക്കേണ്ടി വന്നു. അതിന്റെ ആഘാതം എന്താണെന്ന് ഈ സഭയിൽ എന്നെക്കാൾ നന്നായി

അറിയാവുന്നത് മുൻ ധനകാര്യ വകുപ്പുമന്ത്രിക്ക് തന്നെയാണ്. അതുകൊണ്ടാണ് 2022-ൽ ധനകാര്യ വകുപ്പ് കിഫ്ബിയുടെ കടമെടുപ്പുകൾക്ക് ഇനിയും Sovereign Guarantee നൽകരുതെന്ന് വ്യക്തമായി പറഞ്ഞത്. എന്നാൽ അന്നത്തെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മറ്റൊരു യോഗം, ധനവകുപ്പിനെ പൂർണ്ണമായി ബൈപ്പാസ് ചെയ്തുകൊണ്ട് Sovereign Guarantee നൽകാൻ തീരുമാനിച്ചു. നിലവിൽ കിഫ്ബിയിൽ ധനകാര്യ വകുപ്പ് വെറുമൊരു നോക്കുകുത്തി മാത്രമാണ്. അവിടെ കൃത്യമായ ഭരണഘടനാ വ്യവസ്ഥകളോ ബിസിനസ്സ് ചട്ടങ്ങളോ പാലിക്കപ്പെടുന്നില്ല. മോട്ടോർ വാഹന നികുതിയും സെസുമായി Consolidated Fund-ൽ നിന്ന് എല്ലാ വർഷവും 3000 മുതൽ 4000 കോടി രൂപനരെ കിഫ്ബിക്ക് നൽകുക എന്നത് മാത്രമായി ധനവകുപ്പിന്റെ ജോലി ചുരുങ്ങി. നിയമപരമായി സഭയുടെ നിയന്ത്രണത്തിലുള്ള Consolidated Fund-ൽ നിന്ന് ഇവിടെ തുക ചെലവഴിക്കേണ്ടതിന് പകരം, തോന്നിയ ഉയർന്ന പലിശയ്ക്ക് പുറത്തുനിന്ന് കടമെടുക്കുകയാണ് കിഫ്ബി ചെയ്യുന്നത്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ Open Market-ൽ

നടത്തുന്ന ബോറോയിങ്ങിനേക്കാൾ കൂടിയ പലിശയ്ക്കാണ് കിഫ്ബി പുറത്തുനിന്നും വായ്പയെടുക്കുന്നത്. അതിന് ഗ്യാരണ്ടി നിൽക്കുന്ന ജോലി മാത്രമാണ് സർക്കാരിന്റെ ധനവകുപ്പിനുള്ളത്. ധനവകുപ്പും സർക്കാരും അറിയാതെ ലക്ഷക്കണക്കിന് രൂപ ശമ്പളത്തിൽ തോന്നിയതുപോലെയുള്ള നിയമനങ്ങളും ഡി.പി.ആർ. കരാറുകളുമാണ് അവിടെ നടക്കുന്നത്. പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് അറിയാം, വർക്ക് അവാർഡ് ചെയ്തതിനു ശേഷമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അവിടെ ഡി.പി.ആർ. ഉണ്ടാക്കുന്നത്. ടെൻഡർ നടപടികളില്ലാതെ പ്രവൃത്തികൾ അവരെ ഏല്പിക്കുകയും അവർക്ക് ഇഷ്ടമുള്ള രീതിയിൽ ടെൻഡർ നിർമ്മിച്ച് ജോലി ചെയ്യുകയുമാണ്. എന്റെ നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി ഒരു പാലം അനുവദിച്ചിരുന്നു. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷമാണ് ആ പാലത്തിന്റെ നടപടികൾ ശരിയായത്. ഓപ്പൺ മാർക്കറ്റിങ്ങിൽ നിന്നും വായ്പ എടുത്തിരുന്നെങ്കിൽ ലാഭിക്കാമായിരുന്ന പലിശയേക്കാൾ 400 കോടി രൂപയാണ് ഓരോ വർഷവും അധിക പലിശയായി നൽകേണ്ടി വന്നത്.

കൺസൾട്ടൻസികൾക്ക് പണം നൽകിയതിലെ സുതാര്യതയില്ലായ്മയും ഭൂമി ഏറ്റെടുക്കലിലെ പ്രതിസന്ധികളുമാണ് അവർ പ്രധാനമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. 2025-2026 സാമ്പത്തിക വർഷം ഒരു തിരഞ്ഞെടുപ്പ് വർഷമായിരുന്നു. Advertisement and promotion-നായി കിഫ്ബി കണക്കിൽ കാണിച്ചിരിക്കുന്നത് 21.16 കോടി രൂപയാണ്. എന്നാൽ തിരഞ്ഞെടുപ്പ് വർഷത്തിൽ യഥാർഥത്തിൽ ചെലവാക്കിയത് അതിലും എത്രയോ അധികമാണ്. ഇവിടെ ഓഡിറ്റിങ് പരിശോധന നടത്തിയപ്പോൾ ഞെട്ടിക്കുന്ന കണക്കുകളാണ് പുറത്തു വന്നത്. കണക്കുകൾ പരിശോധിച്ച ഓഡിറ്റിൽ ഇത് 203.72 കോടി രൂപയായിട്ടാണ് കാണിച്ചിരിക്കുന്നത്. ഈ വലിയ തുകയുടെ കണക്കുകൾ എവിടെയെന്നോ എങ്ങോട്ടാണ് പോയതെന്നോ ഉള്ള യാതൊരു വിവരവുമില്ല. ഇതിൽ ധനകാര്യ വകുപ്പിന് യാതൊരുവിധ ഉത്തരവാദിത്വവുമില്ലാത്ത സ്ഥിതിയാണ് ഉള്ളത്. പരസ്യത്തിനുവേണ്ടി മാത്രം വൻ തുകയാണ് ചെലവാക്കിയിരിക്കുന്നത്. സ്റ്റേറ്റ് ഗവൺമെന്റ് ഓപ്പൺ മാർക്കറ്റിൽനിന്നും വാങ്ങുന്ന ബോറോയിങ്ങിനേക്കാൾ കൂടുതൽ പലിശയ്ക്ക്, ഒടുക്കത്തെ പലിശ

നൽകി കടം വാങ്ങിയിട്ട്, ആ പണമെടുത്തുകൊണ്ടാണ് ഇത്തരത്തിൽ പരസ്യങ്ങൾ നടത്തിയിരിക്കുന്നത്. വെറും പരസ്യത്തിനുവേണ്ടി മാത്രം 203 കോടി രൂപയിലധികമാണ് ധൂർത്തടിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ പ്രതിപക്ഷ നേതാവ് എന്നോട് പറഞ്ഞു, 'ഞാൻ ഒന്നും പറയുന്നില്ല, കുറെ പറയേണ്ടതാണ് എന്ന്, ശരിയാണ്, നമ്മൾ കുറെ കാര്യങ്ങൾ തുറന്നുകാട്ടേണ്ടതുണ്ട്. കണ്ണൂരിൽ സ്ഥലം വാങ്ങിയാൽ എന്താണ് കുഴപ്പം എന്ന് ചോദിക്കുന്നു. കണ്ണൂരിൽ എത്ര ഏക്കർ വേണം? ഒരു ആയിരം ഏക്കർ വാങ്ങിച്ചു എന്ന് വയ്ക്കാം. ശരി. വീണ്ടുമൊരു നാലായിരം ഏക്കർ സ്ഥലം വാങ്ങാൻ 11(1) നോട്ടിഫിക്കേഷൻ ഇറക്കുകയാണ്. ഈ സ്ഥലം വാങ്ങിക്കഴിഞ്ഞാൽ അത് മോർട്ട്ഗേജ് ആക്കി വയ്ക്കാമെന്നാണ് അതിനകത്ത് പറയുന്നത്. ഇപ്പോൾ വാങ്ങിയ സ്ഥലം ഒരു ബാങ്കിൽകൊണ്ടു പോയി മോർട്ട്ഗേജ് ചെയ്താൽ, വാങ്ങിയ സ്ഥലത്തിന്റെ അഞ്ചിൽ ഒന്ന് മൂല്യം മാത്രമാണ് കിട്ടുക. കാര്യം വ്യക്തമായല്ലോ? നടപടിക്രമങ്ങൾ പാലിച്ചാണ് സ്ഥലം വാങ്ങിയതെന്ന് അങ്ങ് പറയുകയുണ്ടായി. എന്നാൽ ഒരിക്കലുമല്ല, യാതൊരു നടപടിക്രമവും പലിച്ചല്ല ഇത് വാങ്ങിയിരിക്കുന്നത്. ആ വാങ്ങിയ

സ്ഥലത്തിന്റെ ഭൂരിഭാഗവും ക്വാറികളാണ്. ആറ് മീറ്റർ മുതൽ പത്ത് മീറ്റർ വരെ ആഴത്തിൽ കല്ലെടുത്ത് ഉപേക്ഷിച്ച സ്ഥലത്താണ് ആയിരം ഏക്കർ വാങ്ങിയിരിക്കുന്നത്. എന്നിട്ട് എന്താണവിടെ ചെയ്തത്? സ്ഥലം ഏറ്റെടുക്കുന്നതിനോടൊന്നും ഞങ്ങൾ എതിരല്ല, ഞങ്ങളും സ്ഥലം ഏറ്റെടുക്കാൻ പോകുകയാണ്. അത് എങ്ങനെയാണെന്ന് ഞങ്ങൾ കാണിച്ചു തരാം. ഞങ്ങളത് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കാം. ഇവിടെ എങ്ങനെയാണ് സ്ഥലം വാങ്ങിയതെന്നോ, എന്തിനാണ് വാങ്ങിയതെന്നോ, അവിടെ എന്താണ് ചെയ്തതെന്നോ ആർക്കും അറിയില്ല; ഒന്നും ചെയ്തിട്ടുമില്ല. ഇതിനുപുറമേ 2021-ൽ അധികാരത്തിൽ വന്നതിനുശേഷം, ആ ജില്ലയിൽത്തന്നെ ഈ 1000 ഏക്കറിന് പുറമേ 3896 ഏക്കർ - അതായത് ഏകദേശം നാലായിരം ഏക്കറോളം വരുന്ന ഭൂമിക്ക് വീണ്ടും 11(1) നോട്ടിഫിക്കേഷൻ (പ്രാഥമിക വിജ്ഞാപനം) ഇറക്കിയിരിക്കുകയാണ്, ഇപ്പോൾ നമ്മൾ അത് ഏറ്റെടുക്കാൻ തീരുമാനിച്ചാൽ 2021 മുതലുള്ള ഓരോ വർഷവും പന്ത്രണ്ട് ശതമാനം പലിശ അധികം നൽകണം. അങ്ങനെ വരുമ്പോൾ ഇത് പതിനയ്യായിരം കോടി രൂപയുടെ ബാധ്യതയാകും. യഥാർഥ

വിലയുടെ നാലും അഞ്ചും ഇരട്ടി കൊടുത്താണ് ഭൂമി വാങ്ങിയിരിക്കുന്നത്, പോരാത്തതിന് അതിന്റെ പന്ത്രണ്ട് ശതമാനം പലിശയും. ശരിക്കും നല്ലൊരു സാധനമാണ് നമ്മുടെ കൈയിൽ തന്നിരിക്കുന്നത്; നമ്മുടെ തലയിലേക്ക് വച്ചുതരാൻ ഇതിനെക്കാൾ നല്ലൊരു സാധനം വേറെയില്ല. പോകുന്ന വഴിക്ക് നമ്മുടെ തലയിലേക്ക് വച്ചുതന്നിരിക്കുന്ന വലിയൊരു ബാധ്യതയാണ് ഈ 11(1) നോട്ടിഫിക്കേഷൻ. കണ്ണൂരിൽ അയ്യായിരം ഏക്കർ ഭൂമി വാങ്ങിയിട്ടിരിക്കുകയാണ്, ഇവിടെ വലിയ തുറമുഖവും എക്സിം പ്രവർത്തനങ്ങളും വരികയല്ലേ? ഒരു അഞ്ഞൂറ് ഏക്കർ ഭൂമിയെങ്ങാനും അവിടെ കൃത്യമായി വാങ്ങിയിരുന്നെങ്കിൽ അയ്യായിരം കോടിയല്ല പതിനായിരം കോടി രൂപയുടെ ബിസിനസ്സ് വികസനമാണ് അവിടെ ഉണ്ടാകുമായിരുന്നത്. നമുക്ക് വലിയ നിക്ഷേപം കൊണ്ടുവരാമായിരുന്നു. ആ ഭൂമി ഇക്വിറ്റിയായി വച്ച് നിക്ഷേപകരെ ആകർഷിച്ച് നിക്ഷേപം ഇറക്കിയിരുന്നെങ്കിൽ, പതിനായിരക്കണക്കിനാളുകൾക്ക് ജോലി ലഭിക്കുന്ന സാഹചര്യം അവിടെ ഉണ്ടാകുമായിരുന്നു. എന്നാൽ അതിനുപകരം, യാതൊരു കാഴ്ചപ്പാടുമില്ലാതെ അയ്യായിരം ഏക്കർ സ്ഥലം വെറുതെ

വാങ്ങിയിട്ട് നാടിന് ഭീമമായ സാമ്പത്തിക ബാധ്യത മാത്രമാണ് സൃഷ്ടിച്ചിരിക്കുന്നത്. പതിനായിരക്കണക്കിന് കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഈ തിരുവനന്തപുരത്ത് വാങ്ങാമായിരുന്നു, തിരുവനന്തപുരത്ത് വാങ്ങിയില്ല, കൊച്ചിയിൽ വാങ്ങിയില്ല, കോഴിക്കോടും വാങ്ങിയില്ല, കണ്ണൂരിലാണ് നിങ്ങൾക്ക് വാങ്ങാൻ തോന്നിയത്.

ശ്രീ. ജി. സുധാകരൻ: സർ, ഇത്തരത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടക്കുന്ന അവസരത്തിൽ, കിഫ്ബിയുടെ ചെയർമാനായി റിട്ടയർ ചെയ്ത ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ നിയമിച്ചത് വലിയ ക്രമക്കേടാണ്. അതിനെപ്പറ്റി ഒരു അന്വേഷണം നടത്താൻ ഗവൺമെന്റ് ആലോചിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇതെല്ലാം ഒന്ന് പറഞ്ഞു തീർത്തോട്ടെ. ഇവിടെ ധനകാര്യ വകുപ്പിന്റെ യാതൊരുവിധ അനുമതിയും കൂടാതെയാണ് ജീവനക്കാരുടെ ശമ്പള ഘടന പരിഷ്കരിച്ചിരിക്കുന്നത്. വേറൊരു സാമ്രാജ്യമാണ് അവർ അവിടെ സൃഷ്ടിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ചീഫ് സെക്രട്ടറി വാങ്ങുന്നതിനേക്കാൾ കൂടുതൽ ശമ്പളത്തിൽ എത്രപേരാണ് അവിടെ ജോലി ചെയ്യുന്നതെന്നറിയാമോ?

കേരളത്തിലെ ഏറ്റവും വലിയ ഉദ്യോഗസ്ഥനായ ചീഫ് സെക്രട്ടറി വാങ്ങുന്നതിനേക്കാൾ കൂടുതൽ ശമ്പളം, തോന്നിയ ശമ്പളമാണ് അവിടെയുള്ളവർക്ക് നൽകുന്നത്. ഒരേ വീട്ടിൽ നിന്നുതന്നെ എത്രപേർ അവിടെ ജോലി ചെയ്യുന്നുണ്ട്. ഇതൊക്കെ ആരുടെ പണമാണ്; ആരുടെ പണമാണ് ഇത്തരത്തിൽ ധൂർത്തടിക്കുന്നത്? ഇന്ത്യയിലെ തന്നെ ഏറ്റവും പ്രശസ്തരായ, രാഷ്ട്രീയമില്ലാത്ത ധനകാര്യ വിദഗ്ധരെക്കൊണ്ട് പഠിപ്പിച്ചപ്പോഴാണ് ഈ കാര്യങ്ങളൊക്കെ പുറത്തുവന്നത്. അവരാണോ ഈ റിപ്പോർട്ട് സമർപ്പിച്ചത്? അവർ ശിപാർശ ചെയ്തിരിക്കുന്നത് ഇത്രമാത്രമാണ് - 2016-2017 മുതൽ 2025-2026 വരെയുള്ള പത്തുവർഷത്തെ കാലയളവിൽ പൂർണ്ണമായ സി & എജി. ഓഡിറ്റ് നടപ്പാക്കുക. ആ റിപ്പോർട്ട് പുറത്തുവരുമ്പോൾ എത്രപേർ അകത്തുപോകുമെന്ന് ഞാൻ ആലോചിക്കുകയാണ്. അങ്ങനെയുള്ള ഗൗരവതരമായ ശിപാർശകളാണ് അവർ നൽകിയിരിക്കുന്നത്. ഈ കടങ്ങളൊക്കെ പുനഃക്രമീകരിക്കണം; ബന്ധപ്പെട്ടവരുമായി സംസാരിച്ച് തിരിച്ചടവ് കാലാവധി നീട്ടി നൽകി സാമ്പത്തിക ബാധ്യത കുറയ്ക്കണം. ഞാൻ ഇതെല്ലാം സഭയുടെ മേശപ്പുറത്ത്

വച്ചതുകൊണ്ട് ഞാനൊന്നും പറയുന്നില്ല. മോട്ടോർ വാഹന നികുതിയും സെസ്സുമായി സർക്കാർ ഇരുപത്തി അയ്യായിരം കോടി രൂപ കിഫ്ബിക്ക് നൽകിയിട്ടുണ്ട്. ഇവർ 61000 കോടി രൂപയുടെ പദ്ധതികൾ ചെലവഴിച്ചു എന്ന് അവകാശപ്പെടുമ്പോഴും യഥാർഥത്തിൽ 48,000 കോടി രൂപയുടെ ചെലവ് മാത്രമാണ് വന്നിട്ടുള്ളത്. 'കിഫ്ബി ഇല്ലായിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു?' എന്ന് ചോദിച്ചവർക്കുള്ള മറുപടിയാണിത്. കിഫ്ബി ഇല്ലായിരുന്നെങ്കിൽ പൊതുമരാമത്ത്, ജലസേചനം തുടങ്ങിയ വകുപ്പുകൾ വഴി അറുപത്തിയൊന്നായിരം കോടി രൂപയുടെ പദ്ധതികൾ നേരിട്ട് നടപ്പാക്കുമായിരുന്നു. എന്നാൽ ഇവർ ഇതുവരെ നടപ്പാക്കിയത് വെറും 48,000 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ്. കിഫ്ബിയുടെ അശാസ്ത്രീയമായ നടത്തിപ്പ് രീതികൾ കാരണമാണ് ഇത് സംഭവിച്ചത്. ശ്രീ. പി. എ. മുഹമ്മദ് റിയാസിനോടാണ് ഞാൻ പറയുന്നത് - നിങ്ങൾ നേരിട്ട് ഈ പ്രവൃത്തികൾ ചെയ്തിരുന്നെങ്കിൽ സംസ്ഥാനത്തിന് 13,000 കോടി രൂപ ലാഭിക്കാമായിരുന്നു. അതാണ് വിദഗ്ധ പഠനത്തിലെ കണ്ടെത്തൽ. കാരണം ഇത്രത്തോളം ഉയർന്ന ഷെഡ്യൂൾഡ് റേറ്റും ആനുകൂല്യങ്ങളുമാണ്

കിഫ്ബി വഴി നൽകിയിരിക്കുന്നത്. ഓപ്പൺ മാർക്കറ്റിൽനിന്നും തോന്നിയ പലിശയ്ക്ക് കടം വാങ്ങുക, 9.72 ശതമാനം എന്ന കൊള്ളപ്പലിശയ്ക്ക് മസാല ബോണ്ട് ഇറക്കി കൊണ്ടുവന്ന് ആ പണം ആറ് ശതമാനവും ഏഴ് ശതമാനവും പലിശയ്ക്ക് ഇവിടത്തെ മറ്റ് ബാങ്കുകളിൽ കൊണ്ടുപോയി നിക്ഷേപിക്കുക. ചോദിക്കാനും പറയാനും ആരുമില്ലാതെ, കൃത്യമായ അന്വേഷണങ്ങളോ നിയന്ത്രണങ്ങളോ ഇല്ലാതെ ഒരു പ്രത്യേക സാമ്രാജ്യം തന്നെയാണ് ഇവിടെ കെട്ടിയുയർത്തിയിരിക്കുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതിൽ സുപ്രീം കോടതിയിൽ കേസിന് പോയതെന്തിനാണ്? നമ്മുടെ കടമെടുപ്പ് പരിധിയിൽനിന്ന് തുക വെട്ടിക്കുറയ്ക്കാൻ പാടില്ലെന്നത് തന്നെയാണ് പ്രധാന വിഷയം. നമുക്ക് അവകാശപ്പെട്ട പണത്തിൽനിന്നും 28,000 കോടി രൂപയാണ് അവർ വെട്ടിക്കുറച്ചത്. 2022 വരെ അവർ ഇത്തരം വെട്ടിക്കുറയ്ക്കലുകൾ നടത്തിയിരുന്നില്ല. 2022-നുശേഷമാണ് ഈ സ്ഥിതിയുണ്ടായത്. ഭരണഘടനാപരമായ അവകാശം ഉന്നയിച്ചുകൊണ്ടുതന്നെയാണ് നമ്മൾ ആ കേസിനുപോയത്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയുടെ

ചുമതലയേറ്റെടുത്തതിനുശേഷവും ഇതിൽ ശക്തമായി നിലകൊണ്ടു. നേരത്തെ എനിക്കറിയാമായിരുന്നൊരു എക്സ്പീരിയൻസുണ്ട്, അന്ന് അവർ കേസ് പിൻവലിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് തുടർച്ചയായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന അനുഭവം മുമ്പ് എനിക്കുമുണ്ട്. അതിന്റെ പേരിൽ ഒരുപാട് ബുദ്ധിമുട്ടുകൾ നമ്മൾ അനുഭവിച്ചെങ്കിലും നമ്മൾ കേസ് പിൻവലിച്ചില്ല. കാരണം, ഇത് സംസ്ഥാനങ്ങളുടെ കടമെടുപ്പ് അവകാശവുമായി ബന്ധപ്പെട്ട ഭരണഘടനാപരമായ കേസാണ്. മുതിർന്ന അഭിഭാഷകൻ ശ്രീ. കപിൽ സിബലിന്റെ നേതൃത്വത്തിലുള്ള ലീഗൽ ടീമാണ് സഭയ്ക്ക് വേണ്ടിയും സംസ്ഥാനത്തിന് വേണ്ടിയും സുപ്രീംകോടതിയിൽ ഹാജരായത്. സുപ്രീം കോടതി ഈ കേസ് ഗൗരവത്തോടെ കാണുകയും ഭരണഘടനാ ബെഞ്ചിന് കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. ഇപ്പോൾ അത് ഭരണഘടനാ ബെഞ്ചിന്റെ പരിഗണനയിലാണ്. ഭരണഘടനാ ബെഞ്ചിന്റെ വിധി വന്നാൽ, റിസർവ് ബാങ്ക് വഴി ഓപ്പൺ മാർക്കറ്റ് ബോറോയിംഗ് വഴി സംസ്ഥാനങ്ങൾ എടുക്കുന്ന സാധാരണ കടമെടുപ്പുകൾക്ക് പുറമെ, കിഫ്ബിയുടേത് അഡിഷണലായി

കിട്ടേണ്ടതാണെന്ന കൃത്യമായ ആശയം അംഗീകരിക്കപ്പെടും. ആ ഭരണഘടനാപരമായ അവകാശത്തിനുവേണ്ടി സർക്കാർ ഉറച്ചുനിൽക്കുക എന്നതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടതാണ്. വികസന മുന്നേറ്റങ്ങളെക്കുറിച്ചുള്ള കൃത്യമായ പ്രതീക്ഷകളുടെ അടിസ്ഥാനത്തിലാണ് ഏത് സ്ഥലത്തും ഭൂമി ഏറ്റെടുക്കുന്നത്. ഉദാഹരണത്തിന്, കോഴിക്കോട് എയർപോർട്ടിന് ചുറ്റും റൺവേ വികസനത്തിന് വേണ്ടത്ര ഭൂമി ഏറ്റെടുക്കാൻ കഴിയാത്തത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഇപ്പോൾ വിഴിഞ്ഞം തുറമുഖവും റിംഗ് റോഡും അടക്കമുള്ള വലിയ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. റിംഗ് റോഡിന് ചുറ്റും വലിയൊരു ഏരിയ തന്നെ ഏറ്റെടുക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കുമ്പോൾ അന്നത്തെ തൽസമയ വില മാത്രമല്ല നോക്കുന്നത്; ഭാവി വികസനം കൂടി മുന്നിൽ കണ്ടാണ്. ഇതിലെ നിയമപരമായ നടപടിക്രമങ്ങളും മറ്റ് കാര്യങ്ങളും ഏത് സർക്കാരിനും എപ്പോഴും പരിശോധിക്കാം. കോഴിക്കോട് എയർപോർട്ടിനടുത്ത് സ്ഥലം എടുക്കാനേ കഴിയുന്നില്ല. റൺവേ വികസിപ്പിക്കാൻ സാധിക്കുന്നില്ല.

ഇങ്ങനെയൊക്കെയുള്ള പ്രശ്നങ്ങളുണ്ടല്ലോ? അപ്പോൾ ഇതിനകത്ത് സുപ്രീംകോടതിയിൽ കേസ് കിടക്കുന്നത് നമ്മുടെ കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റ് വച്ചിട്ടാണ്. ആ കേസ് നിലനിന്ന് മുന്നോട്ട് പോകുന്നുണ്ടോ? അങ്ങനെ സുപ്രീംകോടതി കേസ് കേട്ട് നമ്മുടെ ഭാഗം പൂർണ്ണമായി അംഗീകരിച്ചാൽ 28000 കോടി രൂപയും അങ്ങ് പറയുന്ന 8,000 കോടി രൂപയും ചേർത്ത് 36,000 കോടി രൂപയുടെ അധിക കടമെടുപ്പ് പരിധി കേരളത്തിന് ലഭിക്കും. ആ കേസ് സുപ്രീം കോടതിക്കായിട്ട് നമ്മുടെ ഭാഗം അംഗീകരിച്ചേനെ.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞ ആ രണ്ട് കാര്യങ്ങളിൽ ഞാൻ വ്യക്തമായ മറുപടി പറയാം. സുപ്രീം കോടതി ആ ഹർജി അനുവദിച്ചു എന്നുതന്നെ കരുതുക, നമുക്ക് അധിക കടമെടുപ്പ് പരിധി കിട്ടി, ഇത് നമ്മുടെ സാധാരണ കടമെടുപ്പ് പരിധിക്കുള്ളിൽ വരില്ലെന്ന് വിധിച്ചുവെന്നും കരുതുക. എങ്കിലും ഇവർ ഈ ഉണ്ടാക്കിക്കൂട്ടുന്ന ഭീമമായ കടം മുഴുവൻ അവസാനം ആരുടെ തലയിലാണ് വരാൻ പോകുന്നത്; ആരാണ് ഇതിന് സോവറിൻ ഗ്യാരന്റി നൽകുന്നത്? സംസ്ഥാന സർക്കാരാണ് ഇതിനെല്ലാം സോവറിൻ ഗ്യാരന്റി നൽകി തോന്നിയ പടിശയ്ക്ക് കടമെടുത്ത് കൂട്ടുന്നത്. കടമെടുപ്പിന്റെ പരിധിയിൽനിന്ന് കിഫ്ബിയെ

ഒഴിവാക്കണമെന്നാണ് സർക്കാർ സുപ്രീം കോടതിയിൽ വാദിക്കുന്നത് എന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെ ഒഴിവാക്കിയാൽപോലും അവസാനം ഈ പണം മുഴുവൻ ആര് കൊടുക്കും? സംസ്ഥാന സെക്രട്ടേറിയറ്റും കളക്ടേറ്റുകൾ മുഴുവനും ജപ്തി ചെയ്യുമായിരുന്നു, ഈ പണം ആര് കൊടുക്കും, ഇവർ ഇൻകം ജനറേറ്റിങ് ആയിട്ടുള്ള ഒരു പ്രോജക്ട്പോലും ചെയ്യുന്നില്ല. ഇവരെല്ലാം കടത്തിലാണ് ചെയ്യുന്നത്, കടത്തിന്റെ മീതെ കടവും, വലിയ പലിശയും ഗവൺമെന്റാണ് ഗ്യാരന്റി കൊടുക്കുന്നത്. അവസാനം ഇവർക്ക് കൊടുക്കാൻ സാധിക്കാതെയാകുമ്പോൾ ഗവൺമെന്റ് ഇത് കൊടുക്കണം. ഗവൺമെന്റിന്റെ കൈയിൽ എവിടെയാണ് പണം, ഇത്രയും കോടി രൂപ, അമ്പതിനായിരം കോടി രൂപ കൊടുക്കണമെന്ന് ശ്രീ. കെ. എൻ. ബാലഗോപാൽ മന്ത്രി ആയിരിക്കുന്ന സമയത്ത് പറഞ്ഞാൽ എന്തുചെയ്യും? കൈ മലർത്തി കാണിക്കും, അപ്പോൾ സെക്രട്ടേറിയറ്റ് ജപ്തി ചെയ്തുകൊണ്ടുപോകുമായിരുന്നു, ആ കടം വാങ്ങിയ ആളുകൾ. അത് പറയുന്നത് ഒട്ടും ശരിയായ കാര്യമല്ല. രണ്ടാമത്, അങ്ങ് സ്ഥലമെടുപ്പിനെക്കുറിച്ച് പറഞ്ഞു. പിന്നീട് എന്ത് സംഭവിക്കുമെന്ന് പ്രതീക്ഷിക്കാതെയാണ് സ്ഥലം എടുക്കുന്നത്. കേരളത്തിൽ സ്ഥലവില താഴേക്ക് പോകുകയല്ലല്ലോ ചെയ്യുന്നത്; സ്ഥലമെടുത്തപ്പോഴുള്ള വില യഥാർഥ വിലയുടെ അഞ്ചിരട്ടി ആണെന്നാണ് പറഞ്ഞത്. മനസ്സിലായില്ലേ? ഇപ്പോൾപോലും സ്ഥലമെടുത്ത പൈസ അവിടെ കിട്ടില്ല, സ്ഥലമെടുത്ത

കണക്കിന്റെ അഞ്ചിലൊന്ന് മാത്രമാണ് ഇപ്പോഴുള്ളത്. ഒരു പർട്ടിക്കുലർ പർപ്പസിനുവേണ്ടി എടുക്കണ്ടേ? ഞാൻ ചോദിക്കുന്നത്, വിഴിഞ്ഞത്തും കൊച്ചിയിലും കോഴിക്കോടും സ്ഥലമെടുത്തില്ല, പക്ഷെ കണ്ണൂരിൽ 1000 ഏക്കർ സ്ഥലമെടുത്തു. അതിനുപുറമെ വീണ്ടും 4000 ഏക്കർ സ്ഥലമാണ് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് എടുത്തത്. അതെല്ലാം ഉറപ്പായും അന്വേഷിക്കും. അന്വേഷിച്ചില്ലെങ്കിൽ ഞങ്ങൾ ഉത്തരം പറയേണ്ടിവരും. സാധാരണക്കാരന്റെ പണമെടുത്ത് നടത്തിയിട്ടുള്ള എല്ലാ ക്രമക്കേടുകളും ഉറപ്പായും അന്വേഷിക്കപ്പെടും, അതിൽ ഒരു സംശയവും വേണ്ട.

"We are building mountains with words" എന്ന മനോഹരമായ വാചകം ഇവിടെ ആരോ പറഞ്ഞു. ഇത് വെറും വാചകമടിയാണെന്നാണ് ആ പറഞ്ഞതിന്റെ സാരം. ശ്രീ. വി. മുരളീധരനാണ് അങ്ങനെ പറഞ്ഞത്, ഞാൻ അദ്ദേഹത്തിന്റെ പേര് അപ്പോൾ എഴുതി വയ്ക്കാത്തതുകൊണ്ടാണ് ഓർമ്മയിൽ വരാത്തത്. We are building mountains with words. ശരിയാണ്, ഞങ്ങൾ ജനങ്ങൾക്ക് പ്രതീക്ഷ നൽകുകയാണ്, അവരെ ഇൻസ്പയർ ചെയ്യുകയാണ്. ആ മലമുകളിൽ കേരളത്തെ ഞങ്ങൾ എത്തിക്കുകയും ചെയ്യും. അതിൽ

സംശയമൊന്നുംവേണ്ട. എനിക്ക് അങ്ങയുടെ പ്രയോഗം വളരെ ഇഷ്ടമായി. കാരണം തകർന്നുപോയ ഒരു കേരളത്തെ പുനരുജ്ജീവിപ്പിക്കാൻ, ഞങ്ങൾ എല്ലാവരും പറയുന്നുണ്ട്, ഞങ്ങൾ ഇൻസ്പയർ ചെയ്യുന്നുണ്ട്. ഞങ്ങൾ ചെറുപ്പക്കാരോട് പറയുന്നുണ്ട്, നിങ്ങളുടെ പ്രതീക്ഷ കളയണ്ട, ഞങ്ങൾ നല്ല വിദ്യാഭ്യാസം നൽകും, നിങ്ങൾക്കുവേണ്ടി ഇവിടെ എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യും, ഇവിടത്തെ ഇക്കോണമി നന്നാക്കും. ഞങ്ങൾ പ്രായമായവരോടും പറയുന്നുണ്ട്, നിങ്ങൾ സങ്കടപ്പെടണ്ട, നിങ്ങളെ ഞങ്ങൾ സംരക്ഷിക്കും, ഞങ്ങൾ ചേർത്തുനിർത്തും. നല്ല ആരോഗ്യത്തിന്റെ ഡെസ്റ്റിനേഷൻ പോയിന്റാക്കി കേരളത്തെ മാറ്റും. വിദ്യാഭ്യാസത്തിന്റെ ഡെസ്റ്റിനേഷൻ പോയിന്റാക്കി കേരളത്തെ മാറ്റും. ഞങ്ങൾ ആ വാക്കുകൾ പറയുന്നുണ്ട്. രാഷ്ട്രീയത്തിലും ഭരണത്തിലും ഭരണകർത്താക്കൾക്കും ആവശ്യമായ ഏറ്റവും പ്രധാനപ്പെട്ട കാര്യം ക്രെഡിബിലിറ്റിയാണ്. യു.ഡി.എഫ്. സർക്കാർ പറഞ്ഞ മലയോളം ഉയർന്ന ആ വാക്കുകൾകൊണ്ട് കേരളത്തിന്റെ പ്രതീക്ഷ ഉയർന്നിട്ടുണ്ടെങ്കിൽ ഞങ്ങൾ കേരളത്തെ അവിടെ എത്തിക്കുകതന്നെ ചെയ്യും. അതിനായി ഞങ്ങൾ കഠിനാധ്വാനം ചെയ്യും.

27-10-2026

Financial Business

ഞങ്ങൾ എന്ത് ചെയ്യുകയാണ് എന്ന് ചോദിച്ചിരുന്നു. നിങ്ങൾ വെറുതെ ആരോപിക്കുന്ന കോർപ്പറേറ്റ് വൽക്കരണം....., ഞങ്ങൾ ഒരു സ്ഥാപനത്തെയും സ്വകാര്യവൽക്കരിക്കില്ല. അങ്ങനെ ചെയ്യുന്നെങ്കിൽ പറഞ്ഞിട്ടേ ചെയ്യുകയുള്ളൂ. എത്ര സ്ഥാപനങ്ങളാണ് നശിച്ചുപോയത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ചാൽ അതിൽ എത്രയെണ്ണമാണ് പൂട്ടിപ്പോയത്? എല്ലാവരും അറിയാനായി അതിന്റെ കണക്കുകൾ ഞാൻ ഒരു ദിവസം അവതരിപ്പിക്കാം. എത്ര സ്ഥാപനങ്ങൾ പൂട്ടിപ്പോയി; വെള്ളാനകളായി എത്രയെണ്ണം പൂട്ടിപ്പോയി? ആരുടെ നികുതിപ്പണം ഉപയോഗിച്ചാണ് ഇതെല്ലാം നടക്കുന്നത്? എന്നിട്ട് വൈദ്യുതി ബോർഡ് സ്വകാര്യവൽക്കരിക്കാൻ പോകുകയാണെന്ന് പറഞ്ഞു.

ഇവിടെ മരുന്നിനെപ്പറ്റി പറയുകയുണ്ടായി. ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കെ. മുരളീധരൻ കൃത്യമായ ഇടപെടലുകൾ നടത്തി നന്നായി മറുപടി പറയുന്ന മന്ത്രിയാണ്. ഈ വർഷം ഏതെങ്കിലും മരുന്നിന് ക്ഷാമം നേരിടേണ്ടി വന്നാൽ അതിന്റെ ഉത്തരവാദി കഴിഞ്ഞ ഗവൺമെന്റാണ്. എനിക്ക് മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ മുഴുവൻ പ്രൊസീജ്യറും

അറിയാവുന്നതാണ്. മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എങ്ങനെയാണ് മരുന്നുകൾ വാങ്ങുന്നത്? അടുത്ത വർഷം മരുന്ന് കുറഞ്ഞാൽ ആരോഗ്യ വകുപ്പുമന്ത്രിയെ പിടിക്കണം. കാരണം ആരോഗ്യ വകുപ്പ് ഓരോ ജില്ലയിൽനിന്നും മരുന്നുകളുടെ ആവശ്യം സംബന്ധിച്ച ഇൻഡന്റ് വാങ്ങും. ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ..., 14 ഡി.എം.ഒ.-മാരും ആ ജില്ലകളിലേക്ക് ആവശ്യമുള്ള മരുന്നിന്റെ ഇൻഡന്റ് സമർപ്പിക്കും. അതുപോലെ മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ മരുന്നുകളുടെ ഇൻഡന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനും നൽകും. ഇതൊരു ടെൻഡർ നടപടിയിലൂടെ തലേ വർഷം മരുന്നുകൾ വാങ്ങുകയാണ് ചെയ്യുന്നത്. എല്ലാ മരുന്നുകളും ഒരുമിച്ചല്ല സപ്ലൈ ചെയ്യുന്നത്. കാരണം ചില മരുന്നുകൾ സൂക്ഷിച്ചുവയ്ക്കേണ്ടതുണ്ട്. ചിലതിന് എക്സ്പയറിയുടെ പ്രശ്നവുമുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളുള്ളതുകൊണ്ട് ഓരോ ഘട്ടമായാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. മരുന്നുകൾക്ക് ഷോർട്ടേജ് വന്നാൽ അതിന്റെ അർഥം കഴിഞ്ഞ വർഷം ആവശ്യത്തിനുള്ള മരുന്ന് ഇൻഡന്റ് നൽകി ടെൻഡർ പ്രൊസീജ്യർവഴി വാങ്ങിയില്ല എന്നാണ്. ചിലപ്പോൾ ചില

സ്ഥലങ്ങളിൽ ചില മരുന്നുകൾ കൂടുതൽ ചെലവാകും. അങ്ങനെ വരുമ്പോൾ മരുന്നുകൾ കൂടുതലുള്ള സ്ഥലങ്ങളിൽനിന്ന് ആവശ്യമായ സ്ഥലങ്ങളിലേക്ക് മരുന്നുകൾ എത്തിക്കും. ഈ ഗവൺമെന്റ് അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മരുന്നുകൾ അധികമുള്ള ജില്ലയിൽനിന്ന് മരുന്ന് കുറവുള്ള മറ്റൊരു ജില്ലയിലെ ആശുപത്രികളിലേക്ക് എത്തിച്ചുനൽകാറുണ്ട്. നിങ്ങളുടെ ഭരണകാലത്ത് പഞ്ഞി കിട്ടാതെ എത്ര മെഡിക്കൽ കോളേജുകളിൽ പ്രശ്നമുണ്ടായിട്ടുണ്ട്; ഏതെല്ലാം കാര്യങ്ങളിൽ,... നിങ്ങളുടെ ഭരണകാലത്തെ ആരോഗ്യ മേഖലയെക്കുറിച്ച് എ.ജി. റിപ്പോർട്ടിൽ എന്താണ് പരാമർശിച്ചിട്ടുള്ളതെന്ന് അറിയാമോ? കോവിഡ് കാലത്ത് എക്സ്പയറി ഡേറ്റ് കഴിഞ്ഞ മരുന്നുകൾ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വാങ്ങി 36 ആശുപത്രികളിൽ വിതരണം നടത്തിയെന്നാണ് എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ലോകത്ത് ഏറ്റവും കൂടുതൽ കമ്മീഷൻ ലഭിക്കുന്ന ബിസിനസ് ഏതാണെന്നറിയാമോ? എക്സ്പയറി ഡേറ്റ് കഴിഞ്ഞ മരുന്ന് വിതരണം നടത്തുന്നതാണ് ഏറ്റവും കൂടുതൽ കമ്മീഷൻ കിട്ടുന്ന ബിസിനസ്. നിയമം അനുസരിച്ച് കാലാവധി കഴിഞ്ഞ മരുന്നുകൾ നശിപ്പിച്ച്

കളയേണ്ടതാണ്. കാരണം എക്സ്പയറി ഡേറ്റ് കഴിഞ്ഞ മരുന്നുകൾക്ക് മോളികൃലാർ ചെയ്ഞ്ചസ് വന്നേക്കാം. അത് ചിലപ്പോൾ മരണത്തിനുപോലും കാരണമായേക്കാം. അതുകൊണ്ട് അവ നശിപ്പിച്ചുകളയേണ്ടതാണ്. എക്സ്പയറി ഡേറ്റ് കഴിഞ്ഞ 100 കോടി രൂപയുടെ മരുന്നുകൾ വാങ്ങി വിതരണം ചെയ്യു. 100 കോടി രൂപ അങ്ങോട്ട് കൊടുക്കുകയാണ്. അവർ കമ്മീഷനായി തിരിച്ചുകൊടുക്കുന്നത് 80 കോടി രൂപയാണ്. 80% കമ്മീഷനുള്ള ലോകത്തിലെ ഏറ്റവും വലിയ ലൂക്രേറ്റീവ് ആയ ബിസിനസ്സാണിത്. തേർഡ് വേൾഡ് രാജ്യങ്ങളായ ആഫ്രിക്കയിലൊക്കെയാണ് മരുന്ന് കമ്പനികൾ ഈ പണി ചെയ്യുന്നത്. അത് കേരളത്തിൽ നടത്തിയ കാലമാണ് നിങ്ങളുടേതെന്ന് മറക്കരുത്.

മാതാപിതാക്കൾക്കും കുഞ്ഞുങ്ങൾക്കുമൊക്കെ ഞങ്ങൾ ആ മരുന്നാണ് വാങ്ങികൊടുത്തത്. എന്നിട്ട് ആ മൂന്ന് ആരോഗ്യ വകുപ്പുമന്ത്രിമാരും വന്ന്, അവരെ ആരാണ് പറഞ്ഞയച്ചതെന്നും എനിക്കറിയാം. ഇതൊക്കെ ചെയ്ത ആളുകൾ വന്ന് ഈ ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ച് മോശമായി പത്രസമ്മേളനം നടത്തിച്ചു. എന്തിനാണെന്ന് അറിയാമോ? ആറര ലക്ഷം

രൂപയുടെ മരുന്ന് 15,000/- രൂപയ്ക്ക് നൽകി. അത് ഗുരുതരമായ തെറ്റാണ്. അങ്ങ് റോഷ് കമ്പനിയോട് (Roche) ഇങ്ങനെ ചെയ്യാമായിരുന്നോ? റോഷ് കമ്പനി ആറര ലക്ഷം രൂപയ്ക്ക് കൊടുക്കുന്ന മരുന്ന് നാറ്റ്കോയുടെ (Natco) കൈയിൽനിന്ന് 15,000/- രൂപയ്ക്ക് വാങ്ങി കൊടുത്തുവെന്ന ഗുരുതരമായ കുറ്റംചെയ്ത ആരോഗ്യ വകുപ്പുമന്ത്രിയാണ് ഇവിടെ ഇരിക്കുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ...(മൈക്ക് ഓഫ്)...

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അങ്ങ് മുൻ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ പറഞ്ഞ പല കാര്യങ്ങളും.... ഈ കാര്യങ്ങളൊക്കെ അങ്ങേയ്ക്കറിയാം. അതുകൊണ്ട് ഞാൻ അങ്ങയോട് തർക്കിക്കുന്നില്ല. പക്ഷേ അങ്ങ് ശ്രീ. രാഹുൽ ഗാന്ധിയെ കുറിച്ച് ഒരു പരോക്ഷ പരാമർശം നടത്തി. ശ്രീ. വി. മുരളീധരനാണ് അത്തരമൊരു പരാമർശം നടത്തിയിരുന്നതെങ്കിൽ ഞങ്ങൾ ബഹളമുണ്ടാക്കില്ലായിരുന്നു. കാരണം അവർ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. പക്ഷേ അങ്ങ് അങ്ങനെ പറയരുതായിരുന്നു. ആ സമരത്തിൽ നിങ്ങളുടെ ആരുടെയെങ്കിലുമൊക്കെ ചിത്രങ്ങൾ ദേശീയ

മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ അർഥം ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയും നടത്തുന്ന സമരത്തിന് പിന്നിൽ പോയി നിന്നതുകൊണ്ടാണ്. ശ്രീ. രാഹുൽ ഗാന്ധിയെ കുറിച്ച് അങ്ങനെ പറഞ്ഞത് ശരിയായില്ല. അങ്ങ് അത് പിൻവലിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ഞാൻ അവസാനിപ്പിക്കാം. ആഭ്യന്തര വകുപ്പുമന്ത്രി ഇന്ന് വൈകുന്നേരം 4.00 മണിക്ക് സഭയിൽവന്ന് വികാരഭരിതനായി കാര്യങ്ങൾ പറഞ്ഞു. അപ്പോഴെല്ലാം പറയുന്ന ഒരു പോയിന്റ്, നെടുമ്പാശ്ശേരിയിൽ സംഭവിച്ചതുതന്നെ ചേരാനല്ലൂരിലും സംഭവിച്ചത് എന്നാണ്. നെടുമ്പാശ്ശേരിയിൽ എന്താണ് സംഭവിച്ചത്? അവിടെ പൊലീസ് ഒരു തെറ്റും ചെയ്തിട്ടില്ലെന്ന് ഞാൻ അടിവരയിട്ട് പറയുന്നു. ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം വാർത്തകളാണ് വരുന്നത്. അവിടെ പൊലീസ് അന്വേഷിച്ച് കണ്ടുപിടിച്ചതെന്തൊക്കെ എന്നറിയാമോ? ഇയാൾ നാല് ബാറുകളിലിരുന്ന് മദ്യപിച്ചതിന്റെ വിഷ്വലുകൾ അന്വേഷണ സംഘത്തിന്റെ കൈയിലുണ്ട്. ഇയാളുടെ ശരീരത്തിൽ ടെസ്റ്റ് നടത്തി എത്ര ആൽക്കഹോളിക്

കണ്ടെന്റുണ്ടെന്ന് പൊലീസ് കണ്ടുപിടിച്ചിട്ടുണ്ട്. നെടുമ്പാശ്ശേരി എയർപോർട്ട് റോഡിൽ ഇയാൾ യാത്ര ചെയ്ത കാറിന്റെ സ്പീഡ് എത്രയാണെന്ന് അന്വേഷണ സംഘത്തിന്റെ കൈയിലുണ്ട്. നെടുമ്പാശ്ശേരി റൂട്ടിലൂടെ ഇയാൾ പോയതിന്റെ എല്ലാ സി.സി.ടി.വി. ദൃശ്യങ്ങളും പൊലീസിന്റെ കൈയിലുണ്ട്. പൊലീസ് ഇത്രയും ഭംഗിയായി അന്വേഷണം നടത്തിയതിൽ ഞാൻ ആഭ്യന്തര വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ശ്രീ. എം. വിജിൻ: സർ, ...(മൈക്ക് ഓഫ്)...

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, എഫ്.ഐ.ആർ. ഇട്ടില്ലെന്നാണോ പറയുന്നത്; അത് ഞാൻ പറയാം. എന്റെ അനിയൻ അവിടെ ഇരിക്ക്. എന്റെ കൈയിൽ ഒരു എഫ്.ഐ.ആർ. ഉണ്ട്. ഞാൻ പേര് പറയില്ല. 2023-ലെ ഒരു എഫ്.ഐ.ആർ. ആണിത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ...(മൈക്ക് ഓഫ്)...

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങേയ്ക്ക് ഞാൻ വഴങ്ങുന്നില്ല. അങ്ങ് ഇരിക്കൂ. അങ്ങ് തടസ്സപ്പെടുത്തരുത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ...(മൈക്ക് ഓഫ്)...

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പറഞ്ഞുതരാം. അതായത് അപകടം നടന്നാൽ ആദ്യം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യും. അഡ്രസ്സ് കിട്ടുമ്പോൾ അത് എഴുതിച്ചേർക്കും. ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത്, കേരളത്തിലെ ഏത് ജില്ലയിലാണെന്നോ ഏത് പൊലീസ് സ്റ്റേഷനിലാണെന്നോ ഞാൻ പറയില്ല. ഒരു പ്രധാനപ്പെട്ട നേതാവിന്റെ മകന് ആക്സിഡന്റ് ഉണ്ടായി. ആ എഫ്.ഐ.ആർ.-ൽ പേരില്ല. അത് എന്റെ കൈയിലുണ്ട്. ഇക്കാര്യത്തിൽ ഞാൻ പൊലീസിനെ കുറ്റപ്പെടുത്തുന്നില്ല. കാരണം പൊലീസ് ആളെ മനസ്സിലാക്കി അഡ്രസ് കളക്ട് ചെയ്ത്, വയസ്സുമൊക്കെ പരിശോധിച്ചിട്ട് മാത്രമേ എഫ്.ഐ.ആർ. ഇടുകയുള്ളൂ. ആ എഫ്.ഐ.ആർ. ഈ കേസിലും ഇട്ടിട്ടുണ്ട്. .... (ബഹളം).....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ...(മൈക്ക് ഓഫ്)...

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, പൊലീസ് കാര്യങ്ങൾ കൃത്യമായി ചെയ്തിട്ടുണ്ട്. ആ വ്യക്തിയെ ആശുപത്രിയിൽ കൊണ്ടുപോയി ബ്ലഡ് ടെസ്റ്റ് ചെയ്ത് ആൽക്കഹോളിക് കണ്ടെന്റ് എത്രയാണെന്നുള്ളതിന്റെ

തെളിവുണ്ട്. ഇല്ലാകഥകൾ മെനയേണ്ട. ചേരാനെല്ലൂരിൽ പൊലീസിന് തെറ്റുപറ്റിയതുകൊണ്ടാണ് ബന്ധപ്പെട്ട പൊലീസ് ഉദ്യോഗസ്ഥർ ബാഹുമായി ഇപ്പോൾ വീട്ടിലേക്ക് പോകുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ...(മൈക്ക് ഓഫ്)...

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇല്ല, ഞാൻ അങ്ങേയ്ക്ക് വഴങ്ങുന്നില്ല. ....(ബഹളം)..... ....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുകയല്ലേ. വഴങ്ങണമെന്ന് എനിക്ക് നിർബന്ധിക്കാൻ പറ്റില്ലല്ലോ. അദ്ദേഹം സംസാരിക്കട്ടേ. ....(ബഹളം).....

(മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഇടപെട്ട് സംസാരിക്കാൻ ശ്രീ. കെ. എൻ. ബാലഗോപാലിനെ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് എൽ.ഡി.എഫ്. അംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ചു.)

ഇത് ഞാൻ നേരത്തെ പ്രതീക്ഷിച്ചതാണ്. ഒറ്റ കാര്യം പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുകയാണ്. വിദൂഷക വേഷം കെട്ടരുതെന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. വി. പി. സജീന്ദ്രൻ എല്ലാവരെയും

ചിരിപ്പിച്ചുകൊണ്ടുള്ള ഒരു പ്രസംഗമാണ് നടത്തിയത്. ചില തമാശകൾ ആസ്വദിക്കേണ്ടതല്ലേ; ബലം പിടിച്ച് ഇരിക്കാമോ? നമ്മളെല്ലാവരും അതെല്ലാം ആസ്വദിച്ചതാണ്. എന്നിട്ടാണ് ശ്രീ. വി. പി. സജീന്ദ്രന് എതിരായിട്ടുള്ള പ്രഭാഷണം. ഇവിടെ ആരും വിദൂഷക വേഷംകെട്ടി ആടുകയില്ല. വിദൂഷകവേഷം കെട്ടിയത് ആരെല്ലാമാണ്? കാരണഭ്രതൻ, കൈകൊട്ടികളി, ഡോക്യുമെന്ററി അതൊന്നും ഇവിടെയില്ല. എനിക്കും ഞങ്ങളുടെ മന്ത്രിമാർക്കും അനുകൂലമായി ഇത്തരം കാര്യങ്ങൾ വന്നാൽ അപ്പോൾത്തന്നെ എന്താണ് ഉദ്ദേശ്യമെന്ന് ഞങ്ങൾക്ക് മനസ്സിലാകും. ഞങ്ങളുടെയടുത്ത് ഈ സൈക്കോഫാൻസി ഒന്നും നടക്കുകയില്ല. ആളുകൾ കൂടുതൽ കുനിഞ്ഞുനിന്നാൽ സംഭവമെന്താണെന്ന് ഞങ്ങൾക്ക് മനസ്സിലാകും. പഴയതുപോലെ ഇവിടെ രാജകൊട്ടാരമൊന്നുമല്ല, ഇത് ജനാധിപത്യ ഭരണകൂടമാണ്. അതുകൊണ്ട് വിദൂഷകന്മാർക്കൊന്നും ഇവിടെ ഒരു പങ്കുമില്ല. ജനകീയാവശ്യങ്ങളുമായിട്ട് വരുന്ന ജനപ്രതിനിധികളെ ഹൃദയത്തോട് ചേർത്തുനിർത്തി ആ പദ്ധതികൾ നടപ്പാക്കികൊടുക്കുമെന്ന കോൺഫിഡൻസ് ഈ ഗവൺമെന്റിനുണ്ട്. ഞാൻ സഭയുടെ മുമ്പാകെ ഈ

ഉപധനാഭ്യർഥനകളും....., പ്രതിപക്ഷം ഇന്ന് ഇറങ്ങിപോയത്, ഇത് നമ്മുടെ ഉപധനാഭ്യർഥനകൾ മാത്രമല്ല, 2016-2017 മുതൽ 2021-2022 വരെയുള്ള അധിക ധനാഭ്യർഥനകൾക്കൂടിയുണ്ട്. അവർ കൂടുതൽ ചെലവാക്കിയത്, അതുകൂടി പാസ്സാക്കാതെ പോകുകയാണ്. ഇതെല്ലാം പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 100,00,02,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 62,50,01,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 10,00,03,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർഥന

അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 6,80,20,00,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 50,00,01,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

2,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 13,00,03,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസാക്കുന്ന ഉപധനാഭ്യർഥനകൾ

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3,50,00,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസാക്കുന്ന അധിക ധനാഭ്യർഥനകൾ

1. 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർഥനകൾ

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,82,62,799 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 42,04,35,584 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

2. 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർഥനകൾ

(2017-18 സാമ്പത്തിക വർഷത്തേക്ക് ചാർജ്ജ്ഡ് ഇനത്തിൽ മാത്രമേ അധിക ധനാഭ്യർഥനയുള്ളൂ.)

3. 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർഥനകൾ

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ അധികമായി ചെലവായ 39,81,04,066 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

4. 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർഥനകൾ

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ അധികമായി ചെലവായ 54,73,68,933 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ അധികമായി ചെലവായ 409,24,08,543 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ അധികമായി ചെലവായ 19,30,15,356 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ അധികമായി ചെലവായ 23,12,25,138 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ അധികമായി ചെലവായ 40,09,008 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

4. 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർഥനകൾ

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ അധികമായി ചെലവായ 17,68,50,277 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ അധികമായി ചെലവായ 190,28,07,287 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

അധികമായി ചെലവായ 19,74,511 രൂപയുടെ അധിക ധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർഥന പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 28-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഒക്ടോബർ 28-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.52-ന് പിരിഞ്ഞു.)